KOTTAYAM PUBLIC LIBRARY

Call No. M൨൨൦ Acc. No. 39148

Author ഡോ: തോമസ് മുണ്ടാടൻ

Title ക്രി. ഭാവനകൾ

913

x

# ക്രുദാശകൾ

KOTTAYAM PUBLIC LIBRARY * KOTTAYAM

# KOODASAKAL [MALAYALAM]

[THE SACRAMENTS]

M 200
Tho - K

**Translator:**

REV. FR. THOMAS MOOTHEDAN M. A., D. D.

First Published in June 1963

Copies: 2000

Printed at:

J. M. Press, Alwaye North

**Price. Rs 2. 50.**

Copy Right for the "S. H. League"

Publishers:

S. H. League, Alwaye North P. O.

# കൂദാശകൾ

(ഹൈസ്കൂൾക്ലാസ്സുകൾക്ക്)

39148

# THE SACRAMENTS

*PREPARED*

BY THE

CONFRATERNITY TEXT BOOKS' COMMITTEE

OF THE

ST. PAUL ARCHDIOCESE

U. S. A.

പരിഭാഷകൻ:

റവ. ഫാ. തോമസ് മൂത്തേടൻ എം. ഏ., ഡി. ഡി.

പ്രസാധകർ:

എസ്. എച്ച്. ലീഗ്,

ആലുവാ നോർത്ത്

1963

വില 2 രൂ. 50 ന.പൈ.

39140 M200.

**Nihil obstat:**

Fr. Michael Angel, O.C.D.
*Alwaye, 1st January 1963* *Rector, Ap. Seminary*

**Imprimatur:**

† Joseph Parecattil,
*Abp. of Ernakulam*

Ernakulam,
*6th January 1963.*

# പ്രസ്താവന

പരേതനായ ഫാദർ സക്കറിയാസ് ഒ. സി. ഡി. അവർകളുടെ അന്തിമാഭിലാഷമനുസരിച്ച പരിഭാഷപ്പെടുത്തുന്ന മൂന്നാമത്തേ പുസ്തകമാണിതു്. വിശ്വാസപ്രമാണത്തേയും ദൈവകല്പനകളേയും സംബന്ധിച്ച് ഇതിനകം പ്രസിദ്ധംചെയ്തിട്ടുള്ള ഗ്രന്ഥത്തോട് ഇതുകൂടെ ചേരുമ്പോൾ ഒരു പൂർണ്ണവേദോപദേശമായി. ഹൈസ്കൂളിലെ മൂന്നുക്ലാസ്സുകളിലേക്കു് ഇവ ഓരോന്നും ടെക്സ്റ്റാക്കിയാൽ, കുട്ടികൾക്കു മതപരമായി അവശ്യം അറിയേണ്ട സംഗതികൾ ഗ്രഹിക്കുവാൻ കഴിയും.

ഈ ഗ്രന്ഥത്തിൻെറ ഒരു പ്രത്യേകത കേരളത്തിലുള്ള മൂന്നു റീത്തുകളുടെയും കുർബാനക്രമങ്ങൾ സംക്ഷിപ്തമായി ഇതിൽ വിവരിച്ചിട്ടുണ്ട് എന്നതാണ്. ഇവയും മററുഭാഗങ്ങളും കേരളകത്തോലിക്കരുടെ മതപഠനത്തിന് അത്യന്തം ഉപകരിക്കുമെന്ന പ്രതീക്ഷ പരിഭാഷകനും പ്രസാധകർക്കുമുണ്ട്. അതു് അസ്ഥാനത്താകാതിരിക്കുവാൻ ബഹുജനങ്ങളുടെ സഹകരണം ഈ ഗ്രന്ഥത്തിനു നല്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ട് ഈ മൂന്നു ഗ്രന്ഥങ്ങളും കേരളകത്തോലിക്കാസഭയ്ക്കു സമർപ്പിക്കുന്നു.

നിർമ്മലകോളേജ്,
മൂവാററുപുഴ,
1962 ആഗസ്റ്റ് 15

എന്നു്,
**ഫാദർ തോമസ് മൂത്തേടൻ.**

# വിഷയവിവരം


| | | പേജ് |
|---|---|---|
| | പ്രസ്താവന | v |

**ഒന്നാം ഭാഗം**

| അദ്ധ്യായം | | |
|---|---|---|
| 1 | കൂദാശകളുടെ എണ്ണവും സ്വഭാവവും | 1 |
| 2 | കൂദാശകൾ എങ്ങനെ തരം തിരിക്കണം; എങ്ങനെ സ്വീകരിക്കണം | 8 |
| 3 | മാമ്മോദീസാ | 14 |
| 4 | മാമ്മോദീസാ(തുടർച്ച) | 22 |
| 5 | സ്ഥൈര്യലേപനം | 29 |
| 6 | വി. കുർബാന | 39 |
| 7 | യാഥാർത്ഥ്യസാന്നിധ്യം | 46 |
| 8 | വസ്തുഭേദം | 53 |
| 9 | ദിവ്യബലി | 59 |
| 10 | ബലിയുടെ ഉദ്ദേശ്യങ്ങളും ഫലങ്ങളും | 65 |
| 11 | ദിവ്യകാരുണ്യസ്വീകരണം | 71 |
| 12 | കുമ്പസാരം | 77 |
| 13 | മനസ്താപം | 86 |
| 14 | പാപോച്ചാരണം | 94 |
| 15 | ദണ്ഡവിമോചനങ്ങൾ | 101 |
| 16 | രോഗിലേപനം | 108 |
| 17 | തിരുപ്പട്ടം | 116 |

18 വിവാഹം . . . . 125

19 കൂദാശാനുകരണങ്ങൾ . . . 132


## രണ്ടാംഭാഗം


1 ലത്തീൻകുർബാന . . . . 139

2 നവശിഷ്യന്മാരുടെ കുർബാന . . 149

3 വിശ്വാസികളുടെ കുർബാന. . . 152

4 കുർബാനയുടെ കാനൻ . . . 157

5 വിശ്വാസികളുടെ കുർബാന (തുടർച്ച) . 164

6 കുർബാനയുടെ സമാപനം . . . 170


## സീറോമലബാർറീത്തിലേ കുർബാന


പ്രാരംഭം . . . . 173

1 വി. കുർബാനയുടെ ആരംഭം.. . . 175

2 നവശിഷ്യന്മാരുടെ കുർബാന . . 180

3 കാഴ്ചവെപ്പും കൈകഴുകലും . . . 184

4 വി. കുർബാനയുടെ കാനൻ. . . 189

5 കാനൻ (തുടർച്ച) . . . 192

6 കൂദാശകർമ്മംമുതൽ വി. കുർബാനാനുഭവംവരെ. 195

7 വി. കുർബാനയുടെ സമാപനം . . 200


## മലങ്കരസുറിയാനിറീത്തിലേ കുർബാന


പ്രാരംഭം . . . . 203

1 പ്രഥമശുശ്രൂഷ . . . . 208

2 ദ്വിതീയശുശ്രൂഷ . . . . 213

3 നവശിഷ്യന്മാരുടെ കുർബാന . . 215

4 വി. കുർബാനയുടെ കാനൻ. . . 218

5 വി. കുർബാനയുടെ സമാപനം . . 226


## സീറോമലബാർറീത്തിലെ

## പുനരുദ്ധരിക്കപ്പെട്ട കുർബാന


പൊതുവിവരങ്ങൾ . . . 229

കുർബാനയുടെ പ്രാരംഭം . . . . 234

അനാഫൊറ . . . . 236

ഉപസംഹാരം . . . . 239

# കൂദാശകൾ

## ഒന്നാമദ്ധ്യായം

## കൂദാശകളുടെ എണ്ണവും സ്വഭാവവും

അദൃശ്യമായ ദൈവവരപ്രസാദം നല്കുന്നതിന് ഈശോ സ്ഥാപിച്ച ദൃശ്യമായ അടയാളമാണു കൂദാശ. അതിനാൽ, എല്ലാ കൂദാശകളിലും മൂന്നു ഘടകങ്ങളുണ്ട്: 1) ബാഹ്യമായ ഒരടയാളം. 2) ആന്തരികമായ ഒരനുഗ്രഹം. 3) മിശിഹായുടെ സ്ഥാപനം.

നിത്യജീവങ്കലേക്കുള്ള മാർഗ്ഗം ശ്ലീഹന്മാർവഴി ക്രിസ്തു വെളിപ്പെടുത്തി. പ്രസ്തുത മാർഗ്ഗത്തിലൂടെ മുന്നേറുന്നതിനുവേണ്ട സഹായം നല്കുന്ന അനുഗ്രഹസ്രോതസ്സുകളാണു കൂദാശകൾ.

“കൂദാശ” എന്ന വാക്ക് തനി സുറിയാനിയാണ്. ശുദ്ധീകരണമെന്നർത്ഥം. Sacrament എന്നുള്ള അതിന്റെ ആംഗ്ലേയസംജ്ഞയുടെ വാച്യാർത്ഥം ശുദ്ധീകരിക്കുന്ന വസ്തു എന്നാണ്. ഒരു കൂദാശയിൽ എല്ലാം പരിശുദ്ധമാണ്; പരിശുദ്ധമായ ഒരു സ്ഥലത്ത് എത്തിച്ചേരുവാൻ പരിശുദ്ധനായ ഒരാളിൽനിന്നു ലഭിക്കുന്ന പരിശുദ്ധമായ ഒരു സഹായമാണു കൂദാശ. അതിനുള്ള കർമ്മങ്ങളും പ്രാർത്ഥനകളുമെല്ലാം പരിശുദ്ധംതന്നെ. ഓരോ കൂദാശയുടേയും മഹത്വത്തേയും സ്വഭാവത്തേയും വ്യക്തമാക്കുന്നതാണ് അതതിനുള്ള ബാഹ്യകർമ്മങ്ങൾ; ഓരോന്നിനും ഉപയോഗിക്കുന്ന പ്രാർത്ഥനകളിൽനിന്നു മനസ്സിലാക്കാം, ഏതു തരത്തിലുള്ള അനുഗ്രഹമാണ് അതതു കൂദാശവഴി ലഭിക്കുന്നതെന്ന്.

## ബാഹ്യമായ ചിഹ്നം

മനുഷ്യനിൽ ദൃശ്യമായ ശരീരവും അദൃശ്യമായ ആത്മാവും ഉള്ളതുപോലെ കൂദാശയിലും നമ്മുടെ ബാഹ്യേന്ദ്രിയങ്ങൾക്കു ഗോചരീഭവിക്കുന്ന ഒരു ഭാഗവും അഗോചരമായ ഒരു ഭാഗവുമുണ്ട്. ഓരോ കൂദാശയും ആത്മാവിൽ പുറപ്പെടുവിക്കുന്ന അനുഗ്രഹത്തിന്റെ സ്വഭാവമെന്താണെന്നു സ്പഷ്ടമാക്കുന്നതാണു ദൃശ്യമായ ചിഹ്നം, അഥവാ, അടയാളം. പല കർമ്മങ്ങളും ഓരോ കൂദാശയിൽ നാം അനുഷ്ഠിക്കുന്നുണ്ട്; അവ പലതും കാണാവുന്നതും കേൾക്കാവുന്നതുമാണ്. അവയെല്ലാററിനുംകൂടി ബാഹ്യമായ അടയാളമെന്നു പറയാം. ബാഹ്യമായ അടയാളത്തിൽത്തന്നെ കാതലായ ഒരു ഭാഗമുണ്ട്. ഏതെങ്കിലും കാരണത്താൽ ആ ഭാഗത്തിനു കുറവുവന്നാൽ, കൂദാശ നടന്നതായി പരിഗണിക്കയില്ല; കൂദാശ സാധുവായിരിക്കയില്ല. മാമ്മോദീസായിൽ ഈ ഭാഗം ശിശുവിന്റെ ശിരസ്സിൽ വെള്ളമൊഴിക്കുന്നതും തൽസമയത്തു ചൊല്ലുന്ന വാക്കുകളുമാണ്. ബാഹ്യമായ അടയാളത്തിന്റെ സാരാംശത്തിൽത്തന്നെ രണ്ടു ഭാഗമുണ്ട്: കർമ്മസാധനവും സ്വരൂപവും.

കാർമ്മികൻ ഉപയോഗിക്കുന്ന വസ്തുക്കളോ ചെയ്യുന്ന പ്രവൃത്തിയോ ആണു കർമ്മസാധനം. കർമ്മസാധനം പ്രയോഗിക്കുമ്പോൾ ചൊല്ലുന്ന വാക്കുകളാണു കർമ്മസ്വരൂപം. വി. കുർബാനയിൽ അപ്പവും വീഞ്ഞും കർമ്മസാധനം; കൂദാശവചസ്സുകൾ സ്വരൂപം. കർമ്മസാധനവും സ്വരൂപവും ചേരുമ്പോൾ കൂദാശയായി; മററു പ്രതിബന്ധങ്ങളൊന്നുമില്ലെങ്കിൽ അവയ്ക്കു സ്വമേധയാ അനുഗ്രഹങ്ങൾ പുറപ്പെടുവിക്കുവാൻ കഴിയും. അതിനാൽ, കൂദാശകളിലെ ബാഹ്യമായ അടയാളം ഒരുപകരണമെന്നതുപോലെ ആത്മാവിൽ അനുഗ്രഹങ്ങൾ പുറപ്പെടുവിക്കുന്നു. എഴുതുവാൻ തൂലികയെന്നതുപോലെയാണ്, ആത്മാവിൽ അനുഗ്രഹങ്ങൾ പുറപ്പെടുവിക്കുവാൻ കൂദാശയിലെ ബാഹ്യമായ അടയാളങ്ങൾ. ആകയാൽ, അനുഗ്രഹദാനത്തിൽ കൂദാശകൾ യഥാർത്ഥമായ ഉപകരണങ്ങളാണ്. പ്രാർത്ഥനകളുടേയും ഭക്തികൃത്യങ്ങളുടേയും ഫലം പ്രാർത്ഥിക്കുന്നവരുടെ

പുണ്യജീവിതത്തെ ആശ്രയിച്ചാണിരിക്കുന്നതു്; പ്രത്യുത, കൂദാശകളുടെ ഫലം കാർമ്മികൻെറ ഭക്തിയെ ആശ്രയിച്ചിരിക്കുന്നില്ല; കൂദാശകൾ സ്വീകരിക്കുന്നവരുടെ ഒരുക്കത്തേയും ആശ്രയിച്ചിരിക്കുന്നില്ല; എന്നാൽ, കൂദാശ സ്വീകരിക്കുന്നവർക്കു് അതിൻെറ പ്രവർത്തനത്തെ തടയുവാൻ കഴിയും. ഉദാഹരണമായി, വയോജനങ്ങൾ മാമ്മോദീസാ സ്വീകരിക്കുമ്പോൾ പാപങ്ങളെക്കുറിച്ചു മനസ്തപിക്കുന്നില്ലെങ്കിൽ ദൈവവരപ്രസാദം ലഭിക്കുന്നില്ല. മനസ്തപിക്കുന്നതുവരെ കൂദാശയുടെ ഫലം പൂർണ്ണമായി സംസിദ്ധമാകുന്നുമില്ല.

## കൂദാശകളുടെ സ്ഥാപകൻ

ഏഴു കൂദാശകളും ക്രിസ്തുതന്നെയാണു സ്ഥാപിച്ചതു്. അവിടുന്നു പീഡാനുഭവവും മരണവും വഴിയാണു നമുക്കുവേണ്ട അനുഗ്രഹങ്ങൾ നേടിയിട്ടുള്ളതെന്നു് അനുസ്മരിക്കുന്നതായാൽ സ്പഷ്ടമാകും, നമുക്കു കൃപാവരം തരുന്ന കൂദാശകൾ ക്രിസ്തുവിനല്ലാതെ ശ്ലീഹന്മാർക്കോ തിരുസ്സഭയ്ക്കോ സ്ഥാപിക്കുവാൻ സാധിക്കുകയില്ലെന്നു്. ആകയാൽ, ഏഴു കൂദാശകളും ക്രിസ്തു നേരിട്ടുതന്നെ സ്ഥാപിച്ചുവെന്നതു വിശ്വാസസത്യമാണു്. ത്രെന്തോസ് സൂനഹദോസ് അതു പ്രഖ്യാപനംചെയ്തിട്ടുമുണ്ടു്. ക്രിസ്തു കൂദാശകൾ നേരിട്ടു സ്ഥാപിച്ചുവെന്നു പറയുന്നതുകൊണ്ടു് അവിടുന്നുതന്നെ എല്ലാ കൂദാശകളുടേയും കർമ്മസാധനവും സ്വരൂപവും നിശ്ചയിച്ചുവെന്നു് അർത്ഥമാക്കേണ്ടതില്ല. ഓരോ കൂദാശയുടെയും സ്ഥാപനോദ്ദേശവും അതിനു യോജിച്ച കൃപാവരവും അവിടുന്നു നമുക്കു താരാൻ നിശ്ചയിച്ചതായി വെളിപാടുകൊണ്ടു വ്യക്തമായിട്ടുണ്ടു്. കൂദാശ എന്ന വാക്കുപോലും ക്രിസ്തു ഉപയോഗിച്ചിട്ടില്ല എന്നതു് ഇവിടെ സ്മരണീയമാണു്; രണ്ടാം ശതാബ്ദത്തിലാണു് ആ പേരുണ്ടായതു്.

## അദൃശ്യമായ വരപ്രസാദം നല്കാൻ

നമ്മുടെ രക്ഷയ്ക്കുവേണ്ടി ദൈവം നല്കുന്ന അതിസ്വാഭാവി

കദാനമാണു വരപ്രസാദം. ഇതു രണ്ടുതരമുണ്ടു്: താൽകാലികവരപ്രസാദവും ശുദ്ധീകരവരപ്രസാദവും.

തിന്മ വർജ്ജിക്കുവാനും നന്മ ചെയ്യുവാനുമായി ബുദ്ധിയെ പ്രകാശിപ്പിക്കുന്നതും മനസ്സിനെ ശക്തിപ്പെടുത്തുന്നതുമാണു താൽകാലികവരപ്രസാദം.

നമ്മുടെ ആത്മാവിനെ പരിശുദ്ധവും ദൈവത്തിനു പ്രീതികരവുമാക്കുന്നതും സ്വർഗ്ഗരാജ്യത്തിന് അവകാശിയാക്കുന്നതുമായ അതിസ്വാഭാവികദാനമാണു ശുദ്ധീകരവരപ്രസാദം. സ്വർഗ്ഗീയമഹത്വത്തിൻെറ നാന്ദിയാണതു്—ദൈവത്തിൻെറ ദത്തുപുത്രരും അവിടുത്തെ സ്വഭാവത്തിൽ ഭാഗഭാക്കുകളുമാക്കുന്ന ഒരു ദാനമാണു്. എവിടെ ശുദ്ധീകരവരപ്രസാദമുണ്ടോ അവിടെ പരിശുദ്ധത്രിത്വം വസിക്കുന്നുമുണ്ടു്.

കൂദാശകൾ ഒന്നുകിൽ ശുദ്ധീകരവരപ്രസാദം പ്രദാനം ചെയ്യുന്നു; അല്ലെങ്കിൽ, അതു വർദ്ധിപ്പിക്കുന്നു. അതിനുപുറമേ, കൂദാശയ്ക്കു യോജിച്ച താൽകാലികവരപ്രസാദം നല്കുന്നുമുണ്ടു്. ഉദാഹരണമായി, കുടുംബജീവിതത്തിലെ ചുമതലകൾ ശരിയായി നിർവ്വഹിക്കുന്നതിനുവേണ്ട താൽകാലികവരപ്രസാദം വിവാഹമെന്ന കൂദാശ പ്രദാനംചെയ്യുന്നു.

## കൂദാശകൾ ഏഴുമാത്രം

കൂദാശകൾ ഏഴാണെന്നു തിരുസ്സഭ എന്നും വിശ്വസിച്ചിരുന്നു; ത്രെന്തോസ്സൂനഹദോസ് അതു് ഒരു വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്തിട്ടുമുണ്ടു്. മനുഷ്യൻെറ ആദ്ധ്യാത്മികജീവിതത്തിലുള്ള ഏഴ് ആവശ്യങ്ങൾ അവ നിർവ്വഹിക്കുന്നു. സ്വാഭാവികജീവിതത്തിലെ ഏഴ് ആവശ്യങ്ങളോടു താരതമ്യപ്പെടുത്തി നോക്കുമ്പോൾ, കൂദാശകൾ ഏഴായി സ്ഥാപിച്ചതിൻെറ ഔചിത്യം സ്പഷ്ടമാവുകയും ചെയ്യും.

ജനനത്തോടുകൂടെ സ്വാഭാവികജീവിതമാരംഭിക്കുന്നു. ജ്ഞാന

സ്നാനത്തോടുകൂടി അതിസ്വാഭാവികജീവിതം ആരംഭിക്കുന്നു.

കുട്ടികൾ വളർന്നു ശക്തിപ്രാപിക്കുന്നു; സ്ഥൈര്യലേപനം ആദ്ധ്യാത്മികജീവിതത്തിൽ നമ്മെ ബലപ്പെടുത്തുന്നു.

മനുഷ്യനു ഭക്ഷണം കഴിച്ചാലേ ജീവിക്കുവാൻ സാധിക്കുകയുള്ളൂ; വി. കുർബാന ആദ്ധ്യാത്മികഭക്ഷണമാണ്. അതു് അടുത്തടുത്തു കഴിക്കാത്തവർ ആദ്ധ്യാത്മികമായി വളരുകയില്ല.

രോഗങ്ങൾ വരുമ്പോൾ മനുഷ്യനു് ഔഷധങ്ങൾ ആവശ്യകമായി വരുന്നു; ആദ്ധ്യാത്മികജീവിതത്തിൽ ഉണ്ടാകുന്ന രോഗങ്ങളും മരണങ്ങളും കുമ്പസാരംവഴി പരിഹരിക്കപ്പെടുന്നു.

മരണസമയത്തു് എല്ലാമനുഷ്യർക്കും പ്രത്യേകശുശ്രൂഷകൾ ആവശ്യകമാണ്. രോഗിലേപനം, അഥവാ അന്ത്യലേപനം, മരണത്തെ സമാധാനത്തോടെ സ്വീകരിക്കുവാനും ഭാഗ്യപൂർവ്വം മരിക്കുവാനും നമ്മെ സഹായിക്കുന്നു.

എല്ലാ ജനപദങ്ങൾക്കും ഭരണാധികാരികളും സർക്കാരുദ്യോഗസ്ഥന്മാരുമുണ്ട്; പട്ടം എന്ന കൂദാശ ആദ്ധ്യാത്മികഭരണാധികാരികളെ നിയോഗിക്കുന്നു.

മനുഷ്യവർഗ്ഗം തുടർന്നുകൊണ്ടുപോകുന്നതിനു വിവാഹബന്ധം അത്യന്താപേക്ഷിതമാണ്; അതു കൂദാശയായി ഉയർത്തിയതു ദൈവരാജ്യത്തിലേക്കു കുടുംബങ്ങളെ പ്രതിഷ്ഠിക്കുവാനും അങ്ങനെ തിരുസ്സഭയ്ക്കു സന്താനങ്ങൾ ഉണ്ടാകുവാനുമാണ്.

## പരിശോധനാവിഷയം

ഒന്നോ രണ്ടോ വാക്കുകളിൽ താഴെപ്പറയുന്ന ചോദ്യങ്ങൾക്കു് ഉത്തരം നല്കുക:

1) ഏഴു കൂദാശകളിൽ നല്കപ്പെടുന്ന അനുഗ്രഹങ്ങൾ ആരു നേടിയതാണ്, അഥവാ, ആരുടെ യോഗ്യതകളെക്കുറിച്ചാണു നല്കപ്പെടുന്നതു്?

2) കൂദാശ എന്ന വാക്കിന്റെ അർത്ഥമെന്താണ്?

3) എന്തെല്ലാം കൂടുമ്പോഴാണ് ഒരു കൂദാശയുണ്ടാകുന്നതു്?

4) നമ്മുടെ ബുദ്ധിയെ പ്രകാശിപ്പിക്കുന്നതും മനസ്സിനെ ശക്തിപ്പെടുത്തുന്നതുമായ ദാനമെന്താണ്?

5) ഏതു കൂദാശവഴിയാണു നമുക്കു ഭരണാധികാരികളെ ലഭിക്കുന്നതു?

6) സ്വാഭാവികജനനത്തോടു സദൃശമായ കൂദാശ ഏതാണു്?

## പ്രശ്നങ്ങൾ

1) കൂദാശകളേഴും ഈശോ നേരിട്ടു സ്ഥാപിച്ചതാണോ? തിരുസ്സഭയല്ലേ, ചില കൂദാശകളുടെ കർമ്മസാധനങ്ങൾ നിശ്ചയിച്ചതു്? തിരുസ്സഭയ്ക്കു കൂദാശകൾ സ്ഥാപിക്കാമോ?

2) ഒരുറവയിൽനിന്നു് ഏഴു കൈവഴികൾ പുറപ്പെടുന്നതു കാണിച്ചു് ഒരു ചിത്രം വരയ്ക്കുക. ഉറവയിൽ ക്രിസ്തുവിൻെറ പേരും ഓരോ വഴിയിലും ഓരോ കൂദാശയുടേയും പേരും എഴുതുക. എന്താണു് ഓരോ കൈവഴിയും സൂചിപ്പിക്കുന്നതു്?

3) എന്തെല്ലാം അനുഗ്രഹങ്ങളാണു കൂദാശകൾ പ്രദാനം ചെയ്യുന്നതു്?

4) കൂദാശകൾ പ്രസാദവരത്തിൻെറ നിമിത്തകാരണങ്ങളാണെങ്കിൽ, ചിലപ്പോൾ അവ ഫലം പുറപ്പെടുവിക്കാത്തതെന്തുകൊണ്ടു്? കൂദാശകളുടെ ഘടനയിൽ അവ സ്വീകരിക്കുന്നയാളുടെ ഒരുക്കവും യോഗ്യതകളും ഉൾപ്പെടുന്നുണ്ടോ?


(ഉത്തരം: കൂദാശകൾ പ്രസാദവരത്തിൻെറ നിമിത്തകാരണങ്ങളാണു്. മിശിഹായുടെ സ്ഥാപനവും ഉദ്ദേശ്യവുമനുസരിച്ചു കൂദാശയുടെ ബാഹ്യമായ അടയാളം പൂർത്തിയായാൽ കൂദാശ അനുഗ്രഹങ്ങൾ നല്കുവാൻ പര്യാപ്തമാണു്. തീ സകല വസ്തുക്കളേയും ദഹിപ്പിക്കുവാൻ കഴിവുള്ളതാണെങ്കിലും നനഞ്ഞ വസ്തുക്കൾ തീയിലിട്ടാൽ തീ കെടുകപോലും ചെയ്യുന്നു. കൂദാശകളുടെ പ്രവർത്തനത്തെ തടയുന്ന പ്രതിബന്ധങ്ങൾ ആത്മാവിലുള്ളപ്പോഴാണു കൂദാശയുടെ അനുഗ്രങ്ങൾ ലഭിക്കാതെ വരുന്നതു്. ഏതായാലും ഒരു വൈദികൻ ഒരാശീർവ്വാദം കൊടുക്കുന്നതും ഒരു കൂദാശ നല്കുന്നതും ഒന്നുപോലെയല്ല. ആശീർവ്വാദത്തിൻെറ ഫലം വൈദികൻെറ ദൈവസ്നേഹത്തേയും ഭക്തിയേയും ആശ്രയിച്ചിരിക്കുന്നു; എന്നാൽ, കൂദാശകളുടെ ഫലം അവയെ ഒട്ടും ആശ്രയിക്കുന്നില്ല. പാപിയായ വൈദികൻ വി. കുർബാന ചൊല്ലിയാലും പുണ്യവാനായ വൈദികൻ കുർബാനചൊല്ലിയാലും കുർബാന ഒന്നുപോലെ വാസ്തവമാണു്).

5) അതിസ്വാഭാവികദാനമെന്നു പറയുന്നതു് എന്താണു്?

(ഉത്തരം: ഒരു മനുഷ്യൻ എന്ന നിലയിൽ നമുക്കു ലഭിക്കുന്ന അനുഗ്രഹങ്ങളെല്ലാം സ്വാഭാവികദാനങ്ങളാണ്. യാതൊരു വിധത്തിലും നാം അർഹിക്കാത്തതും ദൈവത്തിനൊഴികെ വേറൊരാൾക്കും സ്വശക്തിയാൽ തരാൻ സാധിക്കാത്തതുമായ ദാനങ്ങളാണ് അതിസ്വാഭാവികദാനങ്ങൾ. താൽകാലികവരപ്രസാദവും ശുദ്ധീകരവരപ്രസാദവും അതിസ്വാഭാവികമായ അനുഗ്രഹങ്ങളാണ്. അതുകൊണ്ടുകൂടിയാണ്, തിരുസ്സഭയ്ക്കോ ശ്ലീഹന്മാർക്കോ കൂദാശകൾ സ്ഥാപിക്കുവാൻ സാധിക്കുകയില്ലെന്നു പ്രസ്താവിച്ചിട്ടുള്ളതു്).

## പ്രായോഗികാഭ്യാസങ്ങൾ

വി. കുർബാനയ്ക്കും നൊവേനകൾക്കും മാത്രമല്ല, മാമ്മോദീസാ, സ്ഥൈര്യലേപനം, രോഗിലേപനം മുതലായ കൂദാശകൾ നല്കുമ്പോഴും ചിലപ്പോഴെല്ലാം ഞാൻ സന്നിഹിതനാകും.



വെള്ളിയാഴ്ചദിവസങ്ങളിലേ മാംസവർജ്ജനം ദുഃഖവെള്ളിയാഴ്ച സംഭവിച്ച നമ്മുടെ കർത്താവിൻെറ മരണത്തെ അനുസ്മരിക്കുവാനാണ്. ക്രൂശിതനായ ഈശോയുടെ മതമായ നമ്മുടെ മതത്തിൽ, പരിത്യാഗം, ഉപവാസം മുതലായവ അവശ്യം വേണ്ടതാണ്.

രണ്ടാമദ്ധ്യായം

# ക്രൂദാശകൾ എങ്ങനെ തരംതിരിക്കണം? എങ്ങനെ സ്വീകരിക്കണം?

## മരിച്ചവരുടെ ക്രൂദാശകൾ

ആത്മാവിന്റെ ജീവനായ ദൈവവരപ്രസാദമില്ലാത്തപ്പോഴും സ്വീകരിക്കാവുന്ന ക്രൂദാശകളാണു മരിച്ചവരുടെ ക്രൂദാശകൾ. മാമ്മോദീസായും കുമ്പസാരവും അത്തരം ക്രൂദാശകളാണ്. ജന്മപാപത്തിന്റെ മോചനത്തിനാണല്ലോ മാമ്മോദീസാ; കർമ്മപാപങ്ങൾ നീക്കുവാൻ കുമ്പസാരവും. പാപത്താൽ മരിച്ചുപോയിരിക്കുന്നവർക്കു ജീവൻ നല്കുന്നതാണു് ഈ രണ്ടു ക്രൂദാശകളും

## ജീവിക്കുന്നവരുടെ ക്രൂദാശകൾ

സ്ഥൈര്യലേപനം, വി. കുർബാന, രോഗിലേപനം, പട്ടം, വിവാഹം എന്നീ അഞ്ചു ക്രൂദാശകൾ നമ്മുടെ ആത്മാവിലുള്ള വരപ്രസാദത്തെ വർദ്ധിപ്പിക്കുന്നു. ഇവ യോഗ്യമായി സ്വീകരിക്കണമെങ്കിൽ ആത്മാവിൽ അതിന്റെ അതിസ്വാഭാവികജീവനായ ദൈവവരപ്രസാദം ഉണ്ടായിരിക്കണം. അതിനാൽ, ജീവിക്കുന്നവരുടെ ക്രൂദാശകൾ എന്നാണു് ഇവയ്ക്കു പേര്.

## ഒരു പ്രാവശ്യംമാത്രം സ്വീകരിക്കാവുന്ന ക്രൂദാശകൾ

ഒരിക്കൽമാത്രം സ്വീകരിക്കാവുന്നതാണ്, മാമ്മോദീസായും സ്ഥൈര്യലേപനവും പട്ടവും. ഇവ മൂന്നും ആത്മാവിൽ മാഞ്ഞുപോ

കാത്ത അടയാളം പതിക്കുന്നു; അതായത്, ക്രിസ്തുവിന്റെ നവമായ ഒരു പ്രതിഷ്ഠ. ക്രിസ്തുവിന്റെ നിത്യപൗരോഹിത്യത്തിലുള്ള ഭാഗഭാഗിത്വമാണ് പട്ടമെന്ന കൂദാശയിൽ പതിക്കുന്ന മുദ്ര. മററു രണ്ടു കൂദാശകളിലും ആ കൂദാശകൾക്ക് അനുഗുണമായ പ്രതിഷ്ഠയാണു മാഞ്ഞുപോകാത്ത അടയാളമെന്നു പറയുന്നത്.

ശേഷം നാലു കൂദാശകളും ആവശ്യംപോലെ പല പ്രാവശ്യം സ്വീകരിക്കാവുന്നതാണ്. വി. കുർബാനയാണെങ്കിൽ ദിവസംതോറും സ്വീകരിക്കുന്നത് ഉത്തമം.

## കാർമ്മികൻ

കൂദാശ നല്കുന്ന ആളാണു കാർമ്മികൻ. വിവാഹത്തിന്റെ കാർമ്മികർ വധൂവരന്മാർതന്നെയത്രേ. അത്യാവശ്യസമയത്തു മാമ്മോദീസാ ആർക്കും നല്കാം. മെത്രാനാണു പട്ടം എന്ന കൂദാശയുടെ കാർമ്മികൻ. അദ്ദേഹംതന്നെയാണു സ്ഥൈര്യലേപനത്തിന്റെ സാധാരണ കാർമ്മികൻ. ശേഷം കൂദാശകളുടെ കാർമ്മികൻ വൈദികനാണ്. കൂദാശകൾ വാസ്തവമാകുവാൻ കാർമ്മികൻ പാപരഹിതനായിരിക്കണമെന്നു നിർബന്ധമില്ല; കൂദാശ നല്കുവാനുള്ള നിയോഗം ഉണ്ടായിരുന്നാൽ മതി. ചാവുദോഷത്തിൽ വർത്തിക്കുന്ന വൈദികൻ കൂദാശകൾ നല്കുമ്പോൾ ദൈവദോഷം ചെയ്യുന്നു; എന്നാൽ, കൂദാശയ്ക്കു കുറവൊന്നുമുണ്ടാകുന്നില്ല.

## കൂദാശസ്വീകരണം

കൂദാശയുടെ സാധുത അതു സ്വീകരിക്കുന്ന ആളുടെ പുണ്യത്തെയോ ഒരുക്കത്തെയോ ആശ്രയിച്ചിരിക്കുന്നില്ലെങ്കിലും പൂർണ്ണമായ ഫലം സിദ്ധിക്കണമെങ്കിൽ ഭക്തിയോടുകൂടെ ഒരുങ്ങുകതന്നെ വേണം. ജീവിക്കുന്നവരുടെ കൂദാശകൾ ചാവുദോഷത്തോടേ സ്വീകരിക്കുന്നവർ കൂദാശയ്ക്കടുത്ത വരങ്ങളൊന്നും പ്രാപിക്കുന്നതല്ല. കൂ

ദാശകൾ സ്വീകരിക്കുവാൻ കൂടുതൽ ഭക്തിയോടുകൂടെ ഒരുങ്ങുന്നവക്ക് കൂടുതൽ അനുഗ്രഹങ്ങൾ സിദ്ധിക്കാതിരിക്കയില്ല. അതിനാൽ, കുദാശകൾ സ്വീകരിക്കുന്നതിനുമുമ്പ്, വിശ്വാസത്തിൻേറയും ശരണത്തിൻേറയും സ്നേഹത്തിൻേറയും മനഃസ്താപത്തിൻേറയും എളിമയുടേയും പ്രകരണങ്ങൾ ചെയ്യുന്നതു വളരെ ഉപകാരപ്രദമാണ്. കുദാശകൾ സ്വീകരിച്ചതിനുശേഷം നന്ദി പ്രദശിപ്പിക്കുകയും വേണം.

## പരിശോധനാവിഷയം

താഴെ എഴുതിയിരിക്കുന്ന ചോദ്യങ്ങൾക്ക് ഉവ്വ് (അതേ), അല്ലെങ്കിൽ, ഇല്ല എന്ന് ഉത്തരമെഴുതുക.

1) ചാവുദോഷത്തിൽ സ്ഥിതിചെയ്യുന്ന വൈദികൻെറ പക്കൽ നിന്നു കൂദാശ സ്വീകരിച്ചാൽ വാസ്തവമാകുമോ? പ്രയോജനമുണ്ടോ?

2) ഏഴു കൂദാശകൾവഴിയും വരപ്രസാദവർദ്ധനമുണ്ടാകുമോ?

3) ചാവുദോഷത്തിൽ വത്തിക്കുന്നവക്കു മാമ്മോദീസാ സ്വീകരിക്കാമോ?

4) ദൈവവരപ്രസാദത്തിൽ വത്തിക്കുന്നവക്കു കുമ്പസാരംകൊണ്ടു പ്രയോജനമുണ്ടോ?

5) പാവദോഷംവഴി ആത്മാവ് ആദ്ധ്യാത്മികമായി മരിക്കുന്നുണ്ടോ?

6) കുമ്പസാരം ആത്മാവിൽ മാഞ്ഞുപോകാത്ത അടയാളം പതിക്കുമോ?

7) സ്ഥൈര്യലേപനം ഒന്നിലധികം പ്രാവശ്യം സ്വീകരിക്കാമോ?

8) ഏതെങ്കിലും കൂദാശയുടെ ഫലം സംജാതമാകുന്നത് അതു സ്വീകരിക്കുന്ന ആളുടെ ഏതെങ്കിലും പ്രവൎത്തനത്തിൻെറ ഫലമായാണോ?

9) കൂദാശ സ്വീകരിക്കുന്നവരുടെ ഭക്തിതീക്ഷ്ണതയുടെ തോതനുസരിച്ചു കൂദാശയിൽ ലഭിക്കുന്ന അനുഗ്രഹങ്ങൾ കൂടുകയും കുറയുകയും ചെയ്യുമോ?

10) സ്ഥൈര്യലേപനത്തിൽ കിട്ടുന്ന വരപ്രസാദവും രോഗിലേപനത്തിൽ കിട്ടുന്ന വരപ്രസാദവും ഒരുതരമാണോ?

11) കൂദാശയിൽ ലഭിക്കുന്ന അനുഗ്രഹങ്ങളുടെ ഫലങ്ങൾ എപ്പോഴും ഉടനടി കാണുമോ?

## പ്രശ്നങ്ങൾ

1) മേരി ചാവുദോഷത്തോടുകൂടെ വി. കുർബാന സ്വീകരിച്ചു. എന്തെങ്കിലും പ്രത്യേകകുററമുണ്ടോ?

2) ഒരുവൻ അയോഗ്യമായി കൂദാശകൾ സ്വീകരിച്ചാൽ അയാൾക്ക് ഒരിക്കലും കൂദാശയുടെ ഫലങ്ങൾ ലഭിക്കുകയില്ലേ? ജോയി ചാവുദോഷത്തോടുകൂടി സ്ഥൈര്യലേപനം സ്വീകരിച്ചു. അവൻെറ ആത്മാവിൽ മാഞ്ഞുപോകാത്ത അടയാളം പതിഞ്ഞുവോ? ആ കൂദാശയുടെ അനുഗ്രഹങ്ങൾ എപ്പോഴെങ്കിലും അവനു ലഭിക്കുമോ?

(ഉത്തരം: സ്ഥൈര്യലേപനത്തിൻെറ അടയാളം ഉടനടി ആത്മാവിൽ പതിയും. അതു് ആത്മാവിൽ ഉള്ളതുകൊണ്ടു് അയാൾ ഭക്തിപൂർവ്വം കുമ്പസാരിച്ചു ദൈവവരപ്രസാദം പ്രാപിക്കുമ്പോൾ, സ്ഥൈര്യലേപനത്തിനു പ്രത്യേകമായ അനുഗ്രഹങ്ങളും സംസിദ്ധമാകും.)

3) സ്ഥൈര്യലേപനത്തിൽ പതിയുന്ന അടയാളം ഒരു കടലാസിൽ അടിക്കുന്ന മുദ്രപോലെയോ മരങ്ങളിൽ ചാപ്പ അടിക്കുന്നതുപോലെയോ ആണോ?

(ഉത്തരം: അല്ല. ആത്മാവിൽ പതിക്കുന്ന മുദ്ര ആത്മീയദൃഷ്ടികൾക്കു പോലും ദൃശ്യമല്ല. അതു് ഒരാദ്ധ്യാത്മികഗുണവിശേഷമാണു്. പരിശുദ്ധമായ ഒരധികാരം അതുവഴി സ്ഥിരമായി കൈവരുന്നുവെന്നുമാത്രം).

4) കൂദാശകളിൽ ലഭിക്കുന്ന മാഞ്ഞുപോകാത്ത അടയാളം മരണശേഷവും ഉണ്ടാകുമോ?

(ഉത്തരം: ഉണ്ടു്. തിരഞ്ഞെടുക്കപ്പെട്ടവരുടെ മഹത്വത്തിനും ശപിക്കപ്പെട്ടവരുടെ അവമാനത്തിനുമായി അതു് എന്നും നിലകൊള്ളും.)

5) ഒരേ കൂദാശ രണ്ടുപേർ സ്വീകരിക്കുമ്പോൾ രണ്ടുപേക്കും ഒരേ തോതിലാണോ വരപ്രസാദം ലഭിക്കുന്നതു്?

(ഉത്തരം: അല്ല. സ്വീകരിക്കുന്ന ആളുടെ ഭക്തിയും ആവശ്യവുമനുസരിച്ചു കൂടുതൽകുറവു വരാവുന്നതാണു്.)

6) ജോൺ വീട്ടിലിരുന്നു പ്രാർത്ഥിച്ചു; വിലും പള്ളിയിൽ പോയി വി. കുർബാന കൈക്കൊണ്ടു. ജോണിനു വില്യത്തോളം അനുഗ്രഹം കിട്ടുകയില്ലേ?

(ഉത്തരം: ഇല്ല. വി. കുർബാനയ്ക്കു പ്രത്യേകമായുള്ള അനുഗ്രഹങ്ങൾ ജോണിനു ലഭിക്കുകയില്ല).

## പ്രായോഗികാഭ്യാസങ്ങൾ

ഓരോ കൂദാശയിലും ലഭിക്കുന്ന അനുഗ്രഹങ്ങളുടെ ഫലം എപ്പോഴും തൽക്ഷണം കണ്ടുവെന്നു വരുകയില്ല. നിരാശയൊന്നും കൂടാതെ പ്രസ്തുതാനുഗ്രഹങ്ങളിൽ ആശ്രയിച്ചു എൻെറ ചുമതലകൾ ഞാൻ നിർവ്വഹിക്കും. കുമ്പസാരത്തിൽ ലഭിക്കുന്ന അനുഗ്രഹങ്ങളെ ആശ്രയിച്ചു പ്രലോഭനങ്ങളെ ഞാൻ ജയിക്കും.



തന്റെ പീഡാനുഭവവും കുരിശുമരണവുംവഴി നമുക്കുവേണ്ടി സമ്പാദിച്ച പ്രസാദവരങ്ങൾ, ഉയിർത്തെഴുന്നേററ ക്രിസ്തു, സ്വർഗ്ഗത്തിൽ പിതാവിന്റെ വലത്തുഭാഗത്തു് ഇരുന്നുകൊണ്ടു്, കൂദാശകളാകുന്ന നീർച്ചാലുകൾവഴി, നമുക്കു പ്രദാനം ചെയ്യുന്നു. നമുക്കു പ്രസാദവരങ്ങൾ നല്കുന്ന പ്രഥമകൂദാശയാണു ജ്ഞാനസ്നാനം.

മൂന്നാമദ്ധ്യായം

# മാമ്മോദീസാ

ജന്മപാപത്തിൽനിന്നു മോചിച്ചു നമ്മെ ക്രിസ്ത്യാനികളും സ്വർഗ്ഗത്തിന് അവകാശികളുമാക്കുന്ന കൂദാശയാണു മാമ്മോദീസാ, അഥവാ, ജ്ഞാനസ്നാനം. അമ്മമാരിൽനിന്നുള്ള നമ്മുടെ ജനനം സ്വാഭാവികമാണ്; അങ്ങനെ നാം മനുഷ്യരായി ജനിക്കുന്നു. മാമ്മോദീസാ വെള്ളത്താലും പരിശുദ്ധാത്മാവിനാലുമുള്ള പുനർജ്ജനനമാണ്; അങ്ങനെ നാം ദൈവത്തിൻെറ ദത്തുപുത്രരായിബ്ഭവിക്കുന്നു. തിരുസ്സഭയിലെ അംഗത്വം ലഭിക്കുന്നതും ഇതരകൂദാശകൾ സ്വീകരിക്കുവാൻ അവകാശം നല്കുന്നതും സ്വർഗ്ഗീയയോഗ്യതകൾ സമ്പാദിക്കുവാനുള്ള വഴി തുറക്കുന്നതും ഈ കൂദാശയാണ്.

മാഞ്ഞുപോകാത്ത ഒരു മുദ്ര ഈ കൂദാശവഴി ആത്മാവിൽ പതിയുന്നു; ചാവുദോഷത്തിൽ വീണാലും നിരീശ്വരത്വം അവലംബിച്ചാലും ഈ മുദ്ര നീങ്ങുന്നില്ല. അതിനാൽ, ഈ കൂദാശ ഒരു പ്രാവശ്യം മാത്രമേ കൈക്കൊള്ളുവാൻ പാടുള്ളൂ. "ജ്ഞാനസ്നാനം സ്വീകരിച്ചിരിക്കുന്നവരെല്ലാം ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു." (ഗാല. 3: 27)

ഉത്തമക്രിസ്തീയജീവിതം നയിക്കുന്നതിന് ആവശ്യകമായ താൽകാലികവരപ്രസാദം പ്രാപിക്കുവാൻ അർഹതയും ഈ കൂദാശവഴി ലഭിക്കുന്നു.

## യഥാർത്ഥമായ കൂദാശ

ഒരു കൂദാശയുടെ മൂന്നു ഘടകങ്ങളും മാമ്മോദീസായ്ക്ക് ഉള്ളതുകൊണ്ട് അതു യഥാർത്ഥമായ കൂദാശയാണ്.

1) ബാഹ്യമായ അടയാളം. മാമ്മോദീസായിൽ, കാണാവുന്നതും കേൾക്കാവുന്നതുമായ പല ചടങ്ങുകളുണ്ട്: വെള്ളം തലയിലൊഴിക്കുന്നതും തൽസമയം ചില വാക്കുകൾ ചൊല്ലുന്നതും എല്ലാ മാമ്മോദീസാകളിലും സ്പഷ്ടമായി കാണാം. ഔദ്യോഗികമായി മാമ്മോദീസാ നല്കുമ്പോൾ സൈത്തുപൂശുക, വെള്ളവസ്ത്രം അണിയിക്കുക മുതലായ ചില കർമ്മങ്ങൾകൂടിയുണ്ട്.

ബാഹ്യമായ അടയാളത്തിൽ പ്രധാനമായ ഭാഗം മാമ്മോദീസാ മുങ്ങുന്ന ആളുടെ ശിരസ്സിൽ വെള്ളം ഒഴിക്കുന്നതാണ്. അതുതന്നെയാണ്, മാമ്മോദീസായുടെ കർമ്മസാധനം. ശുദ്ധജലമാണ് ഇതിന് ഉപയോഗിക്കേണ്ടതു്. വെള്ളം ശരിസ്സിൽ ഒഴിക്കുമ്പോൾ കാർമ്മികൻ ഇങ്ങനെ ചൊല്ലുന്നു: "പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ നിന്നെ ഞാൻ മാമ്മോദീസാ മുക്കുന്നു." ഇതാണു മാമ്മോദീസായുടെ കർമ്മസ്വരൂപം. ശിരസ്സിൽ വെള്ളം ഒഴിക്കുന്ന ആൾതന്നെ ഈ വാക്കുകളും ചൊല്ലണം.

വെള്ളം സാധാരണമായി ഒഴിക്കുന്നതു്, അഴുക്കു കഴുകിക്കളയുവാനാണല്ലോ; മാമ്മോദീസായിൽ വെള്ളം ഒഴിക്കുന്നതു ജന്മപാപത്തിൻെറ മാലിന്യം കഴുകിക്കളയുവാനാണ്. മാമ്മോദീസാ മുങ്ങുമ്പോൾ പഴയ മനുഷ്യനെ ഉരിഞ്ഞുമാററി പുതിയമനുഷ്യനെ നമ്മെ ധരിപ്പിക്കുന്നു; പ്രസാദവരമാകുന്ന വെള്ളവസ്ത്രം നാം അണിയുകയും ചെയ്യുന്നു.

2) ക്രിസ്തുവിൻെറ സ്ഥാപനം. യോഹന്നാൻെറ കരങ്ങളിൽനിന്നു ജോർദനാൻനദിയിൽവച്ചു ക്രിസ്തു അനുതാപത്തിൻെറ മാമ്മോദീസാ സ്വീകരിച്ചല്ലോ. അതു് കൂദാശയൊന്നുമായിരുന്നില്ല; അതു പശ്ചാത്താപത്തിനുള്ള ഒരു ക്ഷണം മാത്രമായിരുന്നു. ആ അവസരത്തിലാണ്, ക്രിസ്തു മാമ്മോദീസാ എന്ന കൂദാശയും സ്ഥാപിച്ചതെന്നു ചില വേദപുസ്തകവ്യാഖ്യാതാക്കളും ദൈവശാസ്ത്രജ്ഞന്മാരും കരുതുന്നു. ഏതായാലും ഈ കൂദാശയെപ്പററി ക്രിസ്തുവിൻെറ രണ്ടു പ്രഖ്യാപനങ്ങളുണ്ടു്: ആദ്യത്തേതു രഹസ്യമായി നിക്കദേമൂസിനോടും, രണ്ടാമത്തേതു് ഉയിർപ്പിനുശേഷം ജനങ്ങളോടും ചെ

സ്തുവയാണ്. നിക്കൊദേമൂസിനോട് അവിടുന്നു പറഞ്ഞു: "വെള്ളത്താലും പരിശുദ്ധാത്മാവിനാലും മനുഷ്യൻ വീണ്ടും ജനിക്കുന്നില്ലെങ്കിൽ അവൻ ദൈവരാജ്യത്തിൽ പ്രവേശിക്കുകയില്ല" (യോ. 3: 5) സ്വർഗ്ഗാരോഹണത്തിനു മുമ്പു ക്രിസ്തു ഇപ്രകാരം ആജ്ഞാപിച്ചു: "നിങ്ങൾ പോയി എല്ലാ ജാതികളേയും പഠിപ്പിക്കുകയും പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ അവരെ ജ്ഞാനസ്നാനപ്പെടുത്തുകയും ചെയ്യുവിൻ" (മത്താ.28:19.)

3) പ്രസാദവരം തരുന്നു. മാമ്മോദീസാ ജന്മപാപത്തേയും കർമ്മപാപങ്ങളേയും അവയ്ക്കുള്ള ശിക്ഷയേയും നീക്കി ശുദ്ധീകരവരപ്രസാദവും ക്രിസ്തീയജീവിതത്തിന് ആവശ്യകമായ താൽകാലികവരപ്രസാദവും നമുക്കു നല്കുന്നു. തിരിച്ചറിവു വന്നവർ മമ്മോദീസാ സ്വീകരിമ്പോൾ, അതു സ്വീകരിക്കുവാനുള്ള നിയോഗവും പാപങ്ങളെപ്രതി മനസ്താപവുമുണ്ടായിരിക്കണം. ശുദ്ധീകരവരപ്രസാദത്തോടുകൂടി വിശ്വാസം, ശരണം, സ്നേഹം എന്ന ദൈവികപുണ്യങ്ങളും പരിശുദ്ധാത്മാവിന്റെ ദാനങ്ങളും നമുക്കു ലഭിക്കുന്നു; പരിശുദ്ധത്രിത്വം നമ്മിൽ വസിച്ചുതുടങ്ങുകയും ചെയ്യുന്നു.

മാമ്മോദീസാ ജന്മപാപത്തെ നീക്കുന്നുവെന്നു പറയുമ്പോൾ ജന്മപാപംവഴി വന്നുചേർന്നിരിക്കുന്ന ദുഷ്ഫലങ്ങൾ, അതായത്, മരണം, ദുരാശകൾ, അബദ്ധങ്ങൾ, അജ്ഞത, സങ്കടങ്ങൾ എന്നിവ നീങ്ങുന്നതായി ധരിക്കേണ്ടതില്ല. ശരീരത്തിന്റെ മത്സരവും സഹനങ്ങളും മരണവും നമ്മിൽ പ്രബലമായിത്തന്നെ നില്ക്കും. പുനരുത്ഥാനത്തിങ്കൽ ഈ കെടുതികൾ നീങ്ങും; ഈ ലോകത്തിൽ വേദനകളും പ്രലോഭനങ്ങളും നമ്മുടെ സ്നേഹത്തിന്റെ മാററു നിർണ്ണയിക്കുന്നു; സ്വർഗ്ഗീയസമ്മാനത്തെ അവ വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

മാമ്മോദീസാ സ്വീകരിക്കാതെ മരിക്കുന്ന ശിശുക്കൾ സ്വർഗ്ഗത്തിൽ പ്രവേശിച്ചു ദൈവത്തെ അഭിമുഖമായി ദർശിക്കുകയില്ല; സ്വാഭാവികസൗഭാഗ്യംകൊണ്ട് അവർ തൃപ്തിയടയേണ്ടിവരും. ആ സ്ഥിതിക്കാണ്, "ശിശുക്കളുടെ പാതാളം" (Limbo) എന്നു പറയുന്നത്.

## സോപാധികമായ മാമ്മോദീസാ

ഒരാൾ മാമ്മോദീസാ സ്വീകരിച്ചിട്ടുണ്ടോ എന്നു സംശയമുള്ളപ്പോൾ മാമ്മോദീസാ സംശയത്തിൻകീഴ നല്കുന്നു. മൂർഛിതനായി മരണാസന്നനായി കിടക്കുന്ന ഒരാൾ മാമ്മോദീസാ സ്വീകരിക്കുവാൻ ഇച്ഛിക്കുന്നുണ്ടോ എന്നു സംശയമുള്ളപ്പോഴും, ആരെങ്കിലും പ്രത്യേകിച്ച്, അകത്തോലിക്കക്രൈസ്തവസഭാംഗങ്ങൾ സ്വീകരിച്ചിരിക്കുന്ന മാമ്മോദീസാ സാധുവാണോ എന്നു സന്ദേഹമുള്ളപ്പോഴും മാമ്മോദീസാ സോപാധികമായി നല്കുന്നു. അങ്ങനെ മാമ്മോദീസാ നല്കുമ്പോൾ കർമ്മസ്വരൂപം ചൊല്ലുന്ന സമയത്ത്, "നീ മാമ്മോദീസാ സാധുവായി സ്വീകരിച്ചിട്ടില്ലെങ്കിൽ", "നിനക്കു മാമ്മോദീസാ സ്വീകരിക്കുവാൻ ആഗ്രഹമുണ്ടെങ്കിൽ", എന്നിങ്ങനെ സന്ദർഭാനുസാരം കാർമ്മികൻ നിയോഗം വയ്ക്കേണ്ടതാണ്.

## കാർമ്മികൻ

മാമ്മോദീസാ സാധാരണമായി നല്കേണ്ടതു് ഇടവകവികാരിയോ അദ്ദേഹം നിയോഗിക്കുന്ന വൈദികനോ ആണ്. അത്യാവശ്യസമയത്ത് ആർക്കും ജ്ഞാനസ്നാനം നല്കാം; ഒരു സാക്ഷി ഉണ്ടായിരുന്നാൽ കൊള്ളാം. ആരും തനിക്കുതന്നെ മാമ്മോദീസാ നല്കിക്കൂടാ. മരണാപകടമുണ്ടായിരിക്കുകയും വേറെയാരും സമീപത്തില്ലാതിരിക്കുകയും ചെയ്യുമ്പോൾമാത്രമേ മാതാപിതാക്കന്മാർ സ്വന്തം മക്കൾക്കു മാമ്മോദീസാ നല്കാവൂ. മാതാപിതാക്കന്മാരുടെയോ രക്ഷകർത്താക്കളുടെയോ അനുവാദം കൂടാതെ ശിശുക്കളെ ജ്ഞാനസ്നാനപ്പെടുത്തരുതു്; മരണാപകടത്തിൽ ആ അനുവാദത്തിനുവേണ്ടി കാത്തുനില്ക്കേണ്ടതില്ല.

അത്യാവശ്യസമയത്തു മാമ്മോദീസാ നല്കുന്നവർ ഒന്നു രണ്ടു സംഗതികൾ ഓർത്തിരിക്കേണ്ടതുണ്ടു്: 1) തിരുസ്സഭ ഈ കൂദാശ കൊടുക്കുന്നതുപോലെ കൊടുക്കുവാനുള്ള നിയോഗം ഉണ്ടായിരിക്കണം.

അകത്തോലിക്കർ ജ്ഞാനസ്നാനം നല്കുമ്പോൾ ഈദൃശമായ നിയോഗത്തിൻെറ അഭാവംകൊണ്ടു ക്രൂദാശ അവാസ്തവമാകാവുന്നതാണ്. (2) മാമ്മോദീസാ മുങ്ങുന്ന ആളുടെ തല നനയത്തക്കവിധം ശുദ്ധജലം കുരിശാകൃതിയിൽ ഒഴിക്കണം. (3) വെള്ളം ഒഴിക്കുമ്പോൾ, "പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ നിന്നെ ഞാൻ ജ്ഞാനസ്നാനപ്പെടുത്തുന്നു" എന്നു ചൊല്ലണം.

ഇങ്ങനെ ജ്ഞാനസ്നാനം സ്വീകരിച്ചവരുടെ രോഗാപകടം നീങ്ങുവാനിടയാകുന്നെങ്കിൽ തിരുസ്സഭ അംഗീകരിച്ചിരിക്കുന്ന റീത്തുപ്രകാരം ക്രൂദാശ മുഴുവനാക്കണം.

## പരിശോധനാവിഷയം

താഴെപ്പറയുന്ന വാക്കുകളിൽ ഏതെങ്കിലും ഒന്നെടുത്തു കീഴുള്ള വാചകങ്ങൾ പൂർത്തിയാക്കുക: (1) കർമ്മസാധനം (2) ജന്മപാപം (3) ശിശുക്കളുടെ പാതാളം (4) പുരോഹിതൻ (5) പ്രലോഭനങ്ങളും സഹനവും (6) സോപാധികമാമ്മോദീസാ (7) കർമ്മസ്വരൂപം (8) വീട്ടുമാമ്മോദീസാ.

(എ) അത്യാവശ്യസമയത്തു് ആരെങ്കിലും നല്കുന്ന മാമ്മോദീസായാണ്............

(ബി) മാമ്മോദീസായുടെ സാധാരണകാർമ്മികൻ............

(സി) മാമ്മോദീസാ സ്വീകരിച്ചതു വാസ്തവമാണോ എന്നു സംശയമുള്ളപ്പോൾ നല്കുന്ന മാമ്മോദീസായാണ്............

(ഡി) മാമ്മോദീസായ്ക്കു ശേഷവും അനുഭവപ്പെടുന്ന ജന്മപാപഫലങ്ങളാണ്............

(ഈ) ശുദ്ധജലമാണു മാമ്മോദീസായുടെ............

(എഫ്) പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ നിന്നെ ഞാൻ ജ്ഞാനസ്നാനപ്പെടുത്തുന്നു. ഇതാണ്............

(ജി) ആത്മാവിൽനിന്നു മാമ്മോദീസാ ....................ത്തെ നീക്കിക്കളയുന്നു.

(എച്ച്) മാമ്മോദീസാ സ്വീകരിക്കാതെ മരിക്കുന്ന ശിശുക്കൾക്കു കൈവരുന്ന സൗഭാഗ്യസ്ഥിതിയാണ്...........

## പ്രശ്നങ്ങൾ

1) മാമ്മോദീസായിലെ ബാഹ്യചിഹ്നം എന്തു്? ഏതെല്ലാം അനുഗ്രഹങ്ങളാണു മാമ്മോദീസായിൽ ലഭിക്കുന്നതു്? എപ്പോഴാണു് ഈ കൂദാശ സ്ഥാപിച്ചതു്?

(ഉത്തരം: ക്രിസ്തു യോഹന്നാൻെറ മാമ്മോദീസാ സ്വീകരിച്ചപ്പോൾ മാമ്മോദീസാ എന്ന കൂദാശ സ്ഥാപിച്ചുവെന്നു ചില വേദശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. അതിൻെറ സ്ഥാപനം രഹസ്യമായി നിക്കൊദേമൂസിനു അവിടുന്നു വെളിപ്പെടുത്തി; ഉയിർപ്പിനുശേഷം പരസ്യമായി ശ്ലീഹന്മാരെ അറിയിച്ചു).

2) ക്രിസ്തു ലോകത്തെ രക്ഷിക്കുവാൻവേണ്ടിയാണല്ലോ മരിച്ചതു്. രക്ഷപെടാൻ പിന്നെ മാമ്മോദീസാ എന്തിനാണു്?

(ഉത്തരം: ക്രിസ്തുവിൻെറ പീഡാനുഭവവും മരണവുംവഴി പരിത്രാണകൃത്യം പൂർത്തിയായി; സ്വർഗ്ഗം തുറക്കപ്പെട്ടു. എന്നാൽ, ഓരോരുത്തരും രക്ഷയുടെ ഫലം അനുഭവിക്കുന്നതിനു ചില വ്യവസ്ഥകൾ അവിടുന്നു നിശ്ചയിച്ചിട്ടുണ്ടു്. അവയിൽ പ്രധാനം മാമ്മോദീസായാണു്. "വിശ്വസിച്ചു ജ്ഞാനസ്നാനപ്പെടുന്നവൻ രക്ഷപെടു"മെന്നു് അവിടുന്നു് അരുൾചെയ്തിട്ടുണ്ടു്. ക്രിസ്തു തൻെറ പീഡാനുഭവവും കുരിശുമരണവുംവഴി മനുഷ്യവർഗ്ഗത്തെ രക്ഷിച്ചില്ലായിരുന്നെങ്കിൽ മാമ്മോദീസാകൊണ്ടോ മറേറതെങ്കിലും കൂദാശകൾകൊണ്ടോ നാം സ്വർഗ്ഗപ്രാപ്തിക്കു് അർഹരാവുകയില്ലായിരുന്നു.)

3) തിരിച്ചറിവില്ലാത്ത പ്രായത്തിൽ ശിശുക്കളെ മാമ്മോദീസാ മുക്കുന്നതുകൊണ്ടു് എന്തു പ്രയോജനം?

(ഉത്തരം: രക്ഷയ്ക്കു മാമ്മോദീസാ അത്യന്താപേക്ഷിതമാകയാൽ ശിശുക്കളെ ജ്ഞാനസ്നാനപ്പെടുത്താതിരിക്കുന്നതു് ആ കുട്ടികളോടു ചെയ്യുന്ന അനീതിയാണു്. തിരിച്ചറിവില്ലാത്ത കുട്ടികൾക്കു ഭക്ഷണം കൊടുക്കുന്നതും രോഗങ്ങൾ വരുമ്പോൾ അവരെ ചികിത്സിക്കുന്നതും പ്രയോജകീഭവിക്കുന്നതുപോലെ, മാമ്മോദീസായും പ്രയോജകീഭവിക്കുന്നു. തിരിച്ചറിവുവന്നവർ മാമ്മോദീസായുടെ സ്വഭാവം മനസ്സിലാക്കുന്നുണ്ടു് എന്നതു ശരിതന്നെ; എന്നാൽ, അവരുടെ ആ അറിവുകൊണ്ടാണോ ജന്മപാപം നീങ്ങുന്നതു്? അല്ല. എല്ലാം ദൈവത്തിൻെറ വ്യവസ്ഥകളെ ആശ്രയിച്ചിരിക്കുന്നു. രക്ഷയുടെ ഫലം സിദ്ധിക്കുവാൻ മാമ്മോദീസാ കൈക്കൊള്ളണമെന്നു് അവിടുന്നു നിശ്ചയിച്ചിരിക്കുന്നു).

4) ക്രിസ്തുവിനു ജന്മപാപമില്ലാതിരിക്കവേ, എന്തിനാണു് അവിടുന്നു മാമ്മോദീസാ സ്വീകരിച്ചതു്?

(ഉത്തരം: ക്രിസ്തു സ്വീകരിച്ചതു യോഹന്നാൻെറ മാമ്മോദീസായാണ്. അതു് ഒരു കൂദാശയല്ല. വിഭൂതിബുധനാഴ്ച നാം ചാരംപൂശുന്നതു പോലെയുള്ള ഒരു ചടങ്ങുമാത്രമാണതു്; പശ്ചാത്താപത്തിനും തപസ്സിനു മുള്ള ഒരു ക്ഷണമായിരുന്നു യോഹന്നാൻെറ മാമ്മോദീസാ. എളിമയുടേയും അനുസരണത്തിൻേറയും ശാന്തതയുടേയും ഒരു മാതൃക അവിടുന്നു് ഇതുവഴി നല്കിയിരിക്കുന്നു. (മത്തായി 3: 13–15 വായിച്ചുനോക്കുക.)

4. ശുദ്ധജലമില്ലാഞ്ഞിട്ടു് മരിക്കാറായ ഒരു ശിശുവനെ പാലുകൊണ്ടു ജ്ഞാനസ്നാനപ്പെടുത്തുവാനിടയായി. ആ മാമ്മോദീസാ വാസ്തവമായോ?

(ഉത്തരം: ഇല്ല. പാൽ ശുദ്ധജലമല്ലല്ലോ.)

5. ഒരു ശിശുവിനു വീട്ടുമാമ്മോദീസാ കൊടുത്ത നേഴ്സ് ധൃതിയിൽ ഇങ്ങനെ പറഞ്ഞുപോയി: "ഈശോ മറിയം യൗസേപ്പിൻെറ നാമത്തിൽ നിന്നെ ഞാൻ മാമ്മോദീസാ മുക്കുന്നു." കൂദാശ വാസ്തവമായോ?

(ഉത്തരം: ഇല്ല. കർമ്മസ്വരൂപം തെററിപ്പോയി.)

6. വേറൊരു നേഴ്സ് മാമ്മോദീസാ മുക്കിയപ്പോൾ മാമ്മോദീസായുടെ വാക്കുകൾ പറഞ്ഞതു വെള്ളം ഒഴിച്ചുകഴിഞ്ഞിട്ടാണു്. കൂദാശ വാസ്തവമായോ?

(ഉത്തരം: ഇല്ല. വെള്ളം ഒഴിക്കുമ്പോൾത്തന്നെ വാക്കുകളും ചൊല്ലണം.)

7. ചാവുദോഷത്തിൽ ഇരിക്കുന്ന ആൾക്കു മാമ്മോദീസാ സ്വീകരിക്കാമോ?

8. മാർത്തോമ്മാസഭയിൽ ഉൾപ്പെട്ട ഒരാൾ കത്തോലിക്കാസഭയിൽ ചേരാൻപോകുന്നു. വീണ്ടും ജ്ഞാനസ്നാനപ്പെടുത്തണമോ?

(ഉത്തരം: മാർത്തോമ്മാസഭയിലെ മാമ്മോദീസായെപ്പററി സംശയമുള്ളതുകൊണ്ടു സോപാധികമായി ജ്ഞാനസ്നാനപ്പെടുത്തണം).

9. അത്യാവശ്യം വന്നാൽ, നിങ്ങൾ എങ്ങിനെയാണു മാമ്മോദീസാ നല്കുക?

## പ്രായോഗികാഭ്യാസം

1. മാമ്മോദീസായുടെ സ്വഭാവവും പ്രാധാന്യവും മനസ്സിലാക്കുവാൻ ഈ കൂദാശ നല്കുന്ന സമയത്തു ഞാൻ ചിലപ്പോഴൊക്കെ സന്നിഹിതനാകും.

2. മാമ്മോദീസായിൽ പതിയുന്ന മാഞ്ഞുപോകാത്ത മുദ്ര ക്രിസ്തുവിൻെറ പൗരോഹിത്യത്തിലുള്ള ഭാഗഭാഗിത്വമാണെന്നു കരുതി ദിവ്യബലിയിൽ ഭക്തിയോടുകൂടെ ഞാൻ പങ്കെടുക്കും. വൈദികനോടുകൂടെ ച്ചേർന്നു ഞാൻ ബലി സമർപ്പിക്കും.



യോർദ്ദനാൻ നദിയിൽവച്ചുള്ള സ്വന്തം ജ്ഞാനസ്നാനാവസരത്തിൽ തന്നെയാണു ക്രിസ്തു ജ്ഞാനസ്നാനമെന്ന കൂദാശയെ സ്ഥാപിച്ചതു്. ജ്ഞാനസ്നാനത്തിന്റെ ആവശ്യം രഹസ്യമായി നിക്കോദേമ്മൂസിനോടും പരസ്യമായി തന്റെ സ്വർഗ്ഗാരോഹണാവസരത്തിലും ക്രിസ്തു വിശദമാക്കി.

## നാലാമദ്ധ്യായം

# മാമ്മോദീസാ–(തുടച്ച്)

കുട്ടി ജനിച്ചാൽ ഏറെഴെട്ടുദിവസങ്ങൾക്കുള്ളിൽ ജ്ഞാനസ്നാനം നല്കണം. രണ്ടാഴ്ചയിലധികം ദീർഘിപ്പിക്കുന്നതു തെററാണ്.

## ജ്ഞാനപിതാക്കൾ (Sponsors)

മാമ്മോദീസായ്ക്ക് ഒരു ജ്ഞാനപിതാവോ ജ്ഞാനമാതാവോ ഉണ്ടായിരിക്കണം. സാധാരണമായി രണ്ടുപേരാണു പതിവ്:–"തലതൊട്ടപ്പ"നും "തലതൊട്ടമ്മ"യും. വീട്ടുമാമ്മോദീസായിലും ഒരു ജ്ഞാനപിതാവ് ഉണ്ടായിരിക്കുന്നതു് ഉത്തമമാണ്. മാമ്മോദീസാ മുങ്ങുന്നയാളുടെ ആദ്ധ്യാത്മികപിതാവിൻെറയും ആദ്ധ്യാത്മികമാതാവിൻെറയും സ്ഥാനമാണു ജ്ഞാനപിതാക്കൾക്കുള്ളതു്. ജ്ഞാനമക്കൾക്കു ക്രിസ്തീയവിദ്യാഭ്യാസം നല്കുക, ജ്ഞാനപിതാക്കളുടെ കടമയാണ്. കുട്ടിയുടെ സ്വന്തം മാതാപിതാക്കന്മാർ അക്കാര്യത്തിൽ ശ്രദ്ധിക്കുന്നില്ലെങ്കിൽ, ജ്ഞാനപിതാക്കൾ പൂർണ്ണമായും ആ ചുമതല നിർവഹിക്കേണ്ടിയിരിക്കുന്നു. പ്രാചീനസഭയിൽ ജ്ഞാനമക്കളുടെ ക്രിസ്തീയവിദ്യാഭ്യാസത്തിനു ദൈവത്തിൻെറമുമ്പിൽ ജാമ്യം ഏററിരുന്നതു ജ്ഞാനപിതാക്കളാണ്. ജ്ഞാനപിതാക്കൾക്കു പതിന്നാലുവയസ്സെങ്കിലും പ്രായമുണ്ടായിരിക്കണം. വിശ്വാസസത്യങ്ങൾ ശരിയായി പഠിച്ചു മനസ്സിലാക്കിയിട്ടുള്ളവരും ഉത്തമകത്തോലിക്കരുമായിരിക്കണം, ജ്ഞാനപിതാക്കൾ. ശിശുക്കളുടെ മാമ്മോദീസായിൽ ശിശുവിനുവേണ്ടി ഉത്തരങ്ങൾ നല്കുന്നതും വാഗ്ദാനങ്ങൾ ചെയ്യുന്നതും ജ്ഞാനപിതാക്കളാണ്. ജ്ഞാനപിതാക്കളും ജ്ഞാനമക്കളും തമ്മിൽ ആദ്ധ്യാത്മികബന്ധമുള്ളതുകൊണ്ടു്

അവർതമ്മിൽ വിവാഹം നിരോധിച്ചിരിക്കയാണ്. കാർമ്മികനും മാമ്മോദീസാ സ്വീകരിച്ചയാളും തമ്മിലുള്ള വിവാഹവും നിരോധിച്ചിരിക്കയാണ്. ഈ വിവാഹതടസ്സങ്ങൾക്കു ജ്ഞാനബന്ധതടസ്സമെന്നു പറയുന്നു. ജ്ഞാനപിതാവായി തിരഞ്ഞെടുക്കപ്പെടുന്ന ആൾക്കു മാമ്മോദീസായിൽ ഹാജരാകുവാൻ അസൗകര്യമുണ്ടെങ്കിൽ പകരം വേറൊരു പ്രതിനിധിയെ അയയ്ക്കാവുന്നതാണ്. മാമ്മോദീസാ മുക്കുന്ന സമയത്തു ജ്ഞാനപിതാക്കൾ ശിശുവിനെ തൊടണമെന്നു നിർബന്ധമുണ്ട്.

## മാമ്മോദീസായുടെ ആവശ്യകത

രക്ഷപെടുവാൻ മാമ്മോദീസാ ഒഴിച്ചുകൂടാത്ത ഒരാവശ്യമാണ്. "ജലത്താലും പരിശുദ്ധാത്മാവിനാലും വീണ്ടും ജനിക്കാത്തവർ ദൈവരാജ്യത്തിൽ പ്രവേശിക്കയില്ല" (യോഹ. 3: 3). ജന്മപാപത്തിനുള്ള മോചനം മാമ്മോദീസാവഴിമാത്രമാണു ലഭിക്കുന്നതു്; അതിനാൽ, മാമ്മോദീസാ മുങ്ങാതെ മരിക്കുന്ന ശിശുക്കൾ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നില്ല എന്നാണു പ്രാചീനകാലംമുതൽ തിരുസ്സഭയുടെ അധ്യാപനം.

ക്രിസ്തു സ്ഥാപിച്ച മാമ്മോദീസാ യഥാവിധി സ്വീകരിക്കുവാൻ സൗകര്യമില്ലാതെവരുമ്പോൾ രക്ഷപെടുന്നതിനു രക്തത്താലെയുള്ള മാമ്മോദീസായോ ആഗ്രഹത്താലെയുള്ള മാമ്മോദീസായോ മതിയാകും. എന്നാൽ, മററു കൂദാശകൾ സ്വീകരിക്കണമെങ്കിൽ വെള്ളത്താലെയുള്ള മാമ്മോദീസാതന്നെ സ്വീകരിച്ചിരിക്കണം. മാഞ്ഞുപോകാത്ത മുദ്ര വെള്ളത്താലെയുള്ള മാമ്മോദീസായിൽമാത്രമേ ലഭിക്കുകയുള്ളു.

## ആഗ്രഹത്താലെയുള്ള മാമ്മോദീസാ

എല്ലാ വസ്തുക്കളെയുംകാൾ ഉപരിയായി ദൈവത്തെ സ്നേഹി

ക്കുകയും നിത്യരക്ഷയ്ക്കു് ആവശ്യകമായ സമസ്തവും നിർവഹിക്കു വാൻ ആഗ്രഹിക്കുകയും ചെയ്യുമ്പോൾ മാമ്മോദീസാ സ്വീകരിച്ചിട്ടില്ലാത്തവർ ആഗ്രഹത്താലെയുള്ള മാമ്മോദീസാ സ്വീകരിക്കുന്നു. ആഗ്രഹത്താലെയുള്ള മാമ്മോദീസാ ക്രൂദാശയല്ല; ക്രൂദാശയ്ക്കു പകരമുള്ളതാണ്. നിത്യരക്ഷയ്ക്കു് ആവശ്യമുള്ളവ സമസ്തവും ചെയ്യുവാൻ ആഗ്രഹിക്കുന്ന മനുഷ്യൻ മാമ്മോദീസായെപ്പററി പറഞ്ഞു കേട്ടിട്ടുപോലുമില്ലെങ്കിലും രക്ഷയുടെ അടിസ്ഥാനമായ മാമ്മോദീസായും സ്വീകരിക്കുവാൻ പരോക്ഷമായി ആഗ്രഹിക്കുന്നു. അതിനാലാണ്, ദൈവത്തെ സർവ്വോപരി സ്നേഹിച്ചു നിത്യരക്ഷ പ്രാപിക്കുവാൻ ആഗ്രഹിക്കുന്നവരെല്ലാം ആഗ്രഹത്താലെയുള്ള മാമ്മോദീസാ സ്വീകരിക്കുന്നുവെന്നു പറയുന്നതു്. ആഗ്രഹത്താലെയുള്ള മാമ്മോദീസാ ഉത്തമസ്നേഹപ്രകരണമോ ഉത്തമമനസ്താപപ്രകരണമോ ആണെന്നു പറയാം. നിത്യരക്ഷയ്ക്കുള്ള മാർഗ്ഗങ്ങളെല്ലാം അവലംബിക്കുവാൻ ആഗ്രഹിക്കാത്ത മനുഷ്യന് ഉത്തമസ്നേഹപ്രകരണമോ ഉത്തമസ്നേഹത്തിൽ അധിഷ്ഠിതമായ ഉത്തമമനസ്താപമോ ഉണ്ടെന്നു പറയുവാൻ വയ്യാ.

മാമ്മോദീസായ്ക്കു് ഒരുങ്ങിക്കൊണ്ടിരുന്ന ഒരാൾ ക്രൂദാശ സ്വീകരിക്കുന്നതിനുമുമ്പു മരിക്കുവാനിടയായാൽ ആഗ്രഹത്താലെയുള്ള മാമ്മോദീസാ സ്വീകരിച്ചതായും രക്ഷപെട്ടതായും പരിഗണിക്കാമെന്നു് വി. അംബ്രോസിൻെറ ഗ്രന്ഥങ്ങളിൽ കാണുന്നുണ്ടു്. അങ്ങനെയുള്ളവക്കു ക്രിസ്തീയസംസ്കാരക്രമം നല്കാം.

## രക്തത്താലെയുള്ള മാമ്മോദീസാ

ക്രിസ്തീയവിശ്വാസത്തെയോ ഏതെങ്കിലും ക്രിസ്തീയപുണ്യത്തെയോ സംരക്ഷിക്കുവാൻവേണ്ടി മരിക്കുന്നവർ രക്തത്താലെയുള്ള മാമ്മോദീസാ സ്വീകരിച്ചിരിക്കുന്നു. പരിപൂർണ്ണമായ സ്നേഹത്താലല്ലാതെ അങ്ങനെ ജീവാർപ്പണം ചെയ്യുകയില്ലല്ലോ. "ഒരുത്തൻ തൻെറ സ്നേഹിതനുവേണ്ടി ജീവൻ സമർപ്പിക്കുന്നതിനേക്കാൾ വ

39148

ലിയ സ്നേഹമില്ല" (യോഹ. 15: 13). ആഗ്രഹത്താലെയുള്ള മാമ്മോദീസായിലേ സകലഘടകങ്ങളും ദൈവസ്നേഹത്തെപ്രതി വലിയ ഒരു ത്യാഗപ്രവൃത്തിയും രക്തസാക്ഷിത്വത്തിൽ കാണാവുന്നതാണ് ദിവ്യരക്ഷകൻ ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു: "എന്നെപ്രതി ജീവൻ ഉപേക്ഷിക്കുന്നവർ അതു കണ്ടെത്തും" (മത്താ: 10: 39). ഹേറോദേശ് വധിച്ച കുഞ്ഞിപ്പൈതങ്ങൾ മാമ്മോദീസാ സ്വീകരിച്ചവരല്ലെങ്കിലും അവരെ പുണ്യവാന്മാരായി നാം വണങ്ങുന്നു.

## പുണ്യവാന്മാരുടെ പേരുതന്നെ ഇടണമോ?

പേരിടുന്നതു വളരെ പ്രാധാന്യമുള്ള സംഗതിയാണ്. മാതാപിതാക്കന്മാരുടെ പ്രത്യാശകളും പ്രതീക്ഷകളും അടിസ്ഥാനപ്പെടുത്തിയാണു പഴയനിയമത്തിൽ മക്കൾക്കു പേരിട്ടിരുന്നത്. ജനിച്ചിട്ട് ഏഴാംദിവസം യഹൂദന്മാർ കുട്ടികളെ പേരുവിളിക്കുകയും ആൺകുട്ടികളാണെങ്കിൽ ഛേദനാചാരം നടത്തുകയും ചെയ്തുപോന്നു.

പ്രാചീനസഭയിൽ പഴയനിയമത്തിലേ പേരുകളാണു ക്രിസ്ത്യാനികൾ സ്വീകരിച്ചിരുന്നത്. ക്രിസ്തീയരക്തസാക്ഷികളുടെ സംഖ്യ വർദ്ധിച്ചതോടേ അവരുടെ പേരു സ്വീകരിക്കുന്നത് അഭിമാനകരമായി എല്ലാവരുംതന്നെ കരുതിത്തുടങ്ങി. ഇന്ന് ഒരു നിയമമാണ്, മാമ്മോദീസായിൽ ശിശുവിന് ഇടുന്ന പേര് ഒരു പുണ്യവാൻെറയോ പുണ്യവതിയുടെയോ ആയിരിക്കണമെന്ന്. അങ്ങനെ ചെയ്യണമെന്നു തിരുസ്സഭ ഉപദേശിക്കുന്നത്, ആ പുണ്യവാനെയോ പുണ്യവതിയെയോ അനുകരിക്കുവാനും അവരുടെ സഹായം ഉണ്ടാകുവാനും വേണ്ടിയാണ്. മാലാഖമാരുടെ പേരുകൾ മാമ്മോദീസായിൽ നല്കാറുണ്ട്. നാമകാരണനായ പുണ്യവാനും നാമധാരിയും തമ്മിൽ ആദ്ധ്യാത്മികമായ ഒരു ബന്ധം അങ്ങനെ സംജാതമാകുന്നു.

39146

## പരിശോധനാവിഷയം

താഴെപ്പറയുന്നവ എന്തെന്നു വിവരിക്കുക:

(1) ജ്ഞാനപിതാക്കൾ (2) ജ്ഞാനശിശു (3) ആഗ്രഹത്താലെയുള്ള മാമ്മോദീസാ (4) രക്തത്താലെയുള്ള മാമ്മോദീസാ (5) പരോക്ഷമായ ആഗ്രഹം (6) പ്രത്യക്ഷമായ ആഗ്രഹം (7) ജ്ഞാനബന്ധം (8) വീട്ടു മാമ്മോദീസാ.

## പ്രശ്നങ്ങൾ

1) ജ്ഞാനപിതാവിനു ജ്ഞാനമക്കളെ വിവാഹം കഴിക്കാമോ? എന്തുകൊണ്ടു്?

2) ജ്ഞാനപിതാക്കളായി യാക്കോബായക്കാരെ ക്ഷണിക്കാമോ?

(പാടില്ല. ജ്ഞാനപിതാക്കൾ ഉത്തമകത്തോലിക്കരായിരിക്കണം. 765-ാം കാനൻ നോക്കുക.)

3) താഴെപ്പറയുന്ന സാഹചര്യങ്ങളിൽ ജ്ഞാനപിതാവിനു വല്ല ഉത്തരവാദിത്വമുണ്ടോ? (1) ജ്ഞാനശിശുവിനെ സ്വന്തം മാതാപിതാക്കന്മാർ കത്തോലിക്കാവിദ്യാലയത്തിൽ അയയ്ക്കുന്നില്ല. (2) ജ്ഞാനമകൻ അനീതിചെയ്യുന്നു. (3) ജ്ഞാനപിതാവു മദ്യപാനവും വഞ്ചനയുംവഴി ജ്ഞാനമകനു ദുർമ്മാതൃക നല്കുന്നു.

(ഉത്തരം: 1) മാതാപിതാക്കന്മാർക്കു സാമ്പത്തിക കഴിവില്ലാഞ്ഞിട്ടാണു മക്കളെ അകത്തോലിക്കാവിദ്യാലയത്തിലേക്കു് അയയ്ക്കുന്നതെങ്കിൽ, അവരുടെ കത്തോലിക്കാവിദ്യാഭ്യാസത്തിനു വേണ്ടതെല്ലാം മാതാപിതാക്കന്മാർ ചെയ്യേണ്ടതാണു്. അവർ അതു ചെയ്യാത്തപക്ഷം, ജ്ഞാനപിതാവു വേണ്ടതു ചെയ്യാതിരിക്കരുതു്. ധനസ്ഥിതി അനുവദിക്കുമെങ്കിൽ, ജ്ഞാനമക്കളെ കത്തോലിക്കാവിദ്യാലയത്തിലേക്കു സ്വന്തം ചെലവിന്മേൽ അയയ്ക്കുവാൻ ജ്ഞാനപിതാവു ശ്രമിക്കേണ്ടതാണു്.

2) അനീതി ചെയ്യുന്ന ജ്ഞാനമകനെ ഉപദേശിച്ചുനോക്കണം.

3) സന്മാതൃക നല്കുവാൻ മാതാപിതാക്കന്മാരെപ്പോലതന്നെ ജ്ഞാനപിതാക്കന്മാർക്കും കടമയുണ്ടു്).

4) കൃഷ്ണൻ ചിലപ്പോഴെല്ലാം ഇങ്ങനെ പറയാറുണ്ടു്: "എനിക്കു

സത്യദൈവത്തെ സ്നേഹിക്കണം; സൗകര്യം കിട്ടിയാൽ ഉടനെ ഞാൻ മാമ്മോദീസാ സ്വീകരിക്കും." അങ്ങനെയിരിക്കവേ കൃഷ്ണൻ ഒരപകടത്തിൽപ്പെട്ടു പെട്ടെന്നു മരിച്ചുപോയി. കൃഷ്ണൻെറ രക്ഷയെപ്പററി എന്തു വിചാരിക്കുന്നു?

5) നാരായണൻ ഗുരുതരമായ ഒരു രോഗത്തിൽ ആഗ്രഹത്താലെയുള്ള മാമ്മോദീസാ സ്വീകരിച്ചു. സുഖക്കേടുമാറുമ്പോൾ നാരായണൻ മാമ്മോദീസാ സ്വീകരിക്കണമോ?

(ഉത്തരം: തീർച്ചയായും)

6) മാമ്മോദീസാ മുങ്ങാതെ മരിച്ച കുഞ്ഞിപ്പൈതങ്ങളെ തിരുസ്സഭ എന്തുകൊണ്ടാണു പുണ്യവാന്മാരായി വണങ്ങുന്നത്?

7) നിൻെറ നാമകാരണനായ പുണ്യവാൻെറ പേരെന്ത്? ആ പുണ്യവാൻെറ ജീവിതത്തിലെ പ്രധാനസംഭവങ്ങൾ വിവരിക്കുക. അദ്ദേഹത്തിൻെറ തിരുനാൾ എന്ന്?

8) വീരയോദ്ധാക്കളുടെയും സിനിമാതാരങ്ങളുടേയും പുഷ്പങ്ങളുടേയും പേരു മാമ്മോദീസായിൽ നല്കുന്നതു യുക്തമാണോ?

(ഉത്തരം: 761—ാമത്തേ കാനൻനിയമപ്രകാരം കുട്ടികൾക്കു ക്രിസ്തീയനാമങ്ങൾ നല്കേണ്ടതാണ്).

9) മാമ്മോദീസായിലേ വ്രതങ്ങൾ നവീകരിക്കുക എന്നു പറയുന്നതിൻെറ സാരമെന്താണ്?

ഉത്തരം: മാമ്മോദീസായിൽ സ്വീകരിച്ച കത്തോലിക്കവിശ്വാസത്തിൽ ഉറച്ചുനില്ക്കുവാനും പിശാചിനേയും അവൻെറ ആഘോഷങ്ങളേയും പ്രവൃത്തികളേയും ഉപേക്ഷിക്കുവാനുമുള്ള നിശ്ചയം ആവർത്തിക്കുന്നതാണ്, മാമ്മോദീസായിലേ വ്രതങ്ങൾ നവീകരിക്കുക എന്നു പറയുന്നത്. വാർഷികധ്യാനാവസരത്തിൽ അപ്രകാരം ചെയ്യുന്നവർക്കു സാധാരണനിബന്ധനകളോടുകൂടി പൂർണ്ണദണ്ഡവിമോചനം പ്രാപിക്കാവുന്നതാണ്.)

10) നിങ്ങൾ ഒരാശുപത്രിയിൽ നേഴ്സാണെന്നു കരുതുക. താഴെപ്പറയുന്നവർക്കു നിങ്ങൾ മാമ്മോദീസാ നല്കുമോ?

1) മരിക്കാറായ ഒരു അകത്തോലിക്കാബാലനു്.

2) കളിച്ചുചിരിച്ചു പിള്ളത്തൊട്ടിയിൽ കിടക്കുന്ന ഒരു ഹൈന്ദവശിശുവിനു്.

3) മാമ്മോദീസായെപ്പററി പറയുമ്പോഴെല്ലാം വെകിളിപിടിച്ചിരുന്ന ഒരു രോഗി മൂർഛിതനായി കിടക്കുമ്പോൾ.

4) പലപ്പോഴും മാമ്മോദീസാ മുങ്ങുവാൻ ആഗ്രഹം പ്രകാശിപ്പിച്ചു ഒരു ഹൈന്ദവയുവാവു മരിക്കാറായി മൂർഛിതനായിരിക്കവേ.

(മാതാപിതാക്കന്മാരുടെ അനുവാദംകൂടാതെ രണ്ടാമത്തേയാൾക്കു മാമ്മോദീസാ കൊടുത്തുകൂടാ; മൂന്നാമത്തേയാൾക്കു് മതാപിതാക്കന്മാരുടെ അനുവാദമുണ്ടായാലും കൊടുത്തുകൂടാ).

## പ്രായോഗികാഭ്യാസങ്ങൾ

1) ഞാൻ എന്റെ പേരിനു കാരണമായ പുണ്യവാന്റെ ജീവ്ചരിത്രം പഠിക്കുകയും ദിവസംതോറും ആ പുണ്യവാനോടു് അപേക്ഷിക്കുകയും ചെയ്യും.

2) ജ്ഞാനശിശുക്കളുടെ ആത്മീയകാര്യത്തിൽ ഞാൻ ശ്രദ്ധിക്കാതിരിക്കയില്ല.



പന്തക്കുസ്തദിവസത്തിൽ പരിശുദ്ധാത്മാവിന്റെ വരവ്. "പെട്ടെന്ന് ആകാശത്തുനിന്നു കൊടുങ്കാറ്റിന്റേതുപോലെ ഒരു സ്വരം ഉണ്ടായി. അവർ ഇരുന്നിരുന്ന വീടുമുഴുവൻ അതുകൊണ്ടു നിറഞ്ഞു. അഗ്നിപോലെ പിളർന്നിരുന്ന നാവുകൾ അവർക്കു കാണപ്പെട്ടു. അവ അവരിൽ ഓരോരുത്തന്റെയുംമേൽ ഇരുന്നു. അവരെല്ലാവരും പരിശുദ്ധാത്മാവിനെക്കൊണ്ടു നിറയുകയും ചെയ്തു" (നടപടി 2: 2 4).

---

## അഞ്ചാമധ്യായം

# സ്ഥൈര്യലേപനം

അഥവാ

# മുമ്പിലത്തെ ഒപ്രുശുമാ

പരിശുദ്ധാത്മാവിനേയും അവിടത്തെ ദാനങ്ങളേയും നമുക്കു തന്നു നമ്മളെ ഉത്തമക്രിസ്ത്യാനികളും ക്രിസ്തീയയോദ്ധാക്കളുമാക്കുന്ന കൂദാശയാണു സ്ഥൈര്യലേപനം.

മാമ്മോദീസായിൽ പരിശുദ്ധാത്മാവിനേയും അവിടുത്തേ ദാനങ്ങളേയും നാം സ്വീകരിക്കുന്നുണ്ട്; പരിശുദ്ധത്രിത്വത്തിനു നാം പ്രതിഷ്ഠിതരാകുന്നുണ്ട്. സ്ഥൈര്യലേപനത്തിൽ പരിശുദ്ധാത്മാവിനേയും അവിടുത്തേ ദാനങ്ങളേയും കൂടിയതോതിൽ നാം സ്വീകരിക്കുന്നു. മാമ്മോദീസായിൽ ലഭിച്ച വിശ്വാസത്തിൽ ഉറച്ചുനില്ക്കുവാനും കത്തോലിക്കവിശ്വാസത്തേ ധീരമായി സംരക്ഷിച്ചുപോരുവാനുമുള്ള അനുഗ്രഹമാണു സ്ഥൈര്യലേപനത്തിൽ ലഭിക്കുന്നതു്. ഈ ക്രൂദാശയെ "കത്തോലിക്കാപ്രവർത്തനത്തിൻെറ ക്രൂദാശ"യെന്നു പൊതുവേ പറയാറുണ്ട്.

## പരിശുദ്ധാത്മാവിൻെറ വാഗ്ദാനം

പരസ്യജീവിതത്തിൽ പലപ്പോഴും, ഒടുവിലത്തേ അത്താഴത്തിൽ പ്രത്യേകിച്ചും, ക്രിസ്തു വാഗ്ദാനംചെയ്തു, പരിശുദ്ധാത്മാവിനെ ശിഷ്യന്മാർക്കും പിൻഗാമികളേവർക്കുമായി അയയ്ക്കുമെന്നു്. "ഞാൻ എൻെറ പിതാവിനോടു ചോദിക്കും; നിങ്ങളോടുകൂടെ എന്നും ഇരിക്കേണ്ടതിനായി വേറൊരു പാറക്ക്ലേത്തായെ അവൻ നിങ്ങൾക്കു തരും. ലോകം ആ സത്യാത്മാവിനെ കണ്ടിട്ടും അറിഞ്ഞിട്ടുമില്ലാത്തതിനാൽ, അതിന് ആ ആത്മാവിനെ സ്വീകരിക്കുവാൻ കഴിയുകയില്ല. നിങ്ങൾ അവിടുത്തെ അറിയും; എന്തുകൊണ്ടെന്നാൽ, അവിടുന്നു നിങ്ങളിൽ ഇരിക്കയും നിങ്ങളോടുകൂടെ വസിക്കുകയും ചെയ്യും" (യോഹ. 14: 16, 17). വീണ്ടും ഈശോ പറയുന്നു: "എൻെറ പിതാവു് എൻെറ നാമത്തിൽ അയയ്ക്കുന്ന പരിശുദ്ധാത്മാവായ പാറക്ക്ലേത്താതന്നെ നിങ്ങളെ സകലവും പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറയുന്നവയെല്ലാം നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും" (യോഹ. 14: 26).

അന്തിമഭോജനവേളയിൽ ക്രിസ്തു പറഞ്ഞ ഈ വാക്കുകളെ അടിസ്ഥാനപ്പെടുത്തി പൊതുവേ വേദശാസ്ത്രജ്ഞന്മാർ കരുതുന്നതു്, ആ ദിവ്യഭോജനത്തിൻെറ ദിവസം, അവിടെവച്ചാണു് ഈ ക്രൂദാശ സ്ഥാപിച്ചതെന്നത്രേ.

## വാഗ്ദാനം നിറവേറി

കന്യകാമറിയവും ശ്ലീഹന്മാരും മററു ശിഷ്യന്മാരും ഉൾപ്പെടെ 120 പേർ പെന്തക്കുസ്തദിവസം അഗ്നേയനാവുകളുടെ രൂപത്തിൽ പരിശുദ്ധാത്മാവിനെ സ്വീകരിച്ചു. "പെട്ടെന്ന് ആകാശത്തുനിന്നു കൊടുങ്കാററിൻേറതുപോലെ ഒരു സ്വരം ഉണ്ടായി. അവർ ഇരുന്നിരുന്ന വീടുമുഴുവനും അതു് അനുഭവപ്പെട്ടു. അഗ്നിപോലെ പിളർന്നിരുന്ന നാവുകൾ പ്രത്യക്ഷപ്പെടുകയും അവ അവരിൽ ഓരോരുത്തരുടെമേലും ഇരിക്കുകയും ചെയ്തു" (നടപടി 2: 2—4).

ക്രിസ്തു സ്ഥാപിച്ചതും ശ്ലീഹന്മാരെ പഠിപ്പിച്ചതുമായ ദൃശ്യമായ ഒരു റീത്തുവഴിയാണു ശ്ലീഹന്മാർ പരിശുദ്ധാത്മാവിനെ വിശ്വാസികൾക്കു നല്കിയിരുന്നതു്. സമരിയായിൽ ഡീക്കൺ ഫിലിപ്പു ഒട്ടുവളരെപ്പേരെ മാനസാന്തരപ്പെടുത്തുകയും മാമ്മോദീസാ മുക്കുകയും ചെയ്തു. എന്നാൽ, അവർക്കു പരിശുദ്ധാത്മാവിനെ നല്കിയതു്, അഥവാ, സ്ഥൈര്യലേപനം പ്രദാനംചെയ്തതു പത്രോസും യോഹന്നാനുമാണു്. നടപടിപ്പുസ്തകത്തിൽ നാം ഇങ്ങനെ വായിക്കുന്നു: "സമരിയാക്കാർ ദൈവവചനം സ്വീകരിച്ചുവെന്നു് ഓറശ്ലത്തെ ശ്ലീഹന്മാർ കേട്ടപ്പോൾ അവർ ശെമയോൻകേപ്പായേയും യോഹന്നാനേയും അവരുടെ പക്കലേക്കു് അയച്ചു. അവർ ചെന്നു പരിശുദ്ധാത്മാവിനെ പ്രാപിക്കേണ്ടതിനു് അവർക്കുവേണ്ടി പ്രാർത്ഥിച്ചു. അതുവരെ അവരിൽ പരിശുദ്ധാത്മാവു് എഴുന്നള്ളിവന്നിരുന്നില്ല; അവർ നമ്മുടെ കർത്താവായ ഈശോയുടെ നാമത്തിൽ മാമ്മോദീസാ സ്വീകരിച്ചിരുന്നതേ ഉള്ളു. അവർ അവരുടെമേൽ കൈവയ്ക്കുകയും അവർ പരിശുദ്ധാത്മാവിനെ സ്വീകരിക്കുകയും ചെയ്തു" (നടപടി 14: 17). ഫിലിപ്പിനു് നല്കുവാനധികാരമില്ലാത്ത ഒരനുഗ്രഹമാണു പത്രോസും യോഹന്നാനും കൊടുത്തതെന്നു് ഇവിടെ പ്രസ്താവിച്ചിരിക്കുന്നതിനാൽ, മാമ്മോദീസായിൽനിന്നു വ്യത്യസ്തമാണു പരിശുദ്ധാത്മാവിനെ നല്കുന്ന കൂദാശ എന്നു സിദ്ധിക്കുന്നു.

എഫേസൂസിലും ഈദൃശമായ ഒരു സംഭവം നടന്നു. സ്നാപകയോഹന്നാൻേറ ശിഷ്യന്മാർ അവിടെ കുറേപ്പേരെ ജ്ഞാനസ്നാനപ്പെടുത്തി

യിരുന്നു. അവരോടു പൗലോസ്സ്ലീഹാ ചോദിച്ചു, പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ എന്ന്. തങ്ങൾ പരിശുദ്ധാത്മാവിനെപ്പററി കേട്ടിട്ടുപോലുമില്ലെന്നു അവർ മറുപടി നല്കി. അവർ സ്നാപകയോഹന്നാൻെറ മാമ്മോദീസയാണു സ്വീകരിച്ചിരുന്നതു്. അതിനാൽ, അവർ ആദ്യം നമ്മുടെ കർത്താവായ ഈശോമിശിഹായുടെ നാമത്തിൽ മാമ്മോദീസാ സ്വീകരിച്ചു. അനന്തരം, പൗലോസ് അവരുടെമേൽ കൈവയ്ക്കുകയും പരിശുദ്ധാത്മാവ് അവരിൽ എഴുന്നള്ളിവരുകയും അവർ പല ഭാഷകളിൽ സംസാരിക്കുകയും പ്രവചിക്കുകയും ചെയ്തു" (നടപടി 19: 1-6). ഈ സംഭവത്തിൽനിന്നു നമുക്കു മനസ്സിലാക്കാം, പൗലോസിൻെറ കൈവെപ്പുകൊണ്ടാണ് എഫേസൂസിലെ വിശ്വാസികൾ പരിശുദ്ധാത്മാവിനെ പ്രാപിച്ചതെന്നും ആ കൈവെപ്പു മാമ്മോദീസായിൽനിന്നു വ്യത്യസ്തമാണെന്നും.

## കർമ്മസാധനവും സ്വരൂപവും

സൈത്തെണ്ണയും സുരഭിലമായ ബാൾസവും കൂട്ടിച്ചേർത്തു വർഷന്തോറും പെസഹാവ്യാഴാഴ്ച മെത്രാന്മാർ വെഞ്ചരിക്കുന്ന മോറോൻ എന്ന തൈലമാണു സ്ഥൈര്യലേപനത്തിൻെറ കർമ്മസാധനം. കൈ തലയിൽ വച്ചുകൊണ്ടു മോറോൻ പൂശുന്നതാണു കർമ്മസാധനമെന്നു പറയുന്നതായിരിക്കും കൂടുതൽ ശരി. മോറോൻ പൂശുന്ന സമയത്തു കാർമ്മികൻ ചൊല്ലുന്ന വാക്കുകളാണ് ഈ കൂദാശയുടെ സ്വരൂപം.

## കാർമ്മികൻ

സ്ഥൈര്യലേപനത്തിൻെറ സാധാരണകാർമ്മികൻ മെത്രാനാണ്. പല പൗരസ്ത്യസഭകളിലും വൈദികരാണ് ഈ കൂദാശ നല്കുന്നതു്. ലത്തീൻ സഭയിലും പ്രത്യേകാനുവാദത്തോടുകൂടെ സാധാരണ വൈദികർ ഈ കൂദാശ നല്കാറുണ്ടു്. അടുത്ത കാലത്തു ല

ത്തിൻ സഭയിൽ എല്ലാ വൈദികർക്കും മരണാപകടത്തിൽ ഈ ക്രദാശ നല്കുവാൻ തിരുസ്സിംഹാസനത്തിൽനിന്നു അധികാരം കൊടുത്തിട്ടുണ്ടു്.

## തിരുക്കർമ്മങ്ങൾ

ഈ ക്രദാശയിൽ അനുഷ്ഠിക്കുന്ന പ്രധാനതിരുക്കർമ്മങ്ങൾ താഴെച്ചേർക്കുന്നു:

1) സ്ഥൈര്യലേപനം സ്വീകരിക്കുവാൻ മുട്ടുകുത്തിനില്ക്കുന്ന ജനക്കൂട്ടത്തിൻെറമേൽ കൈവിരിച്ചു പിടിച്ചുകൊണ്ടു ദാനങ്ങൾ നല്കുവാൻ പരിശുദ്ധാത്മാവിനെ അയയ്ക്കുവാൻ കാർമ്മികൻ പ്രാർത്ഥിക്കുന്നു.

2) സ്ഥൈര്യലേപനം സ്വീകരിക്കുവാൻ വന്നുകൂടിയിരിക്കുന്ന ഓരോരുത്തരുടേയും നെററിയിൽ മോറോൻകൊണ്ടു കാർമ്മികൻ കുരിശുവരയ്ക്കുന്നു. തൽസമയം നാലു വിരൽ ആ ആളിൻെറ ശിരസ്സിൽ വയ്ക്കുന്നുമുണ്ടു്. അപ്പോൾ അദ്ദേഹം ഇങ്ങനെ ചൊല്ലുന്നു: “കുരിശടയാളം നിൻെറമേൽ ഞാൻ വയ്ക്കുകയും പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ രക്ഷയുടെ മോറോൻകൊണ്ടു് ഞാൻ നിന്നെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.”

കൈവെപ്പു പരിശുദ്ധാത്മാവു ഇറങ്ങിവരുന്നതിൻെറ അടയാളമാണു്. പരിശുദ്ധാത്മാവിൻെറ പ്രശാന്തമായ പ്രവർത്തനമാണു് സൈത്തെണ്ണ സൂചിപ്പിക്കുന്നതു്. എണ്ണ ശരീരത്തെ ശക്തിപ്പെടുത്തുന്നു; ശത്രുവിനു പിടികൊടുക്കാതെ വഴുതിപ്പോരുവാൻ സഹായിക്കുന്നു. അതിനാൽ, ആന്തരികമായി നമ്മെ ശക്തിപ്പെടുത്തുന്ന വരപ്രസാദത്തിൻെറ ചിഹ്നമാണു് എണ്ണ. ലോകത്തിൻെറ നാശകരശക്തികളിൽനിന്നു നമ്മെ രക്ഷപെടുത്തുന്ന വരപ്രസാദത്തിൻെറ അടയാളമായി ബാൾസത്തെ പരിഗണിക്കാം. ക്രിസ്തീയപുണ്യങ്ങളുടെ പരിമളമാണു് അതിൻെറ സൗരഭ്യം. ക്രിസ്തീയസൈന്യത്തിൻെറ അധിപനായ യേശുക്രിസ്തുവിൻെറ ഓർമ്മയാണു കുരിശു നമ്മുടെ മുമ്പിൽവയ്ക്കുന്നതു്. ഈ അടയാളത്തിൽ നാം വിജയം വരിക്കും.

നെററിയിൽ കുരിശുവരയ്ക്കുന്നതുകൊണ്ട്, സകല മാനവരുടേയുംമുമ്പിൽ സധൈര്യം കുരിശുവഹിക്കുവാൻ നമ്മെ ഓർമ്മിപ്പിക്കുകയാണു ചെയ്യുന്നതു്. പരസ്യമായി വിശ്വാസപ്രഖ്യാപനം ചെയ്യേണ്ട സന്ദർഭങ്ങളിൽ നാം എന്തു ത്യാഗവും സഹിച്ചു വിശ്വാസം ഏററുപറയണം.

3) മോറോൻകൊണ്ടു കുരിശുവരച്ചതിനുശേഷം, "സമാധാനം നിന്നോടുകൂടെ" എന്നു പറഞ്ഞു കൂദാശ സ്വീകരിക്കുന്ന ആളുടെ കവിളിൽ കൈകൊണ്ടു പതുക്കെ ഒന്നടിക്കുന്നു. മിശിഹായെപ്രതി മരണംവരെ എന്തു ത്യാഗവും സഹിക്കുവാനാണ് ലഘുവായ ഈ പ്രഹരം നമ്മെ അനുസ്മരിപ്പിക്കുന്നതു്.

4) അവസാനം കാർമ്മികൻ എല്ലാവരേയും ആശീർവ്വദിക്കുന്നു.

സ്ഥൈര്യലേപനത്തിലും ഓരോ ജ്ഞാനപിതാവുണ്ടായിരിക്കും; പുരുഷന്മാർക്കു പുരുഷനും, സ്ത്രീകൾക്കു സ്ത്രീയും. കൂദാശനല്കുന്ന സമയത്തു ജ്ഞാനപിതാവു ജ്ഞാനമകൻെറ തോളിൽ തൊടണം. വേണ്ടിവന്നാൽ, ആദ്ധ്യാത്മികസഹായം നല്കുവാൻ ജ്ഞാനപിതാക്കൾ സന്നദ്ധരായിരിക്കണം.

## സ്ഥൈര്യലേപനത്തിൻെറ ഫലങ്ങൾ

1) ശുദ്ധീകരവരപ്രസാദം വർദ്ധിക്കുന്നു. 2) വിശ്വാസം ധീരമായി ഏററുപറയുവാനും പുണ്യത്തിൽ വളരുവാനും വേണ്ട താൽകാലികവരപ്രസാദങ്ങൾ പ്രാപിക്കുന്നു. 3) മാഞ്ഞുപോകാത്ത ഒരു മുദ്ര ആത്മാവിൽ പതിയുന്നു. ക്രിസ്തുവിൻെറ സൈന്യത്തിലെ ഒരു പടയാളിയുടെ മുദ്രയാണതു്. അതിനാൽ, ഈ കൂദാശ ഒരു പ്രാവശ്യം മാത്രമേ സ്വീകരിക്കുവാൻ പാടുള്ളൂ.

## സ്ഥൈര്യലേപനത്തിൻെറ ആവശ്യകത

രക്ഷയ്ക്കു് ഈ കൂദാശ അത്യന്താപേക്ഷിതമല്ല; എന്നാൽ, മനഃപൂർവ്വം ഈ കൂദാശ സ്വീകരിക്കാതിരിക്കുന്നതു വലിയ കുററമാ

യിരിക്കും. വിശ്വാസത്തിന് വളരെ അപകടങ്ങളുള്ള ഇക്കാലത്തു സുധീരം വിശ്വാസത്തിനുവേണ്ടി പോരാടുവാൻ ലഭിക്കാവുന്ന അനുഗ്രഹങ്ങൾ വ്യർത്ഥമാക്കരുതല്ലോ.

## എങ്ങനെ ഒരുങ്ങണം?

(1) ദൈവവരപ്രസാദത്തോടുകൂടെ ഈ കൂദാശ സ്വീകരിക്കണം. ചാവുദോഷത്തോടുകൂടെ കൈക്കൊണ്ടാൽ അതിൻെറ മുദ്ര പതിയും; എന്നാൽ, അതിന്റെ പ്രത്യേകമായ വരപ്രസാദങ്ങൾ പിന്നീടു കുമ്പസാരിച്ചു ശുദ്ധീകരവരപ്രസാദം നേടുമ്പോൾമാത്രമേ ലഭിക്കൂ. (2) ക്രിസ്തീയവിശ്വാസത്തിലെ പ്രധാനരഹസ്യങ്ങളും ഒരു ക്രിസ്ത്യാനിയുടെ പ്രധാനകടമകളും ഈ കൂദാശയുടെ സ്വഭാവവും അറിഞ്ഞിരിക്കേണ്ടതാണ്. (3) ശ്ലീഹന്മാരെപ്പോലെ പരിശുദ്ധാത്മാവിൻെറ ആഗമനത്തിനായി കൂദാശാർത്ഥികൾ പ്രാർത്ഥിക്കണം. കൂദാശ സ്വീകരിച്ചവർ അതിനുശേഷം ദൈവത്തോടു നന്ദിപറയുകയും ഉത്തമക്രിസ്തീയയോദ്ധാക്കളായി പടവെട്ടുന്നതിനുവേണ്ട അനുഗ്രഹം ആവശ്യപ്പെടുകയുംവേണം.

## പരിശോധനാവിഷയം

കീഴെ രണ്ടുകോളമായി കൊടുത്തിരിക്കുന്ന വാക്യങ്ങൾ ചേരുംപടി ചേർത്തെഴുതുക.

1) മാമ്മോദീസാ നമ്മെ ക്രിസ്തുവിൻെറ കുടുംബത്തിലേ അംഗങ്ങളാക്കുന്നു; സ്ഥൈര്യലേപനമോ എന്നാൽ....

2) സ്ഥൈര്യലേപനത്തിൻെറ കർമ്മസാധനം വിശുദ്ധമോറോൻ ആണ്.

1) പരിശുദ്ധാത്മാവ് അവരുടെ മേൽ എഴുന്നള്ളിവന്നു സകല പാപങ്ങളിൽനിന്നും അവരെ സംരക്ഷിക്കണമേ എന്ന്.

2) നമ്മെ ഓർമ്മിപ്പിക്കുന്നു, ഭയരഹിതരായി ലോകത്തിലേ കുരിശുകൾ നാം വഹിക്കണമെന്ന്.

| | |
|---|---|
| 3) കർമ്മസാധനവും സ്വരൂപവും കൂടിച്ചേരുന്നതാണ്..... | 3) അതു സൈത്തെണ്ണയും സുരഭിലമായ ബാൾസവും ചേൎത്തു വെഞ്ചരിച്ചതാണ്. |
| 4) സ്ഥൈര്യലേപനം സ്വീകരിക്കുന്നവരുടെമേൽ കൈനീട്ടിക്കൊണ്ടു മെത്രാൻ പ്രാൎത്ഥിക്കുന്നു. | 4) അവിടുന്നാണ് ആത്മാവിനെ പ്രസാദവരംകൊണ്ടു നിറയ്ക്കുന്നതും അതിനെ ശക്തിപ്പെടുത്തുന്നതും. |
| 5) പരിശുദ്ധാത്മാവിന്റെ പ്രശാന്തമായ പ്രവൎത്തനത്തിന്റെ അടയാളമാണു സൈത്തെണ്ണ. | 5) നമ്മെ ധീരരും പരിപൂൎണ്ണരുമായ ക്രിസ്ത്യാനികളാക്കുന്നു. |
| 6) നെററിയിൽ വരയ്ക്കുന്ന കുരിശു. | 6) അതു് ആവൎത്തിക്കാവുന്നതല്ല. |
| 7) കവിളിൽ പതുക്കെയൊന്ന് അടിക്കുന്നതു നമ്മെ അനുസ്മരിപ്പിക്കുന്നു. | 7) ആരും അതു വേണ്ടെന്നു വയ്ക്കരുതു്. |
| 8) സ്ഥൈര്യലേപനം മാഞ്ഞുപോകാത്ത മുദ്ര ആത്മാവിൽ പതിക്കുന്നതുകൊണ്ടു് | 8) ആ കൂദാശയുടെ ബാഹ്യചിഹ്നം. |
| 9) സ്ഥൈര്യലേപനം രക്ഷയ്ക്കു് അത്യാവശ്യമല്ലെങ്കിലും | 9) ഒരു ക്രിസ്ത്യാനിയുടെ ചുമതലകളും സ്ഥൈര്യലേപനത്തിന്റെ സ്വഭാവവും ഫലങ്ങളുംകൂടി അവർ ഹൃദിസ്ഥമാക്കണം. |
| 10) സ്ഥൈര്യലേപനം സ്വീകരിക്കുവാൻപോകുന്ന ആൾ ക്രിസ്തീയവിശ്വാസത്തിലെ പ്രധാനരഹസ്യങ്ങൾ അറിഞ്ഞിരിക്കണം; മാത്രമല്ല..... | 10) ക്രിസ്തുവിനുവേണ്ടി എന്തും സഹിക്കുവാൻ, മരണംപോലും കൈവരിക്കുവാൻ നാം സന്നദ്ധരാകണമെന്ന്. |
| 11) എണ്ണയോടുകൂടെ ചേൎത്തിരിക്കുന്ന ബാൾസം.......... | 11) മെത്രാന്മാൎക്കു മാത്രമേ സാധാരണാധികാരംകൊണ്ടു ക്രിസ്ത്യാനികളെ ആ സൈന്യത്തിലേക്കു ചേൎക്കുവാൻ പാടുള്ളൂ. |
| 12) ക്രിസ്തുവിന്റെ സൈന്യത്തിലെ ഒരു പ്രധാനോദ്യോഗസ്ഥനെന്ന നിലയിൽ | 12) ലോകത്തിന്റെ നശീകരശക്തികളിൽനിന്നു നമ്മെ സംരക്ഷിക്കുന്ന പ്രസാദവരത്തിന്റെ ചിഹ്നമാണ്. |

## പ്രശ്നങ്ങൾ

1) ഫിലിപ്പ് ഒട്ടവളരെ സമരിയാക്കാരെ ജ്ഞാനസ്നാനപ്പെടുത്തി. അവർക്ക അദ്ദേഹം സ്ഥൈര്യലേപനം കൊടുത്തുവോ? എന്തുകൊണ്ടു്?

2) സീറോമലബാർ റീത്തിൽ ആരാണ സ്ഥൈര്യലേപനം കൊടുക്കുന്നതു്? അതു ശരിയാണോ?

(ഉത്തരം: സ്ഥൈര്യലേപനത്തിന്റെ സാധാരണ കാർമ്മികൻ മെത്രാനാണെന്നേ തിരുസ്സഭ പഠിപ്പിക്കുന്നുള്ളൂ. ഓരോ റീത്തിലേയും പ്രാചീനസമ്പ്രദായങ്ങൾ തിരുസ്സഭ കഴിയുന്നിടത്തോളം സംരക്ഷിച്ചുവരുകയാണു ചെയ്യുന്നതു്. സീറോമലബാർ റീത്തിൽപ്പെട്ട എറണാകുളം അതിരൂപതയിൽ കുറേക്കാലം വികാരിജനറാളിനു സ്ഥൈര്യലേപനം നല്കുവാൻ അനുവാദം കൊടുക്കുകയുണ്ടായി. മരണാപകടത്തിൽ ഏതു വൈദികനും ഈ കൂദാശ കൊടുക്കുവാനുള്ള അനുവാദം അടുത്തകാലത്തു ലത്തീൻ റീത്തിലും നല്കിയിട്ടുണ്ടു്.)

3) മിശിഹാ മാമ്മോദീസാ മുങ്ങിയപ്പോൾ പരിശുദ്ധാത്മാവു പ്രാവിന്റെ രൂപത്തിൽ ഇറങ്ങിവന്നു; പന്തക്കുസ്താദിവസം ആഗ്നേയജിഹ്വാകളുടെ രൂപത്തിലും. എന്താണു വ്യത്യാസത്തിനു കാരണം?

(ഉത്തരം: മാമ്മോദീസാവഴി നമുക്കു വന്നുചേരുന്ന ക്രിസ്തീയസമാധാനവും സുരക്ഷിതത്വവും അനുസ്മരിപ്പിക്കുവാനായിരിക്കാം, ക്രിസ്തുവിന്റെ മാമ്മോദീസായിൽ പരിശുദ്ധാത്മാവു പ്രാവിന്റെ രൂപത്തിൽ എഴുന്നള്ളിവന്നതു്. എരിയുന്ന ദൈവസ്നേഹവും ഉജ്ജ്വലത്തായ തീക്ഷ്ണതയും പരിശുദ്ധാത്മാവു നമ്മിൽ സംജാതമാക്കുന്നുവെന്നു സൂചിപ്പിക്കാനായിരിക്കാം, പന്തക്കുസ്താദിവസം പരിശുദ്ധാത്മാവു തീനാക്കുകളുടെ രൂപത്തിൽ എഴുന്നള്ളിവന്നതു്)

4) സ്ഥൈര്യലേപനത്തിനുള്ള പ്രാരംഭപ്രാർത്ഥന മെത്രാൻ ചൊല്ലിയതിനു ശേഷമാണു മേരി പള്ളിയിൽ വന്നതു്; അവസാനപ്രാർത്ഥനകളിൽ കൂടിയുമില്ല. സൈത്തുകൊണ്ടുള്ള അഭിഷേകം മേരിക്കു കിട്ടി. മേരിക്കു വീണ്ടും സ്ഥൈര്യലേപനം നല്കണമോ?

(ഉത്തരം: വേണ്ടാ. സ്ഥൈര്യലേപനശുശ്രൂഷയുടെ ആരംഭംമുതൽ അവസാനംവരെ, കൂദാശസ്വീകരിക്കുവാൻവന്നവരാരും, പള്ളിയിൽനിന്നു പുറത്തുപോകരുതെന്നു ശുശ്രൂഷയുടെ ആരംഭത്തിൽ വ്യക്തമാക്കാൻ ശ്രമിക്കേണ്ടതാണു്.)

5) ഒരു വൈദികൻ സ്ഥൈര്യലേപനക്ലാസ്സുകൾ നടത്തിക്കൊണ്ടിരിക്കയായിരുന്നു. പ്രായമുള്ള ഒരു കുട്ടി പല ക്ലാസ്സുകളിലും ഹാജരായില്ല.

പിന്നീട് ആ കുട്ടിയെ കണ്ടപ്പോൾ വൈദികൻ ചോദിച്ചു: "നിനക്കു സംഗതികളെല്ലാം അറിയാമോ?" "ഓ, ഭംഗിയായിട്ട് അറിയാം. ഞാൻ സ്ഥൈര്യലേപനം രണ്ടുപ്രാവശ്യം കൈക്കൊണ്ടുകഴിഞ്ഞു". ഈ കുട്ടിയുടെ പ്രവൃത്തിയെപ്പററി നിങ്ങൾ എന്തു പറയുന്നു?

6) ജോൺ ചാവുദോഷത്തോടെയാണു സ്ഥൈര്യലേപനം സ്വീകരിച്ചതു്. അവനു വല്ല നന്മയും ലഭിക്കുമോ?

7) റോമൻപടയാളികൾ ക്രിസ്തുവിനെ പിടിച്ചുകെട്ടുവാൻ വന്നപ്പോൾ ശിഷ്യന്മാർ ഓടിപ്പോയി; പത്രോസ് ഈശോയെ നിഷേധിച്ചു. പിന്നീട് അവർ കാരാഗൃഹത്തേയും മരണത്തേയും അവഗണിച്ചു ക്രൂശിതനായ ക്രിസ്തുവിൻെറ സുവിശേഷം പ്രസംഗിച്ചു. എങ്ങനെ വന്നു, ഈ വ്യത്യാസം?

8) ഗിൽബെർട്ട് കോളേജിൽ പഠിക്കുകയാണെങ്കിലും ഇതുവരെ സ്ഥൈര്യലേപനം സ്വീകരിച്ചിട്ടില്ല. ആരെങ്കിലും അതിനെപ്പററി പറഞ്ഞാൽ അവൻ അത്ര വകയ്ക്കുകയില്ല. ഗിൽബെർട്ടിനു പാപമുണ്ടോ?

(ഉത്തരം: മന:പൂർവ്വമാണ് ഇങ്ങനെ ചെയ്യുന്നതെങ്കിൽ ഗുരുതരമായ പാപമുണ്ടു്).

9) സ്ഥൈര്യലേപനത്തിൻെറ അനുഗ്രഹങ്ങൾ ആവശ്യകമായി തോന്നുന്ന ചില സന്ദർഭങ്ങൾ വിവരിക്കുക.

(ഉത്തരം: (1) നിരീശ്വരപ്രചരണങ്ങളുടെമദ്ധ്യേ (2) കമ്മ്യൂണിസ്റ്റ് അന്തരീക്ഷത്തിൽ (3) അശ്ലീലവും മതവിരുദ്ധവുമായ പ്രസിദ്ധീകരണങ്ങളുടേയും സിനിമകളുടേയും നാടകങ്ങളുടേയും മദ്ധ്യേ).

## പ്രായോഗികാഭ്യാസങ്ങൾ

1. സ്ഥൈര്യലേപനംവഴി ഞാൻ ക്രിസ്തുവിൻെറ ഒരു യോദ്ധാവായി എന്ന കാര്യം ഞാൻ എപ്പോഴും അനുസ്മരിക്കും. ക്രിസ്തുവിലുള്ള എൻെറ ഭാഗഭാഗിത്വം മാഞ്ഞുപോകാത്ത ഒരടയാളമായി എന്നിൽ പതിഞ്ഞിരിക്കുന്നു. അവിടുത്തെ പൗരോഹിത്യത്തിലും എനിക്ക് ഓഹരിലഭിച്ചിരിക്കുന്നു. അതിനാൽ പുരോഹിതരുടെ പ്രേഷിതവേലയിൽ ഞാൻ ആവുംവിധം സഹകരിച്ചു പ്രവർത്തിക്കും. കത്തോലിക്കപ്രവർത്തനം അല്മായപ്രേഷിതത്വമാണ്; വൈദികരുടെ പ്രേഷിതവേലയിൽ അല്മായരുടെ ഭാഗഭാഗിത്വമാണ്.

2. ഉത്തമകത്തോലിക്കനായി എല്ലാരംഗങ്ങളിലും ഞാൻ വ്യാപരിക്കും. എൻെറ വിശ്വാസത്തെക്കുറിച്ചു ഞാൻ ലജ്ജിക്കുകയില്ല. അതിനാൽ, വെള്ളിയാഴ്ച മാംസം വർജ്ജിക്കുവാനും, ഹോട്ടലുകളിലും പരസ്യസ്ഥലങ്ങളിലുംകൂടി പ്രാർത്ഥിച്ചുകൊണ്ടു ഭക്ഷണമാരംഭിക്കുവാനും ക്രിസ്തുവിൻെറ ഏകസത്യസഭയുടെ അവകാശങ്ങൾ സംരക്ഷിക്കുവാനും ഞാൻ ശ്രമിക്കും. എല്ലാമതങ്ങളും സത്യമാണെന്ന നിഷ്പക്ഷതാമനോഭാവം ഞാൻ ഒരിക്കലും സ്വീകരിക്കയില്ല.

ആറാമദ്ധ്യായം

# വി. കുർബാന

അപ്പത്തിൻേറയും വീഞ്ഞിൻേറയും രൂപത്തിൽ സ്ഥിതിചെയ്യുന്ന മിശിഹായുടെ ശരീരവും ആത്മാവും ദൈവസ്വഭാവവുമാണു വി. കുർബാന. അടുത്തടുത്തുള്ള വി. കുർബാനസ്വീകരണം ദൈവത്തോടു ഐക്യപ്പെടുവാനുള്ള ഉത്തമമാൎഗ്ഗമാണ്. വി. കുർബാനയിൽ നമ്മുടെ ജ്യേഷ്ഠസഹോദരനായ ക്രിസ്തുവിനോട് ഐക്യപ്പെട്ടമ്പോഴാണു പരിശുദ്ധാത്മാവു തൻെറ അമൂല്യാനുഗ്രഹങ്ങൾ നമുക്കു നല്കുന്നതു്.

കുർബാനയെന്ന കൂദാശ ഒരു ബലികൂടിയാണ്. കുർബാനയെന്ന സുറിയാനിവാക്കിൻെറ അൎത്ഥംതന്നെ അതാണെന്ന് അനുസ്മരിക്കണം. പിതാവായ ദൈവത്തിനു സമർപ്പിക്കുന്ന ആരാധനയുടേയും കൃതജ്ഞതയുടേയും പരിഹാരത്തിൻേറയും ബലിയാണു വി. കുർബാന. ഈ സംഗതികൾ സംക്ഷിപ്തമായി വേറൊരദ്ധ്യായത്തിൽ വിവരിക്കുന്നതാണ്.

എല്ലാ ഗ്രഹങ്ങളും സൂര്യൻെറ ചുററും കറങ്ങുന്നു. അതുപോലെ, എല്ലാ കൂദാശകളുടേയും കേന്ദ്രമാണു വി. കുർബാന എന്നു പറയാം. അതാണ്, തോമസ്സ് അക്വിനസ്സ് പുണ്യവാൻെറ അഭിപ്രായം. മററു കൂദാശകൾ, വിശിഷ്യ, വി. കുർബാന സ്വീകരിക്കുന്നു. അതിനു യോഗ്യരാകുവാൻ നാം മാമ്മോദീസാ സ്വീകരിക്കുന്നു. വി. കുർബാനയുടെ ഉത്തമസക്രാരികളായി ലോകത്തിൽ ജീവിക്കുന്നതിനു സ്ഥൈര്യലേപനം നമുക്കു കരുത്തു തരുന്നു. കമ്പസാരം വി. കുർബാനസ്വീകരണത്തിനുള്ള ഒരുക്കംതന്നെയാണ്. രോഗിലേപനവും തിരുപ്പാഥേയവും സൗകര്യമുള്ളപ്പോഴെല്ലാം ഒന്നിച്ചാണു നല്കുന്നതു്. പട്ട

മെന്ന ക്രൂദാശയിൽ വി. കർബ്ബാന കൈകാര്യംചെയ്യുന്നതിനുവേണ്ട അധികാരം മനുഷ്യനു നല്കുന്നു. മാലാഖമാരുടെ അപ്പമായ വി. കർബ്ബാന സ്വീകരിച്ചു സ്വർഗ്ഗീയപൗരത്വം നേടുന്നതിനു ഭാവിതലമുറകളെ ഒരുക്കുന്നതാണു വിവാഹം.

വി. കർബ്ബാന ക്രൂദാശകളിൽവച്ചു് ഏററവും ഉൽകൃഷ്ടവുമാണ്. മററു ക്രൂദാശകളിൽ നമുക്കു വരപ്രസാദവരങ്ങഠം ലഭിക്കുന്നു; വി. കർബ്ബാനയിൽ വരപ്രസാദത്തിൻെറ അധിനാഥനെത്തന്നെ സ്വീകരിക്കുന്നു.

## വി. കർബ്ബാനയുടെ അപരനാമങ്ങഠം

പ്രാചീനകാലംമുതൽക്കു വി. കർബ്ബാന പല പേരുകളിൽ അറിയപ്പെട്ടിരുന്നു. 'യൂക്കറിസ്റ്റ്' എന്ന ഗ്രീക്കുസംജ്ഞ വളരെ പഴയതാണ്. "വിശിഷ്ടദാനം" എന്നാണ് ആ പദത്തിനർത്ഥം. അപ്പത്തിൻേറയും വീഞ്ഞിൻേറയും രൂപത്തിൽ ഈശോ തങ്ങളുടെ മദ്ധ്യേ സന്നിഹിതനായതിന് എന്തു പേരുകൊടുക്കണമെന്നു് അറിയാതെ ആദിമക്രിസ്ത്യാനികഠം കർബ്ബാനയ്ക്കു "വിശിഷ്ടദാനം" (Eucharist) എന്നു നാമകരണം ചെയ്തു. ദൈവത്തിൻെറ ഏററവും വലിയ ദാനംതന്നെയാണല്ലോ അതു്.

"നടപടി" പുസ്തകത്തിൽ വി. കർബ്ബാനയെപ്പററി പ്രതിപാദിച്ചിരിക്കുന്ന സ്ഥലത്തു്, "അപ്പം മുറിക്കൽ" എന്ന വാക്കാണു പ്രയോഗിച്ചിരിക്കുന്നതു് (നടപടി. 2: 42). "കർത്താവിൻെറ അത്താഴം" എന്നു് അതിനെ പൗലോസു ശ്ലീഹാ വിളിക്കുന്നു. (1 കൂറി. 11: 20). സഭ ഭൂഗർഭാലയങ്ങളിൽ അമർന്നപ്പോഠം വി. കർബ്ബാനയ്ക്കു "രഹസ്യ"മെന്ന പേരുണ്ടായി: ഗ്രീക്കിൽ "മിസ്റ്റീരിയോൻ", സുറിയാനിയിൽ, "റാസ". കർബ്ബാന ഒരു ബലിയായതുകൊണ്ടു്, ദിവ്യബലി", "ദിവ്യപൂജ", "ബലിപീഠത്തിലേ ക്രൂദാശ" എന്നിങ്ങനെയൊക്കെ നാം വിളിക്കുന്നുണ്ടു്. വി. കർബ്ബാന സ്വീകരണത്തിന് ഇതരഭാഷകളിൽ ഉപയോഗിക്കുന്നതു് എത്രയും

ഭംഗിയായ ഒരു പദമാണു്: "വിശുദ്ധമായ ഏകീകരണം" (Holy Communion). മരിക്കാറായ രോഗികൾക്കു വി. കുർബാന കൊടുക്കുന്നതിനു പ്രത്യേകപേരുണ്ടു്: "തുഷ്പാഥേയം"; അതായതു്, യാത്രയ്ക്കുള്ള ഭക്ഷണം. വാസ്തവത്തിൽ ആ ദിവ്യകാരുണ്യസ്വീകരണം അന്ത്യയാത്രയ്ക്കു് ഒരുക്കമായ ഭക്ഷണമാണല്ലോ. ആ യാത്രയിൽ മിശിഹാ നമ്മോടുകൂടെ ഉണ്ടായിരിക്കുന്നതു് എത്ര വലിയ അനുഗ്രഹമാണു്!

വി. കുർബാനയെ "മാലാഖമാരുടെ അപ്പ"മെന്നു വിളിക്കാറുണ്ടു്. മാലാഖമാർക്കു വാസ്തവത്തിൽ ഈ അപ്പം ഭക്ഷിക്കാവുന്നതല്ല; എന്നാൽ, ആ അപ്പം ഭക്ഷിക്കുന്നവർക്കു് ഉണ്ടായിരിക്കേണ്ട പരമപരിശുദ്ധിയെ പരിഗണിച്ചായിരിക്കണം, തോമസ്സ് അക്വിനസ്സു പുണ്യവാൻ ഈ അലങ്കാരപ്രയോഗം സ്വീകരിച്ചതു്.

## പഴയനിയമത്തിലെ പ്രതീകങ്ങൾ

പഴയനിയമകാലത്തു വി. കുർബാനയെപ്പററി യാതൊരറിവുമില്ലായിരുന്നുവെങ്കിലും ചില സംഭവങ്ങൾ വി. കുർബാനയുടെ മുന്നോടിയാണെന്നു് ആർക്കും തോന്നും. ഇങ്ങനെ ഭാവികാര്യങ്ങൾ ഭൂതകാലസംഭവങ്ങൾകൊണ്ടു ചിത്രിക്കുന്നതിനു "പ്രതീകങ്ങൾ" (Types) എന്നു പറയാം. ശാലീമിന്റെ രാജാവായ മെൽക്കീസദെക്കു് എന്നൊരു പുരോഹിതൻ അബ്രാഹത്തിനുവേണ്ടി അപ്പത്തിന്റേയും വീഞ്ഞിന്റേയും ഒരു ബലി യഹോവായ്ക്കു സമർപ്പിച്ചതായി ഉൽപത്തിയുടെ പുസ്തകത്തിൽ വായിക്കുന്നു. ഇതു വി. കുർബാനയുടെ പ്രതീകമല്ലെന്നു് എങ്ങനെ കരുതും? (ഉൽപത്തി 14:18).

പെസഹാക്കുഞ്ഞാടും വി. കുർബാനയുടെ പ്രതീകമാണു്. സ്വർഗ്ഗത്തിൽനിന്നു മാലാഖ ഇറങ്ങി ഈജിപ്തിലെ നിവാസികളുടെ കടിഞ്ഞൂൽപ്പുത്രന്മാരെ വധിച്ച ദിവസം ഒരു കുഞ്ഞാടിനെക്കൊന്നു്, വാതില്ക്കൽ രക്തം ചൊരിഞ്ഞിരുന്ന യഹൂദരുടെ കടിഞ്ഞൂൽപ്പുത്രന്മാരെ ആ മാലാഖ സംഹരിച്ചില്ല. ആ സംഭവത്തിനുശേഷമാണു്, യഹൂദന്മാർക്കു് ഈജിപ്തിൽനിന്നു മോചനം സിദ്ധിച്ചതു്. സംഹാരദൂതൻ

അങ്ങനെ കടന്നുപോയതിന്റെ ഓർമ്മയ്ക്കായി യഹൂദർ വർഷന്തോറും ഒരു "കടന്നുപോകൽദിനം"–പെസഹാ–കൊണ്ടാടിയിരുന്നു. ആ പെസഹായ്ക്കു മൂശ നിർദ്ദേശിച്ചിരുന്ന വിധികളിൽ ഒന്നാണു്, പെസഹാക്കുഞ്ഞാടിനെക്കൊന്നു് എല്ലുകളൊന്നും ഒടിക്കാതെ ഭക്ഷിക്കണമെന്നതു്. ഈജിപ്തിൽനിന്നുള്ള മോചനത്തിന്റെ ഓർമ്മയ്ക്കായി പെസഹാക്കുഞ്ഞാടിനെ യഹൂദർ ഭക്ഷിച്ചിരുന്നതുപോലെയാണല്ലോ, നമ്മുടെ പാപങ്ങളെപ്രതി മരിച്ച മിശിഹായെ ദിവ്യകാരുണ്യത്തിൽ, നാം സ്വീകരിക്കുന്നതു്. അതിനാൽ, പെസഹാക്കുഞ്ഞാട് വി. കർബാനയുടെ ഒരു പ്രതീകമാണു്.

വാഗ്ദാനം ചെയ്യപ്പെട്ട സ്ഥലത്തേക്കു് ഇസ്രായേൽജനങ്ങൾ പ്രവേശിക്കുന്നതിനുമുമ്പു നാല്പതു സംവത്സരം മരുഭൂമിയിൽ കഴിച്ചു. അക്കാലത്തു് അവർക്ക് ഭക്ഷിക്കുവാനായി ദൈവം ആകാശത്തിൽനിന്നു മന്നാ കൊടുത്തു. വി. കുർബാന സ്വർഗ്ഗത്തിൽനിന്നുള്ള അപ്പമാണല്ലോ; അതിനാൽ മന്നായും വി. കുർബായുടെ പ്രതീകമാണു്.

## വി. കർബാനയെന്ന കൂദാശ

വി. കുർബാന ഈശോ സ്ഥാപിച്ചതും ദൃശ്യവും അനുഗ്രഹദായകവുമാകയാൽ, അതു് ഒരു കൂദാശയാണു്.

ഈ കൂദാശയുടെ കമ്മസാധനം അപ്പവും വീഞ്ഞുമത്രേ. അപ്പം കോതമ്പിൽനിന്നു് ഉണ്ടാക്കിയതായിരിക്കണം. ലത്തീൻ റീത്തിലും സീറോമലബാർ റീത്തിലും ഉപയോഗിക്കുന്നതു പുളിക്കാത്ത അപ്പമാണു്. മലങ്കരസുറിയാനി റീത്തു് ഉൾപ്പെടെ പല പൗരസ്ത്യറീത്തുകളിലും പുളിച്ച അപ്പമാണു് ഉപയോഗിക്കുന്നതു്(*). വീഞ്ഞു തനി മുന്തിരിനീരായിരിക്കണം; അതിൽ ഒരു തുള്ളി വെള്ളവും ചേർക്കുന്നുണ്ടു്.

വി. കുർബാനയുടെ സ്വരൂപം കൂദാശവചനങ്ങളാണു്: അതാ

(*) പുതിയ കുർബാനക്രമം അംഗീകരിച്ചതോടേ സീറോമലബാർറീത്തിൽ രണ്ടു തരം അപ്പവും അനുവദിച്ചിട്ടുണ്ടു്.

യത്ത്, "ഇത് എൻെറ ശരീരമാകുന്നു", "ഇത് എൻെറ രക്തമാകുന്നു."

ഈ കൂദാശയിൽ സത്യദൈവവും സത്യമനുഷ്യനുമായ ക്രിസ്തുവിനെത്തന്നെ നമുക്കു ലഭിക്കുന്നു. ഈ കൂദാശയുടെ ഫലം ക്രിസ്തുവുമായുള്ള ഏകീകരണമാണു് (Incorporation into Christ).

ക്രിസ്തു ഈ കൂദാശ അന്തിമഭോജനത്തിൻെറ അവസരത്തിൽ സ്ഥാപിച്ചുവെന്നു്, വി. മത്തായിയും വി. മർക്കോസും വി. ലൂക്കായും പൗലോസ്സ്ലീഹായും വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു.

## പരിശോധനാവിഷയം

1) വി. കുർബാനയ്ക്കു പകരം ഉപയോഗിക്കുന്ന ചില വാക്കുകൾ പറയുക.

2) വി.കുർബാനയുടെ മൂന്നു പ്രതീകങ്ങൾ പഴയനിയമത്തിൽനിന്നു നിർദ്ദേശിക്കുക.

3) വി. കുർബാനയുടെ കർമ്മസാധനവും സ്വരൂപവുമെന്തു്?

4) വി. കുർബാനയുടെ ഫലങ്ങളേവ?

## പ്രശ്നങ്ങൾ

1. "വി. കുർബാന ഏററം ഉൽകൃഷ്ടമായ കൂദാശയാകയാൽ, അതിനു നമ്മുടെ ജീവിതത്തിൽ പരമമായ സ്ഥാനം നല്കണം." വിശദമാക്കുക.

2. ഒരു അകത്തോലിക്കൻ വി. കുർബാന എന്തെന്നു ചോദിച്ചാൽ നിങ്ങൾക്കു ശരിയായ ഒരു മറുപടി കൊടുക്കുവാൻ സാധിക്കുമോ? നിങ്ങളെന്തു പറയും?

(ഉത്തരം: ദൈവത്തിനു നല്കാവുന്ന ഏററം വിശിഷ്ടമായ ബലിയാണതു്. ഗാഗുൽത്തായിൽ ക്രിസ്തു സമർപ്പിച്ച രക്തബലിയുടെ നവീകരണമാണതു്; അങ്ങനെ നവീകരിക്കുവാൻ അവിടുന്നു് അന്തിമഭോജന വേളയിൽ, നിർദ്ദേശിച്ചിട്ടുമുണ്ടു്. )

3. പ്രതീകം എന്നാലെന്തു്? വി. കുർബാന എങ്ങനെയാണു പഴയ നിയമത്തിൽ നിഴലിച്ചുകാണുന്നതു്?

(ഉത്തരം: സ്വതവേ മാനവചരിത്രത്തിൽ പ്രാധാന്യമുള്ള ഒരാളോ വസ്തുവോ പ്രവൃത്തിയോ ദൈവത്തിൻെറ പരിപാലനയിൽ ഒരു ഭാവിവ്യ

ക്തിയുടെയൊ വസ്തുവിൻെറയോ പ്രവൃത്തിയുടെയോ ചിഹ്നമാണെങ്കിൽ ആദ്യത്തേതിനെ രണ്ടാമത്തേതിൻെറ പ്രതീകം, മുന്നോടി, അഥവാ, ഇംഗ്ലീഷിൽ ടൈപ്പ് (Type) എന്ന പറയുന്നു.

4. മനുഷ്യാവതാരവും വി. കുർബാനയും തമ്മിലുള്ള ബന്ധമെന്തു്? ഏതു വാക്ക പറഞ്ഞപ്പോഴാണു മനുഷ്യാവതാരമുണ്ടായതു്? ഏതു വാക്ക പറയുമ്പോഴാണു വി. കുർബാനയുണ്ടാകുന്നതു്?

(ഉത്തരം: "ഇതാ കർത്താവിൻെറ ദാസി; അങ്ങേ വചനംപോലെ എന്നിൽ സംഭവിക്കട്ടെ" എന്നു പറഞ്ഞപ്പോൾ ത്രിത്വത്തിലേ രണ്ടാമാൾ മനുഷ്യസ്വഭാവത്തോടു യോജിച്ചു മറിയത്തിൽ വസിച്ചു. കൂദാശവചനങ്ങൾ ചൊല്ലുമ്പോൾ അതേ ആൾതന്നെ നമ്മുടെ ബലിപീഠങ്ങളിൽ എഴുന്നള്ളിവരുന്നു. മനുഷ്യാവതാരംചെയ്ത ദൈവയാൾതന്നെയാണു്, പൂർണ്ണ ക്രിസ്തുവാണു വി. കുർബാനയിൽ സ്ഥിതിചെയ്യുന്നതു്.)

5. വി. കുർബാനയും ഉയിർത്തെഴുന്നള്ളിയ മിശിഹായുംതമ്മിൽ എന്തു ബന്ധമാണുള്ളതു്?

(ഉത്തരം: ഉയിർത്തെഴുന്നള്ളിയ മിശിഹായാണു വി. കുർബാനയിൽ സ്ഥിതിചെയ്യുന്നതു്.)


6. വി. കുർബാനയും തിരുഹൃദയഭക്തിയുംതമ്മിൽ ബന്ധമെന്തു്?

(ഉത്തരം: തിരുഹൃദയഭക്തി വി. കുർബാനയിൽ സന്നിഹിതനായിരിക്കുന്ന മിശിഹായുടെ ഹൃദയത്തിൻെറ നേർക്കാകാം; അല്ലെങ്കിൽ, സ്വർഗ്ഗത്തിൽ പിതാവിൻെറ വലത്തുഭാഗത്തിരിക്കുന്ന മിശിഹായുടെ ഹൃദയത്തിൻെറ നേർക്കാകാം )

## പ്രായോഗികാഭ്യാസങ്ങൾ

1. വി. കുർബാന സ്വീകരിക്കുന്നവരെല്ലാവരും ഒരേ മിശിഹായെത്തന്നെ സ്വീകരിക്കുന്നുവെന്നും എല്ലാവരും ഒന്നുപോലെ മിശിഹായുടെ സക്രാരികളാണെന്നും വിചാരിച്ചു കൂടുതൽ പരസ്നേഹചൈതന്യത്തോടെ വർത്തിക്കുക.

2. കത്തോലിക്കയുവജനങ്ങൾ വി. കുർബാന സ്വീകരിക്കുവാൻ മുന്നിട്ടുവരുന്നതു കാണുന്നതുതന്നെ ഹൃദയാവർജ്ജകമായ ഒരു രംഗമാണു്. നിങ്ങൾ ആ ഗണത്തിൽ ഉൾപ്പെടുന്നുവോ?



"ഇതു് എന്റെ ശരീരമാകുന്നു............ഇതു് എന്റെ രക്തമാകുന്നു.
എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ഇതു ചെയ്യുവിൻ."

ഏഴാമദ്ധ്യായം

# യഥാൎത്ഥസാന്നിദ്ധ്യം

സത്യസഭയിൽ സാർവ്വത്രികമായുള്ള വിശ്വാസമാണു വി. കുർബാനയിൽ ക്രിസ്തു തൻെറ ശരീരത്തോടും ആത്മാവോടും ദൈവസ്വഭാവത്തോടുംകൂടെ സ്ഥിതിചെയ്യുന്നുവെന്നതു്. സകല കത്തോലിക്കരും ശീശ്മസഭകളിൽപ്പെട്ട മററു ചില ക്രിസ്ത്യാനികളും ഈ സത്യം വിശ്വസിക്കുന്നുണ്ടു്; എന്നാൽ, ചില പ്രോട്ടസ്റ്റൻറുകാർ കരുതുന്നതു്, വി. കുർബാനയിൽ ക്രിസ്തുവിൻെറ ഓർമ്മമാത്രമേ കൊണ്ടാടുന്നുള്ളുവെന്നാണു്.

യഥാൎത്ഥസാന്നിദ്ധ്യത്തിലുള്ള നമ്മുടെ വിശ്വാസത്തെപ്പററി ആരെങ്കിലും ചോദ്യം ചെയ്താൽ, അവരോടു രണ്ടുകാര്യം നാം ചോദിക്കണം: 1) വേദപുസ്തകം ദൈവവചനമാണെന്നു വിശ്വസിക്കുന്നുവോ? 2) ക്രിസ്തുവിൻേറതായി വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന വാക്കുകൾ യഥാൎത്ഥത്തിൽ അവിടുത്തേതാണെന്നു കരുതുന്നുവോ? ഇതു രണ്ടും സമ്മതിക്കുകയാണെങ്കിൽ, അവർക്കു വി. കുർബാനയിൽ ഈശോ യഥാൎത്ഥത്തിൽ സന്നിഹിതനായിരിക്കുന്നുവെന്നകാര്യം എളുപ്പം വിശദമാക്കിക്കൊടുക്കാം. അവരെ നാലു കാര്യങ്ങൾ പറഞ്ഞുമനസ്സിലാക്കണം: (1) പരസ്യജീവിതത്തിൽ ഒരിക്കൽ ക്രിസ്തു അയ്യായിരത്തോളം ജനങ്ങളോടു വ്യക്തമായി വാഗ്ദാനം ചെയ്തു, താൻ തൻെറ ശരീരം ഭക്ഷിക്കുവാനും രക്തം പാനംചെയ്യുവാനും നല്കുമെന്നു്. (2) ഒടുവിലത്തെ അത്താഴത്തിൽ ആ വാഗ്ദാനം നിറവേററി. (3) ശ്ലീഹന്മാർ അങ്ങനെയാണു പഠിപ്പിച്ചിരുന്നതു്. ഒടുവിലത്തെ അത്താഴത്തിൽ സന്നിഹിതനല്ലായിരുന്ന പൗലോസു ശ്ലീഹാ വി. കുർബാനയുടെ സ്ഥാപനത്തെപ്പററി വിവരിക്കുന്നതു്, സന്നിഹിതരായിരുന്ന ശ്ലീഹന്മാരെപ്പോലെയാണു്.

(4) ഇന്നുവരെ തിരുസ്സഭയുടെ വിശ്വാസം മിശിഹാ വി. കുർബാന യിൽ യഥാർത്ഥത്തിൽ സന്നിഹിതനായിരിക്കുന്നുവെന്നാണ്.

## വി. കുർബാനയുടെ വാഗ്ദാനം

ദിവ്യഗുരുവിൻെറ മരണത്തിന് ഒരുവർഷം മുമ്പ് അവിടുന്നു ജെനാസരേത്തുതടാകത്തിൻെറ സമീപപ്രദേശത്തു പ്രസംഗിച്ചു കൊണ്ടിരിക്കുമ്പോൾ, വലിയ ഒരു ജനക്കൂട്ടം അവിടുത്തെ പ്രസംഗം കേൾക്കുവാൻ വന്നുകൂടി. വമ്പിച്ച ആ ജനസമൂഹം മൂന്നുദിവസം അവിടുത്തോടുകൂടെ കഴിച്ചുകൂട്ടി. വിദൂരസ്ഥലങ്ങളിൽനിന്നു വന്ന ആ ജനത്തെ അതേപടി തിരിച്ചയക്കുകയാണെങ്കിൽ അവർ വിശപ്പാൽ വാടിത്തളർന്നു വഴിക്കു വീഴുമെന്നു ഭയന്നു കാരുണ്യവാനായ കർത്താവ് അവർക്കുവേണ്ടി ഒരത്ഭുതം പ്രവർത്തിച്ചു. ശിഷ്യന്മാരിൽ ഒരാളുടെ കൈയിലുണ്ടായിരുന്ന അഞ്ച് അപ്പവും സ്വല്പം മീനുമെടുത്ത് അവിടുന്ന് ആശീർവ്വദിച്ചു ഭാഗിച്ചുകൊടുത്തു: എല്ലാവരേയും ഒരു പുൽത്തകിടിയിൽ ഇരുത്തി തീററി. അയ്യായിരംപേരാണ് അന്ന് അപ്പം ഭക്ഷിച്ചു തൃപ്തരായത്. അടുത്ത ദിവസം അവർക്കു വെളിപ്പെടുത്തുവാനിരുന്ന ഒരു സത്യത്തിൻെറ സ്ഥിരീകരണത്തിനുവേണ്ടിയാണ് ഈ അത്ഭുതം അവിടുന്നു പ്രവർത്തിച്ചത്. ആ സത്യം വി. കുർബാനയെക്കുറിച്ചുള്ള വാഗ്ദാനമായിരുന്നു. പിറേറന്നു, ക്രിസ്തു വി. കുർബാനയെപ്പററി ഇങ്ങനെ പറഞ്ഞു: "ഞാൻ ജീവൻെറ അപ്പം ആകുന്നു. നിങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽ മന്നാ ഭക്ഷിച്ചു; അവർ മരിച്ചു........ ഈ അപ്പം ആരെങ്കിലും ഭക്ഷിച്ചാൽ, എന്നേക്കും ജീവിക്കും. ഞാൻ കൊടുക്കുവാനിരിക്കുന്ന അപ്പം ലോകത്തിൻെറ ജീവനുവേണ്ടി കൊടുക്കുന്ന എൻെറ ശരീരമാകുന്നു.... സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ മനുഷ്യപുത്രൻെറ ശരീരം ഭക്ഷിക്കുകയും രക്തം പാനംചെയ്കയും ചെയ്യാതിരുന്നാൽ നിങ്ങൾക്കു നിങ്ങളിൽത്തന്നെ ജീവനുണ്ടാകയില്ല. എൻെറ ശരീരം ഭക്ഷിക്കുകയും രക്തം പാനംചെയ്യുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്.

അവസാനനാളിൽ ഞാൻ അവനെ ഉയിർപ്പിക്കുകയും ചെയ്യും. എന്തെന്നാൽ, എൻെറ ശരീരം ഭക്ഷിക്കുകയും രക്തം പാനംചെയ്കയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു.” (യോഹ. 6: 48-57).

ഈ വാക്കുകൾ കേട്ട പലരും പറഞ്ഞതു് ഇതു വളരെ കഠിനമാണെന്നും വിശ്വസിക്കുവാൻ പ്രയാസമാണെന്നുമത്രേ. അവർ പിന്നെ അവിടെ നിന്നുമില്ല. ദിവ്യഗുരു ആലങ്കാരികമായിട്ടാണു പറഞ്ഞതെന്നു് അവർ മനസ്സിലാക്കിയിരുന്നുവെങ്കിൽ അവ വിശ്വസിക്കുവാൻ പ്രയാസമുണ്ടാകുമായിരുന്നില്ല. അവിടുത്തെ അത്ഭുതങ്ങൾ ദർശിച്ച അവർ അവിടുത്തെ വിട്ടുപേക്ഷിക്കുകയുമില്ലായിരുന്നു. രക്ഷപെടുവാൻ വീണ്ടും ജനിക്കണമെന്ന ദിവ്യഗുരുവിൻെറ വാക്കുകൾ തെററിദ്ധരിച്ച നിക്കോദേമൂസിനെ തിരുത്തിയ കത്താവു്, അവരുടെ ധാരണ തെററായിരുന്നെങ്കിൽ, തിരുത്താതിരിക്കുമായിന്നോ?

## വി. കർബാനയുടെ സ്ഥാപനം

തൻെറ ശരീരരക്തങ്ങൾ ഭോജ്യപേയങ്ങളായി നല്കുമെന്നുള്ള വാഗ്ദാനം ഒടുവിലത്തെ അത്താഴത്തിൽ പെസഹാഭക്ഷണത്തിന് ഇരുന്ന സമയത്തു ദിവ്യഗുരു നിറവേററി. വി. മത്തായിയും, മർക്കോസും, ലൂക്കായും, പൗലോസും വി. കർബാനയുടെ സ്ഥാപനം വിവരിച്ചിട്ടുണ്ടു്. വി. മത്തായിയുടെ വാക്കുകൾ ഇവിടെ ഉദ്ധരിക്കുന്നു: “അവർ ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ ഈശോ അപ്പം എടുത്തു് ആശീർവദിച്ച മുറിച്ചു ശിഷ്യന്മാർക്കു കൊടുത്തുകൊണ്ടു് അരുളിച്ചെയ്തു: “നിങ്ങൾ വാങ്ങി ഭക്ഷിക്കുവിൻ; ഇതു് എൻെറ ശരീരമാകുന്നു. അനന്തരം, പാനപാത്രമെടുത്തു സ്തോത്രം ചെയ്തു് അവക്കു കൊടുത്തുകൊണ്ടു് അവിടുന്നു് അരുളിച്ചെയ്തു: നിങ്ങളെല്ലാവരും ഇതിൽനിന്നു കുടിക്കുവിൻ. ഇതു പാപങ്ങളുടെ മോചനത്തിനായി വളരെപ്പേർക്കുവേണ്ടി ചിന്തപ്പെടുന്ന പുതിയനിയമത്തിലെ എൻെറ രക്തമാകുന്നു.” (മത്താ. 26: 26-28).

ഈശോ ദിവ്യകാരുണ്യം ഒരു സ്മാരകമായിമാത്രം തരാനാണു നിശ്ചയിച്ചിരുന്നതെങ്കിൽ, "ഇതു് എൻെറ ശരീരത്തിൻേറയും രക്തത്തിൻേറയും ഓർമ്മയ്ക്കായിരിക്കട്ടെ" എന്നു പറഞ്ഞാൽ മതിയായിരുന്നല്ലോ. "ഇതു് എൻെറ ശരീരമാകുന്നു", "ഇതു് എൻെറ രക്തമാകുന്നു" എന്ന വാക്കുകൾ ശരീരത്തിൻേറയും രക്തത്തിൻേറയും ഓർമ്മയ്ക്കാണെന്നോ അടയാളമാണെന്നോ ഒക്കെ എങ്ങനെ വ്യാഖ്യാനിക്കും?

## പൗലോസ്ശ്ലീഹായുടെ സാക്ഷ്യം

ഒടുവിലത്തെ അത്താഴത്തിൽ സന്നിഹിതനല്ലായിരുന്ന പൗലോസു വി. കർബാനയെപ്പററി പ്രതിപാദിക്കുന്നതു ആ അത്താഴത്തിൽ പങ്കുകൊണ്ട ഒരുവനെപ്പോലെതന്നെയാണു്. ശ്ലീഹായുടെ സാക്ഷ്യം മററു ശ്ലീഹന്മാരുടെ വിശ്വാസം എന്താണെന്നു വ്യക്തമാക്കുന്നു. ശ്ലീഹാ പറയുന്നു: "നാം ആശീർവദിക്കുന്ന സ്തോത്രത്തിൻെറ പാനപാത്രം മിശിഹായുടെ രക്തത്തിൻെറ ഭാഗഭാഗിത്വമല്ലയോ? നാം മുറിക്കുന്ന അപ്പം മിശിഹായുടെ ശരീരത്തിൻെറ പങ്കുകൊള്ളലുമല്ലയോ"? (I ക്രൊ. 10: 16). "അയോഗ്യമായി ഈ അപ്പം ഭക്ഷിക്കുകയും കാസ പാനംചെയ്യുകയും ചെയ്യുന്നവൻ കത്താവിൻെറ ശരീരത്തോടും രക്തത്തോടും അപരാധിയാകുന്നു" (I ക്രൊ. 11: 27). ശ്ലീഹാ യഥാത്ഥസാന്നിധ്യത്തിൽ വിശ്വസിക്കുന്നില്ലെങ്കിൽ ഇത്ര ഭയങ്കരമായ ഒരു വാക്യം എഴുതുമോ?

## സഭാചരിത്രം

വി. കർബാനയുടെ സ്ഥാപനംമുതൽ ഇന്നുവരെ തിരുസ്സഭയുടെ വിശ്വാസം 1563-ൽ ത്രെന്തോസ് സൂനഹദോസു പഠിപ്പിച്ചിട്ടുള്ളതുതന്നെയാണു്: "വി. കർബാനയിൽ നമ്മുടെ കത്താവായ ഈശോമിശിഹായുടെ ശരീരവും രക്തവും ആത്മാവും ദൈവസ്വ

ഭാവവും—അതായതു ക്രിസ്തു മുഴുവനായിട്ടു—ഇല്ലെന്ന് ആരെങ്കിലും പ്രസ്താവിക്കുന്നെങ്കിൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ." ത്രെന്തോസ് സൂനഹദോസ് ഇങ്ങനെ നിർവ്വചിച്ചതു പ്രോട്ടസ്റ്റൻറുസഭകൾ പരമ്പരാഗതമായ വിശ്വാസം നിഷേധിക്കുവാൻ തുടങ്ങിയതിനാലാണ്. സഭാചരിത്രം പരിശോധിച്ചാൽ കാണാം, 11-ാം ശതാബ്ദത്തിൽ ബെറംഗാരിയൂസ് എന്നൊരാളാണ്, ആദ്യമായി വി. കുർബാനയിൽ യാഥാർത്ഥസാന്നിധ്യം നിഷേധിച്ചതെന്ന്. അതിനാൽ, ക്രിസ്തുവിൽ വിശ്വസിച്ചിരുന്നവരെല്ലാവരും ഒരായിരം കൊല്ലത്തേക്കു യഥാർത്ഥസാന്നിധ്യത്തെപ്പററി സംശയിച്ചിട്ടില്ല. ഇത്രയും പ്രധാനമായ ഒരു വിശ്വാസസത്യം ഒരായിരം കൊല്ലത്തേക്കു ക്രിസ്തീയലോകം മുഴുവനും സ്വീകരിച്ച സ്ഥിതിക്ക് അതു പില്ക്കാലങ്ങളിൽ നിഷേധിക്കുന്നതിൽ എന്തർത്ഥമാണുള്ളതു്? 107-ൽ മരിച്ച അന്തിയോക്കിയായിലേ വി. ഇഗ്നേഷ്യസ്സും 165-ൽ മരിച്ച വി. ജസ്റ്റിനും നാലാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന വി. അത്തനേഷ്യസും ക്രിസോസ്തോമും അംബ്രോസിസും ജെറോമും ആഗസ്തീനോസും വ്യക്തമായി, വി. കുർബാനയിലേ യഥാർത്ഥസാന്നിധ്യത്തെപ്പററി പ്രസ്താവിച്ചിരിക്കുന്നു. വി. കുർബാനയുടെ പ്രത്യേക പാവനതകൊണ്ടു പ്രാചീനസഭയിൽ ഈ വിശ്വാസസത്യത്തെപ്പററി, പ്രായേണ രഹസ്യമായിട്ടാണ് പ്രതിപാദിച്ചിരുന്നതു്. തിരുസ്സഭയിൽ ചേരുവാൻ പൂർണ്ണമായി നിശ്ചയിക്കുകയും അവക്ക് അതിനുള്ള അർഹത അംഗീകൃതമാവുകയും ചെയ്യതിനുശേഷം മാത്രമേ ഈ രഹസ്യത്തെപ്പററി പ്രാചീനകാലത്തു പുറജാതിക്കാരോടു പറഞ്ഞിരുന്നുള്ളൂ. അതുകൊണ്ടായിരിക്കണം, ക്രിസ്ത്യാനികൾ തങ്ങളുടെ രഹസ്യയോഗങ്ങളിൽ കൊച്ചുകുട്ടികളെ കൊന്നു പച്ചമാംസം തിന്നുകയും രക്തം കുടിക്കുകയും ചെയ്യുന്നുവെന്നുള്ള ആരോപണം റോമൻചക്രവത്തിമാരുടെ മുമ്പിൽ എത്തിയതു്. പ്രാചീനസഭയിലേ ഇത്ര പരിശുദ്ധമായ പാരമ്പര്യത്തിൻെറ മുമ്പിൽനിന്നുകൊണ്ട്, ഒരായിരംകൊല്ലത്തേക്ക് ഒരു ക്രൈസ്തവനും നിഷേധിക്കുവാൻ തുനിയാത്ത ഒരു വിശ്വാസസത്യത്തെ—സഭയുടെ സുന്ദരമായ ദൈവാല

**യങ്ങൾക്കും അൾത്താരകൾക്കും കാരണഭൂതമായ വിശ്വാസത്തെ— ആര്‍ക്കാണു നിഷേധിക്കുവാൻ സാധിക്കുക?**

## പരിശോധനാവിഷയം

പൂരിപ്പിക്കുക:

1) വി. കുർബാനയെപ്പററി കർത്താവു ആദ്യം സംസാരിച്ചതു് ........

2) വി. കുർബാന ഈശോ സ്ഥാപിച്ചതു്, തന്റെ പീഡാനുഭവത്തിന്റെ തലേരാത്രി ............

3) അന്നു ക്രിസ്തുവും ശിഷ്യന്മാരും ഭോജനശാലയിൽ കൂടിയതു്......

4) അപ്പം കൈയിലെടുത്തു് നമ്മുടെ കർത്താവു പറഞ്ഞു........

5) പൗലോസ്സ്ലീഹാ പറയുന്നു: ആരെങ്കിലും അയോഗ്യമായി ഈ അപ്പം ഭക്ഷിക്കുകയും........

6) വി. കുർബാനയിലേ യഥാൎത്ഥസാന്നിധ്യം ആദ്യമായി നിഃഷേധിച്ചതു് 11-ാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന........

7) സഭയിൽ ചേരുവാൻ ഉദ്ദേശിക്കുന്നവരോടുപോലും വി. കുർബാനയിലേ യഥാൎത്ഥസാന്നിധ്യത്തെപ്പററി പറഞ്ഞിരുന്നതു്........

8) പതിനാറാംശതാബ്ദത്തിൽ യഥാൎത്ഥസാന്നിധ്യം നിഷേധിക്കുവാൻതുടങ്ങിയതു്.....

9) 1563-ൽ ത്രെന്തോസ്സൂനഹദോസു് ഇങ്ങനെ പ്രഖ്യാപിച്ചു......

## പ്രശ്നങ്ങൾ

1) വി. കുർബാനയുടെ വാഗ്ദാനത്തിനുമുമ്പു ക്രിസ്തു അത്ഭുതങ്ങൾ പ്രവൎത്തിച്ചതു് എന്തു് ഉദ്ദേശത്തോടുകൂടിയാണു്?

(ഉത്തരം: അപ്പത്തിലും മററും മാററംവരുത്താനും സാധാരണനിയമങ്ങൾക്കു് അതീതമായി പ്രവൎത്തിക്കുവാനും തനിക്കു കഴിയുമെന്നു ജനക്കൂട്ടത്തെ മനസ്സിലാക്കി, താൻ ചെയ്യാൻപോകുന്ന വാഗ്ദാനം അസാധ്യമല്ലെന്നു തെളിയിക്കുവാനായിരിക്കാം, ക്രിസ്തു അത്ഭുതങ്ങൾ പ്രവൎത്തിച്ചതു്. വെള്ളം വീഞ്ഞാക്കിയ ആൾക്കു വീഞ്ഞു തന്റെ രക്തമാക്കുവാൻ കഴിയുമെന്നു് അനുമിക്കാവുന്നതാണല്ലോ.)

2) കെടാവിളക്കിന്റേയും സക്രാരിവിരിയുടേയും അൎത്ഥമെന്താണു്?

(ഉത്തരം: ലോകത്തിന്റെ പ്രകാശമായ ക്രിസ്തു സക്രാരിയിലു ണ്ടെന്ന്.)

3) ഒരായിരം കൊല്ലത്തേക്ക് ആരും നിഷേധിച്ചിട്ടില്ലാത്ത ഒരു വിശ്വാസസത്യം പറയുക.

4) ആദിമക്രിസ്ത്യാനികൾ വി. കുർബാനയിലുള്ള തങ്ങളുടെ വിശ്വാസം പുറജാതിക്കാരെ അറിയിക്കാതിരുന്നത് എന്തുകൊണ്ടാണ്?

(ഉത്തരം: ആ വിശ്വാസസത്യത്തിന്റെ പരമപരിശുദ്ധിയാണു പ്രധാന കാരണം. നവശിഷ്യന്മാരെപ്പോലും, വിശ്വാസത്തിൽ ഉറയ്ക്കുന്നതുവരെ, ഈ സംഗതി പഠിപ്പിച്ചിരുന്നില്ല; കാരണം, അവർവഴി പല തെററായ വ്യാഖ്യാനങ്ങളും പ്രചരിച്ചേക്കാമെന്നു തിരുസ്സഭയ്ക്കു ഭയമുണ്ടായിരുന്നു.)

5) യഥാർത്ഥസാന്നിധ്യത്തിൽ വിശ്വസിക്കുന്ന കുട്ടികൾ പള്ളിയിൽ എങ്ങനെയാണു പെരുമാറുക? വി. കുർബാന വച്ചിരിക്കുന്ന പള്ളിയുടെ മുമ്പിൽക്കൂടി കടന്നുപോകുമ്പോൾ തലകുനിച്ച് ആചരിക്കാതെ കടന്നു പോകുമോ?

6) വി. കുർബാനയെ സന്ദർശിക്കുന്നതും യഥാസമയം കുർബാന കാണാൻവരുന്നതും അടുത്തടുത്തു കുർബാന കൈക്കൊള്ളുന്നതും മററും യഥാർത്ഥസാന്നിധ്യത്തിലുള്ള വിശ്വാസതീക്ഷ്ണതയെ ആശ്രയിച്ചിരിക്കുന്നു: വിശദീകരിക്കുക.

7) യൂദാസിന്റെ ദ്രോഹവും പത്രോസിന്റെ നിഷേധവും ഭാവിതലമുറകളുടെ നന്ദികെട്ട പെരുമാററവും മുൻകൂട്ടി അറിഞ്ഞിരുന്ന ദിവ്യഗുരു ഈ കൂദാശ സ്ഥാപിച്ചതെന്തുകൊണ്ട്?

(ഉത്തരം: ആവിടുത്തെ അതിരററ സ്നേഹംകൊണ്ടുതന്നെ. നിന്ദയും നന്ദികേടും കാണിക്കുന്നവരെക്കൂടി സ്നേഹിക്കേണ്ടതെങ്ങനെയെന്ന് അവിടുന്നു കാണിച്ചുതരുന്നു.)

## പ്രായോഗികാഭ്യാസങ്ങൾ

1) വി. കുർബാനയുടെമുമ്പിൽ ഞാൻ ഭക്തിയോടുകൂടെ വർത്തിക്കും. ഒരിക്കലും സംസാരിക്കുകയോ അലക്ഷ്യമായി വർത്തിക്കുകയോ ചെയ്കയില്ല.

2) വി. കുർബാനയുടെ മുമ്പിൽക്കൂടെ കടന്നുപോകുമ്പോൾ ശരിയായി മുട്ടുകുത്തി ഞാൻ ഈശോയെ ആരാധിക്കും.

——o——

എട്ടാമദ്ധ്യായം

## വസ്തുഭേദം (Transubstantiation)

ക്രിസ്തു എങ്ങനെയാണു വി. കുർബാനയിൽ സന്നിഹിതനാകുന്നതു്? ഒരു പെട്ടിയിലെന്നതുപോലെ അപ്പത്തിനകത്തിരിക്കയാണോ? അല്ല; അവിടുന്നു് വി. കുർബാനയിൽ സന്നിഹിതനാകുന്നതു വസ്തുഭേദത്താലാണെന്നു ത്രെന്തോസു സൂനഹദോസു പഠിപ്പിക്കുന്നു. കാഴ്ചയിലും രുചിയിലും മററും വ്യത്യാസം വരാതെ സാരാംശത്തിൽ വ്യത്യാസം വരുന്നതാണു വസ്തുഭേദമെന്നു പറയുന്നതു്.

എല്ലാ വസ്തുക്കളിലും രണ്ടു ഘടകങ്ങൾ നമുക്കു വേർതിരിക്കാം 1) അതിന്റെ യഥാർത്ഥ്യം, സാരാംശം, വസ്തു, (Substance); (2) നമ്മുടെ ഇന്ദ്രിയങ്ങൾക്കു ഗോചരമാകുന്നതിനു നിദാനമായ വിശേഷങ്ങൾ. (ആഗന്തുകങ്ങൾ, സാദൃശ്യങ്ങൾ, ഗുണങ്ങൾ, accidents എന്നു പറയും തത്വശാസ്ത്രത്തിൽ). ഈ രണ്ടു ഘടകങ്ങളും സാധാരണഗതിയിൽ വേർതിരിക്കാവുന്നതല്ല. ഉദാഹരണമായി, ഒരു മേശ ഇന്ദ്രിയങ്ങൾക്കും മേശയായിത്തന്നെ തോന്നും. അതിനു് ഒരു മേശയുടെ സാരാംശവും ആഗന്തുകങ്ങളുമുണ്ടാകും; കാഴ്ചയിലും പ്രകൃതിയിലും മേശയായിരിക്കുമെന്നു സാരം. സർവ്വത്തിന്റേയും സ്രഷ്ടാവിനുമാത്രം ഇവയെ വേർതിരിക്കുവാൻ കഴിയും. കാഴ്ചയിൽ മേശപോലെ തോന്നുന്ന ഒരു സാധനം പ്രകൃതിയിൽ, അഥവാ, സാരാംശത്തിൽ മേശയല്ലാതാക്കുവാൻ സ്രഷ്ടാവിനുകഴിയും. മരംകൊണ്ടുള്ള ഒരു മേശയെ കാഴ്ചയിൽ അന്തരമൊന്നും വരുത്താതെ ദൈവത്തിനു് ഇരുമ്പുകൊണ്ടുള്ള ഒരു മേശയാക്കി മാററാൻ കഴിയും. എന്നാൽ, പ്രത്യേകകാരണമൊന്നുംകൂടാതെ സാധാരണനിയമങ്ങൾക്കു ദൈവം അന്തരം വരുത്തുകയില്ല. എന്നാൽ, ന്യായ്യമായ കാരണങ്ങളു

ണ്ടെങ്കിൽ അത്തരം അത്ഭുതങ്ങൾ അവിടുന്ന പ്രവർത്തിക്കും. ഇന്ദ്രിയഗോചരമായ ഗുണങ്ങൾക്ക് അന്തരംവരുത്താതെ സാരാംശത്തിന്ന മാററം വരുത്തുവാൻ ദൈവത്തിന്ന കഴിയും. അതിന്ന വസ്തുഭേദമെന്നു പറയുന്നു.

തന്നെത്തന്നെ നമുക്കു തരാൻ നിശ്ചയിച്ചപ്പോൾ ഈദൃശമായ ഒരു മഹാത്ഭുതംചെയ്യുവാൻ ദിവ്യഗുരു നിശ്ചയിച്ചു. അപ്പത്തിന്റെ സാരാംശം മിശിഹായുടെ സാരാംശമായി മാറുന്നു; വീഞ്ഞിന്റെ സാരാംശവും അതുപോലെതന്നെ മിശിഹായുടെ സാരാംശമായി മാറുന്നു. അപ്പത്തിന്റേയും വീഞ്ഞിന്റേയും സാദൃശ്യങ്ങൾ അവശേഷിക്കുന്നു; ഇന്ദ്രിയഗോചരമായ ഭാഗങ്ങൾ അവശേഷിക്കുന്നു. എന്നാൽ, അവ അപ്പവും വീഞ്ഞുമല്ല; മിശിഹായുടെ ശരീരവും രക്തവുമാണ്. ഇങ്ങനെ അപ്പത്തിന്റേയും വീഞ്ഞിന്റേയും സാരാംശം ക്രിസ്തുവിന്റെ സാരാംശമായി മാറുന്നതിനാണ വസ്തുഭേദമെന്നു പറയുന്നത്.

## അപ്പത്തിൽ മിശിഹായുടെ രക്തമുണ്ടോ?

അപ്പത്തിൽ മിശിഹായുടെ രക്തമുണ്ടോ? വീഞ്ഞിൽ മിശിഹായുടെ ശരീരമുണ്ടോ? അപ്പത്തിന്റേയും വീഞ്ഞിന്റേയും സാദൃശ്യങ്ങളിൽ എല്ലായിടത്തും മിശിഹാ ഉണ്ടോ? ഈദൃശചോദ്യങ്ങൾ വസ്തുഭേദത്തിന്റെ സ്വഭാവം മനസ്സിലായാൽ നാം ഒരിക്കലും ചോദിക്കുകയില്ല. അപ്പത്തിന്റേയും വീഞ്ഞിന്റേയും സാരാംശം മിശിഹായുടെ സാരാംശമായി മാറിയെന്നു പറയുമ്പോൾ, ഇന്നു മിശിഹാ സ്വർഗ്ഗത്തിൽ എങ്ങനെ ഇരിക്കുന്നുവോ അതേവിധം വി. കുർബാനയുടെ ഓരോ സാദൃശ്യത്തിലുമുണ്ടെന്നു സാരം. മിശിഹായെ ശരീരവും രക്തവുമായി പങ്കിടുക സാധ്യമല്ല, ഇന്ന്. അതിന്നുപുറമേ, അപ്പം മിശിഹായുടെ സാരാംശമായി മാറുന്നതിന്നുമുമ്പ് അപ്പത്തിന്റെ സാരാംശം അതിന്റെ എല്ലാഭാഗത്തും ഉണ്ടായിരുന്നതുപോലെ, മുറിച്ചു ഭാഗിച്ചാൽ ഓരോ ഭാഗത്തിലും അപ്പത്തിന്റെ സാ

രാംശം പൂർണ്ണമായി ഉണ്ടാകുന്നതുപോലെ, വസ്തുഭേദത്തിനുശേഷം അപ്പത്തിന്റെ സാദൃശ്യത്തിൻകീഴിൽ മിശിഹാ പൂർണ്ണമായുണ്ട്. ആ സാദൃശ്യങ്ങളെ നാം കഷണങ്ങളായി വേർതിരിച്ചാൽ ഓരോ കഷണത്തിലും മിശിഹാ പൂർണ്ണമായി ഉണ്ടായിരിക്കുകയുംചെയ്യും. വീഞ്ഞിന്റെ സാദൃശ്യത്തിൻകീഴിലുള്ള ഈശോയുടെ സാന്നിധ്യത്തെപ്പററിയും ഇതുതന്നെ പറയാം.

## ഒരു പാഠം

വസ്തുഭേദംവഴി ബലിപീഠത്തിലെ കൂദാശയിൽ സന്നിഹിതനാകുന്ന ഈശോ എല്ലാസമയത്തും തിരുവോസ്തിയിലുണ്ട്. അതിനാൽ, സ്വർഗ്ഗംപോലെതന്നെ സക്രാരിയും ഈശോയുടെ ഭവനമാണ്. നസ്രസ്സിലും ഗ്ലീലായിലും ഓറശ്ലത്തും അവിടുന്നു നിവസിച്ചിരുന്നതുപോലെ സക്രാരിയിലും നിവസിക്കുന്നു. നമ്മൾ ഈ സാന്നിധ്യവുമായി കൂടുതൽ പരിചയപ്പെട്ടുന്നതുകൊണ്ടോ എന്തോ നമ്മുടെ വിശ്വാസത്തിനടുത്ത ഭക്തിയും തീക്ഷ്ണതയും സക്രാരിയുടെ മുമ്പിൽ പലപ്പോഴും കാണുന്നില്ല. അതിനാൽ, ചില പ്രത്യേകതതങ്ങൾ ഇക്കാര്യത്തിൽ നമുക്കുണ്ടായിരിക്കണം.

1) വി. കർബാനയിൽ പങ്കുകൊള്ളാൻ പോകുമ്പോഴെല്ലാം കൃത്യസമയത്തു ദൈവാലയത്തിൽ എത്തുക; വൈദികൻ പീഠത്തിങ്കൽനിന്നു പോകുന്നതുവരെ അവിടെ സന്നിഹിതനായിരിക്കുക.

2) പള്ളിയിൽ പ്രവേശിക്കുമ്പോൾത്തന്നെ വലതുകാലുകൊണ്ടു മുട്ടുകുത്തുക; വലത്തേ മുട്ടു ഇടത്തേ പാദത്തിന്റെ സമീപേ നിലത്തു തൊടണം. അനന്തരം, സൗകര്യമുള്ള ഒരു സ്ഥലത്തേക്കു നീങ്ങുക. പള്ളിയുടെ അകത്ത് എവിടെയെങ്കിലും സ്ഥലമുള്ളപ്പോൾ വരാന്തയിലും മുററത്തുംമററും ചെന്നിരിക്കരുത്.

3) പള്ളിയകത്തു സംസാരിക്കുകയോ എന്തെങ്കിലും അനാചാരം കാണിക്കുകയോ ചെയ്യരുത്. കഴിയുന്നിടത്തോളം ഒരു പ്രാർത്ഥനപ്പുസ്തകവുമായി പള്ളിയിലേക്കു വരുക.

4) വി. കർബ്ബാനയുള്ള പള്ളികളുടെ മുമ്പിൽക്കൂടി കടന്നു പോകുമ്പോൾ തലകുനിച്ചു കുരിശുവരച്ചുകൊണ്ടുപോകുന്ന സമ്പ്രദായം ഒരിക്കലും ഉപേക്ഷിക്കരുത്. സൗകര്യമുണ്ടെങ്കിൽ വി. കർബ്ബാനയെ സന്ദർശിച്ച് ആരാധിക്കുകയും ചെയ്യണം.

## വി. കർബ്ബാനയോടുള്ള ഭക്തി

ദിവസന്തോറും നമ്മുടെ പള്ളികളിൽ വി. കർബ്ബാനയുണ്ട്. പുണ്യവാന്മാരുടെ തിരുനാളുകൾക്കു പ്രധാന ചടങ്ങു വി. കർബ്ബാനയാണ്. 1264-ൽ ഒരു ബൽജിയം കന്യാസ്ത്രീ, സെയിൻറ് ജൂലിയാനായുടെ അപേക്ഷയനുസരിച്ച് വി. കർബ്ബാനയുടെ തിരുനാൾ സ്ഥാപിതമായി. പ. ത്രിത്വത്തിൻെറ തിരുനാൾ കഴിഞ്ഞുവരുന്ന വ്യാഴാഴ്ചയാണു വി. കർബ്ബാനയുടെ തിരുനാൾ.

യഥാർത്ഥസാന്നിധ്യത്തെ അനുസ്മരിച്ചുണ്ടായിട്ടുള്ള പ്രധാനഭക്തികളാണു വി. കർബ്ബാനയുടെ വാഴ്വ്, തിരുമണിക്കൂർ, പതിമൂന്നുമണിക്കൂർആരാധന, നാല്പതുമണിക്കൂർആരാധന, ദിവ്യകാരുണ്യസമ്മേളനങ്ങൾ മുതലായവ. നമ്മുടെ കർത്താവിൻെറ ദിവ്യസാന്നിധ്യത്തോടുള്ള നമ്മുടെ മതിപ്പും നന്ദിയും പ്രദർശിപ്പിക്കുവാൻ ഈദൃശഭക്തികളിൽ കഴിവുപോലെ പങ്കുകൊള്ളുവാൻ നാം പരിശ്രമിക്കണം.

## പരിശോധനാവിഷയം

ഉവ്വ് (അതേ), ഇല്ല എന്നു മറുപടി നല്കുക.

1) ഒരു സാധനത്തിൻെറ ഇന്ദ്രിയഗോചരമായ ഗുണങ്ങളും സാരാംശവും വേർതിരിക്കാമോ?

2) പൊതുനിയമങ്ങൾക്കു ദൈവം സാധാരണമായി വ്യത്യാസം വരുത്തുമോ?

3) വസ്തുഭേദമെന്ന അത്ഭുതം എല്ലാ കർബ്ബാനയിലും സംഭവിക്കുന്നുണ്ടോ?

4) ഈ അത്ഭുതം ആദ്യം സംഭവിച്ചതു് ഒടുവിലത്തേ അത്താഴത്തിലാണോ?

5) തിരുവോസ്തിയുടെ ഓരോഭാഗത്തും ക്രിസ്തു മുഴുവനായി ഉണ്ടോ?

6) തിരുവോസ്തി കഷണങ്ങളായി മുറിച്ചാൽ ഓരോ കഷണത്തിലും ക്രിസ്തു പൂർണ്ണമായി സ്ഥിതിചെയ്യുന്നുവോ?

7) കൂദാശചെയ്യപ്പെട്ട വീഞ്ഞിൽ ക്രിസ്തുവിൻെറ ശരീരമുണ്ടോ? കൂദാശചെയ്യപ്പെട്ട ഓസ്തിയിൽ അവിടുത്തേ രക്തമുണ്ടോ?

## പ്രശ്നങ്ങൾ

1) വി. കുർബാനയുടെ വാഴ്‌വു് പൂർണ്ണമായി വിവരിക്കുക.

2) വി. കുർബാനയുടെ വാഴ്‌വിനു പാടുന്ന പ്രധാന ഗാനങ്ങൾ ആരെഴുതിയതാണു്?

(ഉത്തരം: ലത്തീൻറീത്തിൽ ഉപയോഗിക്കുന്ന, "ഓ സലുത്താരിസ്", "താന്തും ഏർഗോ" എന്നീ ഗാനങ്ങൾ തോമസ് അകപിനാസ്സുപുണ്യവാൻ എഴുതിയതാണു്. അവയുടെ സുറിയാനി പരിഭാഷയാണു സീറോമലബാർ റീത്തിൽ ഉപയോഗിക്കുന്നതു്.)

3) വസ്തുഭേദം മനസ്സിലാക്കുന്നതിനു താഴെപ്പറയുന്ന അത്ഭുതങ്ങൾ എത്രകണ്ടു സഹായിക്കുമെന്നു നിർണ്ണയിക്കുക: 1) കാനായിൽ വെള്ളം വീഞ്ഞാക്കിയതു്. (2) അപ്പം വർദ്ധിപ്പിച്ചതു്. (3) താബോറിൽ കർത്താവു രൂപാന്തരം പ്രാപിച്ചതു്. (4) ഉയിർത്തെഴുന്നള്ളിയ മിശിഹായുടെ ശരീരപ്രകൃതി.

(ഉത്തരം: 1) കാനയിലേ അത്ഭുതത്തിൽനിന്നു മനസ്സിലാക്കാം, ക്രിസ്തുവിനു് ഒരു വസ്തു വേറൊരു വസ്തുവാക്കാൻ കഴിവുണ്ടെന്നു്. ഈ അത്ഭുതത്തിൽ ദൃശ്യമായ ഗുണവിശേഷങ്ങളും മാറി. 2) ഒരു പദാർത്ഥം വർദ്ധിപ്പിക്കുവാനുള്ള കഴിവു് അപ്പം വർദ്ധിപ്പിച്ച അത്ഭുതത്തിൽ പ്രത്യക്ഷപ്പെട്ടുന്നു. സ്വർഗ്ഗീയമായ അപ്പം നമ്മുടെ ബലിപീഠങ്ങളിൽ അർപ്പിച്ചുകൊണ്ടിരിക്കുന്നതിൻെറ ഒരു പ്രതീകമാണു് ആ അത്ഭുതം. 3) തൻെറ ശരീരപ്രകൃതി മാററുവാൻ ക്രിസ്തുവിനുള്ള കഴിവു്, ക്രിസ്തുവിൻെറ രൂപാന്തരത്തിൽ കാണുന്നു. 4) ഉയിർത്തെഴുന്നള്ളിയ ക്രിസ്തുവാണു വി. കുർബാനയിൽ സന്നിഹിതനായിരിക്കുന്നതു്.)

4) വസ്തുഭേദംവരുത്തുവാൻ ശ്ലീഹന്മാർക്കു് എപ്പോഴാണു് അധികാരം കൊടുത്തതു്?

(ഉത്തരം: ഒടുവിലത്തെ അത്താഴത്തിൽവച്ച്, "ഇതു് എന്റെ ഓമ്മയ്ക്കായി ചെയ്യുവിൻ" എന്നു പറഞ്ഞപ്പോഴാണ് മേല്പറഞ്ഞ അധികാരം കൊടുത്തതു്.)

5) എന്തുകൊണ്ടാണ്, അല്മായർക്കു കൂദാശചെയ്ത വീഞ്ഞു കൊടുക്കാത്തതു്?

(ഉത്തരം: മലങ്കരസുറിയാനിറീത്തിലും താദൃശമായ ചില പൗരസ്ത്യറീത്തുകളിലും കൊടുക്കുന്നുണ്ട്. തിരുവോസ്തിയിൽ ക്രിസ്തു പൂർണ്ണമായുള്ളതുകൊണ്ടു കൂദാശചെയ്യപ്പെട്ട വീഞ്ഞു് അല്മായർക്കു കൊടുത്തിട്ടാവശ്യമില്ലെന്നു ത്രെന്തോസ് സൂനഹദോസു നിശ്ചയിച്ചു. അതിനുള്ള അസൗകര്യവും സൂനഹദോസു പരിഗണിക്കുകയുണ്ടായി.)

6) "വസ്തുഭേദം നമ്മളെ അനുസരണ പഠിപ്പിക്കുന്നു." എങ്ങനെ?

(ഉത്തരം: വൈദികൻ കൂദാശവചനങ്ങൾ ചൊല്ലുമ്പോൾ, അദ്ദേഹം എത്ര അയോഗ്യനായിരുന്നാലും, വസ്തുഭേദം നടക്കുന്നു. മിശിഹാ എഴുന്നള്ളിവരുന്നു. ക്രിസ്തു വൈദികനെ അനുസരിക്കുന്നു.)

7) വീഞ്ഞു കൂദാശചെയ്യുമ്പോൾ "ഇതു് എന്റെ രക്തമാണു" എന്നല്ലേ പറയുന്നതു്? എങ്ങനെയാണു വീഞ്ഞിൽ ശരീരമുണ്ടാകുന്നതു്?

(ഉത്തരം: വാക്കിന്റെ ശക്തികൊണ്ടു രക്തം മാത്രമേയുള്ളു. എന്നാൽ, മഹത്വം പ്രാപിച്ച ക്രിസ്തുവിൽ രക്തം ശരീരത്തിൽനിന്നോ ആത്മാവിൽനിന്നോ വേർതിരിഞ്ഞുനില്ക്കുവാൻ നിവൃത്തിയില്ലാത്തതിനാൽ കൂദാശചെയ്യപ്പെടുന്ന വീഞ്ഞിലും ക്രിസ്തു പൂർണ്ണമായി സ്ഥിതിചെയ്യുന്നു.)

## പ്രായോഗികാഭ്യാസങ്ങൾ

1. വി. കുർബ്ബാനയുടെ വാഴ്വു കഴിയുന്നതിനു മുമ്പു ഞായറാഴ്ച ദിവസങ്ങളിൽ ഞാൻ പള്ളിയിൽനിന്നു പോവുകയില്ല.

2. ഇടവകയിൽ നടക്കുന്ന ആരാധനകളിൽ സൗകര്യമുള്ളപ്പോഴെല്ലാം ഞാൻ സന്നിഹിതനാകും.

ഒമ്പതാമധ്യായം

# ദിവ്യബലി

വി. കുർബാന ഒരു കൂദാശമാത്രമല്ല; അതു് ഒരു ബലികൃടിയാണ്. ശേഷം ആറു കൂദാശകൾക്കില്ലാത്ത ഒരു പ്രത്യേകതയാണിതു്. അപ്പത്തിൻേറയും വീഞ്ഞിൻേറയും സാദൃശ്യങ്ങളിൽ മിശിഹായുടെ ശരീരവും ആത്മാവും ദൈവസ്വഭാവവും മനുഷ്യസ്വഭാവവും നമുക്കു നല്കുന്നതാണു കുർബാനയെന്ന കൂദാശ. പട്ടക്കാരൻെറ കൈകളാൽ അപ്പത്തിൻേറയും വീഞ്ഞിൻേറയും സാദൃശ്യങ്ങളിൽ പരമപിതാവിനു ഈശോയെ സമർപ്പിക്കുന്നതാണു കുർബാനബലി.

## ബലിയുടെ ചരിത്രം

ഒരു വസ്തു ദൈവത്തിനു സമർപ്പിച്ചതാണെന്നു മനസ്സിലാക്കുവാൻമാത്രം അന്തരംവരുത്തി അവിടുത്തേക്കു സമർപ്പിക്കുന്നതാണു ബലി. അതിനാൽ, ബലിയുടെ പ്രധാനഘടകങ്ങൾ രണ്ടാണു്: 1) സമർപ്പണം. 2) ബലിവസ്തു നശിപ്പിക്കുക, അല്ലെങ്കിൽ, എന്തെങ്കിലും വ്യത്യാസം അതിൽ വരുത്തുക.

ദൈവം സകലത്തിൻേറയും സ്രഷ്ടാവാണെന്നു് ഏററു പറയുന്നതിനാണു് ബലിവസ്തു അവിടുത്തേക്കു സമർപ്പിക്കുന്നതും നശിപ്പിക്കുന്നതും. അവിടുന്നു നല്കിയിട്ടുള്ള അനുഗ്രഹങ്ങൾക്കു നന്ദി പറയുവാനും അവിടുത്തെ ദ്രോഹിച്ചതിനു പരിഹാരം ചെയ്യുവാനുമാണു ബലികൾ സമർപ്പിക്കുന്നതു്. ബാഹ്യമായ ഒരു വസ്തു ഇങ്ങനെ സമർപ്പിക്കുന്നതു സ്വജീവസമർപ്പണത്തിൻെറ ചിഹ്നമായിട്ടാണ്.

ലോകത്തിൻെറ ആരംഭംമുതൽ ബലിസമർപ്പണം ഈശ്വരാ

രാധനയിലെ ഒരു പ്രധാനഘടകമായിട്ടാണു കാണപ്പെടുന്നതു്. കായേൻ ആടിനെ ബലിചെയ്തതും ഹാബേൽ നെല്ക്കതിരുകൾ കാഴ്ചവച്ചതും അതിപുരാതനമായ ബലികളാണല്ലോ. ജലപ്രളയത്തിനു ശേഷം നോഹ ഒരു ബലിസമർപ്പിച്ചതായി ഉൽപത്തിയുടെ പുസ്തകത്തിൽ നാം വായിക്കുന്നു.

ബലി പലവിധത്തിൽ നടത്തിയിരുന്നു. സാധാരണമായി, ജീവജന്തുക്കളെ കൊന്നു രക്തം ബലിപീഠത്തിൽ ഒഴിക്കുകയാണു ചെയ്തിരുന്നതു്. അവയുടെ മാംസം ഒന്നുകിൽ പുരോഹിതരും, ആർക്കു വേണ്ടി ബലിസമർപ്പിച്ചിരുന്നുവോ അവരുംചേർന്നു ഭക്ഷിച്ചിരുന്നു; അല്ലെങ്കിൽ, എല്ലാം തീയിലിട്ടു ദഹിപ്പിച്ചിരുന്നു. ഇതിനാണു ദഹനബലി അഥവാ ഹോമബലി എന്നു പേരുപറഞ്ഞിരുന്നതു്. വീഞ്ഞും പഴങ്ങളും കോതമ്പും ഇങ്ങനെതന്നെ ബലിചെയ്തിരുന്നു. ഈ ബലികളുടെയെല്ലാം ഉദ്ദേശം നാലാണു്: 1) ദൈവത്തെ ആരാധിക്കുക. 2) അവിടുത്തേക്കു കൃതജ്ഞത പ്രകാശിപ്പിക്കുക. 3) ഏതെങ്കിലും അനുഗ്രഹം യാചിക്കുക. 4) പരിഹാരം ചെയ്യുക.

പഴയനിയമകാലത്തു ധാരാളം ബലികൾ യഹോവായ്ക്കു സമർപ്പിച്ചിരുന്നു; എന്നാൽ, ക്രമേണ ബലിയുടെ ഉദ്ദേശം ബലികർത്താക്കൾ വിസ്മരിക്കുവാൻ തുടങ്ങി. അതിനാൽ, ദാവീദുതന്നെ എഴുതിയിരിക്കുന്നു: "ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല; ഹോമബലികളാലും നീ രമ്യതപ്പെട്ടില്ല. ദൈവത്തിനുള്ള ബലികൾ എളിമയുള്ള അരൂപിയാകുന്നു. തകർന്ന ഹൃദയത്തെ ദൈവം നിരസിക്കുകയില്ല" (സങ്കീ. 50:16-17).

## പുതിയനിയമത്തിലെ ഏകബലി

പുതിയനിയമത്തിൽ ഒരേ ഒരു ബലിയേ ഉള്ളൂ—വി. കർബാന. കർബാന എന്ന വാക്കിൻെറ അർത്ഥംതന്നെ ബലിയെന്നാണു്. ലത്തീനിൽ മീസ്സാ (Missa) ഇംഗ്ലീഷിൽ "മാസ്" (Mass) എന്നു പറയും. 'അയയ്ക്കപ്പെട്ട' എന്നാണു് അതിൻെറ വാച്യാർത്ഥം; അ

ത്തേ, കർബാന ദൈവത്തിങ്കലേക്ക് അയയ്ക്കപ്പെടുന്ന ഒരു നിവേദനമാണ്. ബലിവസ്തുവും ബലികർത്താവും ക്രിസ്തുതന്നെ; വൈദികൻ ഉപകരണംമാത്രം. ഒന്നാമത്തേ കർബാന അന്തിമഭോജനത്തിൽ വച്ചു ക്രിസ്തുതന്നെ അപ്പത്തിൻേറയും വീഞ്ഞിൻേറയും സാദൃശ്യങ്ങളിൽ സമർപ്പിച്ചു. അന്നു ഭോജനശാലയിൽ നടന്ന സമർപ്പണം പിറേറദ്ദിവസം കാൽവരിയിലേ ബലിയിൽ സമാപിച്ചു. അതിനാൽ, ഗാഗുൽത്താമലയിലേ ബലി സമർപ്പിച്ചതു ക്രിസ്തുവിനെ കരിശിൽ തറച്ച റോമൻപടയാളികളല്ല; ക്രിസ്തുതന്നെയാണ്.

ഗാഗുൽത്തായിലേ ആ രക്തബലിയുടെ നവീകരണമാണു വി. കുർബാന. ഓരോ കുർബാനയിലും മിശിഹായുടെ സ്ഥാപനമനുസരിച്ചു ക്രിസ്തുവിൻെറ ആത്മസമർപ്പണം നവീകരിക്കപ്പെടുന്നു. വൈദികൻ കുർബാന സമർപ്പിക്കുമ്പോൾ മിശിഹായുടെ സമർപ്പണം നവീകരിക്കപ്പെടുന്നു. അതിനാൽ, കുർബാനബലിയുടെ പ്രധാനപുരോഹിതൻ ക്രിസ്തുതന്നെ; നമ്മുടെ പുരോഹിതരെല്ലാം അവിടുത്തേ ഉപകരണങ്ങൾമാത്രം.

## വി. കർബാന ഒരു ബലിയാണെന്നു് എങ്ങനെ അറിയാം?

വി. കുർബാന ഒരു ബലിയാണെന്ന് അതിൻെറ സ്വഭാവം പരിശോധിച്ചാൽ വിശദമാകും. ഇതിൽ ഒരു ബലിവസ്തുവും ബലികർത്താവും ഉള്ളതായി നമുക്കു കാണാം. പിതാവായ ദൈവത്തിന് അപ്പത്തിൻേറയും വീഞ്ഞിൻേറയും സാദൃശ്യങ്ങളിൽ ക്രിസ്തുവിനെ സമർപ്പിക്കുന്നു. ആ സമർപ്പണം ക്രിസ്തുവിൻേറതാണ്.

ഈ ബലിവസ്തു മഹത്വപ്രതാപത്തോടേ ഉയിർത്തെഴുന്നള്ളിയ ക്രിസ്തുവാണ്. അവിടുത്തേക്കു യാതൊരു കുറവും നാശവും വരാൻ നിവൃത്തിയില്ല. അതിനാൽ, കുർബാനബലിയിൽ ബലിവസ്തുവിൻെറ നശിപ്പിക്കൽ പ്രതീക്ഷിക്കേണ്ടതില്ല. എന്നാൽ, അപ്പത്തിൻേറയും വീഞ്ഞിൻേറയും സാദൃശ്യങ്ങളിൽ ഈ ബലി സമർപ്പിക്കപ്പെടുന്നതുകൊണ്ടു്, ബലിവസ്തുവിനു സ്വതവേ അന്തരമൊന്നുമി

ല്ലെങ്കിലും, ബാഹ്യദൃഷ്ടിക്ക് അന്തരംതോന്നുന്നുണ്ട്. ശരീരവും രക്തവും വേർതിരിച്ചതുപോലെ ബാഹ്യദൃഷ്ടിക്ക തോന്നും. രണ്ടു സാദൃശ്യങ്ങളിൽ ഈശോ സന്നിഹിതനാകുന്നതുകൊണ്ടാണ്, വി. കുർബാന ബലിയാകുന്നതെന്നും രണ്ടു സാദൃശ്യങ്ങളിൽ ക്രദാശചെയ്യുന്നതാണു ബലിയുടെ കാതലായ ഭാഗമെന്നും ദൈവശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു.

മെൽക്കീസദേക്ക് അബ്രാഹത്തിനുവേണ്ടി അപ്പവും വീഞ്ഞും യഹോവായ്ക്കു സമർപ്പിച്ചതു ബലിയായതുപോലെ, വി. കുർബാന ഒരു ബലിയാണ്. മലാക്കിയുടെ പ്രവചനത്തിൽനിന്നു വി. കുർബാന ഒരു ബലിയാണെന്നു തെളിയിക്കാം: "സൂര്യോദയംമുതൽ സൂര്യാസ്തമയംവരെ എൻെറ നാമം പുറജാതികളുടെ ഇടയിൽ മഹത്വമുള്ളതായിരിക്കും. എല്ലാ സ്ഥലത്തും ഒരു ബലിയുണ്ടാകും; നിർമ്മലമായ ഒരു സമർപ്പണം എൻെറ നാമത്തിനുണ്ടാകുകയും ചെയ്യും" (മലാക്കി 1: 10-11). വി. കുർബാനയിലല്ലാതെ ഈ പ്രവചനം നിറവേറുന്നതായി കാണുന്നില്ല. അതിനാൽ, വി. കുർബാനയാണു സൂര്യോദയംമുതൽ സൂര്യാസ്തമയംവരെയുള്ള നിർമ്മലമായ ആ ബലി. പൗലോസ്ശ്ലീഹാ പറയുന്നു: "നമുക്ക് ഒരു ബലിപീഠമുണ്ട്. കൂടാരത്തിൽ ശുശ്രൂഷചെയ്യുന്നവർക്ക് അതിൽനിന്നു ഭക്ഷിക്കുവാൻ പാടില്ല" (ഹീബ്രു. 13: 10). പൗലോസ്ശ്ലീഹാ ഇവിടെ പ്രതിപാദിക്കുന്നതു വി. കുർബാനയെപ്പററിയാണ്; യഹൂദന്മാർക്ക് അതു് അനുഭവിക്കുവാൻപാടില്ലെന്നും ശ്ലീഹാ പറയുന്നു.

## ഗാഗുൽത്തായിലെ ബലിയും വി. കുർബാനയും

ദിവ്യബലിയും ഗാഗുൽത്തായിലെ ബലിയും തമ്മിൽ വളരെ സാമ്യമുണ്ട്. രണ്ടിലും ബലിവസ്തു ഒന്നുതന്നെ; പുരോഹിതനും ഒരാൾതന്നെ—ക്രിസ്തു. കർബാന ഗാഗുൽത്തായിലെ ബലിയുടെ ഓർമ്മ മാത്രമല്ല; അതിൻെറ നവീകരണമാണ്. കുർബാനയിൽ ക്രദാശവചനങ്ങൾ ചൊല്ലുമ്പോൾ ക്രിസ്തുവിൻെറ കല്പനയനുസരിച്ച് അവി

ടുത്തേ സമർപ്പണം നവീകരിക്കപ്പെടുന്നു. പൗലോസുശ്ലീഹാ പറയുന്നു: "ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രം പാനംചെയ്കയും ചെയ്യുമ്പോഴെല്ലാം നമ്മുടെ കർത്താവിൻെറ മരണമാകുന്നു അവിടുത്തേ വരവുവരെ നിങ്ങൾ ഓർമ്മിക്കുന്നതു്. ആകയാൽ, കർത്താവിൻെറ അപ്പം ഭക്ഷിക്കുകയും അവൻെറ പാത്രം പാനംചെയ്യുകയും അതിനു യോഗ്യനല്ലാതിരിക്കുകയും ചെയ്യുന്നവൻ കർത്താവിൻെറ രക്തത്തോടും അവൻെറ ശരീരത്തോടും അപരാധിയാകുന്നു." (1 ക്രൂറ. 11: 24, 27).

രണ്ടുബലികളുംതമ്മിലുള്ള വ്യത്യാസം താഴെച്ചേർക്കുന്നു:

1) ഗാഗുൽത്തായിൽ ക്രിസ്തു ഒരു പ്രാവശ്യം മാത്രമേ ബലി ചെയ്യപ്പെട്ടുള്ളൂ; വി. കുർബാനയിൽ അവിടുന്നു പലപ്രാവശ്യം പല ബലിപീഠങ്ങളിൽ ബലി ചെയ്യപ്പെടുന്നു.

2) ഗാഗുൽത്തായിൽ ക്രിസ്തു രക്തം ചിന്തി ബലിചെയ്യപ്പെട്ടു; ഉയിർത്തെഴുന്നള്ളിയ ക്രിസ്തു സഹിക്കുന്നില്ല, മരിക്കുന്നുമില്ല. അതിനാൽ, കുർബാന രക്തരഹിതമായ ബലിയാണു്.

## പരിശോധനാവിഷയം

പൂരിപ്പിക്കുക:

1) ഒരു ബലിക്കു രണ്ടു ഘടകങ്ങളുണ്ടു്.........

2) വേദപുസ്തകത്തിൽ വിവരിക്കുന്ന ഒന്നാമത്തേ ബലി.........

3) ജീവനുള്ള ജന്തുക്കളെക്കൊന്നു രക്തം പീഠത്തിൽ ഒഴുക്കുകയാണെങ്കിൽ, രക്തബലിയെന്നും അവശിഷ്ടങ്ങൾ ദഹിപ്പിക്കയാണെങ്കിൽ.......പറയുന്നു.

4) കുർബാനയിൽ ബലിവസ്തുവും ബലികർത്താവും...........പുരോഹിതൻ............

5) "സൂര്യോദയംമുതൽ സൂര്യാസ്തമയംവരെ ഒരു നിർമ്മലബലി എല്ലായിടത്തും സമർപ്പിക്കപ്പെടും"എന്നു പ്രവചിച്ചതു്........

6) പൗലോസു ശ്ലീഹാ പറയുന്നു: "നമുക്കു് ഒരു ബലിപീഠമുണ്ടു്......

7) കുർബാനയെന്ന വാക്കിനു സുറിയാനിയിൽ..........."മാസ്" എന്നു വച്ചാൽ............

## പ്രശ്നങ്ങൾ

1) ആരാണു മെൽക്കീസദേക്ക്? അദ്ദേഹം എന്തു ചെയ്തു?

2) മലാക്കിയുടെ പ്രവചനത്തിൽനിന്നു വി. കുർബാന ബലിയാണെന്ന് എങ്ങനെ തെളിയിക്കാം?

3) ക്രിസ്തുവാണു കുർബാനയിലെ പുരോഹിതനെങ്കിൽ, വൈദികരെ പുരോഹിതരെന്നു വിളിക്കുന്നതു് ഏതത്ഥത്തിലാണ്?

4) ഓരോ റീത്തിലേയും കുർബാനയിൽ, കുർബാന ബലിയാണെന്നു പറഞ്ഞിരിക്കുന്ന ഒന്നോ രണ്ടോ വാക്യമെഴുതുക.

5) ഗാഗുൽത്തായിലെ ബലിയും നമ്മുടെ ബലിപീഠങ്ങളിലെ ബലിയും തമ്മിൽ സാമ്യമെന്തു്? വ്യത്യാസമെന്തു്?

6) വി. കുർബാന ഗാഗുൽത്തായിലെ ബലിയുടെ നവീകരണമാണെങ്കിൽ ഓരോ കുർബാനയും വ്യത്യസ്തബലിയാകുന്നതെങ്ങനെ?

(ഉത്തരം: ഓരോ കുർബാനയിലും മിശിഹായുടെ സ്ഥാപനമനുസരിച്ചു്, അവിടുത്തെ സമർപ്പണത്തിൻെറ നവീകരണം നടക്കുന്നുണ്ടു്.)

## പ്രായോഗികാഭ്യാസങ്ങൾ

1. വി. കുർബാന ഒരു ബലിയാകയാൽ ഞാൻ അതു കാണുകയല്ല, കേൾക്കുകയുമല്ല, അതിൽ പങ്കുകൊള്ളുകയാണു ചെയ്യുന്നതെന്നു കരുതി ഭക്തിയോടുകൂടെ അതിൽ ഭാഗഭാക്കാകും.

2. ഇത്ര ഉൽകൃഷ്ടമായ ബലി സ്ഥാപിച്ചതിനു ഞാൻ എന്നും ഈശോയോടു കൃതജ്ഞനായിരിക്കും; കൃതജ്ഞതാപൂർവ്വം ബലിയിൽ പങ്കുകൊള്ളുകയുംചെയ്യും.

പത്താമദ്ധ്യായം

# ദിവ്യബലിയുടെ ഉദ്ദേശ്യങ്ങളും ഫലങ്ങളും

ദിവ്യബലിയുടെ ഉദ്ദേശ്യങ്ങൾ പ്രധാനമായി നാലാണു്:

1) സ്രഷ്ടാവായ ദൈവത്തെ ആരാധിക്കുക. ദൈവത്തിനു നല്കാവുന്ന ഏററവും വിശിഷ്ടമായ ദാനമാണു ദിവ്യബലി; കാരണം, അവിടത്തെ ദിവ്യസുതനെ ത്തന്നെ നാം അവിടുത്തേക്കു കാഴ്ചവയ്ക്കുന്നു. ഇതു് ഇത്ര വിശിഷ്ടമായ ഒരു ബലിയാകയാൽ വേറെ യാതൊരു ബലിയും നാം സമർപ്പിക്കേണ്ടതില്ല.

2) ദൈവത്തോടു നന്ദിപറയുക. ദൈവത്തിൽനിന്നു നമുക്കു ലഭിച്ചിട്ടുള്ള നിരവധി അനുഗ്രഹങ്ങൾക്കു നന്ദിയായി സമർപ്പിക്കുവാൻ അവിടത്തേ പ്രിയസുതൻെറ ബലിയെക്കാൾ വിശിഷ്ടമായെന്താണുള്ളതു്? അതിനാലാണു്, സങ്കീർത്തകൻെറ വാക്കുകൾ ചില കർബാനകളിൽ ഉദ്ധരിക്കപ്പെടുന്നതു്: "കത്താവിനു എൻെറ നേക്കുള്ള എല്ലാ ഉപകാരങ്ങൾക്കുംവേണ്ടി എന്തു പ്രതിനന്ദി ഞാൻ കാണിക്കും? രക്ഷയുടെ കാസയെടുത്തു കത്താവിൻെറ നാമം ഞാൻ വിളിക്കും" (സങ്കീ. 115: 12, 13).

3) ദൈവസഹായം അപേക്ഷിക്കുക. അനന്തമായ ഈ ബലി നാം ദൈവത്തിനു സമർപ്പിക്കുമ്പോൾ എന്തു് അനുഗ്രഹമാണു നമുക്കു ചോദിക്കുവാൻ പാടില്ലാത്തതു്?

4) പാപങ്ങൾക്കു പരിഹാരമായി കാഴ്ചവയ്ക്കുക. വി. കുർബാനയുടെ സ്ഥാപനത്തിൽ ക്രിസ്തുതന്നെ പറഞ്ഞിട്ടുണ്ടു്: "അനേകരുടെ പാപങ്ങളുടെ പൊറുതിക്കായി ചിന്തപ്പെടുന്ന പുതിയനിയമത്തിലേ എൻെറ രക്തമാണിതു്" (മത്താ. 26, 28).

## വി. കർബ്ബാനയുടെ ഫലങ്ങൾ

വി. കർബ്ബാന സമർപ്പിക്കുന്നതു തിരുസ്സഭയുടെ നാമത്തിലാകയാൽ, സഹനസഭയ്ക്കും സമരസഭയ്ക്കും ഇതിൻെറ പൊതുഫലങ്ങൾ ലഭിക്കുന്നതാണു്. പ്രത്യേകഫലങ്ങൾ താഴെപ്പറയുന്നവർക്കെല്ലാം ലഭിക്കുന്നതാണു്: (1) കർബ്ബാനചൊല്ലുന്ന വൈദികനു്. (2) കർബ്ബാനധർമ്മം കൊടുത്ത ആൾക്കു് (3) കർബ്ബാനയിൽ ശുശ്രൂഷിക്കുന്നവർക്കു്. (4) കർബ്ബാനയുടെ സമയത്തു സന്നിഹിതരായി ബലിയിൽപങ്കെടുക്കുന്നവർക്കു്.

ഇവർക്കെല്ലാം ആത്മീയവും ലൗകികവുമായ അനുഗ്രഹങ്ങൾ ലഭിക്കാവുന്നതാണു്. ചാവുദോഷങ്ങളെപ്രതി മനസ്തപിക്കുവാനുള്ള അനുഗ്രഹവും പാപത്തിനുള്ള ശിക്ഷകൾക്കു ലഘൂകരണവും ശുദ്ധീകരസ്ഥലത്തിൽ വേദനപ്പെടുന്നവർക്കു് ആശ്വാസവും ദിവ്യബലിവഴി വന്നുചേരുന്നു. ലൗകികജീവിതത്തിലുള്ള ഓരോരോ ആവശ്യം കർബ്ബാനയിൽ ആവശ്യപ്പെടാവുന്നതാണു്; നമ്മുടെ നന്മയ്ക്കു് ഉപകരിക്കുമെങ്കിൽ ദൈവം അതു് അനുവദിക്കുകയും ചെയ്യും.

വി. കർബ്ബാന ഗാഗുൽത്തായിലേ ബലിയുടെ നവീകരണമാകയാൽ, ഇതിനു് അനന്തമൂല്യമാണുള്ളതു്. അതിനാൽ, വി. കർബ്ബാനയിൽ പങ്കെടുക്കുന്നതു മറേറതു സൽപ്രവൃത്തിയേയുംകാൾ ഫലപ്രദമാണു്. ദിവ്യബലിയുടെ ഫലങ്ങൾ അനന്തമാണെങ്കിലും നമുക്കു ലഭിക്കുന്ന അനുഗ്രഹങ്ങളും സഹായങ്ങളും പരിമിതമാണു്. നമുക്കു നല്കുന്ന അനുഗ്രഹങ്ങളുടെ തോതു പ്രഥമത: ദൈവതിരുവിഷ്ടത്തെ ആശ്രയിച്ചിരിക്കുന്നു; രണ്ടാമതു് നമ്മുടെ ഭക്തിയേയും യോഗ്യതകളേയും ആശ്രയിച്ചിരിക്കുന്നു.

## കർബ്ബാനധർമ്മം

കർബ്ബാനസമർപ്പിക്കുന്ന വൈദികനു നല്കുന്ന കാഴ്ചയാണു കർബ്ബാനധർമ്മമെന്നു പറയുന്നതു്. പ്രാചീനകാലത്തു ബലിയിൽ അട

ത്തു പങ്കെടുക്കുവാൻവേണ്ടി വിശ്വാസികൾ സ്വന്തമായി അപ്പവും വീഞ്ഞും കൊണ്ടുവന്നിരുന്നു. കാലാന്തരത്തിൽ ആ സമ്പ്രദായം നീങ്ങി; പകരം ഒരു ചെറിയസംഖ്യ കാഴ്ചയായി കൊടുത്തുതുടങ്ങി. ഇതു വി. കർബാനയുടെ വിലയല്ല; കർബാന വിലകൊടുത്തു വാങ്ങാവതല്ല; അതു് അമൂല്യമാണു്.

കർബാനധർമ്മം നിശ്ചയിച്ചിരിക്കുന്നതു വൈദികരുടെ ജീവസന്ധാരണത്തെക്കൂടെ ഉദ്ദേശിച്ചാണു്. പൗലോസ്ശ്ലീഹാ ചോദിക്കുന്നു: "വിശുദ്ധസ്ഥലത്തു സേവചെയ്യുന്നവർ വിശുദ്ധസ്ഥലത്തുനിന്നു് ഉപജീവിക്കുന്നുവെന്നും ബലിപീഠത്തിനു സേവചെയ്യുന്നവർ ബലിപീഠത്തോടുകൂടി ഓഹരിപററുന്നുവെന്നും നിങ്ങൾ അറിയുന്നില്ലയോ? (1 കൊറ. 9: 13).

പുരോഹിതരെ സംരക്ഷിക്കുവാൻ വിശ്വാസികൾക്കുള്ള ചുമതല എങ്ങനെയാണു നിർവ്വഹിക്കേണ്ടതെന്നു തിരുസ്സഭയാണല്ലോ നിശ്ചയിക്കേണ്ടതു്. വി. കർബാന ഒരാൾക്കുവേണ്ടി കാഴ്ചവയ്ക്കുന്ന അവസരം ആ വൈദികൻെറ ജീവസന്ധാരണത്തിനു് ഒരു സംഖ്യ കൊടുക്കുന്നതു് ഉചിതമെന്നു തോന്നിയതുകൊണ്ടാണു്, കർബാനധർമ്മം നിശ്ചയിച്ചിരിക്കുന്നതു്. ഭക്തകാര്യങ്ങൾ നിർവ്വഹിക്കുന്ന മററു ചില സന്ദർഭങ്ങളിലും ഇതുപോലെ കാഴ്ചകൾ നല്കണമെന്നു നിയമമുണ്ടല്ലോ.

## പരിശോധനാവിഷയം

1. ദിവ്യബലിയുടെ നാലു ഉദ്ദേശ്യങ്ങൾ വിവരിക്കുക.

2. പൂരിപ്പിക്കുക:

1) വി. കർബാനയുടെ പൊതുഫലം സമരസഭയ്ക്കും........

2) വി. കർബാനയുടെ പ്രത്യേകഫലം പ്രഥമതഃ

3) വി. കർബാന ഗാഗുൽത്തായിലെ ബലിയുടെ നവീകരണമാകയാൽ, അതിനു്....... മൂല്യമുണ്ടു്; എന്നാൽ നമുക്കു് ഓരോരുത്തർക്കും ലഭിക്കുന്ന അനുഗ്രഹങ്ങൾ...........

4) കൂടുതൽ ഭക്തിയോടുകൂടെ ദിവ്യബലിയിൽ പങ്കുകൊള്ളുന്ന ആർക്ക്............

5) കർബാനധർമ്മം വി. കുർബാനയുടെ........അല്ല; അതു്.....

## പ്രശ്നങ്ങൾ

1) ദിവ്യബലി ഈശോ സ്ഥാപിച്ചതെന്തിനാണു്?

(ഉത്തരം: (എ) കുരിശിലെബലി അനുസ്മരിച്ചും നവീകരിച്ചും കാഴ്ച വയ്ക്കാൻ. (ബി) കുരിശിലെ ബലിയുടെ ഫലം നമുക്കു തരുവാൻ. (സി) ദിവ്യകാരുണ്യസ്വീകരണംവഴി നമ്മളോടു ഐക്യപ്പെടുവാൻ. (ഡി) നമ്മോടുള്ള സ്നേഹം പ്രദർശിപ്പിക്കുവാൻ.

"ഞാൻ നിങ്ങളെ അനാഥരായി വിട്ടുംവച്ചു പോകയില്ല" (യോഹ. 14, 18).

2) ഏതെല്ലാം അനുഗ്രഹങ്ങളാണു ദിവ്യബലിവഴി ലഭിക്കുന്നതു്?

3) ജോൺ എപ്പോഴും പറയും: "കർബാനധമ്മം വാങ്ങിക്കൽ വെറും കച്ചവടമാണു്." ജോണിനു് എന്തു സമാധാനം നിങ്ങൾ നല്കും?

4) കുരിശിലെ ബലിയുടെ അനുഗ്രഹങ്ങൾ നമുക്കു ലഭിക്കുന്നതെങ്ങനെയാണു്?

ഉത്തരം: (ദിവ്യബലിവഴി കുരിശിലെ ബലിയുടെ ഫലങ്ങൾ നമുക്കു സംസിദ്ധമാകുന്നു. കുരിശിലെ രക്ഷാകരബലിയുടെ തുടർച്ചയാണു വി. കുർബാന. അങ്ങനെ എല്ലാ കാലത്തും സ്ഥലത്തുമുള്ളവക്കു ഗാഗുൽത്താ അടുത്തുവരുന്നു).

## പ്രായോഗികാഭ്യാസങ്ങൾ

1) ഞാൻ സൗകര്യമുള്ളപ്പോഴൊക്കെ വി. കർബാനയിൽ പങ്കുകൊണ്ടു പാപികൾക്കുവേണ്ടി അപേക്ഷിക്കും.

2. വി. കർബാന കുരിശിലെ ബലിയുടെ നവീകരണമാകയാൽ വി. കർബാനയുടെ സമയത്തു നമ്മുടെ കർത്താവിൻെറ പീഡാനുഭവത്തെപ്പററി ഞാൻ ധ്യാനിക്കും.



കൂടെക്കൂടെയുള്ള ദിവ്യകാരുണ്യസ്വീകരണത്തിന്റെ പാപ്പാ ആയ

വി. പത്താംപീയൂസ്

## പതിനൊന്നാമദ്ധ്യായം

# ദിവ്യകാരുണ്യസ്വീകരണം

വി. കർബാന അനുഭവിക്കുന്നതിനു പററിയ ഒരു വാക്കാണു ദിവ്യകാരുണ്യസ്വീകരണം. കർത്താവിൻെറ കാരുണ്യം കവിഞ്ഞൊഴുകുന്നതുകൊണ്ടാണല്ലോ അവിടുന്നു നമ്മുടെ ഓരോരുത്തരുടേയും ഹൃദയത്തിൽ എഴുന്നള്ളിവരുന്നത്.

ബലിയുടെ പൂർണ്ണതയ്ക്കുവേണ്ടി വൈദികൻ വി. കർബാന രണ്ടു സാദൃശ്യങ്ങളിലും ഉൾക്കൊള്ളുന്നു. ബലിയിൽ പങ്കുകൊള്ളുന്നവരും ബലിവസ്തു ഭക്ഷിക്കുവാൻ സമീപിക്കുന്നത് എത്രയും അഭികാമ്യമാണ്. മുമ്പു പ്രസ്താവിച്ചിട്ടുള്ളതുപോലെ ലത്തീൻറീത്തിലും മലബാർസുറിയാനിറീത്തിലും വിശ്വാസികൾക്കു കൂദാശചെയ്യപ്പെട്ട ഓസ്തി മാത്രമേ നല്കുന്നുള്ളൂ. അതേ ആവശ്യമുള്ളൂവെന്ന് അവിടെ വ്യക്തമാക്കിയിട്ടുമുണ്ട്. എന്നാൽ ബലിയുടെ ഇടയ്ക്കുതന്നെ വിശ്വാസികളും വി. കർബാന സ്വീകരിക്കുന്നത് എത്രയും ആശാസ്യമാണ്. അതിനാൽത്തന്നെയാണ്, വി. കർബാന കഴിയുന്നിടത്തോളം കർബാനയുടെ ഇടയ്ക്കുതന്നെ കൈക്കൊള്ളണമെന്നു നമ്മുടെ പ്രഥമ സമ്പൂർണ്ണദേശീയസൂനഹദോസു 1949-ൽ നിശ്ചയിച്ചത്.

## ദിവ്യകാരുണ്യസ്വീകരണത്തിനുള്ള കടമ

തിരിച്ചറിവുവന്ന കത്തോലിക്കരെല്ലാവരും ആണ്ടിലൊരിക്കൽ പെസഹാക്കാലത്തു വി.കർബാന സ്വീകരിക്കണം എന്നു തിരുസ്സഭ കല്പിക്കുന്നു. മരണാപകടത്തിലും നാം വി. കർബാന സ്വീകരിക്കണം. രോഗംനിമിത്തമുള്ള മരണാപകടത്തിലായിരിക്കണമെന്നി

ല്ല. സമരത്തിനിറങ്ങുമ്പോഴും മരണശിക്ഷ അനുഭവിക്കുവാൻ പോകുമ്പോഴും ഈദൃശമായ മററു സാഹചര്യങ്ങളിലും വി. കുർബാന സ്വീകരിക്കേണ്ടതുതന്നെ. അങ്ങനെ ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനു തിരുപ്പാഥേയമെന്നു പറയും. നിത്യത്വത്തിലേക്കുള്ള യാത്രയിൽ ദിവ്യഗുരു കൂടെയുണ്ടായിരിക്കുന്നതു് എത്ര ആശ്വാസപ്രദമാണു്!

## അടുത്തടുത്തുള്ള ദിവ്യകാരുണ്യസ്വീകരണം

സ്വർഗ്ഗലബ്ധിക്കുള്ള ഏറ്റവും സുരക്ഷിതമാർഗ്ഗം അടുത്തടുത്തുള്ള, അഥവാ, ദിനന്തോറുമുള്ള ദിവ്യകാരുണ്യസ്വീകരണമാണെന്നാത്രേ, പുണ്യവാനായ പത്താംപിയൂസു മാർപ്പാപ്പ ഇടവകവൈദികനായിരുന്ന കാലത്തുതന്നെ പറഞ്ഞുവന്നതു്. മാർപ്പാപ്പ ആയതിനുശേഷം 1904-ൽ തിരുമേനി നിശ്ചയിച്ചു, എല്ലാവക്കും എല്ലാ ദിവസവും വി. കുർബാന സ്വീകരിക്കാമെന്നും അങ്ങനെ സ്വീകരിക്കുന്നതു് ഉത്തമമാണെന്നും.

ഒരിക്കൽ ഒരു സ്നേഹിതൻ ഒരു യുവാവിനെ കാണാൻവന്നു. ആ യുവാവു പറയുകയാണു്: "ഇപ്പോഠം വലിയ തിരക്കാണു്. കഴിഞ്ഞയാഴ്ചയിൽ അദ്ദേഹത്തെ കണ്ടതാണല്ലോ. ഒരു കൊല്ലം കഴിയട്ടെ." ആ യുവാവിനെപ്പററി നിങ്ങളെന്തു പറയും? ആണ്ടിലൊരിക്കൽ വി. കുർബാന സ്വീകരിക്കുന്നവർ ഈ യുവാവിനെപ്പോലെയാണു്. നല്ല കത്തോലിക്കർ മാസത്തിലൊരിക്കലെങ്കിലും വി. കുർബാന സ്വീകരിക്കണം; തീക്ഷ്ണതയുള്ളവർ, ദിവസന്തോറും. വി. കുർബാന അടുത്തടുത്തു സ്വീകരിക്കുവാൻ യോഗ്യതയില്ലെന്നു കരുതുന്നവർ മനസ്സിലാക്കണം, വി. കുർബാന നമ്മുടെ യോഗ്യതയ്ക്കു സമ്മാനമല്ല; പ്രത്യുത, പുണ്യപരിപൂർണ്ണത സമ്പാദിക്കുവാനുള്ള മാർഗ്ഗമാണെന്നു്. വി. കുർബാന സ്വീകരിക്കുവാൻ വാസ്തവത്തിൽ ആക്കും യോഗ്യതയില്ല; തൻെറ ശരീരം ഭക്ഷിച്ചില്ലെങ്കിൽ നിത്യജീവനില്ലെന്നു് ഈശോ പറഞ്ഞിട്ടുള്ളതുകൊണ്ടാണു നാം വി. കുർ

ബാന സ്വീകരിക്കുന്നതു്. ചാവുദോഷമില്ലാത്തവർക്കെല്ലാം വി. കുർബാന കൈക്കൊള്ളാം.

## ദിവ്യകാരുണ്യസ്വീകരണത്തിൻെറ ഫലങ്ങൾ

ദിവ്യകാരുണ്യസ്വീകരണത്തിൻെറ പ്രഥമഫലം ശുദ്ധീകര വരപ്രസാദത്തിൻെറ വർദ്ധനമാണ്. "എൻെറ ശരീരം ഭക്ഷണംതന്നെയാണ്" എന്നത്രേ ദിവ്യഗുരു പ്രസ്താവിച്ചിട്ടുള്ളതു്. ഭക്ഷണം ശരീരശക്തി വർദ്ധിപ്പിക്കുന്നതുപോലെ ദിവ്യകാരുണ്യസ്വീകരണം ആത്മാവിൻെറ ശക്തി വർദ്ധിപ്പിക്കുന്നു.

ശുദ്ധീകരവരപ്രസാദത്തിൻെറ വർദ്ധനത്തോടൊപ്പം വിശ്വാസം, ശരണം, സ്നേഹം എന്ന പുണ്യങ്ങളും വർദ്ധിക്കുന്നു. ഇവയെല്ലാം ദൈവത്തോടുള്ള നമ്മുടെ ബന്ധം ശക്തിപ്പെടുത്തുന്നു. ക്രിസ്തുവിനോടുള്ള ബന്ധം ബലപ്പെടുത്തുന്നു. "എൻെറ ശരീരം ഭക്ഷിക്കുകയും രക്തം പാനംചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു" (യോ. 6, 57). ദൈവവുമായുള്ള ഐക്യത്തിൻെറ പ്രാരംഭമാണ് വിശ്വാസം; അതിനാൽ, ദൈവത്തോടുള്ള ഐക്യം ബലപ്പെടുത്തുന്നതും വിശ്വാസത്തിൻെറ രഹസ്യം എന്നറിയപ്പെടുന്നതുമായ ഈ ക്രൂദാശ നമ്മുടെ വിശ്വാസത്തെ വർദ്ധിപ്പിക്കുന്നു. ഈശോതന്നെ വി. കുർബാന സ്വീകരിക്കുന്നവർക്കു നിത്യജീവൻ വാഗ്ദാനം ചെയ്തിട്ടുണ്ടു്; അതിനാൽ, ദിവ്യകാരുണ്യസ്വീകരണംവഴി ശരണവും വർദ്ധിക്കുന്നു. "എൻെറ ശരീരം ഭക്ഷിക്കുകയും രക്തം പാനംചെയ്യുകയും ചെയ്യുന്നവനു നിത്യജീവനുണ്ടു്; അവസാനനാളുകളിൽ ഞാൻ അവനെ ഉയിർപ്പിക്കുകയും ചെയ്യും" (യോഹ. 6; 55). ദൈവസ്നേഹമാണു വി. കുർബാനയുടെ പ്രത്യേക ഫലം. ഒരു കഷണം മെഴുകിനോടുകൂടെ വേറൊരു കഷണം ഉരുക്കിച്ചേർത്താൽ രണ്ടുംകൂടെ ഒന്നാകുന്നതുപോലെ, ക്രിസ്തു തന്നെ സ്വീകരിക്കുന്നവരോടു സ്നേഹത്താൽ തന്നെത്തന്നെ ഒന്നിക്കുന്നു. ദിവ്യകാരുണ്യം പാപദോഷങ്ങൾക്കു പൊറുതിനല്കുന്നു; ചാവുദോ

ഷങ്ങളിൽനിന്നു നമ്മെ അകററിനിറുത്തുന്നു. ദൈവസ്നേഹം വർദ്ധിക്കുമ്പോൾ ദൈവത്തെ ദ്രോഹിക്കുവാൻ നാം ഭയപ്പെട്ടമെന്നതാണ് ഇതിനു കാരണം.

## വി. കർബാന സ്വീകരിക്കുന്നതിനുള്ള ഒരുക്കങ്ങൾ

ഒന്നാമത്, ഈ കൂദാശയെസ്സംബന്ധിച്ച് അറിവും അതു സ്വീകരിക്കുവാൻ നിയോഗവും വേണം. അതിനാൽ, കർബാന സ്വീകരിക്കുന്ന ആൾക്കു തിരിച്ചറിവ് ഉണ്ടായിരിക്കണം; അതായത്, അപ്പത്തിൻെറ സാദൃശ്യത്തിൽ ക്രിസ്തുവിൻെറ ശരീരവും രക്തവും ദൈവസ്വഭാവവും സ്വീകരിക്കുന്നുവെന്നു ബോധംവന്നിരിക്കണം. പലഹാരം തിന്നുന്നതുപോലെ അപ്പം ഭക്ഷിച്ചാൽ പോരാ; ആത്മശുദ്ധീകരണത്തെ ലാക്കാക്കി മിശിഹായുടെ ശരീരം ഭക്ഷിക്കുന്നുവെന്നു കരുതി അനുഭവിക്കണം.

ആത്മാവു ദൈവവരപ്രസാദത്തിലായിരിക്കണമെന്നുള്ളതാണു പ്രധാനമായ നിബന്ധന; അതായത്, ചാവുദോഷത്തിലോ മഹറോൻശിക്ഷയിലോ അകപ്പെട്ടിരിക്കരുത്. ചാവുദോഷത്തിൽ വീഴാൻ ഇടയായവർ കുമ്പസാരിച്ചു പാപമോചനം പ്രാപിക്കണം. പാവദോഷം മാത്രമേ മനസ്സാക്ഷിയെ ഭാരപ്പെടുത്തുന്നുള്ളുവെങ്കിൽ കുമ്പസാരിക്കാതെ വി. കർബാന സ്വീകരിക്കാവുന്നതാണ്. മനസ്താപപ്രകരണംവഴി അതിനു പൊറുതിപ്രാപിക്കാൻ ശ്രമിക്കണം. സാധാരണമായി പതിനഞ്ചുദിവസത്തിലൊരിക്കലെങ്കിലും കുമ്പസാരിക്കുന്നതു് ഉത്തമം. ഭക്തജനങ്ങൾ ആഴ്ചയിൽ ഒരിക്കൽ കുമ്പസാരിക്കുന്നു.

## ദിവ്യകാരുണ്യസ്വീകരണത്തിനുള്ള ഉപവാസം

ഇതുസംബന്ധിച്ചു 1957 മാർച്ച് 25-ാംതീയതി ഉണ്ടായിട്ടുള്ള നിയമങ്ങളാണ് ഇപ്പോൾ നിലവിലിരിക്കുന്നതു്. വി. കർബാ

ന സ്വീകരിക്കുന്നതിനു മൂന്നു മണിക്കൂർ മുമ്പുവരെ എന്തും ഭക്ഷിക്കാം; ഒരു മണിക്കൂർ മുമ്പുവരെ ദ്രാവകരൂപത്തിലുള്ള ഭക്ഷണസാധനങ്ങൾ കഴിക്കാവുന്നതാണ്; എന്നാൽ, ലഹരിപദാർത്ഥങ്ങൾ അനുവദനീയമല്ല; വായിൽ എത്തുമ്പോൾമാത്രം ദ്രാവകരൂപം സ്വീകരിക്കുന്ന മൊട്ടായി, ഐസ്ക്രീം, തുടങ്ങിയ പദാർത്ഥങ്ങളും അനുവദിച്ചിട്ടില്ല. ശുദ്ധജലം ഏതു സമയത്തും കുടിക്കാം.

## എങ്ങനെയാണു വി. കർബാന സ്വീകരിക്കേണ്ടതു്?

വി. കർബാനസ്വീകരണത്തിനു നിശ്ചയിച്ചിരിക്കുന്ന സ്ഥലത്തു മുട്ടുകുത്തുകയും വൈദികൻ നാവിൽ തിരുവോസ്തി സൗകര്യമായി വയ്ക്കത്തക്ക വിധത്തിൽ വായ് തുറക്കുകയും ചെയ്യുക രണ്ടു വിരലിൽ കൂടുതലായി വായ് തുറക്കേണ്ടാ. നാവിൻെറ അററം താഴത്തെ ചുണ്ടിൽ താങ്ങിയിരിക്കത്തക്കവിധം നാവു നീട്ടുന്നതാണ് ഉത്തമം. അതിൽ കൂടുതൽ നീട്ടുന്നതു് അഭംഗിയാണ്; മാത്രമല്ല അങ്ങനെ ചെയ്താൽ തിരുവോസ്തി താഴെപ്പോയെന്നും വരും.

## പരിശോധനാവിഷയം

1) പൂരിപ്പിക്കുക: (എ) വി. കർബാന പീഡാനുഭവത്തിൻേറയും കുരിശുമരണത്തിൻേറയും ആവർത്തനമായി പരിഗണിക്കുമ്പോൾ അതിൻെറ പേരു്............ എന്നാണ്.

(ബി) വി. കർബാനയിൽ വൈദികൻ.... .... സാദൃശ്യങ്ങളിലും മിശിഹായുടെ ശരീരവും രക്തവും സ്വീകരിക്കുന്നു.

(സി) ആണ്ടിലൊരിക്കലെങ്കിലും...........എല്ലാ കത്തോലിക്കരും വി. കർബാന സ്വീകരിക്കണം. അങ്ങനെ ചെയ്യാത്തവരുടെ കുററം........ദോഷമാകുന്നു.

(ഡി) മരണാപകടത്തിൽ വി. കർബാന സ്വീകരിക്കുന്നതിനു.... ........എന്നു പറയുന്നു.

2) വി. കർബാന സ്വീകരിക്കുന്നതിനുള്ള നിയോഗമെന്നു പറയുന്നതെന്താണ്?

3) വി. കർബ്ബാനസ്വീകരണത്തിനുമുമ്പ് എങ്ങനെയുള്ള പ്രാർത്ഥനകളാണ് ഉത്തമം?

(ഉത്തരം: വിശ്വാസത്തിൻേറയും ശരണത്തിൻേറയും സ്നേഹത്തിൻേറയും എളിമയുടേയും വികാരങ്ങൾ ജനിപ്പിക്കുന്ന പ്രാർത്ഥനകളാണ് ഉത്തമം. പാപങ്ങളെക്കുറിച്ചുള്ള മനസ്താപം അത്യന്താപേക്ഷിതമാണ്.)

## പ്രശ്നങ്ങൾ

1) എന്താണ് അരൂപിയ്ക്കടുത്ത ദിവ്യകാരുണ്യസ്വീകരണം?

(ഉത്തരം: കൂദാശയ്ക്കടുത്തവിധം ദിവ്യകാരുണ്യം സ്വീകരിക്കുവാൻ സൗകര്യമില്ലാത്തപ്പോൾ വി. കർബ്ബാന സ്വീകരിക്കുവാനുള്ള തീക്ഷ്ണമായ ആഗ്രഹമാണ് അരൂപിക്കടുത്ത ദിവ്യകാരുണ്യസ്വീകരണം.)

2) ജോൺ ദിവസന്തോറും വി. കർബ്ബാന കൈക്കൊള്ളുവാൻ ആഗ്രഹിക്കുന്നുണ്ട്. എന്നാൽ, കൂട്ടുകാർ ജോണിനെ "ശെമ്മാശൻ", "പുണ്യവാൻ" എന്നൊക്കെ വിളിച്ചു പരിഹസിക്കുന്നുണ്ട്. അതിനാൽ, ജോൺ ദിവസന്തോറും വി. കർബ്ബാന കൈക്കൊള്ളുന്നില്ല. നിങ്ങൾ ജോണിന് എന്തുപദേശം കൊടുക്കും?

3) "വി. കർബ്ബാനസ്വീകരണം ചാവുദോഷങ്ങൾക്കു പ്രത്യൗഷധമാണ്." എങ്ങനെ?

4) 1953 ജനുവരി 10-ാം തീയതിക്കു മുമ്പു വി. കർബ്ബാനസ്വീകരണത്തിനുള്ള ഉപവാസം എങ്ങനെയായിരുന്നു? എന്തിനാണ് ആ നിയമം ലഘൂകരിച്ചതു്?

5) ഒരാൾ മരണാപകടത്തിലാണെങ്കിൽ ഒരു ദിവസംതന്നെ രണ്ടാം പ്രാവശ്യവും വി. കർബ്ബാന സ്വീകരിക്കാമോ?

6) മേരി പറയുന്നു, ഓരോ ദിവ്യകാരുണ്യസ്വീകരണത്തിനുമുമ്പും കുമ്പസാരിക്കണമെന്നും ദിവസന്തോറും വി. കർബ്ബാന കൈക്കൊള്ളുന്നവർ ഇടയ്ക്കു് ഒരു ദിവ്യകാരുണ്യസ്വീകരണം മുടക്കിയാൽ കുമ്പസാരിക്കാതെ വി. കർബ്ബാന സ്വീകരിച്ചുകൂടെന്നും. ഈ അഭിപ്രായങ്ങൾ ശരിയോ?

7) പൗലിൻ ഒരു ദിവസം പല പാവദോഷങ്ങൾ ചെയ്തു. പിറേറദിവസം അവൾക്കു വി. കർബ്ബാന സ്വീകരിക്കാമോ?

(ഉത്തരം: സ്വീകരിക്കാം. പാവദോഷത്തിൽനിന്ന് അകന്നുനില്ക്കുവാൻ അനുഗ്രഹം പ്രാർത്ഥിക്കട്ടെ.)

## പ്രായോഗികാഭ്യാസങ്ങൾ

1. അനുദിനദിവ്യകാരുണ്യസ്വീകരണം സ്വർഗ്ഗലബ്ധിക്ക് ഏററം സുരക്ഷിതമായ മാർഗ്ഗമാണെന്നുള്ള പുണ്യവാനായ പത്താംപിയൂസ്മാർപ്പാപ്പയുടെ വാക്കുകൾ ഞാനും സ്വീകരിക്കുന്നു.

2. വി. കുർബാനയിൽ എഴുന്നള്ളിവരുന്ന ഈശോയെ സ്വീകരിക്കുവാൻ എൻെറ ശരീരത്തേയും എൻെറ നാവിനേയും ഞാൻ നിർമ്മലമായി കാക്കും.

3. വി. കുർബാന സ്വീകരിച്ചതിനുശേഷം പതിനഞ്ചു മിനിററുനേരത്തേക്കെങ്കിലും ഞാൻ കൃതജ്ഞതാപ്രകാശനം ചെയ്യും. എങ്ങനെയാണു കൃതജ്ഞത പ്രകാശിപ്പിക്കേണ്ടതെന്നു മുൻകൂട്ടി നിശ്ചയിക്കും. വേണമെങ്കിൽ, ഒരു പുസ്തകം ഉപയോഗിക്കും.



എന്റെ ദൈവമേ, നിന്നെ ഉപദ്രവിച്ചതിനാൽ ഞാൻ മനസ്തപിക്കുകയും സ്വർഗ്ഗസൗഭാഗ്യത്തിന്റെ നഷ്ടത്തെയും നരകത്തിന്റെ പീഡകളേയും ഞാൻ അത്യധികമായി ഭയപ്പെടുകയും ചെയ്യുന്നതിനാൽ, ഞാൻ എന്റെ പാപങ്ങളെ വെറുത്തുപേക്ഷിക്കുന്നു; എന്നാൽ, എല്ലാററിലും ഉപരിയായി, സർവ്വനന്മയും എന്റെ മുഴുവൻ സ്നേഹത്തിനർഹനുമായ നിന്നെ ഉപദ്രവിച്ചതിനാൽ ഞാൻ മനസ്തപിക്കുന്നു. നിന്റെ വരപ്രസാദത്തിന്റെ സഹായത്താൽ, എന്റെ പാപങ്ങളെ ഏററുപറയുവാനും വേണ്ട പരിഹാരം ചെയ്തു എന്റെ ജീവിതത്തെ നവീകരിക്കുവാനും ഞാൻ ഉറച്ചിരിക്കുന്നു. ആമ്മേൻ.

---

## പന്ത്രണ്ടാമദ്ധ്യായം

# കുമ്പസാരം

---

ആത്മാർത്ഥമായ മനസ്താപത്തോടേ പാപോച്ചാരണംചെയ്യുന്നവർക്ക് ക്രിസ്തുവിൽനിന്നുള്ള അധികാരത്തെ ആശ്രയിച്ചു പുരോഹിതൻ നല്കുന്ന പാപമോചനമാണു കുമ്പസാരമെന്ന കൂദാശ.

# പാപമോചനാധികാരം

1. പാപമോചനാധികാരം ക്രിസ്തുവിനുണ്ടായിരുന്നുവെന്നതു് സുവ്യക്തമാണു്. യഹൂദന്മാർ മാത്രമേ അതു ചോദ്യംചെയ്തിട്ടുള്ളു (മത്തായി 9, 2–8). ഒരു പക്ഷവാതരോഗിയോടു ഒരിക്കൽ ക്രിസ്തു ഇങ്ങനെ പറഞ്ഞു: "മകനേ, നീ ധൈര്യപ്പെട്ടുക; നിൻെറ പാപങ്ങൾ ക്ഷമിച്ചിരിക്കുന്നു." ഇതു കേട്ടുനിന്നിരുന്ന യഹൂദന്മാർ വിചാരിച്ചു, ക്രിസ്തു ദൈവദൂഷണം പറയുന്നുവെന്നു്. ക്രിസ്തു അവരുടെ വിചാരം മനസ്സിലാക്കിക്കൊണ്ടു ചോദിച്ചു: "നിങ്ങൾ എന്തിനു നിങ്ങളുടെ ഹൃദയത്തിൽ തിന്മ വിചാരിക്കുന്നു? ഏതാണു് എളുപ്പമെന്നു പറയുക: 'എഴുന്നേററു നടക്കുക' എന്നു പറയുന്നതോ, 'നിൻെറ പാപങ്ങൾ നിന്നോടു ക്ഷമിച്ചിരിക്കുന്നു' എന്നു പറയുന്നതോ? മനുഷ്യപുത്രനു പാപം മോചിക്കുവാൻ അധികാരമുണ്ടെന്നു നിങ്ങൾ അറിയുവാൻ—ആ പക്ഷവാതരോഗിയോടു അവൻ അരുൾചെയ്തു—എഴുന്നേററു നിൻെറ കട്ടിലുമെടുത്തുകൊണ്ടു് വീട്ടിലേക്കു പോവുക. അവൻ എഴുന്നേററു പോവുകയും ചെയ്തു. ജനതതി ഇതുകണ്ടു് ഇത്രയും അധികാരം മനുഷ്യനു നല്കിയ ദൈവത്തെ മഹത്വപ്പെടുത്തി." വ്യാജത്തെ സ്ഥിരീകരിക്കുന്നതിനു് അത്ഭുതം ചെയ്യുവാൻ ദൈവം തൻെറ ശക്തിനല്കുകയില്ല; അതിനാൽ, ക്രിസ്തുവിനു പാപമോചനാധികാരമുണ്ടായിരുന്നുവെന്നു് സിദ്ധിക്കുന്നു. ക്രിസ്തുവിൻെറ ദൈവത്വത്തിനു് ഇതു് ഒരു തെളിവുകൂടിയാണു്.

2) പത്രോസിനുശേഷം ശ്ലീഹന്മാൎക്കും പാപമോചനാധികാരം ക്രിസ്തു വാഗ്ദാനംചെയ്തു. കേസറിയായിൽവച്ചു ക്രിസ്തുവിൻെറ ദൈവത്വം ഏററുപറഞ്ഞ അവസരത്തിൽ പത്രോസിനോടു ക്രിസ്തു പറഞ്ഞു: "സ്വൎഗ്ഗരാജ്യത്തിൻെറ താക്കോലുകൾ നിനക്കു ഞാൻ തരും. ഭൂമിയിൽ നീ ബന്ധിക്കുന്നതെല്ലാം സ്വൎഗ്ഗത്തിലും ബന്ധിക്കപ്പെട്ടും; ഭൂമിയിൽ നീ അഴിക്കുന്നതെല്ലാം സ്വൎഗ്ഗത്തിലും അഴിക്കപ്പെട്ടും" (മത്തായി 16: 19). ഇതരശ്ലീഹന്മാൎക്കും ഏതാദൃശമായ ഒരു വാഗ്ദാനം ലഭിച്ചിട്ടുണ്ടു്. "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു:

"ഭൂമിയിൽ നിങ്ങൾ ബന്ധിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും ബന്ധിക്കപ്പെടും. ഭൂമിയിൽ നിങ്ങൾ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെടും" (മത്തായി 18: 18)

3) ശ്ലീഹന്മാർക്കും അവരുടെ പിൻഗാമികൾക്കും ക്രിസ്തു പാപമോചനാധികാരം നല്കുകയുണ്ടായി. ഉയിർപ്പുദിവസം വൈകുന്നേരം അവിടുന്നു ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ട് ഇങ്ങനെ പറഞ്ഞു: "ആകാശത്തിലും ഭൂമിയിലും എനിക്കു സകലാധികാരങ്ങളും നല്കപ്പെട്ടിരിക്കുന്നു. എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു." ഇതു പറഞ്ഞതിനുശേഷം അവരുടെമേൽ ഊതിക്കൊണ്ട് ഇങ്ങനെ പറഞ്ഞു: "നിങ്ങൾ പവിത്രാത്മാവിനെ സ്വീകരിപ്പിൻ. നിങ്ങൾ ആരുടെ പാപങ്ങൾ മോചിക്കുന്നുവോ അവ മോചിക്കപ്പെടും; നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെടും" (യോഹ. 20: 21—23).

ശ്ലീഹന്മാരുടെകാലം മുതല്ക്കുതന്നെ പാപം ഏററു പറയുന്ന സമ്പ്രദായം തിരുസ്സഭയിലുണ്ടായിരുന്നുവെന്നു വേദപുസ്തകത്തിൽനിന്നുതന്നെ സ്പഷ്ടമാണ്. എഫേസൂസിലെ ക്രിസ്ത്യാനികളെപ്പററി നടപടിപ്പുസ്തകത്തിൽ ഇങ്ങനെ വായിക്കുന്നു: "വിശ്വസിച്ചിരുന്നവർ പലരും വന്നു തങ്ങളുടെ സമ്പ്രദായങ്ങളെല്ലാം ഏററുപറഞ്ഞു" (19: 18).

പുരോഹിതരോടുപാപങ്ങൾ ഏററുപറയാതെ പാപപ്പൊറുതി ലഭിക്കുകയില്ലെന്നു സഭാപിതാക്കന്മാർ പൊതുവെ പഠിപ്പിക്കുന്നു. സെൻറു ജോൺ ക്രിസോസ്റ്റം പറയുന്നു: "മനുഷ്യരോടു പാപം ഏററുപറഞ്ഞു കമ്പസാരിക്കുവാൻ ലജ്ജിക്കുന്നവർ വിധിദിവസത്തിൽ സകലരുടേയും മുമ്പിൽ ലജ്ജിതരാകും." പാപോച്ചാരണത്തിന്റെ പ്രാധാന്യംനിമിത്തം പാപങ്ങൾ പരസ്യമായി ഏററുപറയുക എന്നതായിരുന്നു ആദ്യത്തെ നാലഞ്ചു ശതാബ്ദങ്ങളിലെ സമ്പ്രദായം.

## പാപങ്ങൾ മോചിക്കലും ബന്ധിക്കലും

പാപങ്ങൾ മോചിക്കുവാൻ മാത്രമല്ല ശ്ലീഹന്മാർക്കു ക്രിസ്തു

അധികാരം കൊടുത്തതു്; പാപങ്ങൾ ബന്ധിക്കുവാനും ശ്ലീഹന്മാർക്കു് അധികാരം കൊടുത്തിട്ടുണ്ടു്. അതിനാൽ, പാപമോചനത്തെ സംബന്ധിച്ചു വേണ്ട നിയമങ്ങൾ ഉണ്ടാക്കുവാൻ തിരുസ്സഭയ്ക്കു പൂർണ്ണാധികാരമുണ്ടെന്നു സിദ്ധിക്കുന്നു. അതുകൊണ്ടു്, ത്രെന്തോസ് സൂനഹദോസു സുവ്യക്തമായി പഠിപ്പിക്കുന്നതു്, ചാവുദോഷം ചെയ്തവർക്കു കുമ്പസാരിക്കുവാൻ സൗകര്യമുണ്ടെങ്കിൽ കുമ്പസാരംകൂടാതെ പാപപ്പൊറുതി ലഭിക്കുകയില്ല എന്നാണു്. കുമ്പസാരിക്കുവാൻ സൗകര്യമില്ലെങ്കിൽ പാപങ്ങളെപ്രതി ഉത്തമമനസ്താപവും സൗകര്യമുണ്ടാകുമ്പോൾ കുമ്പസാരിക്കുവാൻ സന്നദ്ധതയും ഉണ്ടായാലേ പാപപ്പൊറുതി ലഭിക്കുകയുള്ളൂ. അങ്ങനെ പാപപ്പൊറുതി നേടുന്നവർ, സൗകര്യമുണ്ടായിട്ടും കുമ്പസാരിക്കാതിരിക്കയാണെങ്കിൽ, ചാവുദോഷത്തിൽ നിപതിക്കുന്നു.

പാപമോചനത്തിനുള്ള അധികാരം ശ്ലീഹന്മാർക്കും ശ്ലീഹന്മാരുടെ പിൻഗാമികൾക്കും ഉണ്ടെന്നു നാം ധരിച്ചിരിക്കണം. ശ്ലീഹന്മാർക്കു കൊടുത്തിട്ടുള്ള മററു പല അധികാരങ്ങളും ശ്ലീഹന്മാരുടെ പിൻഗാമികൾക്കും കൊത്തിട്ടുണ്ടെന്നാണല്ലോ നാം മനസ്സിലാക്കുന്നതു്; എല്ലാക്കാലത്തും ലോകത്തിൽ പാപമുണ്ടായിരിക്കുകയും ചെയ്യും. അതിനാൽ, മാമ്മോദീസാ മുക്കുവാനും കുർബാന ചൊല്ലുവാനുമുള്ള അധികാരമെന്നതുപോലെ പാപമോചനത്തിനുള്ള അധികാരവും ശ്ലീഹന്മാരുടെ പിൻഗാമികൾക്കു നല്കിയിട്ടുണ്ടെന്നു ന്യായ്യമായി അനുമിക്കാം.

പാപങ്ങൾ ബന്ധിക്കുവാൻകൂടി വൈദികർക്കു് അധികാരം ലഭിച്ചിട്ടുള്ളതുകൊണ്ടു് ഒരു കാര്യവുംകൂടി സുവ്യക്തമാണു്: അതായതു്, പാപം ഏതെങ്കിലുംവിധത്തിൽ വൈദികനെ മനസ്സിലാക്കിയേ മതിയാവൂ. ആദ്യകാലങ്ങളിൽ പാപങ്ങൾ പരസ്യമായി ഏററു പറയുകയായിരുന്നു പതിവു്; അനന്തരകാലങ്ങളിൽ ഏതാണ്ടു് എട്ടാംനൂററാണ്ടോടുകൂടി രഹസ്യകുമ്പസാരം നടപ്പിൽവന്നു.

## എന്തിനു രഹസ്യകുമ്പസാരം

കുമ്പസാരം കേൾക്കുന്ന വൈദികനു ഒരു അധ്യാപകന്റേയും

39148

ഒരു വിധിയാളൻെറയും ഒരു വൈദ്യൻെറയും ചുമതലകളാണു നിർവ്വഹിക്കുവാനുള്ളതു്. എന്നാൽ, കേസ് കേൾക്കാതെ വിധിയെഴുതുവാൻ സാധിക്കുമോ? അതിനാൽ, പാപങ്ങളും അവയുടെ സാഹചര്യങ്ങളും നാം തന്നെ ഏററുപറയണം. വൈദികൻ നമ്മുടെ മനസ്താപത്തേയും ആത്മാർത്ഥതയേയും സംബന്ധിച്ചു്, വേണമെങ്കിൽ, ചോദ്യങ്ങൾ ചെയ്തു യഥാർത്ഥസ്ഥിതി മനസ്സിലാക്കി, പാപമോചനം നല്കുകയോ നല്കാതിരിക്കുകയോ ചെയ്യുന്നു.

മനസ്താപത്തെപ്പററി പ്രതിപാദിച്ചപ്പോൾ വിശദമാക്കിയിട്ടുള്ളതുപോലെ, പാപത്തെപ്പററിയുള്ള അനുതാപംമാത്രം മതിയാകയില്ല; ഭാവിപാപങ്ങൾ വജ്ജിക്കുവാനുള്ള ദൃഢമായ പ്രതിജ്ഞയും വേണം. ഒരാദ്ധ്യാത്മികവൈദ്യനെന്ന നിലയിൽ രോഗത്തിൻെറ മൂലകാരണങ്ങൾ കണ്ടുപിടിച്ചു വൈദികൻ ഉത്തമമായ ഉപദേശങ്ങൾ നല്കുന്നു; പാപത്തിൽനിന്നു് അകന്നിരിക്കുവാൻ ആവശ്യകമായ മാർഗ്ഗങ്ങളും അദ്ദേഹം നിർദ്ദേശിച്ചുകൊടുക്കുന്നു. അനുതാപിക്കു വിദഗ്ദ്ധമായ നിർദ്ദേശങ്ങൾ നല്കുന്നതിനു വൈദികൻെറ ആദ്ധ്യാത്മികവിജ്ഞാനം ഉപകരിക്കുന്നു.

ആകയാൽ, പാപങ്ങൾ വൈദികൻെറ ചെവിയിൽ പറയണമെന്നു വേദപുസ്തകം നിർദ്ദേശിച്ചിട്ടില്ലെങ്കിലും, പാപങ്ങൾ ബന്ധിക്കുവാനും മോചിക്കുവാനുമായി വൈദികനു ലഭിച്ചിരിക്കുന്ന അധികാരം വിനിയോഗിക്കുവാൻ വൈദികനോടു പാപം പറയേണ്ടതായിട്ടാണിരിക്കുന്നതു്. പ്രാചീനകാലത്തിലെന്നതുപോലെ അനുതാപിക്കു പരസ്യമായി പാപങ്ങൾ വിളിച്ചുപറയാവുന്നതാണു്; എന്നാൽ, കാരുണ്യവതിയായ തിരുസ്സഭാമാതാവു് നമ്മെ വേദനിപ്പിക്കാതിരിക്കുവാനും നമ്മുടെ സൽകീർത്തി സംരക്ഷിക്കുവാനുമായി രഹസ്യക്കുമ്പസാരം മതിയെന്നു നിശ്ചയിച്ചു. പാപമോചനാധികാരം സഭയുടെ വിവേചനത്തിനു വിട്ടുകൊടുത്തിരിക്കയാൽ, കാലാനുസൃതമായ നിയമങ്ങൾ തിരുസ്സഭയ്ക്കു് ഉണ്ടാക്കാമല്ലോ. കുമ്പസാരത്തിൽ വൈദികൻ കേൾക്കുന്ന സംഗതികൾ എത്രയും രഹസ്യമായി പാലിക്കേണ്ടതാണെന്നും തിരുസ്സഭ നിശ്ചയിച്ചു; ഏതെങ്കിലും

വൈദികൻ രഹസ്യം പാലിക്കാതിരിക്കയാണെങ്കിൽ കഠിനമായ മഹറോൻശിക്ഷയ്ക്കാണ് അദ്ദേഹം വിധേയനാകുന്നത്.

## കുമ്പസാരാനുവാദം

ചങ്ങനാശ്ശേരി അതിരൂപതയിലെ ഒരു വൈദികൻ എറണാകുളം കത്തീഡ്രലിൽ കുർബാനചൊല്ലി കൃതജ്ഞതാസ്തോത്രം ചെയ്തുകൊണ്ടിരിക്കുമ്പോൾ ഒരാൾ പാപസങ്കീർത്തനം ചെയ്യുന്നതിന് അദ്ദേഹത്തെ സമീപിച്ചു. അദ്ദേഹം പറയുകയാണ്: "എനിക്ക് ഇവിടെ കുമ്പസാരിപ്പിക്കുവാൻ അധികാരമില്ല." അത്യുൽകൃഷ്ടമായ വി. കുർബാനബലി സമർപ്പിച്ച വൈദികനു കുമ്പസാരാനുവാദമില്ലെന്നു കേട്ടപ്പോൾ ആ അനുതാപിയൊന്നു ഞെട്ടി. പക്ഷേ, അങ്ങനെ ഞെട്ടേണ്ട കാര്യമൊന്നുമില്ല. പുരോഹിതാഭിഷേകത്തോടുകൂടെ പാപമോചനം നല്കുവാനുള്ള അധികാരം ലഭിക്കുന്നു; എന്നാൽ, അതു പ്രയോഗിക്കുവാനുള്ള അധികാരം ലഭിക്കുന്നില്ല. നിയമവിദഗ്ദ്ധനായ ഒരു ഭിഭാഷകനു ഭംഗിയായിട്ടു കേസുവിചാരണചെയ്തു വിധിക്കുവാൻ കഴിഞ്ഞേക്കും; എന്നാൽ, വിധിയാളനായി നിയമിതനായാലേ വിധിക്കു പ്രസക്തിയുള്ളു. ഒരു നിശ്ചിതസ്ഥലത്തു പാപമോചനാധികാരം പ്രയോഗിക്കുവാൻ ആ സ്ഥലത്തെ മെത്രാൻെറ പക്കൽനിന്ന് ഒരു അധികാരപത്രം വാങ്ങണം. അതിനാണു കുമ്പസാരാനുവാദമെന്നു പറയുന്നത്.

## കുമ്പസാരമെന്ന കൂദാശയുടെ കർമ്മസ്വരൂപം

"പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ നിൻെറ പാപങ്ങൾ ഞാൻ മോചിക്കുന്നു" എന്ന വൈദികൻെറ വാക്കുകളാണു കുമ്പസാരമെന്ന കൂദാശയുടെ കർമ്മസ്വരൂപം. ഈ വാക്കുകൾ ചൊല്ലുമ്പോൾ അനുതാപി വൈദികൻെറ സമീപത്തു് ഉണ്ടായിരിക്കണം. അതിനാൽ, വൈദികൻെറ ആശീ

ർവ്വാദം സ്വീകരിക്കുന്നതിനുമുമ്പ് അനുതാപി കുമ്പസാരസ്ഥലത്തു നിന്ന് എഴുന്നേററുപോകരുത്. ആ സമയത്തു് അനുതാപി "മന സ്താപപ്രകരണം" ചൊല്ലുന്നതു് ഉത്തമം.

## കർമ്മസാധനം

കുമ്പസാരമെന്ന കൂദാശയുടെ കർമ്മസാധാനം അനുതാപിയുടെ പാപങ്ങളാണ്; അഥവാ, മനസ്താപത്തോടെയുള്ള പാപോച്ചാരണമാണ്. വൈദികൻ പാപമോചനാശീർവ്വാദം നല്കുമ്പോൾ പാപങ്ങൾക്കെല്ലാം മോചനം സിദ്ധിക്കുന്നു.

## പിടിക്കപ്പെട്ട പാപങ്ങൾ

ചില രൂപതകളിൽ ചില പാപങ്ങൾ മോചിക്കുവാനുള്ള അധികാരം സാധാരണവൈദികർക്ക് ഉണ്ടായിരിക്കുന്നതല്ല. വാർഷികധ്യാനം, ആണ്ടുകുമ്പസാരം, വിവാഹം മുതലായ സന്ദർഭങ്ങളിൽ എല്ലാ വൈദികർക്കും എല്ലാ പാപങ്ങളും മോചിക്കാം; മററു സന്ദർഭങ്ങളിൽ, സാധാരണമായി, സ്ഥലത്തെ മെത്രാൻെറ പ്രത്യേകാനുവാദം വേണ്ടിവരും, അത്തരം പാപങ്ങൾ മോചിക്കുവാൻ. അങ്ങനെ മെത്രാന്മാർ പിടിച്ചുവച്ചിരിക്കുന്ന പാപങ്ങൾക്കു "പിടിക്കപ്പെട്ട പാപങ്ങൾ" എന്നു പറയും. പാപങ്ങളുടെ ഗൗരവം ഗ്രഹിപ്പിക്കാനാണ്, ചില പാപങ്ങൾ ഇങ്ങനെ പിടിക്കുന്നതു്. മരണാപകടത്തിൽ ഏതു വൈദികനും ഏതു പാപങ്ങളും മോചിക്കുവാൻ അധികാരമുണ്ട്.

## കുമ്പസാരത്തിനുവേണ്ട കാര്യങ്ങൾ

കുമ്പസാരം യോഗ്യമായി കഴിക്കുന്നതിന് അഞ്ചു കാര്യങ്ങൾ

**വേണം: 1) പരമാത്ഥമായ ആത്മശോധന (2) ശരിയായ മനസ്താപം (3) ദൃഢമായ പ്രതിജ്ഞ (4) പാപപ്പോച്ചാരണം (5) പ്രായശ്ചിത്തം നിറവേററുവാനുള്ള സന്നദ്ധത.**

## പരിശോധനാവിഷയം

പൂരിപ്പിക്കുക.

1. പ്രത്യേകാനുവാദത്തോടുകൂടെ മാത്രം മോചിക്കപ്പെടാവുന്ന പാപങ്ങൾ .... .... .... എന്നു പറയുന്നു.

2. ഒരു പാപി .... .... .... ഏതു വൈദികനും അയാളുടെ പാപങ്ങൾ മോചിക്കാം

3. ജ്ഞാനസ്നാനത്തിനുശേഷം .... .... .... ചെയ്തിട്ടുള്ളവക്കെല്ലാം കുമ്പസാരം അത്യാവശ്യമാണ്.

4. കുമ്പസാരത്തിൻെറ കർമ്മസാധനം .... ....കമ്മസ്വരൂപം ........

5. പുരോഹിതാഭിഷേകത്തോടുകൂടി വൈദികനു പാപമോചനാധികാരം സിദ്ധിക്കുന്നു; എന്നാൽ, ഈ അധികാരം പ്രയോഗിക്കണമെങ്കിൽ....

6. നാം പാപപ്പോച്ചാരണംചെയ്യുമ്പോൾ, കുമ്പസാരം കേൾക്കുന്ന വൈദികൻ ഒരു അദ്ധ്യാപകനെപ്പോലേയും .... .... ....

7. പാപങ്ങൾ .... .... .... അധികാരം തനിക്കുണ്ടെന്നു തെളിയിക്കുവാൻ ക്രിസ്തു .... .... ....

8. പാപമോചനാധികാരം ശ്ലീഹന്മാർക്കും .... .... .... .... ക്രിസ്തു നല്കി.

## പ്രശ്നങ്ങൾ

1. "വേദപുസ്തകമൊരിടത്തും പറയുന്നില്ല, നമ്മുടെ പാപങ്ങൾ വൈദികരുടെ ചെവിയിൽ പറയണമെന്ന്." നിങ്ങൾ ഈ ആക്ഷേപത്തിന് എങ്ങനെ മറുപടിപറയും?

2. വിൽസൺ ചോദിക്കുകയാണ്: "ഞായറാഴ്ചദിവസങ്ങളിൽ പ്രസംഗവേദിയിൽ നിന്നുകൊണ്ട്, വൈദികന് എല്ലാവരുടേയും പാപ

ങ്ങൾ ഒന്നിച്ചുമോചിച്ചുകൂടേ?" വിൽസൻെറ ചോദ്യത്തിനു നിങ്ങൾ എന്തു മറുപടി പറയും?

3. മദ്രാസിൽനിന്നു് ഒരു വൈദികൻ നിങ്ങളുടെ പള്ളിയിൽ വന്നുവെന്നു കരുതുക. അദ്ദേഹത്തിനു നിങ്ങളുടെ പാപങ്ങൾ മോചിക്കാമോ? ലോകത്തിൽ എല്ലായിടത്തും പാപമോചനം നല്കാവുന്ന വല്ല വൈദികന്മാരോ മെത്രാന്മാരോ ഉണ്ടോ?

4) പ്രോട്ടസ്റ്റൻറുകാരനായ ജാക്ക് പറയുന്നു: "ഞാൻ എൻെറ പാപങ്ങൾ ദൈവത്തോടു നേരിട്ടു കുമ്പസാരിക്കും." ജാക്കിൻെറ നിലപാടു വേദപുസ്തകം ന്യായീകരിക്കുന്നുണ്ടോ?

5. കുമ്പസാരരഹസ്യം പാലിക്കുവാൻ രക്തസാക്ഷിത്വം വഹിച്ച ഒരു വൈദികൻെറ പേരു പറയുക.

(ഉത്തരം: സെൻറു് ജോൺ നെപുംസ്യാൻ)

6. ഒരു വൈദികൻ പാപമോചനാശീർവാദം നല്കുമോ, നിങ്ങൾക്കു പാപമൊന്നുമില്ലെന്നു പറഞ്ഞാൽ? പ്രഭാതജപം ഒന്നുരണ്ടുദിവസം മുടങ്ങിപ്പോയെന്നുമാത്രം കുമ്പസാരിച്ചാൽ?

7 വൈദികൻ പാപമോചനം നല്കുമ്പോൾ നിങ്ങൾ എന്തു ചെയ്യണം? എപ്പോഴാണു കുമ്പസാരക്കൂട്ടിൽനിന്നു് എഴുന്നേററു പോകേണ്ടതു്?

8. ധൂർത്തപുത്രൻെറ ചരിത്രം (ലൂക്കാ, 15: 11-32) വിവരിച്ചു കുമ്പസാരമെന്ന കൂദാശയുടെ വിവിധവശങ്ങൾ ഉദാഹരിക്കുക.

## പ്രായോഗികാഭ്യാസങ്ങൾ

1. കുമ്പസാരമെന്ന കൂദാശ ക്രിസ്തു സ്ഥാപിച്ചില്ലായിരുന്നുവെങ്കിൽ പാപപ്പൊറുതി സിദ്ധിച്ചുവെന്നു നമുക്കു് ഉറപ്പുണ്ടാകുമായിരുന്നോ? ഒരു വലിയ പാപം ചെയ്യാനിടയാകയും കുമ്പസാരിക്കുന്ന സമ്പ്രദായം ഇല്ലാതിരിക്കുകയും ചെയ്കയാണെങ്കിൽ നിങ്ങളുടെ മനോവേദന എത്രമാത്രമാകുമായിരുന്നു! ഇതിനെപ്പററി ചിന്തിച്ചു കുമ്പസാരമെന്ന കൂദാശ സ്ഥാപിച്ചതിനു ദൈവത്തോടു നന്ദിപറയുക.

2. കുമ്പസാരത്തിനുശേഷം ഞാൻ കർത്താവിനോടു നന്ദിപറയും, ഈ കൂദാശ സ്ഥാപിച്ചതിനും എൻെറ പാപങ്ങളെല്ലാം ക്ഷമിച്ചതിനും.

## പതിമ്മൂന്നാമദ്ധ്യായം

# മനസ്താപം

മനുഷ്യന്റെ അന്ത്യമായ ദൈവത്തിൽനിന്ന് അകലുകയും സൃഷ്ടിയിലേക്കു ക്രമരഹിതമാകുംവണ്ണം അടുക്കുകയും ചെയ്യുന്നതാണു പാപം. അതിനുനേരേ വിപരീതമായ ഗതിയാണു മനസ്താപം. പാപകരമായ ആനന്ദം കണ്ടെത്തിയ സൃഷ്ടികളിൽനിന്ന് അകന്നു ദൈവത്തിങ്കലേക്കു സമീപിക്കുമ്പോൾ നമ്മുടെ ഹൃദയത്തിൽ മനസ്താപമുണ്ടെന്നു പറയാം. ത്രെന്തോസ്സൂനഹദോസു മനസ്താപത്തെ ഇങ്ങനെ വിവരിക്കുന്നു: "ചെയ്തുപോയ പാപങ്ങളെപ്രതി മനോദുഃഖവും സങ്കടവും പാപത്തോടുള്ള വെറുപ്പും ഭാവിയിൽ പാപംചെയ്കയില്ലെന്നുള്ള ദൃഢനിശ്ചയവുമാണു മനസ്താപം."

കുമ്പസാരം വാസ്തവമാകണമെങ്കിൽ മനസ്താപം കൂടിയേ കഴിയൂ. അല്ലാതെ പാപപ്പൊറുതി ലഭിക്കയില്ല. മനസ്താപംകൂടാതെ ചാവുദോഷം ഏററുപറഞ്ഞു കുമ്പസാരിക്കുന്നവർക്കു പാപത്തിനു മോചനം സിദ്ധിക്കുന്നില്ലെന്നു മാത്രമല്ല, അവർ ഗുരുതരമായ ഒരു ദൈവദോഷംകൂടെ ചെയ്യുന്നു.

മനസ്താപം നമ്മുടെ മനസ്സിന്റെ അഥവാ, ഇച്ഛാശക്തിയുടെ പ്രവർത്തനമാണ്. പാപത്തിൽനിന്നു മനസ്സു ദൈവത്തിങ്കലേക്കു തിരിയുമ്പോൾ മനസ്താപമുണ്ടാകുന്നു. എന്നാൽ, ഇച്ഛാശക്തി പ്രവർത്തിക്കുന്നതു ബുദ്ധിക്കു പറയുവാനുള്ളതു ഗ്രഹിച്ചതിനുശേഷമാണു. പരിശുദ്ധനായ ദൈവത്തിന്റെ മുമ്പിൽ പാപം എത്ര നിന്ദ്യമാണെന്നും, പാപത്തിൽനിന്നു മനുഷ്യരെ രക്ഷിക്കുവാൻ നരദൈവമായ ക്രിസ്തു എന്തുമാത്രം പീഡകൾ സഹിച്ചുവെന്നും മനസ്തപിക്കാതെ മരിക്കുന്നവർക്കു ശുദ്ധീകരസ്ഥലത്തിലോ നരകത്തിലോ എന്തെ

ല്ലാം ശിക്ഷകളാണു കാത്തുനില്ക്കുന്നതെന്നും ബുദ്ധിശക്തി മനസ്സിലാക്കിക്കൊടുക്കുമ്പോൾ, മനസ്സു സ്വതന്ത്രമായി നിശ്ചയിക്കുന്നു, ദൈവത്തിങ്കലേയ്ക്കു പിന്തിരിയുവാൻ; അവിടുത്തെ അന്വേഷിക്കുവാൻ.

മനസ്താപം രണ്ടുതരമുണ്ട്: പൂർണ്ണവും അപൂർണ്ണവും. എന്തുകൊണ്ടു പാപത്തെപ്രതി മനസ്തപിക്കുന്നുവെന്ന ചോദ്യത്തിന്റെ ഉത്തരത്തെ അടിസ്ഥാനപ്പെടുത്തിയാണു മനസ്താപത്തെ ഇങ്ങനെ വേർതിരിക്കുന്നതു്.

## പൂർണ്ണമനസ്താപം, അഥവാ, ഉത്തമമനസ്താപം

അനന്തനന്മയായ സർവ്വേശ്വരനെയാണു ദ്രോഹിച്ചതെന്നുള്ള ചിന്തയിൽനിന്ന് ഉൽഭൂതമാകുന്ന മനസ്താപമാണു പൂർണ്ണമനസ്താപം. അപ്പോൾ, മററുസംഗതികളെല്ലാം വിസ്മരിച്ചു ദൈവത്തിന്റെ നന്മയെപ്പററിമാത്രം നാം ചിന്തിക്കുന്നു; അവിടുത്തെമാത്രം അന്വേഷിക്കുന്നു; സമസ്തവസ്തുക്കളെക്കാൾ ഉപരിയായി അവിടുത്തെ സ്നേഹിക്കുന്നു. സകലസ്നേഹത്തിനും യോഗ്യനായ സർവേശ്വരനോടുള്ള സ്നേഹത്തിനു വന്ന ഭംഗത്തെയോർത്തുള്ള മനസ്താപമാണു പൂർണ്ണമനസ്താപം, അഥവാ, ഉത്തമമനസ്താപം. അതിനെ വാക്കുകളിൽ ഇങ്ങനെ പ്രകാശിപ്പിക്കാം:

"സകലനന്മസ്വരൂപിയും സകലസ്നേഹത്തിനും യോഗ്യനുമായ സർവേശ്വരാ; അങ്ങയെ ഞാൻ സ്നേഹിക്കുന്നു; പാപംവഴി അങ്ങയെ ദ്രോഹിച്ചതിനാൽ ഞാൻ മനസ്തപിക്കുന്നു; പാപത്തെ വെറുക്കുകയും ചെയ്യുന്നു."

## അപൂർണ്ണമനസ്താപം

പാപത്തിന്റെ ഗൗരവത്തെക്കുറിച്ചോ അതിനുള്ള ശിക്ഷകളെക്കുറിച്ചോ മനസ്തപിക്കുന്നതു് അപൂർണ്ണമനസ്താപം, അഥവാ, അ

ധമമനസ്താപം. പാപം ദൈവത്തോടുചെയ്ത അനീതിയും അവിടുത്തോടുള്ള കൃതഘ്നതയും അനുസരണക്കുറവുമാണെന്നു പാപത്തിന്റെ ഗൗരവത്തെപ്പററി ചിന്തിക്കുമ്പോൾ നമുക്കു ബോധപ്പെടുന്നതാണ്. മിശിഹായുടെ മൗതികശരീരത്തിലെ ഒരംഗത്തിന് തീരെ യോജിച്ചതല്ല പാപം എന്നും നമുക്കുതോന്നും. നരകശിക്ഷയെപ്പററി ചിന്തിക്കുന്നവർ ചാവുദോഷത്തേയും ശുദ്ധീകരസ്ഥലത്തേപ്പററി ചിന്തിക്കുന്നവർ പാവദോഷത്തേയുംപ്രതി മനസ്തപിക്കും. ഇങ്ങനെയുണ്ടാകുന്ന മനസ്താപത്തിന് അപൂർണ്ണമനസ്താപമെന്നു പേർ. പൂർണ്ണമനസ്താപത്തിന്റെ അടിസ്ഥാനത്തോളം ഉൽകൃഷ്ടമല്ലല്ലോ അപൂർണ്ണമനസ്ഥാപത്തിന്റെ അടിസ്ഥാനം. അതാണു രണ്ടുപേരുകളുടെ ഉൽപത്തിക്കുള്ള നിദാനം. പൂർണ്ണമനസ്താപത്തിൽ സ്വാർത്ഥത്തിന്റെ കലർപ്പില്ല; നല്ലവനായ ദൈവത്തെ ദ്രോഹിച്ചതുമാത്രം ചിന്തിക്കുന്നു. അപൂർണ്ണമനസ്താപത്തിൽ സ്വാത്ഥത്തിന്റെ സ്വല്പം കലർപ്പുണ്ട്; കാരണം, നിത്യതത്തിൽ നമ്മുടെ ആത്മാവിന്റെ സ്ഥിതി എങ്ങനെ നേടാമെന്നാണു നമ്മുടെ പ്രഥമ ചിന്ത. അപൂർണ്ണമനസ്താപം ഇങ്ങനെ വാക്കുകളിൽ പ്രകാശിപ്പിക്കാം:

"എന്റെ ദൈവമേ, അങ്ങയെ ദ്രോഹിച്ചതിനാൽ ഞാൻ മനസ്തപിക്കുന്നു; പാപത്തെ ഞാൻ വെറുക്കുന്നു; എന്തുകൊണ്ടെന്നാൽ, മോക്ഷത്തിന്റെ നഷ്ടവും നരകത്തിലെ പീഡകളും ഞാൻ അത്യധികം ഭയപ്പെടുന്നു."

## പൂർണ്ണമനസ്താപം ചാവുദോഷത്തെ നീക്കുന്നു

കുമ്പസാരിക്കുവാനുള്ള ആഗ്രഹത്തോടു ചേർന്നുനില്ക്കുന്ന പൂർണ്ണമനസ്താപം കുമ്പസാരിക്കുന്നതിനുമമ്പുതന്നെ ചാവുദോഷത്തിനു മോചനം തരുന്നു. പൂർണ്ണമനസ്താപം ദൈവത്തോടുള്ള പൂർണ്ണസ്നേഹത്തിനു തുല്യമാണ്. ദൈവത്തോടുള്ള പൂർണ്ണസ്നേഹം പാപങ്ങൾക്കു മോചനം നല്കുന്നുവെന്നു വേദപുസ്തകത്തിൽ പലസ്ഥലങ്ങളി

ല്ലം നാം വായിക്കുന്നുണ്ട്. ഒടുവിലത്തെ അത്താഴത്തിൽ ദിവ്യഗുരു ഇ ങ്ങനെ പറഞ്ഞിരിക്കുന്നു: "എന്നെ സ്നേഹിക്കുന്നവനെ എൻെറ പിതാവും സ്നേഹിക്കുന്നു. ഞാൻ അവനെ സ്നേഹിക്കുകയും എന്നെ ത്തന്നെ അവനു ഞാൻ വെളിപ്പെടുത്തുകയും ചെയ്യുന്നു. ആരെങ്കി ലും എന്നെ സ്നേഹിക്കുന്നെങ്കിൽ, അവൻ എൻെറ വാക്കുകൾ പാ ലിക്കും. എൻെറ പിതാവ് അവനെ സ്നേഹിക്കും; ഞങ്ങൾ അവ നിൽ വന്നു വസിക്കുകയും ചെയ്യും" (യോഹ. 14: 21—23). വീ ണ്ടും യോഹന്നാൻ എഴുതിയിരിക്കുന്നു: "ദൈവം സ്നേഹമാകുന്നു; സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വ സിക്കുന്നു"(1യോഹ. 4: 16). അനുതാപിയായ മഗ്ദലേനയെപ്പററി ക്രിസ്തു പറഞ്ഞ വാക്കുകൾ ചിന്തിക്കുക: "അവളോടു വളരെയധി കം ക്ഷമിച്ചിരിക്കുന്നു; എന്തുകൊണ്ടെന്നാൽ, അവൾ വളരെയധി കം സ്നേഹിച്ചു" (ലൂക്കാ 7:47).

ഉത്തമമനസ്താപംകൊണ്ടു ചാവുദോഷത്തിനു മോചനം സി ദ്ധിക്കണമെങ്കിൽ, കുമ്പസാരിക്കുവാനുള്ള ദൃഢമായ ആഗ്രഹം ഉ ണ്ടായിരിക്കണം. ഉത്തമസ്നേഹമുണ്ടെങ്കിൽ ദൈവം ആജ്ഞാപിച്ചി രിക്കുന്ന സമസ്തവും നാം സ്വീകരിക്കാതിരിക്കയില്ല. പാപമോചന ത്തിനുള്ള സാധാരണമാർഗ്ഗം കുമ്പസാരമാണെന്നാണു ദൈവനി ശ്ചയം; മാത്രമല്ല, നമ്മുടെ സ്നേഹം പരിപൂർണ്ണമായെന്നു നമുക്ക് എ ന്തു് ഉറപ്പാണുള്ളതു്?

ആകയാൽ, ഏതെങ്കിലും ചാവുദോഷത്തിൽ വീഴുന്നതിനുള്ള നിർഭാഗ്യമുണ്ടായാൽ, നാം തൽക്ഷണം ഉത്തമമനസ്താപപ്രകര ണം ചൊല്ലണം; സൗകര്യംകിട്ടുന്ന ഉടനെ കുമ്പസാരിക്കുകയും വേ ണം. ഉത്തമമനസ്താപം ഉളവാക്കുവാൻ സാധിക്കുന്നില്ലെങ്കിൽ, അ പൂർണ്ണമനസ്താപം ഉളവാക്കുവാൻ ശ്രമിക്കുക. കുമ്പസാരത്തിൽ പാ പപ്പൊറുതി ലഭിക്കുവാൻ അപൂർണ്ണമനസ്താപം മതിയാകും.

## മനസ്താപത്തിൻെറ സ്വഭാവം

പാപത്തെപ്രതിയുള്ള നമ്മുടെ മനസ്താപം ആന്തരികവും സാ

ർവ്വത്രികവും, സർവ്വോപരിയും, സ്വാഭാവാതീതവുമായിരിക്കണം. ദൈവത്തെ ദ്രോഹിച്ചതിനെപ്രതി നമ്മുടെ ആത്മാവിലും ഹൃദയത്തിലും മനസ്താപമുണ്ടെങ്കിൽ, നമ്മുടെ മനസ്താപം ആന്തരികമാണ്. എല്ലാ ചാവുദോഷങ്ങളേയുംപററി നമുക്കു മനസ്താപമുണ്ടെങ്കിൽ നമ്മുടെ മനസ്താപം സാർവ്വത്രികമാണ്. യാതൊരു പാപത്തേയും നാം ഓമനിക്കരുത്; സകലപാപവും നാം നിരസിക്കണം. ലോകത്തിൽ നമുക്കുണ്ടാകുന്ന മറേറതു വ്യഥയെയുംകാൾ വലുതാണു നമ്മുടെ മനസ്താപമെങ്കിൽ അതു സർവ്വോപരിയാണ്. ദ്രവ്യനാശമോ രോഗമോ മിത്രനാശമോവഴിയുണ്ടാകുന്ന ദുഃഖത്തെക്കാൾ കൂടുതലായിരിക്കണം പാപത്തെപ്രതിയുള്ള മനസ്താപമെന്നു സാരം. അതിസ്വാഭാവികമായ ഉദ്ദേശ്യങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള മനസ്താപമാണു സ്വാഭാവാതീതമായ മനസ്താപം. കുറേ പണം നഷ്ടപ്പെട്ടതുകൊണ്ടോ കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടതുകൊണ്ടോ ശാരീരികവ്യഥകൾ വന്നുകൂടിയതുകൊണ്ടോ ജീവിതദുഃഖങ്ങൾ ഉണ്ടായതുകൊണ്ടോ മാത്രം നാം മനസ്തപിക്കുകയാണെങ്കിൽ ആ മനസ്താപം സ്വാഭാവാതീതമല്ല. ദൈവത്തിൻെറ അനന്തസ്നേഹം, സ്വർഗ്ഗനന്മ, നമ്മുടെ കർത്താവിൻെറ പീഡാനുഭവം, സ്വർഗ്ഗം, നിത്യനരകം തുടങ്ങിയ വിഷയങ്ങളെ ഓർത്തുള്ള മനസ്താപമാണു യഥാർത്ഥത്തിൽ അതിസ്വാഭാവികമായ മനസ്താപം.

## പ്രതിജ്ഞ

മനസ്താപത്തിൻെറ ആത്മാർത്ഥത പ്രതിജ്ഞകൊണ്ടു നിർണ്ണയിക്കാം. ഭാവിയിൽ നാം പാപത്തിൻെറ കൂട്ടുപിരിയുവാൻ തയ്യാറാണോ? അങ്ങനെയെങ്കിൽ, നമുക്കു ശരിയായ മനസ്താപമുണ്ട്; തർക്കമില്ല. പ്രതിജ്ഞ ദൃഢമാണെങ്കിൽ പാപത്തിൻെറ ഹേതുക്കളായ ആളുകളേയും വസ്തുക്കളേയും സ്ഥലങ്ങളേയും നാം ഉപേക്ഷിക്കാതിരിക്കയില്ല. അന്യരുടെ വസ്തുക്കൾ മനഃപൂർവ്വം നശിപ്പിക്കുകയോ അപഹരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ കഴിയുംവേഗം നഷ്ട

പരിഹാരം ചെയ്യാൻ നാം സന്നദ്ധരാകണം. നന്നാകണമെന്നാഗ്ര ഹിക്കുന്നവർ വൈദികൻ കല്പിക്കുന്ന പ്രായശ്ചിത്തം സന്തോഷ ത്തോടേ സ്വീകരിക്കുകയും കഴിയുംവേഗം നിർവ്വഹിക്കുകയും ചെയ്യും.

## പരിശോധനാവിഷയം

താഴെപ്പറയുന്ന വാക്കുകൾ നിർവ്വചിക്കുക:

(1) മനസ്താപം (2) അതിസ്വാഭാവികമനസ്താപം (3) സർവ്വോപ രിയായ അനുതാപം (4) ഉത്തമമനസ്താപം (5) അപൂർണ്ണമനസ്താപം (6) പാപം.

## പ്രശ്നങ്ങൾ

1. ഒരു വൈദികനോടു പാപങ്ങൾ പറഞ്ഞാൽ പൊറുതി സിദ്ധിക്കു മെന്നതുകൊണ്ട്, കത്തോലിക്കർക്കു പാപം ചെയ്യാൻ ഒരു ക്ലേശവുമില്ലെ ന്നു ചിലർ ആക്ഷേപിക്കുന്നു. ഈ ആക്ഷേപത്തിനു നിങ്ങൾ എന്തു മറുപ ടി പറയും?

2) ഒരാൾ അപകടത്തിൽപ്പെട്ടു മരിക്കത്തക്ക നിലയിലാണ്. ഒരു വൈദികന്റെ സഹായം ലഭിക്കുമെന്നു പ്രതീക്ഷയില്ല. എന്തുചെ യ്യണം?

3) കുമ്പസാരിക്കുവാൻ ആഗ്രഹമുണ്ടെങ്കിൽ, പാപമോചനത്തിന് അപൂർണ്ണമനസ്താപം മതിയാകുമോ?

4) ജോൺ പാപത്തെക്കുറിച്ചു മനസ്തപിച്ചു വിങ്ങി വിങ്ങിക്കരയുന്ന തു് ഒരു വൈദികൻ കണ്ടു; ഗൽഗദത്തോടേ അവൻ കുമ്പസാരിച്ചു; എ ന്നാൽ, പാപകാരണക്കാരനായ ഒരു കൂട്ടുകാരനിൽനിന്നു പിരിയുവാൻ വ ലിയ വൈമനസ്യം. മനസ്താപം വാസ്തവമാണോ?

5) മേരി പറയുകയാണ്: "റോസി എന്നെ വളരെയധികം ശകാരിച്ചു; എന്നെപ്പററി ഏഷണിപറഞ്ഞു; ഞാനും ഒപ്പം പറഞ്ഞു. അതിൽ ഇനി എന്താണു മനസ്തപിക്കുവാനുള്ളതു്?" മേരിയുടെ മനഃസ്ഥിതി നല്ലതാണോ?

6) മാർട്ടിനെ പോലീസുകാർ അറസ്റ്റുചെയ്തപ്പോൾ, താൻ ചെയ്ത കുററത്തെപ്പററി അത്യധികം വിലപിച്ചു; ആ മനസ്താപം പോരേ കുമ്പസാരിക്കുവാനും?

7) ഒരു കേസിൽ പലരെക്കൊണ്ടും കള്ളസാക്ഷ്യങ്ങൾ കോടതിയിൽ പറയിച്ചുകൊണ്ടിരിക്കുന്ന വിൽസൺ കുമ്പസാരിക്കുന്നു. കുറേ കള്ളസാക്ഷികളെക്കൂടി ഹാജരാക്കിയാലേ വിജയം വരിക്കാൻ സാധിക്കൂ. അതിനു വിൽസൺ ഉറച്ചിരിക്കയാണു്. കുമ്പസാരം വാസ്തവമാകുമോ?

8) എന്തുകൊണ്ടാണു്, അടുത്തടുത്തു കുമ്പസാരിക്കുന്നവരുടെ ജീവിതത്തിൽ അങ്ങനെ ചെയ്യാത്തവരെ അപേക്ഷിച്ചു പാപം കുറവായിരിക്കുന്നതു്?

9) ഒരേ പാപത്തിൽ വീണ്ടും വീണ്ടും വീഴുന്നവരോടു നിങ്ങൾ എന്തു പറയും?

10) സംഭാഷണത്തിലും വ്യാപാരത്തിലും വളരെ മോശമായ കൂട്ടുകാരോടുകൂടിയാണു ഫ്രാങ്കു നടക്കുന്നതു്. ഫ്രാങ്കിൻെറ വിചാരം, താൻ ഒരു ഇരിമ്പുമനുഷ്യനാണെന്നും കൂട്ടുകാരുടെ ദുർമ്മാതൃകയും പാപപ്രേരണകളും തനിക്കു് ഒരു ദോഷവും ചെയ്യുകയില്ലെന്നുമാണു്. ആ മനഃസ്ഥിതിയോടുകൂടി ഫ്രാങ്കു യോഗ്യതാപൂർവ്വം കുമ്പസാരിക്കാമോ?

11) ജോൺ പ്രതിജ്ഞയെടുക്കുമ്പോഴെല്ലാം ഒരു വിചാരം പൊന്തിവരുന്നു: "ഇനിയും പാപമുണ്ടാകും." പ്രതിജ്ഞ വാസ്തവമാണോ?

(ഉത്തരം: ജോൺ തന്നോടുതന്നെ ചോദിക്കട്ടെ: "ഇപ്പോഴത്തെ മനഃസ്ഥിതിയെന്താണു്? പാപവും പാപത്തിൻെറ ഹേതുക്കളും ഉപേക്ഷിക്കുവാൻ വേണ്ട സന്നദ്ധതയുണ്ടോ?" ആ സന്നദ്ധതയുണ്ടെങ്കിൽ, ഭാവിയിൽ പാപങ്ങളുണ്ടായേക്കുമെന്നുള്ള ഭയം വകവയ്ക്കാനില്ല.)

12) എനിക്ക് എന്തെല്ലാം വിചാരിച്ചിട്ടും പാപത്തെപ്പറ്റി ഒരു മനസ്താപവും തോന്നുന്നില്ല. ഞാനെന്തു ചെയ്യണം?

## പ്രായോഗികാഭ്യാസങ്ങൾ

1. ചാവുദോഷം ചെയ്യാനിടയായാൽ ഉത്തമമനസ്താപപ്രകരണം ചെയ്യാതെ ഞാൻ ഉറങ്ങുവാൻ പോകയില്ല. എല്ലാ ദിവസവും നിദ്രയ്ക്കുമുമ്പ്, ഞാൻ ഉത്തമമനസ്താപപ്രകരണം ചെയ്യും.

2. ചിലർ കരുതാറുണ്ട്, മനസ്താപം വളരെ പ്രയാസമാണെന്ന്. ദൈവം നമുക്കുതന്ന ഓരോ അനുഗ്രഹങ്ങളേയും സദുപദേശങ്ങളേയുംപറ്റി ചിന്തിച്ചതിനുശേഷം ദൈവം നമ്മെപ്രതി മനുഷ്യനായതും മരിച്ചതും നമുക്കുവേണ്ടി സ്വർഗ്ഗം ഒരുക്കിവച്ചിരിക്കുന്നതും നാം അവിടുത്തെ ദ്രോഹിച്ചു സ്വർഗ്ഗത്തിൽനിന്നു വഴുതിമാറുന്നതും നരകത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്നതും അനുസ്മരിക്കുക. കണ്ണുനീർ വേണമെന്നില്ല, മനസ്താപത്തിന്; പാപജീവിതത്തിന്റെ നിന്ദ്യത ബോധപ്പെട്ടാൽ മതി.

പതിന്നാലാമദ്ധ്യായം

# പാപോച്ചാരണം

മനസ്സാപം കഴിഞ്ഞാൽ കുമ്പസാരത്തിൽ ഏററവും പ്രധാന ഭാഗം പാപോച്ചാരണമാണ്. കുമ്പസാരമെന്ന ക്രൂദാശയ്ക്കു് ഇംഗ്ലീഷിൽ ഉപയോഗിക്കുന്ന വാക്കിൻെറ അൎത്ഥം "ഏററുപറച്ചിൽ" (Confession) എന്നാണ്. കുമ്പസാരം എന്ന വാക്കിനും, അതിൻെറ നിഷ്പത്തി പരിശോധിച്ചാൽ, "ഏററുപറച്ചിൽ" എന്ന തന്നെയാണർത്ഥമെന്നു കാണാൻ കഴിയും. പോർത്തുഗീസുഭാഷയിൽ നിന്നു വന്നതാണു കുമ്പസാരസംജ്ഞ (Confessar)

## ഏതെല്ലാം പാപങ്ങളാണു കുമ്പസാരിക്കേണ്ടതു്?

ശരിയായി കഴിച്ച ഒരു കുമ്പസാരത്തിനുശേഷം ചെയ്തിട്ടുള്ള സകല ചാവുദോഷങ്ങളും കുമ്പസാരത്തിൽ ഏററുപറയണം. ഏതെങ്കിലും ഒരു ചാവുദോഷം മനഃപൂർവ്വം മറച്ചുവച്ചാൽ കുമ്പസാരിച്ച പാപങ്ങൾക്കു മോചനം സിദ്ധിക്കുന്നില്ലെന്നു മാത്രമല്ല, ഒരു ദൈവദോഷംകൂടി വന്നുചേരുന്നു. ഇങ്ങനെ കള്ളക്കുമ്പസാരം കഴിക്കുവാൻ ഇടയായാൽ, ഇക്കാര്യവും അടുത്ത കുമ്പസാരത്തിൽ ഏററുപറയണം; മാത്രമല്ല, എന്നു നല്ലകുമ്പസാരം കഴിച്ചുവോ അന്നുമുതൽ ചെയ്തിട്ടുള്ള ചാവുദോഷങ്ങളെല്ലാം വീണ്ടും പറഞ്ഞു കുമ്പസാരിക്കണം.

ശരിയായ ഒരാത്മശോധന ചെയ്തതിനുശേഷം കുമ്പസാരിച്ചപ്പോൾ ഏതെങ്കിലും ചാവുദോഷങ്ങൾ മറന്നുപോയാലും കുമ്പസാ

രം വാസ്തവമായിരിക്കും; പാപത്തിന്നു മോചനംസിദ്ധിക്കുകയും ചെയ്യും; എന്നാൽ, അടുത്ത കുമ്പസാരത്തിൽ വിവരം പറയണം.

ചിലർക്കു ചിലപ്പോൾ സംശയമുണ്ടാകാം, തങ്ങളുടെ പാപം ചാവുദോഷമാണോ, പാപത്തിന്നു പൂർണ്ണസമ്മതം കൊടുത്തോ എന്നൊക്കെ. ഈദൃശസാഹചര്യങ്ങളിൽ പാപം ഏററുപറയണമെന്നില്ല; എന്നാൽ, മനസ്സമാധാനത്തിന്നു സംശയാസ്പദമായ പാപങ്ങൾ സംശയപൂർവ്വം ഏററുപറയുന്നതു നല്ലതാണ്.

പാവദോഷങ്ങൾ കുമ്പസാരത്തിൽ ഏററുപറയണമെന്നില്ല; എന്നാൽ, യഥാർത്ഥമനസ്താപത്തോടുകൂടെ അവ നാം ഏററുപറയുകയാണെങ്കിൽ, വളരെ ഉപകാരമുണ്ടാകും. പാവദോഷങ്ങൾ കുമ്പസാരിച്ചാൽ, നമ്മുടെ ജീവിതത്തിന് ആവശ്യകമായ ഉപദേശങ്ങൾ നല്കുവാൻ പുരോഹിതന്നു കഴിയും.

ചാവുദോഷങ്ങളോ പാവദോഷങ്ങളോ ഏററു പറയുവാനില്ലെങ്കിൽ, മനസ്താപത്തോടുകൂടെ കഴിഞ്ഞകാലത്തെ പാപങ്ങളിൽ ഏതെങ്കിലും ഒന്നോ രണ്ടോ പറഞ്ഞാൽമതി.

കുമ്പസാരം യോഗ്യതയോടുകൂടെ കഴിക്കണമെങ്കിൽ, പാപോച്ചാരണം വിനീതവും ആത്മാർത്ഥവും പരിപൂർണ്ണവുമായിരിക്കണം.

## വിനീതമായ പാപോച്ചാരണം

ദൈവത്തെ ദ്രോഹിച്ചുവെന്ന ബോധത്തോടുകൂടെ നമ്മുടെ കുററങ്ങൾ ഏററുപറയുമ്പോൾ നമ്മുടെ പാപോച്ചാരണം വിനീതമാണെന്നു പറയാം. അലസരായ കത്തോലിക്കരാണ്, ആണ്ടുകുമ്പസാരാവധി അവസാനിക്കാറാകുമ്പോൾമാത്രം കുമ്പസാരിക്കുവാൻ വരുന്നതു്. ഒരു കൊല്ലത്തെ പാപങ്ങൾ വിവരിച്ചുപറയുവാൻ പലർക്കും സാധിച്ചെന്നു വരികയില്ല. അങ്ങനെയുള്ള അവസരങ്ങളിൽ വൈദികൻ ചോദ്യങ്ങൾ ചോദിക്കുന്നു. ചിലർക്ക് അത്തരം ചോദ്യങ്ങൾ ഭാരമായിത്തോന്നിയേക്കാം; എന്നാൽ, വിനയപൂർവ്വം ആ

ചോദ്യങ്ങൾക്കു നാം ഉത്തരം നല്കണം. കുമ്പസാരിപ്പിക്കുന്ന വൈദികൻ നമ്മുടെ വിധിയാളനാണെന്നതു, മറക്കരുതു്.

## ആത്മാർത്ഥത

ചിലർ പാപങ്ങൾ ഏററുപറയുന്നതു ഗൽഗദത്തോടും നെടുവീർപ്പോടുകൂടെയുമാണെങ്കിലും, ആത്മശോധന ചെയ്യാതെയും പാപങ്ങളുടെ എണ്ണവും തരവും ഒന്നുമോക്കാതെയുമായിരിക്കും, കുമ്പസാരിക്കുവാൻ വരുന്നതു്. ചിലർക്കു ഒരു പാപംപോലും ഓമ്മയില്ല. പറയാൻ. മററു ചിലർ ശ്രദ്ധയില്ലാതെ, ഒരു ചിരകാലപതിവുപോലെ പാപങ്ങൾ പറഞ്ഞുവെന്നും വരും. മനസ്താപം ജനിപ്പിക്കുവാൻ പഴയപാപങ്ങളെപ്പററി വൈദികൻ ചോദിക്കുന്നതുപോലും ചിലർക്കു് അരോചകമാണു്. വേദപുസ്തകം പറയുന്നതു്, നീതിമാന്മാർപോലും ദിവസത്തിൽ ഏഴു പ്രാവശ്യം വീഴുന്നുവെന്നാണു്.

## കുമ്പസാരത്തിൻെറ പൂർണ്ണത

പാപോച്ചാരണം പൂർണ്ണമായിരിക്കണമെങ്കിൽ എല്ലാ ചാവുദോഷങ്ങളും അവയുടെ തരവും എണ്ണവും അവയുടെ ഗൗരവം വർദ്ധിപ്പിക്കുന്ന സാഹചര്യങ്ങളും നാം ഏററുപറയണം.ഓരോ പാപവും കൃത്യമായി ഇത്ര പ്രാവശ്യം ചെയ്തുവെന്നു പറയുവാൻ കഴിയുമെങ്കിൽ അങ്ങനെ പറയണം; കൃത്യമായ സംഖ്യ നിശ്ചയമില്ലെങ്കിൽ, ഏറെക്കുറെ ഇത്രപ്രാവശ്യമെന്നു പറയണം. ഒരേ പാപംതന്നെ പലപ്രാവശ്യം ചെയ്‌വാൻ ഇടയാകുന്നെങ്കിൽ അനേകംനാൾ കഴിഞ്ഞു കുമ്പസാരിക്കുന്നവർ ആഴ്ചയിൽ ഇത്രപ്രാവശ്യം, അല്ലെങ്കിൽ, മാസത്തിൽ ഇത്ര പ്രാവശ്യം എന്നു പറഞ്ഞാൽ മതി.

അപൂർണ്ണമായ കുമ്പസാരത്തിനു ചില ഉദാഹരണങ്ങൾ താഴെച്ചേർക്കുന്നു:

ഞാൻ ചീത്തവാക്കുകൾ പറഞ്ഞു: ആറാംപ്രമാണത്തിനെതി

രായ അശുദ്ധപ്രഭാഷണങ്ങളാണോ, രണ്ടാമത്തേ ദൈവകല്പനയ്ക്കെതിരായി ദൈവനാമം ബഹുമാനംകൂടാതെ പ്രയോഗിച്ചതാണോ അതോ അഞ്ചാമത്തേ ദൈവകല്പനയ്ക്കെതിരായി കോപിച്ചു മനോവേദന വരത്തക്കവിധം സംസാരിച്ചതാണോ എന്നു കമ്പസാരത്തിൽനിന്നു വ്യക്തമല്ല.

ഞാൻ നുണ പറഞ്ഞു: സത്യംചെയ്തതിനുശേഷമാണോ നുണപറഞ്ഞതു്, അന്യക്കു് അപമാനമോ നാശമോ വരത്തക്ക നുണകളാണോ—ഇതൊന്നും വ്യക്തമാക്കുന്നില്ലെങ്കിൽ കമ്പസാരം അപൂർണ്ണമാകാവുന്നതാണു്.

അടക്കമില്ലാതെ നടന്നു: പാപം വ്യക്തമല്ല. വാക്കിലോ പ്രവൃത്തിയിലോ വസ്ത്രധാരണത്തിലോ മററോ ആണോ അടക്കക്കുറവു വന്നതു്?

ഇങ്ങനെ ഉദാഹരണങ്ങൾ പലതുണ്ടു്. നമ്മുടെ തെററുകളുടെ സ്വഭാവം ശരിയായി ഗ്രഹിക്കുവാൻ വേണ്ടുവോളം സംഗതികൾ നാം ആത്മാർത്ഥമായി കുമ്പസാരക്കാരനെ അറിയിക്കണം. ലജ്ജയും അപമാനബോധവും ആത്മാർത്ഥതയ്ക്കു ഹാനിവരുത്തരുതു്; എളിമയോടുകൂടെ നാം തെററുകൾ ഏററുപറയണം; പാപങ്ങൾ കേൾക്കുന്ന വൈദികൻ ജീവാപായത്തിൽപ്പോലും രഹസ്യം പാലിച്ചുകൊള്ളും.

## പ്രായശ്ചിത്തം

എല്ലാ കോടതികളിലും കുററങ്ങൾക്കു് ഓരോതരത്തിലുള്ള ശിക്ഷ നിർദ്ദേശിക്കാറുണ്ടു്. പാപമോചനാശീർവ്വാദം ലഭിക്കുമ്പോൾ പാപത്തിന്റെ കുററം നീങ്ങുന്നുണ്ടെങ്കിലും ദൈവം നിശ്ചയിച്ച ക്രമം ലംഘിച്ചതിനു കാലത്തിനടുത്ത ശിക്ഷ അനുഭവിക്കേണ്ടിയിരിക്കുന്നു. അതു് ഈ ലോകത്തിലോ ശുദ്ധീകരസ്ഥലത്തിലോ നാം അനുഭവിക്കണം. അതിന്റെ ഒരംശമായിട്ടു കുമ്പസാരക്കാരൻ നിർദ്ദേശിക്കുന്ന ശിക്ഷയാണു പ്രായശ്ചിത്തം. അതു പൂർത്തിയാക്കുവാൻ

വേണ്ട സന്നദ്ധതയോടേ സ്വീകരിച്ചാലേ കുമ്പസാരം വാസ്തവമാകുകയുള്ളൂ.

പ്രായശ്ചിത്തം കഴിയുംവേഗം നിറവേററണം; അടുത്ത കുമ്പസാരത്തിനുമുമ്പു നിറവേററിയില്ലെങ്കിൽ അതിനുള്ള കാരണം കുമ്പസാരത്തിൽ ഏററുപറയുകയും വേണം.

## പാപമോചനപ്രാർത്ഥന

കുമ്പസാരത്തിനുശേഷം വൈദികൻ പാപമോചനാശീർവാദം നല്കുന്നു. അതിന് ഉപയോഗിക്കുന്ന വാക്കുകൾ കീഴേ ചേക്കുന്നു:

"സർവ്വേശ്വരനായ ദൈവത്തിൻെറ കൃപ നിൻെറമേലുണ്ടാകുകയും നിൻെറ പാപങ്ങൾ നിന്നോടു ക്ഷമിക്കുകയും നിത്യായുസ്സിലേക്കു നിന്നെ നയിക്കുകയും ചെയ്യട്ടെ. ആമ്മേൻ.

"സർവ്വശക്തനും കാരുണ്യവാനുമായ ദൈവം നിനക്കു മാപ്പും മോചനവും പാപപ്പൊറുതിയും നല്കുമാറാകട്ടെ. ആമ്മേൻ.

"നമ്മുടെ കർത്താവായ ഈശോമിശിഹാ നിന്നെ മോചിക്കട്ടെ. നിൻെറ ആവശ്യംപോലേയും, എന്നാൽ, കഴിവുള്ള വിധവും മഹറോൻേറയും മററു തടസ്സങ്ങളുടേയും സകല ബന്ധനങ്ങളിൽനിന്ന്, അവിടുന്ന് എനിക്കു നല്കിയിരിക്കുന്ന അധികാരത്താൽ ഞാൻ നിന്നെ മോചിക്കുന്നു.

"അവസാനം, പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ നിൻെറ പാപങ്ങളിൽനിന്നു നിന്നെ ഞാൻ മോചിക്കുന്നു. ആമ്മേൻ.

"നമ്മുടെ കർത്താവീശോമിശിഹായുടെ പീഡാനുഭവവും കന്യകാമറിയത്തിൻേറയും സകല പുണ്യവാന്മാരുടേയും പുണ്യവതികളുടേയും യോഗ്യതകളും നീ ചെയ്യുന്ന സുകൃതങ്ങളും സഹിക്കുന്ന തിന്മകളും നിനക്കു പാപമോചനത്തിനും വരപ്രസാദവർദ്ധനത്തിനും നിത്യജീവനുമായിബ്ഭവിക്കട്ടെ. ആമ്മേൻ."

## പരിശോധനാവിഷയം

1. ഏതെല്ലാം പാപങ്ങളാണു കുമ്പസാരത്തിൽ പറയേണ്ടതു്?

2. ഒരു പാപം മനഃപൂർവ്വം മറച്ചുവച്ചു കുമ്പസാരിച്ചാൽ എന്തു പാപമാണു ചെയ്യുന്നതു്?

3. കുമ്പസാരം ശരിയാകാതെവന്നാലെന്തു ചെയ്യണം?

4. ഒരു ചാവുദോഷം കുമ്പസാരത്തിൽ പറയുവാൻ മറന്നാൽ എന്തു ചെയ്യണം?

5. പാവദോഷം കുമ്പസാരിച്ചാലെന്താണു പ്രയോജനം?

6. പ്രത്യേകപാപമൊന്നും പറയാനില്ലാത്തപ്പോൾ കുമ്പസാരമെന്ന കൂദാശ എങ്ങനെയാണു സ്വീകരിക്കുന്നതു്?

7. പാപോച്ചാരണത്തിൻെറ ഗുണങ്ങൾ ഏതെല്ലാം?

8. വൈദികൻ നല്കുന്ന പ്രായശ്ചിത്തം സ്വീകരിക്കാതിരിക്കുന്നതു പാപമാകുമോ? പ്രായശ്ചിത്തം സ്വീകരിച്ചിട്ടു ചൊല്ലാതിരിക്കുന്നതോ?

9. കുമ്പസാരം കേട്ട വൈദികനു് കുമ്പസാരംവഴി അറിഞ്ഞ പാപങ്ങൾ പുറത്തുപറയാമോ?

10. പാപത്തിനുള്ള കാലത്തിനടുത്ത ശിക്ഷ എവിടെ വച്ചാണു് അനുഭവിക്കുന്നതു്?

## പ്രശ്നങ്ങൾ

1. പലക്കു് ഒരുമിച്ചു് പാപമോചനാശീർവ്വാദം നല്കാമോ?

2. എൽസി വലിയ സുഖമില്ലാഞ്ഞിട്ടു് ഒരു ഞായറാഴ്ച പള്ളിയിൽ പോയില്ല. കുമ്പസാരിക്കുവാൻ ഒരുങ്ങിയപ്പോൾ ഒരു സംശയം: കർബാന മുടക്കുവാൻമാത്രം സുഖക്കേടുണ്ടായിരുന്നുവോ എന്നു്. എൽസി ആ പാപം ഏറ്റുപറയണമോ?

3. ചിലരുടെ കുമ്പസാരം കീഴെ ചേർക്കുന്നു. അതിൽ തെററുണ്ടോ?

എ) ഞാൻ കട്ടു. വേറെ ഒന്നും ഓക്കുന്നില്ല.

ബി) വിശുദ്ധപുണ്യത്തിനെതിരായി വിചാരത്താലും സംസാരത്താലും പ്രവൃത്തിയാലും ഞാൻ പാപം ചെയ്തുപോയി.

സി) ഞാൻ ചീത്തപ്പാട്ടുകൾ പാടി; ചീത്തപ്പടങ്ങൾ കണ്ടു. ചീത്തവാക്കുകൾ പറഞ്ഞു.

ഡി) ഞാൻ അയല്ക്കാരെ ഉപദ്രവിച്ചു.

ഇ) എനിക്കു പാപം ഒന്നുമില്ല. കുറേശ്ശേ പലവിചാരമുണ്ടായി.

4. ജോൺ കുമ്പസാരക്കൂടിന്റെ അരികേ മുട്ടുകുത്തിനില്ക്കുമ്പോൾ ചിലർ കുമ്പസാരത്തിൽ പറഞ്ഞ പാപങ്ങൾ കേട്ടു. അവനു് ആ പാപങ്ങളെപ്പററി ആരോടെങ്കിലും സംസാരിക്കാമോ?

5. കുമ്പസാരക്കാരൻ പാപമോചനാപേക്ഷ ആരംഭിച്ചപ്പോൾത്തന്നെ മത്തായി എഴുന്നേററു പോന്നു. ഇനി എന്തു ചെയ്യണം? വീണ്ടും കുമ്പസാരിക്കണമോ?

6. ഫ്രാങ്കിനു് എപ്പോഴും ഒരു സംശയം, തന്റെ കുമ്പസാരം വാസ്തവമായോ എന്നു്. പാപപ്പൊറുതി ലഭിച്ചിട്ടില്ലെന്നു് അവനു് ഒരു ഭയം. നിങ്ങൾ അവനു് എന്തു് ഉപദേശം നല്കും?

7. പൗളി കുമ്പസാരം കഴിഞ്ഞയുടനെ പ്രായശ്ചിത്തം ചൊല്ലിയില്ല. പിന്നീടു പ്രായശ്ചിത്തമെന്താണെന്നു നിശ്ചയമില്ലാതായി. സ്വമേധയാ അവൾ കുറേ നമസ്കാരങ്ങൾ ചൊല്ലി. ശരിയായ നടപടി എന്താണു? വീണ്ടും കുമ്പസാരിക്കണമോ?

8. "ഓരോ കുമ്പസാരവും നമ്മെ പരിപൂർണ്ണതയിലേക്കു് നയിക്കണം." ഇതിന്റെ അത്ഥമെന്താണു്.

## പ്രായോഗികാഭ്യാസങ്ങൾ

1. കുമ്പസാരംകേൾക്കുന്ന വൈദികനിൽ ഞാൻ ക്രിസ്തുനാഥനെ കാണും.

2. കുമ്പസാരം എളിമയോടേ, ആത്മാത്ഥമായും പൂണ്ണമായും നടത്തുന്നതിനുവേണ്ട അനുഗ്രഹങ്ങൾ കുമ്പസാരത്തിനുമുമ്പു ഞാൻ അപേക്ഷിക്കും.

3. കുമ്പസാരം അഴുക്കും കറയും നീക്കുന്ന ഒരു "അലക്കുയന്ത്രമല്ല." മേലിൽ പാപം ചെയ്യാതിരിക്കുവാനും ഉത്തമകത്തോലിക്കനാകുവാനും സഹായിക്കുന്ന ഒരു കൂദാശയാണതു്. അതിനാൽ, ആ കൂദാശയോടു മതിപ്പു് ഉണ്ടായിരിക്കേണ്ടതാണു്. മാസത്തിലൊരിക്കലെങ്കിലും, പാടുണ്ടെങ്കിൽ, ആഴ്ചതോറും കുമ്പസാരിക്കേണ്ടതാണു്. വാമൊഴിയായി നമസ്കാരങ്ങൾ ചൊല്ലുന്നതുപോലെ, ഒരേ പാപങ്ങൾ ചൊല്ലിക്കൂട്ടിയാൽ പോരാ; നമ്മുടെ പരീക്ഷകളും വിജയങ്ങളുംകൂടി വിവരിച്ചുപറഞ്ഞു് ഉപദേശം ചോദിക്കണം.

പതിനഞ്ചാമദ്ധ്യായം

# ദണ്ഡവിമോചനങ്ങൾ

നാം പാപംചെയ്യുമ്പോൾ, അഥവാ, ദൈവത്തിൻെറ കല്പനകളെ ലംഘിക്കുമ്പോൾ അവിടുത്തേ സ്നേഹം നഷ്ടപ്പെടുത്തുന്നു; അവിടുന്നു നിശ്ചയിച്ച ക്രമത്തെ തകക്കുന്നു. തന്മൂലം, പാപത്തിൻെറ ദുരന്തഫലങ്ങൾ നീങ്ങണമെങ്കിൽ ദൈവസ്നേഹം സമ്പാദിക്കണം; ദൈവം നിശ്ചയിച്ച ക്രമം നശിപ്പിച്ചതിനു പരിഹാരം ചെയ്യണം. അതിനാൽ, ഓരോ പാപത്തിനും രണ്ടുവശമുണ്ടു്: ദൈവത്തിൻെറ മുമ്പിലുള്ള കുററം, ശിക്ഷയ്ക്കുള്ള അർഹത. ജോൺ സ്നേഹിതൻെറ കുപ്പായത്തിൽ മഷി കോരിയൊഴിച്ചാൽ, മാപ്പു ചോദിച്ചു രമ്യതപ്പെടാം. എന്നാൽ, പൂർണ്ണമായ പരിഹാരം ചെയ്യുവാൻ ആഗ്രഹിക്കുന്നെങ്കിൽ, കുപ്പായം അലക്കി വെടിപ്പാക്കിക്കൊടുക്കണം. അതിനാൽ, പാപത്തിൽ കുററവും കാലത്തിനടുത്ത ശിക്ഷയും എന്നു രണ്ടു വശമുണ്ടു്. കുമ്പസാരംവഴി കുററം നീങ്ങുന്നു; കൂടുതൽ മനസ്താപമുണ്ടെങ്കിൽ കാലത്തിനടുത്ത ശിക്ഷയും കുറയുമായിരിക്കും. ഒരാൾ ഒരു ചാവുദോഷം ചെയ്യുമ്പോൾ ശുദ്ധീകരവരപ്രസാദം നഷ്ടപ്പെടുന്നു; ദൈവശിക്ഷയ്ക്കു് അർഹനായിത്തീരുന്നു. കുമ്പസാരത്തിൽ ശുദ്ധീകരവരപ്രസാദം തിരിച്ചുകിട്ടുന്നു; ദൈവശിക്ഷ പിന്നേയും അവശേഷിക്കുകയാണു ചെയ്യുന്നതു്. അതാണു കാലത്തിനടുത്ത ശിക്ഷയെന്നു പറയുന്നതു്. നാം ചെയ്യുന്ന നിരവധി പാവദോഷങ്ങൾക്കും നാം ശിക്ഷ അനുഭവിക്കേണ്ടിവരും; കുമ്പസാരംകൊണ്ടു ശിക്ഷ മുഴുവനും നീങ്ങിയെന്നു വരികയില്ല.

കാലത്തിനടുത്ത ശിക്ഷ ഒന്നുകിൽ, ഈ ലോകത്തിൽ അല്ലെ

ങ്കിൽ, ശുദ്ധീകരസ്ഥലത്തിൽ അനുഭവിക്കേണ്ടിവരും. ജീവിതദുഃഖങ്ങറം, ദൈവഹിതത്തിനു കീഴ്പ്പെട്ടുകൊണ്ടു നാം സഹിക്കുകയാണെങ്കിൽ, പാപങ്ങറംക്കുള്ള കാലത്തിനടുത്ത ശിക്ഷ കുറയും. അതുപോലെതന്നെ, ശുദ്ധനിയോഗത്തോടെ ചെയ്യുന്ന സൽപ്രവൃത്തികറം വഴിയും ശിക്ഷാഭാരം കുറയുന്നു. "നീ ചെയ്യുന്ന സുകൃതങ്ങളും സഹിക്കുന്ന തിന്മയും പാപപ്പൊറുതിക്കും, വരപ്രസാദവർദ്ധനത്തിനും ആയിമ്പ്ഭവിക്കട്ടെ" എന്ന പാപമോചനാപേക്ഷയിലെ വാക്കുകറം ഇതിനു തെളിവാണ്. പാപങ്ങളുടെ താൽകാലികശിക്ഷയ്ക്കു മോചനം ലഭിക്കുന്നതിനുള്ള പ്രധാനമാറ്ഗ്ഗം ദണ്ഡവിമോചനങ്ങളാണ്.

## തിരുസ്സഭയുടെ ഭാണ്ഡാഗാരം

ക്രിസ്തു തൻെറ മനുഷ്യാവതാരവും മരണവുംവഴി അനന്തയോഗ്യതകളാണു സമ്പാദിച്ചിട്ടുള്ളതു്. രക്തസാക്ഷികളുടെ രാജ്ഞിയെന്നു നാം വിളിച്ചപേക്ഷിക്കുന്ന പരിശുദ്ധജനനിയും എന്തുമാത്രം പുണ്യയോഗ്യതകറം നേടിയിട്ടുണ്ടാകും! പാപം ലേശംപോലും സ്പർശിച്ചിട്ടില്ലാത്ത ഇവർ രണ്ടുപേരുടേയും ആദ്ധ്യാത്മികസമ്പത്തുകറം തിരുസ്സഭയുടെ പൊതുസ്വത്താണ്. ഇവയ്ക്കും പുറമേ, തിരുസ്സഭയിൽ വിരാജിച്ചിട്ടുള്ള നിരവധി പുണ്യവാന്മാരുടേയും പുണ്യവതികളുടേയും അനർഘമായ ആദ്ധ്യാത്മികനിധികളും തിരുസ്സഭയുടെ ഭാണ്ഡാഗാരത്തിൽ നിക്ഷേപിക്കപ്പെട്ടിരിക്കയാണ്. ഈ ഭാണ്ഡാഗാരത്തിൻെറ താക്കോൽ തിരുസ്സഭയുടെ കൈയിലാണ്. അതിനാൽ, യഥേഷ്ടം അവറംക്കു് ഈ ഭാണ്ഡാഗാരം തുറന്നു് ആദ്ധ്യാത്മികയോഗ്യതകറം വിതരണം ചെയ്യാം. നാം ദണ്ഡവിമോചനങ്ങറം പ്രാപിക്കുന്നതു്, ഈ ഭാണ്ഡാഗാരത്തിലെ നിധികളിൽനിന്നാണ്. അങ്ങനെ നമുക്കു പാപങ്ങറംക്കുള്ള താൽകാലികശിക്ഷ കുറയുന്നു.

## ദണ്ഡവിമോചനമെന്നാലെന്തു്?

പാപം അർഹിക്കുന്ന താൽകാലികശിക്ഷയുടെ പൂർണ്ണമായോ

ഭാഗികമായോ ഉള്ള മോചനമാണു ദണ്ഡവിമോചനം. സമസ്ത താൽകാലികശിക്ഷയും നീക്കുന്നതു പൂർണ്ണദണ്ഡവിമോചനം; ഭാഗികമായ മോചനം നല്കുന്നതു് അപൂർണ്ണദണ്ഡവിമോചനം.

## ദണ്ഡവിമോചനത്തിൻെറ ഉത്ഭവം

ആദിമശതാബ്ദങ്ങളിൽ ചാവുദോഷം ചെയ്തിരുന്നവർ തങ്ങളുടെ കുററം പരസ്യമായി ഏററുപറയുകയാണു ചെയ്തിരുന്നതു്. പാപം ഏററുപറഞ്ഞു കഴിയുമ്പോൾ അദ്ധ്യക്ഷനായ മെത്രാൻ, അഥവാ, വൈദികൻ നിർണ്ണയിക്കുന്നു, ഇത്ര ദിവസം, അഥവാ മാസം, അഥവാ കൊല്ലം പ്രായശ്ചിത്തം പരസ്യമായി ചെയ്യണമെന്നു്. പ്രായശ്ചിത്തം തീരുമ്പോൾ പാപമോചനാശീർവാദം നല്കുന്നു. രക്തസാക്ഷികളുടെ മാദ്ധ്യസ്ഥ്യം ലഭിക്കുകയാണെങ്കിൽ പ്രായശ്ചിത്തം ലഘൂകരിച്ചിരുന്നു.

ഈ സംഗതി ഓർമ്മവച്ചാലേ അപൂർണ്ണദണ്ഡവിമോചനം എന്താണെന്നു ശരിയായി മനസ്സിലാവുകയുള്ളൂ. പ്രാചീനകാലത്തു നൂറുദിവസം പരസ്യപ്രായശ്ചിത്തം ചെയ്താൽ പാപത്തിനുള്ള താൽകാലികശിക്ഷ എത്രകണ്ടു നീങ്ങുമോ അത്രയും ശിക്ഷ നൂറു ദിവസത്തേ ദണ്ഡവിമോചനംകൊണ്ടു നീങ്ങും. ആകയാൽ, നൂറു ദിവസത്തേ ദണ്ഡവിമോചനമെന്നുവച്ചാൽ, ശുദ്ധീകരസ്ഥലത്തിലേ ശിക്ഷ നൂറു ദിവസത്തേക്കു കുറയുമെന്നല്ല അർത്ഥം. അങ്ങനെ മനസ്സിലാക്കുന്നവരാണു്, ദണ്ഡവിമോചനത്തെ എതിർക്കുന്നതും തിരുസ്സഭയെ വിമർശിക്കുന്നതും.

## ദണ്ഡവിമോചനം പ്രാപിക്കുവാനുള്ള നിബന്ധനകൾ

1. ദണ്ഡവിമോചനം പ്രാപിക്കുവാനുള്ള നിയോഗം. പൊതുവായെങ്കിലും ഒരു നിയോഗം വേണം; അതിനാൽ, പ്രഭാതസമർപ്പണത്തോടുകൂടെ അതതു ദിവസം ലഭിക്കാവുന്ന ദണ്ഡവിമോചനങ്ങൾ പ്രാപിക്കുവാൻ നിയോഗംവയ്ക്കുന്നതു നല്ലതാണു്.

2. പൂർണ്ണദണ്ഡവിമോചനം പ്രാപിക്കുന്നതിനു സാധാരണ മായി കുമ്പസാരവും കുർബാനസ്വീകരണവും ആവശ്യകമാണു്. കുമ്പസാരം നിർബന്ധമാണെങ്കിൽ, ദണ്ഡവിമോചനം അനുവദിച്ചിരിക്കുന്ന ദിവസത്തിനുമുമ്പ് എട്ടുദിവസത്തിനകമെങ്കിലും കുമ്പസാരിച്ചിരിക്കണം. കുർബാനസ്വീകരണം നിശ്ചയിച്ചിട്ടുണ്ടെങ്കിൽ നിശ്ചിതദിവസത്തിന്റെ എട്ടാമിടത്തിനുള്ളിൽ അതു നിറവേററണം. മാസത്തിൽ രണ്ടുപ്രാവശ്യം കുമ്പസാരിച്ചു വി. കുർബാനസ്വീകരിക്കുന്നവർക്കും ആഴ്ചയിൽ നാലോ അഞ്ചോ പ്രാവശ്യം വി. കുർബാന സ്വീകരിക്കുന്നവർക്കും ദണ്ഡവിമോചനങ്ങൾ പ്രാപിക്കുവാൻ പ്രത്യേകം കുമ്പസാരം ആവശ്യമില്ല.

3. ദണ്ഡവിമോചനത്തിനുള്ള നിബന്ധനകളെല്ലാം പാലിക്കണം; പൂർണ്ണദണ്ഡവിമോചനം പ്രാപിക്കുവാൻ നമ്മുടെ പാപദോഷങ്ങളെപ്രതിയും മനസ്താപം ഉണ്ടായിരിക്കേണ്ടതാണു്.

4. ദണ്ഡവിമോചനം പ്രാപിക്കുവാൻ എതെങ്കിലും ദൈവാലയം ഒരു നിശ്ചിതദിവസം സന്ദർശിക്കണമെന്നു പറഞ്ഞിട്ടുണ്ടെങ്കിൽ തലേദിവസം മദ്ധ്യാഹ്നംമുതൽ നിശ്ചിതദിവസം പാതിരാത്രിവരെ ഏതു സമയവും ഉപയോഗിക്കാം.

5. പരിശുദ്ധ പിതാവിന്റെ നിയോഗങ്ങൾക്കായി അപേക്ഷിക്കണമെന്നു നിശ്ചയിച്ചിട്ടുണ്ടെങ്കിൽ, അതിനുവേണ്ടി 1ആ.1ന. 1ത്രി. ചൊല്ലിയാൽ മതി.

6) "തോസിയസ് കോപ്പാസിയസ്സ്" ദണ്ഡവിമോചനം പ്രാപിയ്ക്കുവാൻ ഓരോ സന്ദർശനത്തിലും 6ആ. 6ന. 6ത്രി. ചൊല്ലണം. ഈ നമസ്കാരങ്ങൾ ചൊല്ലിക്കഴിഞ്ഞു പള്ളിയുടെ പുറത്തേക്കു പോന്നിട്ട് അപ്പോൾത്തന്നെ പ്രവേശിച്ചു വീണ്ടും സന്ദർനം കഴിക്കാം. എത്ര പ്രാവശ്യം അങ്ങനെ സന്ദർശനം നടത്തുന്നുവോ അത്രയും പൂർണ്ണദണ്ഡവിമോചനം പ്രാപിക്കാവുന്നതാണു്. നവംബർ 1-ാം തീയതി മദ്ധ്യാഹ്നംമുതൽ 2-ാം തീയതി പാതിരാത്രിവരെ ഏതു ദൈവാലയത്തിലും മരിച്ചവരുടെ ആത്മാക്കൾക്കു വേണ്ടിയുള്ള "തോസിയസ് കോപ്പാസിയസ്" ദണ്ഡവിമോചനം പ്രാപിക്കാം.

7. ജീവിച്ചിരിക്കുന്നവർക്കുവേണ്ടി ദണ്ഡവിമോചനങ്ങൾ സമ്പാദിച്ചു കാഴ്ചവയ്ക്കാവുന്നതല്ല; പ്രത്യേകമൊന്നും പറഞ്ഞിട്ടില്ലെങ്കിൽ, സകല ദണ്ഡവിമോചനങ്ങളും മരിച്ചവർക്കുവേണ്ടി കാഴ്ചവയ്ക്കാവുന്നതാണ്.

## പരിശോധനാവിഷയം

ബ്രാക്കററിൽ കിടക്കുന്ന ഏതു വാക്കാണു പ്രകൃതത്തിൽ പ്രസക്തമെന്നു നിർദ്ദേശിക്കുക:

1) ചാവുദോഷത്തിനു മോചനം സിദ്ധിക്കാതെ മരിക്കുന്നവർ (നിത്യമായ, താൽകാലികമായ, ദീർഘമായ) ശിക്ഷ അനുഭവിക്കേണ്ടിവരും.

2) ഈ ലോകത്തിലോ ശുദ്ധീകരസ്ഥലത്തിലോ (നിത്യമായ, താൽകാലികമായ, അന്തിമമായ) ശിക്ഷയ്ക്കു പരിഹാരം ചെയ്യണം.

3) (ശുദ്ധമായ, അതിസ്വാഭാവികമായ, സ്വാഭാവികമായ) ഉദ്ദേശ്യത്തോടെ ചെയ്യുന്ന ഏതു സൽപ്രവൃത്തികൊണ്ടും താൽകാലികശിക്ഷ നീങ്ങുന്നതാണ്.

4) താൽകാലികശിക്ഷയുടെ മോചനത്തിനു നമുക്കുള്ള പ്രധാനമാർഗ്ഗം (പ്രാർത്ഥന, ഉപവാസം, ദണ്ഡവിമോചനങ്ങൾ) ആണ്.

5) ദണ്ഡവിമോചനം പ്രാപിക്കുന്നതിനു (മനസ്താപം, നിയോഗം, ശുദ്ധീകരവരപ്രസാദം) ആവശ്യകമാണ്; പൂർണ്ണദണ്ഡവിമോചനം പ്രാപിക്കുന്നതിന് എല്ലാ (പാവദോഷങ്ങളെ, ചാവുദോഷങ്ങളെ, കുമ്പസാരിക്കാത്ത പാപങ്ങളെ) പ്രതി മനസ്താപം ഉണ്ടായിരിക്കേണ്ടതാണ്.

6) നാം ഒരു ദണ്ഡവിമോചനം പ്രാപിക്കുമ്പോൾ (കന്യകാമറിയത്തിൻെറ, തിരുസ്സഭയുടെ, സ്വർഗ്ഗീയഭാണ്ഡാഗാരത്തിലെ) യോഗ്യത ദൈവത്തിനു സമർപ്പിക്കപ്പെടുന്നു.

## പ്രശ്നങ്ങൾ

1. പാപംചെയ്യാനുള്ള ഒരനുവാദമാണോ ദണ്ഡവിമോചനം?

2. തിരുസ്സഭയ്ക്കു ദണ്ഡവിമോചനം നല്കുവാൻ ക്രിസ്തു അധികാരം കൊടുത്തിട്ടുണ്ടെന്നു നമുക്ക് എങ്ങനെ അറിയാം?

(ഉത്തരം: മത്തായി 16: 19; 18: 18. കെട്ടുവാനും അഴിക്കുവാനുമുള്ള അധികാരവും സ്വർഗ്ഗത്തിന്റെ താക്കോലും ശ്ലീഹന്മാക്കു കൊടുത്തപ്പോൾ ഈ അധികാരവും കൊടുത്തുവെന്നു പറയണം.)

3) താൽകാലികശിക്ഷകളോടും ശുദ്ധീകരസ്ഥലത്തോടും തിരുസ്സഭയുടെ ഭാണ്ഡാഗാരത്തോടും ദണ്ഡവിമോചനങ്ങൾക്കുള്ള ബന്ധമെന്തു്?

4. ജോൺ ഒരു പൂർണ്ണദണ്ഡവിമോചനം പ്രാപിക്കുവാൻ പരിശ്രമിക്കുകയാണ്; എന്നാൽ, ഒരു പാപവാസനയെപ്പററിയും ഒരു പാവദോഷത്തെപ്പററിയും മനസ്തപിക്കുന്നില്ല. അവനു ദണ്ഡവിമോചനം സിദ്ധിക്കുമോ?

5. ദണ്ഡവിമോചനം പ്രാപിക്കുവാൻ പരിശുദ്ധപിതാവിന്റെ നിയോഗത്തിനായി പ്രാത്ഥിക്കുക എന്നുവച്ചാലെന്താണ്?

6. ദണ്ഡവിമോചനം പ്രാപിക്കുവാൻ ഒരു ജപം ചൊല്ലണമെന്നു പറഞ്ഞാൽ, അതു മനസ്സുകൊണ്ടു ചൊല്ലിയാൽ മതിയോ?

ഉത്തരം: പോരാ. ചുണ്ടുകൊണ്ടു് അക്ഷരങ്ങൾ രൂപവൽകരിച്ചു ചൊല്ലണം. ദൈവാലയസന്ദർശനം നടത്തണമെന്നുമാത്രം നിശ്ചയിച്ചിരിക്കയാണെങ്കിൽ, മാനസികപ്രാത്ഥന മാത്രമായാലും മതി.)

7. ദണ്ഡവിമോചനങ്ങൾ നിങ്ങൾക്കും നിങ്ങളുടെ മിത്രങ്ങൾക്കും മരിച്ചവർക്കുംവേണ്ടി നേടുവാൻ സാധിക്കുമോ?

8) ഫ്രാങ്കിന്റെ കൈയിൽ വിശേഷദണ്ഡവിമോചനങ്ങൾ പ്രാപിക്കത്തക്കവിധം വെഞ്ചരിച്ച ഒരു കൊന്തയുണ്ടു്. പീററർ അതു് ഒരു ഡോളർ കൊടുത്തു വാങ്ങി. വല്ല കുഴപ്പവുമുണ്ടോ?

(ഉത്തരം: വെഞ്ചരിച്ച സാധനങ്ങൾ വിലയ്ക്കു വിററാൽ ദണ്ഡവിമോചനങ്ങൾ നഷ്ടപ്പെട്ടും.)

9) സെലിന്റെ കൊന്തയുടെ നാലഞ്ചുമണി പൊട്ടിപ്പോയി. ദണ്ഡവിമോചനം നഷ്ടപ്പെട്ടുമോ?

(ഉത്തരം: ഇല്ല.)

10) മേരി തന്റെ മകനുവേണ്ടി ഒരു പൂർണ്ണദണ്ഡവിമോചനം കാ

ഷ്ടവച്ചു. അവൻ അതുവഴി സ്വർഗ്ഗത്തിലെത്തിയെന്ന് ഉറപ്പാണോ?

(ഉത്തരം: ഇല്ല, പൂർണ്ണദണ്ഡവിമോചനം പ്രാപിച്ചുവെന്നതു തീർച്ചയല്ല; അതു മകനുവേണ്ടി ദൈവം സ്വീകരിച്ചുവെന്നതും തീർച്ചയല്ല.)

11. ജെറോമിനു് ഒരു ജ്യേഷ്ഠനുണ്ടു്; അയാൾ വലിയ ദുഷ്ടനാണു്. അയാൾക്കുവേണ്ടി വല്ല ദണ്ഡവിമോചനവും കാഴ്ചവയ്ക്കുവാൻ ജെറോമിനു സാധിക്കുമോ?

## പ്രായോഗികാഭ്യാസങ്ങൾ

1. ഓരോ ദിവസവും പ്രഭാതത്തിൽ അന്നു നേടാവുന്ന ദണ്ഡവിമോചനങ്ങൾ പ്രാപിക്കുവാൻവേണ്ട നിയോഗം ഞാൻ വയ്ക്കും.

2. നമ്മിൽ പലരും വളരെ സ്വാത്ഥപ്രിയരാണല്ലോ. ദണ്ഡവിമോചനങ്ങൾ പ്രാപിച്ചു മരിച്ചവരുടെ ആത്മാക്കൾക്കു കാഴ്ചവയ്ക്കുന്ന കാര്യത്തിലെങ്കിലും നമുക്കു നിസ്വാത്ഥമായി പ്രവത്തിക്കാം.

3. ദണ്ഡവിമോചനങ്ങളെപ്പററിയുള്ള തക്കം മൂത്താണു പ്രോട്ടസ്റ്റൻറു വിപ്ലവം ഉണ്ടായതു്. ദണ്ഡവിമോചനം പാപം ചെയ്യാനുള്ള അനുവാദമാണെന്നു് അവർ തെററിദ്ധരിച്ചു. ദണ്ഡവിമോചനത്തിന്റെ ശരിയായ അത്ഥം ഗ്രഹിച്ചു്, തെററിദ്ധാരണയുള്ളവരെ തിരുത്തുവാൻ പാടുള്ളതു ഞാൻ ചെയ്യും.

## പതിനാറാമദ്ധ്യായം

# രോഗിലേപനം

## (ഒടുവിലത്തേ ഒപ്രുശ്മാ)

മരണാപകടത്തിൽ ആത്മാവിനെ ശക്തിപ്പെടുത്തുന്നതും, ദൈവം തിരുമനസ്സാകുന്നെങ്കിൽ, ശരീരത്തിനു സുഖംകൊടുക്കുന്നതുമായ കൂദാശയാണു രോഗിലേപനം.

മാമ്മോദീസായിലും സ്ഥൈര്യലേപനത്തിലും പട്ടത്തിലും രോഗിലേപനത്തിലും നമ്മെ വിശുദ്ധതൈലംകൊണ്ടു പൂശുന്നുണ്ട്. തൈലംപൂശുന്ന ഈ നാലു കൂദാശകളിൽ രോഗിലേപനം അവസാനത്തേതായതുകൊണ്ട് ഈ കൂദാശയ്ക്ക് ഒടുവിലത്തെ ഒപ്രുശ്മാ എന്നു പേരുണ്ടായി.

## വേദപുസ്തകസാക്ഷ്യം

രോഗിലേപനത്തിൻെറ ഒരു നിഴൽ കാണാം, വി. മർക്കോസിൻെറ സുവിശേഷത്തിൽ. "ഇങ്ങനെ അവർ (പന്ത്രണ്ടു ശിഷ്യന്മാർ) പുറപ്പെട്ടു ജനങ്ങളോടു പശ്ചാത്തപിക്കുവാൻ പ്രസംഗിച്ചു. അവർ വളരെ പിശാചുക്കളെ പുറത്താക്കുകയും വളരെ രോഗികളെ തൈലം പൂശി സുഖപ്പെടുത്തുകയും ചെയ്തു" (6: 12, 13). യഹൂദന്മാരുടെ ധാരണ, ശാരീരികാസ്വാസ്ഥ്യവും ആത്മീയരോഗങ്ങളും ബന്ധപ്പെട്ടുകിടക്കുന്നുവെന്നായിരുന്നു. അതിനാൽ, ശിഷ്യന്മാരുടെ ഈ തൈലലേപനം രോഗിലേപനമെന്ന കൂദാശയ്ക്കു നാന്ദിയായിത്തീർന്നു.

ക്രിസ്തുതന്നെയാണു രോഗിലേപനമെന്ന കൂദാശ സ്ഥാപിച്ചതെന്നു യാക്കോബ്ശ്ലീഹായുടെ ലേഖനത്തിൽനിന്നു മനസ്സിലാക്കാം. അതിനാൽ, രോഗീലേപനത്തിൻെറ പ്രഖ്യാപകൻ യാക്കോബ്ശ്ലീഹയാണെന്നു പറയാം. ശ്ലീഹാ ഇപ്രകാരം എഴുതിയിരിക്കുന്നു: "നിങ്ങളിൽ ആരെങ്കിലും രോഗിയായിരിക്കുന്നുവെങ്കിൽ സഭയിലേ മൂ

പ്പന്മാരെ വിളിക്കട്ടെ. അവർ അവനുവേണ്ടി പ്രാൎത്ഥിക്കുകയും നമ്മുടെ കൎത്താവിൻെറ നാമത്തിൽ തൈലംകൊണ്ടു് അവനെ പൂശുകയും ചെയ്യട്ടെ. വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ആ രോഗിയെ സുഖപ്പെടുത്തും; നമ്മുടെ കൎത്താവു് അവനെ എഴുന്നേല്പിക്കും. അവൻ പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അവനോടു ക്ഷമിക്കുകയും ചെയ്യും" (യാക്കോ. 5: 14, 15).

ഈ വാക്യങ്ങളിൽ രണ്ടു സംഗതികൾ ശ്രദ്ധേയമാണു്: 1) പ്രാൎത്ഥനയും ലേപനവും "കൎത്താവിൻെറ നാമത്തിൽ", അഥവാ, അവിടുത്തെ അധികാരത്തോടുകൂടെ ചെയ്യണം. 2) പ്രാർത്ഥനയും ലേപനവുംവഴി പാപപ്പൊറുതിയും വരപ്രസാദവും സിദ്ധിക്കുന്നു. പ്രാൎത്ഥനയ്ക്കും ലേപനത്തിനും ഈവക ശക്തി ക്രിസ്തുവിനല്ലാതെ വേറെയാൎക്കും നല്കുവാൻ കഴിയുന്നതല്ല.

പ്രാചീനകാലംമുതൽ രോഗിലേപനം തിരുസ്സഭയിൽ പ്രചാരത്തിലായിരുന്നുവെന്നതും ഈ കൂദാശ ക്രിസ്തു സ്ഥാപിച്ചതാണു് എന്നതിനു തെളിവത്രേ. നാലാംനൂററാണ്ടിൻെറ അവസാനത്തിൽ ഒന്നാം ഇന്നസെൻറ് മാർപ്പാപ്പ രോഗിലേപനത്തിനുള്ള തൈലം ആശീൎവ്വദിക്കേണ്ട ക്രമം തിട്ടപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.

## കർമ്മസാധനവും കർമ്മസ്വരൂപവും

രോഗിലേപനമെന്ന കൂദാശയുടെ കർമ്മസാധനം മെത്രാന്മാർ അതിനായി വെഞ്ചരിക്കുന്ന സൈത്തെണ്ണകൊണ്ടുള്ള ലേപനമാണു്. ഈ എണ്ണയുടെ പേരു "രോഗിതൈലം" എന്നാണു്. സൈത്തെണ്ണ ശരീരത്തിൻെറ വേദന നീക്കി അതിനു് ഓജസ്സു നല്കുന്നു. അതിനാൽ, ഈ കൂദാശ നല്കുന്ന അനുഗ്രഹങ്ങളുടെ ഉത്തമചിഹ്നമാണതു്.

ആത്മാവിലേക്കു പാപം പ്രവേശിക്കുന്ന മാൎഗ്ഗങ്ങളായ പഞ്ചേന്ദ്രിയങ്ങളേയും ഈ കൂദാശയിൽ കാർമ്മികൻ പൂശുന്നു. ഓരോ ലേപനത്തിനും അതതു് ഇന്ദ്രിയത്തിൻെറ പേരുപറഞ്ഞു്,

താഴെക്കൊടുത്തിരിക്കുന്ന ജപം വൈദികൻ ചൊല്ലുന്നു: "ഈ അവയവംവഴി നീ ചെയ്തിട്ടുള്ള സകല പാപങ്ങളേയും ഈ പരിശുദ്ധലേപനവും തൻെറ കാരുണ്യവുംവഴി കത്താവു ക്ഷമിക്കട്ടെ." മരണം അത്യാസന്നമാണെങ്കിൽ അഞ്ചുലേപനത്തിനു പകരം ഒരേ ഒരു ലേപനംമാത്രം നെററിയിൽ നടത്തുന്നു. അപ്പോൾ ഇങ്ങനെ ചൊല്ലുന്നു: "ഈ പരിശുദ്ധലേപനംവഴി നീ ചെയ്തിട്ടുള്ള സകലപാപങ്ങളേയും കത്താവു ക്ഷമിക്കട്ടെ. ആമ്മേൻ."

## രോഗിയുടെ മുറി എങ്ങനെ ഒരുക്കണം

രോഗിയുടെ മുറി കഴിയുന്നിടത്തോളം വൃത്തിയാക്കി, ഒരു ഭാഗത്തു് ഒരു മേശയിൽ വെളുത്ത ഒരു തുണിവിരിച്ചു രണ്ടു തിരിയും ഒരു കുരിശുരൂപവും വയ്ക്കുക. ഒരു തംബ്ലേരിലോ കോപ്പയിലോ വെള്ളവും ഒരു കഷണം സോപ്പും വച്ചിരിക്കുന്നതു നന്നു്. അന്ത്യകൂദാശകൾ നല്കുവാൻ വരുന്ന വൈദികനെ ഒരാൾ രോഗിയുടെ മുറിയിലേക്കു നയിക്കട്ടെ. മററെല്ലാവരും വി. കുർബാനയോടുള്ള ഭക്തി പ്രദർശിപ്പിക്കുവാൻ സൗകര്യമുള്ള സ്ഥലത്തു മുട്ടുകുത്തി നില്ക്കണം.

കൂദാശ സ്വീകരിക്കുവാൻ പോകുന്ന രോഗിയുടെ മുഖവും കൈയ്യും കാലും കഴുകിയോ തുടച്ചോ വെടിപ്പാക്കുന്നതു് ഉത്തമം. നമ്മുടെ ഇടവകകളിൽ കുരിശും തിരിയും പള്ളിയിൽനിന്നു കൊണ്ടുവരാറുണ്ടു്; അവ ഉള്ള വീട്ടുകാർ അവ മേശയിൽ വയ്ക്കുന്നതു നല്ലതാണു്.

## ഫലങ്ങൾ

1. ശുദ്ധീകരവരപ്രസാദം വർദ്ധിക്കുന്നു.

2. താൽകാലികവരപ്രസാദം. അതുവഴി രോഗിയുടെ അന്തിമനിമിഷങ്ങളിൽ അനുഭവപ്പെടുന്ന പ്രലോഭനങ്ങളെ എതിക്കുവാൻ വേണ്ട ശക്തി ആത്മാവിനു ലഭിക്കുന്നു.

3. പാവദോഷങ്ങൾക്കും, കുമ്പസാരിക്കുവാൻ സാധിക്കാതെവരികയാണെങ്കിൽ, ഉത്തമമനസ്താപമുള്ളപക്ഷം ചാവുദോഷങ്ങൾക്കും മോചനം സിദ്ധിക്കുന്നു. അതിനാൽ, സംസാരശക്തിയില്ലാത്തവർക്കും ബോധക്ഷയത്തിൽപ്പെട്ടുന്നവർക്കും സുബോധമുണ്ടായിരുന്നപ്പോൾ പാപങ്ങളെപ്രതി മനസ്താപമുണ്ടായിരുന്നുവെങ്കിൽ, രോഗിലേപനംകൊണ്ടുതന്നെ രക്ഷനേടാം.

4. പാപത്തിനുള്ള താൽകാലികശിക്ഷയും കുറയുന്നു.

5. മരണഭയം നീക്കിയും പാപവാസനകളെ അകററിയും ഭാഗ്യമരണത്തിന് ഒരുക്കുന്നു.

6. ആത്മാവിൻെറ രക്ഷയ്ക്കും ദൈവമഹത്വത്തിനും ഉതകുമെങ്കിൽ ഈ കൂദാശവഴി ശരീരസുഖവും ലഭിക്കും. ഒരത്ഭുതമെന്നവണ്ണമല്ല, ശരീരസുഖം ലഭിക്കുന്നതു്; പ്രത്യുത, സ്വാഭാവികോപാധികൾ കൂട്ടുതൽ കാര്യക്ഷമമായി ഉപയോഗിക്കുന്നതിന്ു് അനുഗ്രഹം നല്കിക്കൊണ്ടത്രേ.

## കൂദാശ സ്വീകരിക്കുന്നവർ

കൂദാശ സ്വീകരിക്കുന്നവർ മാമ്മോദീസാ മുങ്ങിയ കത്തോലിക്കരായിരിക്കണം; സൗകര്യമുണ്ടെങ്കിൽ വി. കുർബാന സ്വീകരിച്ചിട്ടുണ്ടായിരിക്കണം; പാപങ്ങളെപ്രതി അപൂർണ്ണമനസ്താപമെങ്കിലും വേണം. രോഗമോ വിഷമോ മുറിവോവഴി മരണാപകടത്തെപ്പററി ശങ്കിക്കുവാൻ അടിസ്ഥാനം ഉണ്ടായിരിക്കേണ്ടതുമാണ്.

ഗുരുതരമായ ഒരു രോഗത്തിൽ ഒരു പ്രാവശ്യം മാത്രമേ ഈ കൂദാശ നല്കുവാൻ പാടുള്ളൂ; രോഗം സുഖപ്പെട്ടതിനുശേഷം വീണ്ടും മരണാപകടത്തിലെത്തുകയാണെങ്കിൽ, വീണ്ടും കൂദാശ നല്കാവുന്നതാണ്. രോഗത്തിൻെറ മൂർദ്ധന്യാവസ്ഥവരെ കാത്തുനില്ക്കേണ്ടതില്ല. ഗുരുതരമായ രോഗത്തിൻെറ പ്രാരംഭത്തിൽത്തന്നെ ഈ കൂദാശ നല്കുന്നതാണുത്തമം. ബോധമുണ്ടായിരുന്ന കാലത്തു് ഈ കൂദാശ സ്വീകരിക്കുവാൻ ഏതെങ്കിലുംവിധത്തിൽ ആഗ്രഹം പ്രദർശിപ്പി

ച്ചിട്ടുള്ള വക്കെല്ലാം മരണാപകടത്തിൽ, ബോധമില്ലെങ്കിലും, ഈ ക്രൂദാശ നല്കാം. ഭ്രാന്തന്മാക്ക് ഭ്രാന്തുവരുന്നതിന്ന മുമ്പ് ഈ ക്രൂദാശയെപ്പററി അറിവുണ്ടായിരുന്നെങ്കിൽ, മരണാപകടത്തിൽ ഈ ക്രൂദാശ നല്കാവുന്നതാണ്; എന്നാൽ, മരണശിക്ഷയ്ക്കു വിധിച്ചിരിക്കുന്ന കുററവാളികൾക്കോ പ്രഥമനിരയിൽ യുദ്ധംചെയ്യുവാൻ പോകുന്ന പടയാളികൾക്കോ ഈ ക്രൂദാശ നല്കാവുന്നതല്ല. മരണാപകടം ആന്തരികമായിരിക്കണം; ബാഹ്യസാഹചര്യങ്ങളെ ആശ്രയിക്കുന്നതായാൽപ്പോരാ.

## ശ്ലൈഹികാശീർവ്വാദം

രോഗികൾക്ക് മരണാവസരത്തിൽ പൂർണ്ണദണ്ഡവിമോചനം പ്രാപിക്കത്തക്ക ശ്ലൈഹികാശീർവ്വാദം നല്കുവാൻ എല്ലാ വൈദികക്കും അധികാരമുണ്ട്. ഈ ദണ്ഡവിമോചനം നേടുന്നതിന് ഇതു പ്രാപിക്കുവാനുള്ള ആഗ്രഹവും പാപങ്ങളെപ്രതി മനസ്താപവും ഉണ്ടായിരിക്കുന്നതിന്ന പുറമേ, ചുണ്ടുകൊണ്ട് സാദ്ധ്യമല്ലെങ്കിൽ, മനസ്സുകൊണ്ടെങ്കിലും ഈശോയുടെ തിരുനാമം ഉച്ചരിക്കുകയും വേണം.

## പരിശോധനാവിഷയം

താഴെ രണ്ടു കോളങ്ങളിലായി എഴുതിയിരിക്കുന്ന വാകൃങ്ങൾ ഏതു ഏതിനോടു ചേക്കണമെന്ന നിർദ്ദേശിക്കുക.

| | |
|---|---|
| 1) യഹൂദരുടെ ഇടയിൽ ആത്മാവിനെ സുഖപ്പെടുത്തുവാനുള്ള ശക്തി. | 1) കത്താവിന്റെ അധികാരത്തോടുകൂടെ. |
| 2) നിങ്ങളിലാരെങ്കിലും രോഗിയാണെങ്കിൽ. | 2) അതിനാൽ, രോഗിലേപനം നല്കുന്ന ശക്തിസംദായകമായ വരങ്ങളുടെ ഒരു ചിഹ്നമാണത്. |

3) പ്രാൎത്ഥനയും ലേപനവും കൎത്താവിന്റെ നാമത്തിൽ ചെയ്യണം, അതായതു്.

4) രോഗിലേപനത്തിനുള്ള കൎമ്മസാധനം സൈത്തെണ്ണയാണു്.

5) സൈത്തെണ്ണ വേദന കുറച്ചു ശരീരത്തിനു ശക്തിനല്കുന്നു.

6) ആത്മാവിലേക്കു പാപം പ്രവേശിക്കുന്ന ഓരോ ഇന്ദ്രിയവും

7) രോഗിലേപനമെന്ന കൂദാശയുടെ പ്രധാനഫലം

8) പാപദോഷങ്ങൾക്കും കുമ്പസാരിക്കുവാൻ സാധിക്കാതെവന്ന ചാവുദോഷങ്ങൾക്കും മനസ്താപമുണ്ടെങ്കിൽ മോചനം നല്കുന്നു.

9) രോഗിലേപനം ശാരീരികവേദനകളെ ശമിപ്പിക്കുന്നു; ദൈവമഹത്വത്തിനു് ഉതകുമെങ്കിൽ

10) ഈ കൂദാശ സ്വീകരിക്കുന്നവൻ മാമ്മോദീസാ മുങ്ങിയ കത്തോലിക്കനായിരിക്കണം; തിരിച്ചറിവു് ഉണ്ടായിരിക്കണം.

3) മരണവേദനയിൽ പ്രലോഭനങ്ങളെ എതിരിട്ടുനില്ക്കുവാൻ ആത്മാവിനെ ശക്തിപ്പെടുത്തുകയെന്നതാണു്.

4) ഇതു മെത്രാന്മാർ സാധാരണമായി പെസഹാവ്യാഴാഴ്ച ആശീൎവ്വദിക്കുന്നു.

5) ശരീരത്തെ സുഖപ്പെടുത്തുവാനുള്ള ശക്തിയോടു ബന്ധപ്പെട്ടുനില്ക്കുന്നു.

6) ശരീരത്തിനു സൗഖ്യം നല്കുന്നു.

7) സഭയിലെ പുരോഹിതന്മാരെ വിളിക്കട്ടെ.

8) രോഗമോ വിഷബാധയോ മുറിവോ അപകടമോ വഴി മരണശങ്കയ്ക്കു സ്ഥാനമുണ്ടായിരിക്കണം.

9) ഇതാണു് ഈ കൂദാശയുടെ ദ്വിതീയഫലം.

10) ഈ കൂദാശയിൽ പുരോഹിതൻ സൈത്തെണ്ണകൊണ്ടു പൂശുന്നു.

## പ്രശ്നങ്ങൾ

1. തിരുപ്പാഥേയം എന്നാലെന്തു്? രോഗിയുടെ മുറിയിൽ എന്തെല്ലാം ഒരുക്കങ്ങൾ ചെയ്യണം?

2. രോഗിലേപനംവഴി ചാവുദോഷങ്ങൾക്കു മോചനം സിദ്ധിക്കുന്നതു് എപ്പോഴാണു്?

3. "ഒരുക്കമില്ലാതെ പെട്ടെന്നുള്ള മരണത്തിൽനിന്നു കർത്താവേ, രക്ഷിക്കണമേ" എന്ന വാക്കുകളുടെ അർത്ഥമെന്താണ്?

4. ഒരു ഡോക്ടർ പറയുന്നു, നിങ്ങളുടെ വീട്ടിലെ ഒരു രോഗിയുടെ സ്ഥിതി ആശങ്കാജനകമാണെന്ന്. അന്ത്യകൂദാശകൾ നല്കുവാൻ വൈദികനെ വിളിക്കുന്നതിനു് ഇനി എത്ര താമസമാകാം?

5. ഒടുവിലത്തെ ഒപ്രുശ്മാ സ്വീകരിച്ചാൽ മരിക്കുമെന്നു പറഞ്ഞ് അതു നീട്ടിക്കൊണ്ടുപോകുന്ന രോഗികളോടു നിങ്ങളെന്തു പറയും?

6. ഒരു കാറപകടം. നിങ്ങൾ ആദ്യം സ്ഥലത്തെത്തി. മരണാപകടമുള്ള രോഗികളിൽ ചിലർ കത്തോലിക്കരാണെന്നു സംശയമുണ്ടെങ്കിൽ നിങ്ങൾ ഒരു വൈദികന്റെ സഹായം ആവശ്യപ്പെടുമോ?

7. വാർദ്ധക്യസഹജമായ രോഗത്തിൽ ഉലഹന്നാൻ സെപ്റ്റംബർ മാസത്തിൽ രോഗിലേപനം സ്വീകരിച്ചു. സുഖക്കേടു പിന്നീടു സ്വല്പം കുറഞ്ഞു; ഒക്ടോബറിൽ വീണ്ടും കൂടി. വീണ്ടും കൂദാശ സ്വീകരിക്കാമോ? സുഖക്കേടു കൂടിയതു പിന്നത്തെ മേയ്മാസത്തിലാണെങ്കിലോ?

(ഉത്തരം: ഒക്ടോബറിൽ വീണ്ടും നല്കാവുന്നതല്ല. മേയ്മാസത്തിൽ നല്കാം.)

## പ്രായോഗികാഭ്യാസങ്ങൾ

1. രോഗിലേപനം സ്വീകരിക്കുവാൻ വായുവലിക്കുന്നതുവരെ കാത്തുനില്ക്കേണ്ടതില്ല. രോഗം അപകടകരമെന്നു തോന്നിയാൽ ഞാൻ ഉടനെ വൈദികനെ വിളിക്കും.

2. എപ്പോഴെങ്കിലും ഞാൻ സുഖക്കേടായി കിടക്കുകയും ഒരു വൈദികൻ അന്ത്യകൂദാശകൾ നല്കുവാൻ വരുകയും ചെയ്യുകയാണെങ്കിൽ, കൂദാശകൾ നീട്ടിക്കൊണ്ടുപോകുവാൻ ആഗ്രഹിക്കയില്ല. ബന്ധുമിത്രാദികൾക്കു രോഗം വരുമ്പോഴും അപായകരമായ രോഗത്തിന്റെ ആരംഭത്തിൽ തന്നെ വൈദികനെ വിളിച്ചു കൂദാശകൾ കൊടുക്കുവാൻ ഞാൻ ഏർപ്പാടു ചെയ്യും.

3. അന്ത്യകൂദാശകൾ സ്വീകരിക്കുവാൻ ഇപ്പോൾത്തന്നെ നിയോഗം വയ്ക്കുക; വല്ലകാരണത്താലും സുബോധത്തോടെ ഈ കൂദാശ സ്വീകരിക്കുവാൻ സാധിക്കാതെവരുകയാണെങ്കിൽ, ഈ നിയോഗം മതി കൂദാശയുടെ ഫലം കിട്ടാൻ.



വിശുദ്ധ എസ്തപ്പാനോസിനു്,

പത്രോസ്ശ്ലീഹാ ആറാംപട്ടം നല്കുന്നു.

പതിനേഴാമദ്ധ്യായം

# തിരുപ്പട്ടം

ക്രിസ്തു ഭൂമിയിൽ മൂന്നു ജോലികളാണു പ്രധാനമായി നിർവ്വഹിച്ചതു്. ദിവ്യഗുരുവെന്നനിലയിൽ, നാം വിശ്വസിക്കേണ്ടവ പഠിപ്പിച്ചു; രാജാവെന്ന നിലയിൽ, തൻെറ രാജ്യത്തിലേക്കു പ്രവേശനം ലഭിക്കുവാൻ നാം അനുസരിക്കേണ്ട കല്പനകൾ നമുക്കു തന്നു; പ്രധാനപുരോഹിതനെന്ന നിലയിൽ, നമുക്കുവേണ്ടി തന്നെത്തന്നെ ബലി സമർപ്പിച്ചു. ഈ മൂന്നു ജോലികളും തിരുസ്സഭ തുടരുന്നു.

## എന്താണു പൗരോഹിത്യം?

സർവ്വേശ്വരനു ബലി സമർപ്പിക്കുന്നവരാണു പുരോഹിതന്മാർ. ക്രിസ്തു പിതാവായ ദൈവത്തിനു തന്നെത്തന്നെ ബലിവസ്തുവായി സമർപ്പിച്ചതിനാൽ, ക്രിസ്തു പുരോഹിതനാണു്. അവിടുത്തെ പൗരോഹിത്യത്തിലുള്ള ഭാഗഭാഗിത്വമാണു മനുഷ്യരുടെ പൗരോഹിത്യം. അതിനാൽ, ക്രിസ്തുതന്നെ പ്രധാനപുരോഹിതൻ; മററു പുരോഹിതന്മാരെല്ലാം അവിടുത്തെ പൗരോഹിത്യത്തിൽ പങ്കുകാരാണു്.

## ക്രിസ്തു പൗരോഹിത്യം സ്ഥാപിക്കുന്നു

ക്രിസ്തു തൻെറ നിത്യപൗരോഹിത്യത്തിൽ സ്വശിഷ്യന്മാർക്കു പങ്കുകൊടുത്തുവെന്നതു നിസ്സംശയമാണു്. ഒടുവിലത്തെ അത്താഴ

ത്തിൽ അവിടുന്ന് അപ്പവും വീഞ്ഞും തന്റെ ശരീരവും രക്തവുമായി പകർത്തി; ഇതുവഴി തന്റെ മരണബലി എന്നും ആവർത്തിക്കുവാൻ അവിടുന്നു തിരുമനസ്സായി: "ഇതു പാപങ്ങളുടെ മോചനത്തിനായി വളരെപ്പേർക്കുവേണ്ടി ചിന്തപ്പെടുന്ന പുതിയ നിയമത്തിലെ എന്റെ രക്തമാകുന്നു." (മത്താ. 26: 28). "ഈ പാനപാത്രം എന്റെ രക്തംകൊണ്ടുള്ള പുതിയനിയമമാകുന്നു. നിങ്ങൾ ഇതു പാനംചെയ്യുമ്പോഴെല്ലാം എന്റെ ഓർമ്മയ്ക്കായി ഇപ്രകാരം ചെയ്യുവിൻ. നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രം പാനം ചെയ്കയും ചെയ്യുമ്പോഴെല്ലാം നമ്മുടെ കർത്താവിന്റെ മരണമാണ്, അവിടുന്നു വരുന്നതുവരെ നിങ്ങൾ ഓർമ്മിക്കുന്നതു്" (1 കൊറി. 11: 25-26).

അപ്പവും വീഞ്ഞും തന്റെ ശരീരരക്തങ്ങളായി മാററിയതിനുശേഷം, താൻ ചെയ്തതുതന്നെ തുടർന്നു ചെയ്യുവാൻ വേണ്ട അധികാരം ക്രിസ്തു ശിഷ്യന്മാർക്കു കൊടുത്തു. "ഇതു നിങ്ങൾ എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ" (ലൂക്കാ 22: 19). ഇങ്ങനെ ശിഷ്യന്മാർക്കു ദിവ്യബലി സമർപ്പിക്കുവാൻ അധികാരം സിദ്ധിച്ചു. ഉയിർപ്പുദിവസം അവർക്കു പാപങ്ങൾ മോചിക്കുവാനുള്ള അധികാരം അവിടുന്നു നല്കി: "നിങ്ങൾ ആരുടെ പാപങ്ങൾ മോചിക്കുന്നുവോ അവ മോചിക്കപ്പെടും; നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെടും" (യോഹ. 20: 23). സ്വർഗ്ഗാരോഹണത്തിനു സ്വല്പംമുമ്പു ശ്ലീഹന്മാരെ മൂന്നാമത്തേ പ്രധാനജോലി ഏല്പിച്ചു: "നിങ്ങൾ പോയി എല്ലാവരേയും പഠിപ്പിക്കുവിൻ; പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ അവരെ ജ്ഞാനസ്നാനപ്പെടുത്തുവിൻ" (മത്താ. 28: 19). ഇങ്ങനെ പൗരോഹിത്യത്തിന്റെ ചുമതലകൾ ശ്ലീഹന്മാരെ ഏല്പിച്ചുവെന്നു സ്പഷ്ടം.

## പൗരോഹിത്യം തുടരുന്നു

ശ്ലീഹന്മാർക്കു നല്കിയ പൗരോഹിത്യം അവരുടെ മരണത്തോ

ടുകൂടെ ക്രിസ്തു നിറുത്തലാക്കിയെന്നു് ആരെങ്കിലും ശഠിക്കുമോ? ശ്ലീഹന്മാർക്കു വ്യക്തിപരമായി നല്കിയ ഒരു വിശേഷാനുഗ്രഹമാണോ പൗരോഹിത്യം? ലോകാവസാനംവരെ എല്ലാരാജ്യക്കാരോടും സുവിശേഷം പ്രസംഗിക്കുവാനുള്ള ആജ്ഞാപനവും ലോകാവസാനംവരെ നമ്മളോടുകൂടെ താൻ ഉണ്ടായിരിക്കുമെന്നുള്ള അവിടുത്തെ വാഗ്ദാനവും എങ്ങനെ നിറവേറും, ശ്ലീഹന്മാർക്കുശേഷം പൗരോഹിത്യം തുടരുന്നില്ലെങ്കിൽ?

ശ്ലീഹന്മാർ പലർക്കും പുരോഹിതാധികാരങ്ങൾ നല്കിയതായി വേദപുസ്തകത്തിൽ നാം വായിക്കുന്നുമുണ്ടു്. യൂദാസിനുപകരം മത്തിയാസിനെ ശ്ലീഹയായി തിരഞ്ഞെടുത്തതും പൗലോസിനേയും ബർണ്ണബാസിനേയും പുരോഹിതന്മാരായി നിയമിച്ചതും നടപടിപ്പുസ്തകത്തിൽ വിവരിച്ചിരിക്കുന്നു (നട. 1: 26; 13: 2, 3). ഇവർ മററാളുകളെ വൈദികന്മാരായി നിയമിച്ചതും അതേ പുസ്തകത്തിൽ കാണാം. (നട. 14: 22). പ്രിയ ശിഷ്യനായ തിമോത്തിക്കുള്ള പ്രഥമലേഖനം മൂന്നാമദ്ധ്യായത്തിൽ പുരോഹിതന്മാരായി തിരഞ്ഞെടുക്കപ്പെടുന്നവർക്കു് ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ വിവരിച്ചിട്ടുണ്ടു്. തിമോത്തിക്കു നല്കിയിരിക്കുന്ന ഉപദേശംതന്നെ പരിശോധിക്കുക: "അദ്ധ്യാപനത്താലും പുരോഹിതസ്ഥാനത്തിൻെറ കൈവെപ്പാലും നിനക്കു നല്കിയിരിക്കുന്ന ദാനം നീ നിസ്സാരമാക്കരുതു്" (1 തിമോ. 4: 14). "എൻെറ കൈവെപ്പുമൂലം നിന്നിലുള്ള ദൈവദാനത്തെ നീ ഉണർത്തണമെന്നു ഞാൻ ഓർമ്മപ്പെടുത്തുന്നു" (1: 6). തെത്തോസിനു ശ്ലീഹാ ഇങ്ങനെ എഴുതിയിരിക്കുന്നു: "നീ പോരായ്മയുള്ളവ ക്രമപ്പെടുത്തുകയും ഞാൻ നിന്നോടു കല്പിച്ചിട്ടുള്ളതുപോലെ പട്ടണംതോറും പുരോഹിതന്മാരെ നിയമിക്കുകയും ചെയ്യുന്നതിനാകുന്നു ക്രേത്തെയിൽ ഞാൻ നിന്നെ താമസിപ്പിച്ചതു്" (തേത്തോസ്. 1: 5).

## തിരുപ്പട്ടം എന്നാലെന്തു്?

ക്രിസ്തുവിൻെറ പൗരോഹിത്യത്തിൽ ഭാഗഭാഗിത്വം നല്ക

ന്നതും തിരുക്കർമ്മങ്ങൾ നിർവ്വഹിക്കുന്നതിന് അധികാരവും അനുഗ്രഹവും പ്രദാനംചെയ്യുന്നതുമായ കൂദാശയാണു തിരുപ്പട്ടം.

ഈ കൂദാശ ഈശോ സ്ഥാപിച്ചതാണെന്നു മേലുദ്ധരിച്ച വേദപുസ്തകസാക്ഷ്യങ്ങളിൽനിന്നു വ്യക്തമാണല്ലോ.

ഒന്നാംപട്ടം, രണ്ടാംപട്ടം എന്നിങ്ങനെ പല പട്ടങ്ങളെപ്പററി നിങ്ങൾ കേട്ടിട്ടുണ്ടായിരിക്കാം. അവ ഓരോന്നും ഓരോ കൂദാശയല്ല. അവ ഒരേ കൂദാശയുടെ വിവിധനിലകളാണ്. ലത്തീൻസഭയിൽ, ആസ്തപ്പാട്ട്, ഒന്നുമുതൽ ആറുവരെ പട്ടങ്ങൾ, പൗരോഹിത്യം, മെത്രാഭിഷേകം ഇങ്ങനെ ഒമ്പതു വ്യത്യസ്തപട്ടങ്ങളുണ്ട്. ആസ്തപ്പാട്ട സ്വീകരിക്കുമ്പോൾ പുരോഹിതാർത്ഥി ഒരു ശെമ്മാശൻ അഥവാ ക്ലേരി ആയി. ഓരോ പട്ടത്തിലും ലഭിക്കുന്ന അധികാരം കീഴെ ചേർക്കുന്നു.

| | |
|---|---|
| ഒന്നാംപട്ടം: | ദൈവാലയത്തിൻെറ വാതിൽ തുറക്കുവാനും അടയ്ക്കുവാനുമുള്ള അധികാരം. |
| രണ്ടാംപട്ടം: | ദൈവാലയത്തിൽ വായിക്കുവാനുള്ള അധികാരം. |
| മൂന്നാംപട്ടം: | പിശാചിനെ പുറത്താക്കുവാനുള്ള വരം |
| നാലാംപട്ടം: | അൾത്താരശുശ്രൂഷ. |
| അഞ്ചാംപട്ടം: | ബലിവസ്തുക്കൾ ഒരുക്കുക, തിരുവസ്ത്രങ്ങൾ കഴുകുക; വി. കർബാനയിൽ ലേഖനം വായിക്കുക-ഇവയ്ക്കുള്ള അധികാരം. |
| ആറാംപട്ടം: | ബലിയിൽ ശുശ്രൂഷിക്കുവാനും സുവിശേഷം വായിക്കുവാനുമുള്ള അധികാരം. |
| കർബാനപ്പട്ടം: | ദിവ്യബലിസമർപ്പിക്കുവാനും പാപങ്ങൾ മോചിക്കുവാനും പട്ടവും, സ്ഥൈര്യലേപനവും ഒഴികേയുള്ള ഇതരകൂദാശകൾ നടത്തുവാനുമുള്ള അധികാരം. |

മെത്രാഭിഷേകം: പൗരോഹിത്യത്തിൻെറ പൂർണ്ണത. തിരുപ്പട്ടവും സ്ഥൈര്യലേപനവും നല്കുവാനുള്ള അധികാരം.

ആറാംപട്ടവും, പൗരോഹിത്യവും, മെത്രാഭിഷേകവും മാത്രമേ ക്രൂദാശയിൽ ഉൾപ്പെട്ടന്നുള്ളൂ. അവ മൂന്നും വത്യസ്തക്രൂദാശകളല്ല; ഒരേ ക്രൂദാശയുടെ വിവിധപദവികൾമാത്രമാണ്. പൗരോഹിത്യത്തിൻെറ പൂർണ്ണതയാണു മെത്രാഭിഷേകം. ശേഷം പട്ടങ്ങളൊന്നും ക്രൂദാശകളല്ല. ക്രൂദാശാനുകരണങ്ങൾ മാത്രമാണ്. ചില പൗരസ്ത്യറീത്തുകളിലൊഴികെ മറെറല്ലാറീത്തുകളിലും അഞ്ചാംപട്ടത്തോടുകൂടി ബ്രഹ്മചര്യം പാലിക്കുവാനുള്ള വ്രതം ശെമ്മാശ്ശൻ സ്വീകരിക്കുന്നു.

ആറാംപട്ടത്തിൻേറയും പൗരോഹിത്യത്തിൻേറയും മെത്രാഭിഷേകത്തിൻേറയും കർമ്മസാധനം അഭിഷേചകമെത്രാൻെറ കൈവെപ്പാണ്; ആ സമയത്തോ അതിനുശേഷമോ ചൊല്ലുന്ന ചെറിയ ഒരപേക്ഷയാണ് ഈ ക്രൂദാശയുടെ കർമ്മസ്വരൂപം. ഓരോ പട്ടത്തിലും പ്രദാനംചെയ്യുന്ന അധികാരത്തെ സൂചിപ്പിക്കുന്ന സാധനങ്ങൾ അതതു പട്ടത്തിനുള്ള തിരുക്കർമ്മത്തിനിടയ്ക്കു നല്കപ്പെടുന്നു. ലത്തീൻറീത്തിൽ പൗരോഹിത്യത്തിനും മെത്രാഭിഷേകത്തിനും സൈത്തുകൊണ്ടുള്ള ലേപനവുമുണ്ട്.

## ഈ ക്രൂദാശയുടെ ഫലങ്ങൾ

1. ദൈവവരപ്രസാദം വർദ്ധിപ്പിക്കുന്നു.

2. വൈദികചുമതലകൾ നിർവ്വഹിക്കുന്നതിനുവേണ്ട സഹായവും ശക്തിയും പ്രദാനം ചെയ്യുന്നു.

3. മാഞ്ഞുപോകാത്ത ഒരു മുദ്ര ആത്മാവിൽ പതിക്കുന്നു. ക്രിസ്തുവിൻെറ പൗരോഹിത്യത്തിലുള്ള ഭാഗഭാഗിത്വമാണ് ഈ മുദ്ര സൂചിപ്പിക്കുന്നതു്. രക്ഷപെടുന്നവർക്ക് ഈ മുദ്ര അവരുടെ മഹത്വത്തിനും നശിക്കുന്നവർക്ക് അവരുടെ നിത്യമായ ലജ്ജയ്ക്കും കാരണമായി നിലകൊള്ളും.

## പൗരോഹിത്യത്തിനു് എന്തെല്ലാം ഗുണങ്ങൾ വേണം?

1. ശുദ്ധനിയോഗം: ദൈവമഹത്വവും സ്വന്തം ആത്മരക്ഷയും ഉന്നംവച്ചുകൊണ്ടു മാത്രമേ ഒരു യുവാവു പൗരോഹിത്യത്തിലേക്കു പ്രവേശിക്കാവൂ.

2. ദൈവവിളി: സാധാരണമായി ദൈവം നേരിട്ട് ആരേയും പൗരോഹിത്യത്തിനു ക്ഷണിക്കുന്നില്ല. മെത്രാന്മാരുടെ, അല്ലെങ്കിൽ, സന്യാസസഭാശ്രേഷ്ഠൻെറ അംഗീകാരമാണു ദൈവവിളിയുടെ പ്രധാന ലക്ഷണം.

3. ശാരീരികവും മാനസികവുമായ പര്യാപ്തത: അതായതു്, തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിക്കുവാൻവേണ്ട കഴിവും പൗരോഹിതകർത്തവ്യങ്ങൾ നിർവ്വഹിക്കുവാൻതക്ക ആരോഗ്യവും. ഏതെങ്കിലുംതരത്തിലുള്ള അംഗവിഹീനത്വം പൗരോഹിത്യത്തിനു തടസ്സമാണു്.

4. പുണ്യജീവിതം: ഒരു വൈദികവിദ്യാർത്ഥി സെമിനാരിയിൽ ചേരുമ്പോൾത്തന്നെ വലിയ പുണ്യവാനായിരിക്കണമെന്നല്ല, ഇതിൻെറ അർത്ഥം; അയാളുടെ അതുവരെയുള്ള ജീവിതംകൊണ്ടു വ്യക്തമാകണം, ഗുരുതരമായ പാപങ്ങളിൽനിന്നു് അകന്നിരിക്കുവാൻവേണ്ട മനശ്ശക്തിയും പുണ്യവാസനയുമുണ്ടെന്നു്.

5. തിരുപ്പട്ടം സ്വീകരിക്കുന്നവർ ഇരുപത്തിനാലു വയസ്സു പൂർത്തിയാക്കിയിരിക്കണമെന്നും ജ്ഞാനസ്നാനവും സ്ഥൈര്യലേപനവും സ്വീകരിച്ചിരിക്കണമെന്നുമാണു തിരുസ്സഭയുടെ നിയമം.

6. വൈദികസ്ഥാനത്തിനു് അനർഹമായ കാനോനികതടസ്സങ്ങൾ ഇല്ലാതിരിക്കുക.

## പരിശോധനാവിഷയം

1. ശ്ലീഹന്മാർക്കു കൊടുത്ത മൂന്നു് അധികാരങ്ങൾ ഏവ?

2. വൈദികന്മാൎക്കില്ലാത്ത ഏതെല്ലാം അധികാരങ്ങളാണു മെത്രാന്മാൎക്കുള്ളതു്?

3. വൈദികവിദ്യാൎത്ഥികൾക്കു് ഉണ്ടായിരിക്കേണ്ട പ്രധാന ഗുണങ്ങളേവ?

4. ഒരു വൈദികനുള്ള പ്രധാനാധികാരങ്ങൾ എന്തെല്ലാം?

## പ്രശ്നങ്ങൾ

1. എപ്പോഴാണു് ശ്ലീഹന്മാരെ വൈദികന്മാരായി ഉയൎത്തിയതു്?

(ഉത്തരം: "ഇതു് എൻെറ ഓൎമ്മയ്ക്കായി ചെയ്യുവിൻ" (ലൂക്കാ 22: 19; 1 കൊ. 11: 24-25) എന്നു് ഒടുവിലത്തെ അത്താഴത്തിൽവച്ചു ശ്ലീഹന്മാരോടു പറഞ്ഞപ്പോൾ).

2. പൗരോഹിത്യത്തിൻെറ സകലാധികാരങ്ങളും ഒരുമിച്ചാണോ ശ്ലീഹന്മാൎക്കു ലഭിച്ചതു്?

(ഉത്തരം: അല്ല. പാപമോചനാധികാരം ഉയിൎപ്പു കഴിഞ്ഞാണല്ലോ നല്കിയതു്.)

3. ദൈവവിളി എന്താണു്? ദൈവവിളിയുണ്ടെന്നു് എങ്ങനെ മനസ്സിലാക്കാം?

(ഉത്തരം: ഒരു പ്രത്യേകജീവിതസ്ഥിതി അവലംബിക്കുന്നതിനുള്ള പര്യാപ്തതയാണു് ദൈവവിളി. ആ സ്ഥിതി ആശ്ലേഷിക്കുന്നതിനു് ആവശ്യകമായ അനുഗ്രഹങ്ങൾ ദൈവം നല്കുന്നു. ഏതെങ്കിലും ഒരു ജീവിതാന്തസ്സിൻെറ ചുമതലകൾ നിൎവ്വഹിക്കുന്നതിനുള്ള അനുഗ്രഹങ്ങൾ നല്കിക്കൊണ്ടു് ആ അന്തസ്സിലേക്കു ദൈവം നമുക്കു പ്രത്യക്ഷമായോ പരോക്ഷമായോ നല്കുന്ന ക്ഷണമാണു ദൈവവിളി. പ്രത്യക്ഷമായ ക്ഷണം ഒരത്ഭുതമാണു്; വളരെ വിരളമായേ ഉണ്ടാകുന്നുള്ളു. സെൻറ് സ്റ്റനിസ്ലാവൂസ്, സെൻറ് പീററർ നൊളാസ്കോ എന്നിവൎക്കു് ദൈവത്തിൽനിന്നു നേരിട്ടു ക്ഷണം കിട്ടി. ഇതരരെസ്സംബന്ധിച്ചിടത്തോളം, അവരുടെ ആഗ്രഹവും വൈദികമേലദ്ധ്യക്ഷന്മാരുടെ അംഗീകാരവും തന്നെ ദൈവത്തിൻെറ പരോക്ഷ ക്ഷണമെന്നു പറയുന്നതു്.)

4. ജോൺ പൗരോഹിത്യം ആശ്ലേഷിക്കുന്നതു സുഖമായും മാന്യമായും ജീവിക്കാമെന്നുള്ള പ്രതീക്ഷയോടെയാണു്. ജോണിനു ദൈവവിളിയുണ്ടോ?

5. താഴെ പറയുന്ന വാക്കുകൾ തമ്മിലുള്ള വ്യത്യാസം വിവരിക്കുക.

എ) ഡീക്കൻ—സബ്ഡീക്കൻ

ബി) പുരോഹിതൻ—മെത്രാൻ

സി) ബിഷപ്പ്—ആർച്ചുബിഷപ്പ്

ഡി) ബിഷപ്പ്—കർദ്ദിനാൾ

(ഉത്തരം: എ. ആറാംപട്ടക്കാരനാണു ഡീക്കൺ. മാമ്മോദീസാ മുക്കുവാനും ദൈവാലയത്തിൽ പ്രസംഗിക്കുവാനും വി. കുർബാന എഴുന്നള്ളിച്ചുകൊടുക്കുവാനും, അധികാരം ലഭിക്കുന്നു. അഞ്ചാംപട്ടക്കാരനാണു സബ്ഡീക്കൻ. അദ്ദേഹത്തിനു മേല്പറഞ്ഞ അധികാരങ്ങൾ ഇല്ല.

ബി. മെത്രാന്മാർക്കു തിരുപ്പട്ടവും സ്ഥൈര്യലേപനവും നല്കുവാൻ അധികരമുണ്ടു്; പുരോഹിതനില്ല.

സി. ഒരു രൂപതയുടെ അദ്ധ്യക്ഷൻ ബിഷപ്പ്. ഒരു അതിരൂപതയുടെ അദ്ധ്യക്ഷൻ ആർച്ചുബിഷപ്പ്. ബഹുമാനാർത്ഥം ചില ബിഷപ്പുമാർക്കു ഈ സ്ഥാനം വ്യക്തിപരമായി തിരുസ്സഭയിൽനിന്നു നല്കാറുണ്ടു്.

ഡി) സഭയുടെ പൊതുഭരണത്തിനായി പരിശുദ്ധപിതാവു തിരഞ്ഞെടുക്കുന്ന പ്രത്യേകവ്യക്തികളാണു കർദ്ദിനാളന്മാർ. പൊതുവെ മെത്രാന്മാരെയാണു കർദ്ദിനാൾസ്ഥാനത്തേക്കു തിരഞ്ഞെടുക്കുന്നതു്. ചുരുക്കമായി വൈദികന്മാരേയും തിരഞ്ഞെടുക്കാറുണ്ടു്. കർദ്ദിനാളന്മാരാണു മാർപ്പാപ്പയെ തിരഞ്ഞെടുക്കുന്നതു്.)

6) ഹൈരാർക്കി എന്നാലെന്തു്?

(ഉത്തരം: ഡീക്കന്മാരും വൈദികന്മാരും മെത്രാന്മാരും ഉൾപ്പെടുന്ന ആചാര്യക്രമമാണു ഹൈരാർക്കി.)

7) ഒരു വൈദികൻ പൗരോഹിത്യം ഉപേക്ഷിച്ചു അല്മായനായി നടന്നാൽ പൗരോഹിത്യം നഷ്ടപ്പെടുമോ?

(ഉത്തരം: ഇല്ല. ഇടത്തുടിൽ ചേർന്നാൽപ്പോലും പൗരോഹിത്യം നഷ്ട

പ്പെടുകയില്ല. മായാത്ത മുദ്രയാണ് ഈ കൂദാശവഴി ആത്മാവിൽ പതിയുന്നതു്.)

8) സകല ക്രിസ്ത്യാനികളെസ്സംബന്ധിച്ചും പത്രോസ്സ്ലീഹാ പറയുന്നു: "നിങ്ങൾ ഒരു രാജകീയപൗരോഹിത്യമാണു്" (1പത്രോ. 2, 9). ഏതത്ഥത്തിലാണ്, അല്മായർ പുരോഹിതരെന്നു വിളിക്കപ്പെടുന്നതു്?

(ഉത്തരം: വിപുലമായ ഒരത്ഥത്തിലാണു പത്രോസ്സ്ലീഹ "രാജകീയപൗരോഹിത്യം" എന്ന പദം ഉപയോഗിച്ചിട്ടുള്ളതു്. ദിവ്യബലിയിൽ സകല ക്രിസ്ത്യാനികളും ഭാഗഭാക്കാകുന്നതുകൊണ്ടും പുരോഹിതനായ ക്രിസ്തുവിൻെറ മൗതികശരീരത്തിലേ അംഗങ്ങളാകകൊണ്ടും സകല ക്രൈസ്തവരേയും വിപുലമായ അത്ഥത്തിൽ പുരോഹിതരെന്നു വിളിക്കാം. ഇങ്ങനെ വിളിക്കുന്നതിൽനിന്ന്, പൗരോഹിത്യമെന്ന കൂദാശ സ്വീകരിച്ചവരും ഇതരരും ഒരേവിധത്തിലുള്ള പുരോഹിതരാണെന്ന് അത്ഥമാക്കേണ്ടതില്ല.)

## പ്രായോഗികാഭ്യാസങ്ങൾ

1) ദൈവം വിളിച്ചവർ അവിടുത്തേ ആഹ്വാനം സ്വീകരിക്കുന്നതിനു നമുക്കു പ്രാത്ഥിക്കാം.

2) വൈദികന്മാക്കുവേണ്ടി പ്രാർത്ഥിക്കുക; ഗൗരവമേറിയ ഭാരമാണ് അവർ വഹിക്കുന്നതു്.

3) വൈദികസ്ഥാനത്തിൻെറ മാഹാത്മ്യമോത്തു് അവരെ ബഹുമാനിക്കുക; അവരോടു സ്വസ്തിപറയുക.

പതിനെട്ടാമദ്ധ്യായം

# വിവാഹം

മരണത്തോളം വേർപിരിയാത്തവിധത്തിൽ പുരുഷനേയും സ്ത്രീയേയും തിരുസ്സഭാനിയമമനുസരിച്ചു യോജിപ്പിക്കുന്നതും കുടുംബജീവിതത്തിന്റെ ചുമതലകൾ നിർവ്വഹിക്കുവാൻ അനുഗ്രഹങ്ങൾ നല്കുന്നതുമായ കൂദാശയാണു വിവാഹം.

## വിവാഹം പഴയനിയമത്തിൽ

വിവാഹത്തിന്റെ ആരംഭം സർവ്വേശ്വരനിൽനിന്നുതന്നെയാണ്. സൃഷ്ടിയുടെ പുസ്തകം വായിച്ചുനോക്കുക: "കർത്താവായ ദൈവം പറഞ്ഞു: മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല. അവനെപ്പോലെയുള്ള ഒരു സഹായിയെ അവനായി നമുക്കുണ്ടാക്കാം. . . . ആകയാൽ, കർത്താവായ ദൈവം ആദത്തിന് ഒരു ഗാഢനിദ്ര അയച്ചു. അവൻ നല്ല ഉറക്കത്തിലായപ്പോൾ അവന്റെ വാരിയെല്ലുകളിൽ ഒന്നെടുത്ത് അതിനുപകരം മാംസം പിടിപ്പിച്ചു. കർത്താവായ ദൈവം ആദത്തിൽനിന്നെടുത്ത വാരിയെല്ലിനെ ഒരു സ്ത്രീയാക്കി അവളെ ആദത്തിന്റെ അടുക്കൽ കൊണ്ടുവന്നു. അപ്പോൾ ആദം പറഞ്ഞു: ഇത് എന്റെ അസ്ഥിയുടെ അസ്ഥിയും എന്റെ മാംസത്തിന്റെ മാംസവുമാകുന്നു. ഇവൾ നരനിൽനിന്നെടുക്കപ്പെട്ടതുകൊണ്ടു നാരിയെന്നു വിളിക്കപ്പെടും. ഇക്കാരണത്താൽ മനുഷ്യൻ തന്റെ പിതാവിനേയും മാതാവിനേയും ഉപേക്ഷിച്ചു തന്റെ ഭാര്യയോടു ചേരും. അവർ രണ്ടും ഏകജഡമായിരിക്കുകയും ചെയ്യും" (ഉൽപത്തി 2: 18-24). "പുരുഷനും സ്ത്രീയുമായി ദൈ

ാം അവരെ സൃഷ്ടിച്ചു. അവരെ അനുഗ്രഹിച്ചുകൊണ്ടു പറഞ്ഞു: നിങ്ങൾ പെരുകി വർദ്ധിക്കുവിൻ" (ഉൽപത്തി 1: 27-28). ഈ വാക്കുകളിൽനിന്നു ചില സംഗതികൾ വിശദമാണ്.

1) ദൈവനിശ്ചയപ്രകാരം വിവാഹം അഭേദ്യമാണ്; അതായത് ഭാര്യാഭർത്താക്കന്മാരിൽ ഒരാളുടെ മരണംവഴിയല്ലാതെ വിവാഹബന്ധം ശിഥിലമാകയില്ല

2) വിവാഹം പരിശുദ്ധമാണ്; കാരണം, ദൈവംതന്നെയാണ് ആദത്തിൻെറയും ഹവ്വായുടേയും വിവാഹം നടത്തിയത്.

3) വിവാഹം ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിലായിരിക്കണം അനന്തരകാലങ്ങളിൽ ബഹുഭാര്യത്വം യഹൂദന്മാരുടെ ഇടയിലുണ്ടായത്, അവരുടെ ഹൃദയദൗർബല്യംനിമിത്തം താൽകാലികമായി ദൈവം അനുവദിച്ചതുകൊണ്ടാണ് വിവാഹമോചനവും തഥൈവ; എന്നാൽ, വിവാഹമോചനം പ്രാപിച്ചവൎക്ക പുതിയ വിവാഹം അനുവദിച്ചിരുന്നില്ല എന്നതു് അർത്ഥവത്താണ്

വിവാഹത്തിൻെറ പ്രധാനോദ്ദേശ്യം സന്താനോൽപാദനമാണ്. ദ്വിതീയോദ്ദേശ്യം പരസ്പരസഹായവും സഹിതവുമത്രേ.

## വിവാഹം പുതിയനിയമത്തിൽ

ക്രിസ്തുനാഥൻ പുതിയനിയമത്തിൽ വിവാഹത്തെ കൂദാശയായി ഉയൎത്തി. മിശിഹാ തൻെറ സഭയെ സ്നേഹിക്കുന്നതുപോലെ ഭൎത്താവു ഭാര്യയെ സ്നേഹിക്കട്ടെ എന്നാണ് ശ്ലീഹാ അപ്പസ്സായക്കാൎക്ക എഴുതിയിരിക്കുന്നതു് (അപ്പ 5:29) മിശിഹായ്ക്കു തിരുസ്സഭയോടുള്ള സ്നേഹം അതിസ്വാഭാവികമാണ്. ഭൎത്താവിനു ഭാര്യയോടുള്ള സ്നേഹവും അതിസ്വാഭാവികമായിരിക്കണമെന്നാണല്ലോ ശ്ലീഹാ ഇവിടെ അനുശാസിക്കുന്നതു്. ഈദൃശസ്നേഹം ദൈവവരപ്രസാദത്തെ ആശ്രയിച്ചിരിക്കുന്നതിനാൽ വിവാഹബന്ധം ദൈവവരപ്രസാദസംദായകമാണ്, അഥവാ, കൂദാശയാണ് എന്നു മനസ്സിലാക്കണമല്ലോ. അതുകൊണ്ടായിരിക്കണം, പുരുഷൻ തൻെറ പിതാവി

നേയും മാതാവിനേയും ഉപേക്ഷിച്ചു തന്റെ ഭാര്യയോടു ചേൎന്ന് ഒരു ശരീരമാകുന്നതു വലിയ ഒരു രഹസ്യമാണെന്നു ശ്ലീഹാ തുടൎന്നു പറയുന്നതു്. രഹസ്യമെന്ന വാക്കിനു പകരം ചില ഭാഷകളിൽ കൂദാശ എന്ന വാക്കുതന്നെ ഉപയോഗിച്ചിട്ടുണ്ടു്.

വിവാഹത്തെ കൂദാശയായി ഉയൎത്തിയതു് എപ്പോഴാണെന്നു നമുക്കു തീൎത്തു പറയുവാൻ വയ്യാ. ഏതായാലും കാനായിലെ കല്യാണവിരുന്നിൽ ഈശോ സന്നിഹിതനായി, അത്ഭുതം പ്രവൎത്തിച്ചു്, വെള്ളം വീഞ്ഞാക്കിക്കൊടുത്തതു വിവാഹത്തിന്റെ പരിശുദ്ധിക്കു ക്രിസ്തു നല്കുന്ന ഒരു സാക്ഷ്യമായി കരുതാം.

യാതൊരു സാഹചര്യത്തിലും ഭാര്യാഭൎത്താക്കന്മാൎക്കു വിവാഹമോചനം അനുവദിക്കുന്നതല്ലെന്നും അവിടുന്നു വ്യക്തമായി പറയുന്നു. അങ്ങനെ മൂശ ചില സാഹചര്യങ്ങളിൽ നല്കിയിരുന്ന അനുവാദം അവിടുന്നു പിൻവലിച്ചു: "മൂശ നിങ്ങളുടെ ഹൃദയകാഠിന്യം നിമിത്തം ഭാര്യമാരെ പിരിച്ചുവിടുവാൻ നിങ്ങൾക്കു് അനുവദിച്ചു. എന്നാൽ, ആദ്യംമുതൽ അങ്ങനെ ആയിരുന്നില്ല. ഞാൻ നിങ്ങളോടു പറയുന്നു: വ്യഭിചാരം നിമിത്തമല്ലാതെ തന്റെ ഭാര്യയെ ഉപേക്ഷിക്കുന്നവനും വേറൊരുവളെ പരിഗ്രഹിക്കുന്നവനും വ്യഭിചാരം ചെയ്യുന്നു. ഉപേക്ഷിക്കപ്പെട്ടവളെ പരിഗ്രഹിക്കുന്നവനും വ്യഭിചാരം ചെയ്യുന്നു. അവന്റെ ശിഷ്യന്മാർ അവനോടു പറഞ്ഞു: ഭൎത്താവും ഭാര്യയും തമ്മിലുള്ള സ്ഥിതി ഇങ്ങനെ കഠിനമാണെങ്കിൽ വിവാഹം കഴിക്കുന്നതു നല്ലതല്ലല്ലോ" (മത്താ. 19: 8-10).

ഈ വാക്കുകൾ സ്വയം വിശദമാണു്. വ്യഭിചാരമുണ്ടായാൽ വിവാഹമോചനം അനുവദിക്കാമല്ലോ എന്നു് ഈ വാക്യം ചിലർ വ്യാഖ്യാനിച്ചു. അതു തെററാണെന്നു് അവസാനഭാഗംകൊണ്ടു സ്പഷ്ടമാണു്. വ്യഭിചാരംനിമിത്തം ഉപേക്ഷിക്കപ്പെട്ടവളെ വിവാഹം കഴിച്ചാൽ വ്യഭിചാരമാകുമെന്നു പ്രഖ്യാപിച്ചിരിക്കുന്നതുകൊണ്ടു വ്യഭിചാരംനിമിത്തം കക്ഷികൾക്കു വേൎപിരിഞ്ഞു താമസിക്കാമെന്നല്ലാതെ, വിവാഹബന്ധം ശിഥിലമാകുന്നില്ലെന്നു തെളിയുന്നു. കത്തോലിക്കവിശ്വാസത്തിനോ കുടുംബസമാധാനത്തിനോ കാൎയ്യമായ തടസ്സമുണ്ടെങ്കിൽ ഭാര്യാഭൎത്താക്കന്മാർ വേൎപിരിഞ്ഞു

താമസിക്കാവുന്നതാണ്; എന്നാൽ, ഇരുകൂട്ടരുടേയും വിവാഹബന്ധം ഉറച്ചുതന്നെ നില്ക്കും. "ദൈവം യോജിപ്പിച്ചതു മനുഷ്യൻ വേർപിരിക്കരുത്" (മർക്കോസ് 10: 9-12). അതിനാൽ, സർക്കാർ കോടതികളിൽ വിവാഹമോചനം അനുവദിച്ചാലും കത്തോലിക്കർക്ക് ആ വിധി സ്വീകാര്യമല്ല.

## കർമ്മസാധനവും കർമ്മസ്വരൂപവും

വിവാഹമെന്ന കൂദാശയുടെ കർമ്മസാധനവും സ്വരൂപവും വധൂവരന്മാരുടെ വിവാഹ സമ്മതംതന്നെയാണ്. അവർതന്നെയാണ് ഈ കൂദാശയുടെ കാർമ്മികർ. പുരോഹിതൻ കാർമ്മികനല്ല; ഒരു സാക്ഷി മാത്രമാണ്.

കത്തോലിക്കരുടെ വിവാഹം വാസ്തവമാകണമെങ്കിൽ, അവരവരുടെ റീത്തിൽപ്പെട്ട ഒരു പള്ളിയിൽ അധികാരമുള്ള ഒരു പുരോഹിതൻേറയും രണ്ടു സാക്ഷികളുടേയും മുമ്പിൽ നടത്തണം. ന്യായ്യമായി വിവാഹം നടത്തണമെങ്കിൽ, ക്രമാനുസാരം വിവാഹപരസ്യങ്ങൾ നടത്തിയതിനുശേഷം, അതതുസ്ഥലത്തെ പതിവുപോലെ വരൻെറയോ വധുവിൻെറയോ ഇടവകയിൽ നടത്തേണ്ടിയിരിക്കുന്നു. ഇരുവരും വിശ്വാസസത്യങ്ങൾ പഠിച്ചിരിക്കണം. കത്തോലിക്കാവിവാഹത്തെസ്സംബന്ധിച്ച തത്വങ്ങൾ ഹൃദിസ്ഥമാക്കിയിരിക്കണം. കമ്പസാരിച്ചു വി. കുർബാന സ്വീകരിച്ചു ദൈവവരപ്രസാദത്തോടുകൂടെയാണ് വിവാഹം നടത്തേണ്ടതു്.

വിഭൂതിബുധനാഴ്ചമുതൽ ഉയിർപ്പുവരെയും ആഗമനകാലംമുഴുവനും വിവാഹാഘോഷങ്ങൾ മുടക്കപ്പെട്ടിരിക്കുന്നു.

കത്തോലിക്കർ അകത്തോലിക്കരുമായുള്ള വിവാഹത്തിന് ഒരുമ്പെടാതിരിക്കുന്നതു് ഉത്തമം. കത്തോലിക്കകക്ഷിയുടെ വിശ്വാസത്തിനു പ്രതിബന്ധമില്ലാതിരിക്കയും വിവാഹത്തിലുണ്ടാകുന്ന കുട്ടികളെ കത്തോലിക്കവിശ്വാസത്തിൽ വളർത്താമെന്ന് ഇരു കക്ഷികളും ഉറപ്പുനല്കുകയും ചെയ്യുകയാണെങ്കിൽ മെത്രാന്മാർക്കു പ്രത്യേ

കാധികാരം ഉപയോഗിച്ച് അത്തരം വിവാഹം അനുവദിക്കാവുന്നതാണ്. വിവാഹസംബന്ധമായി അകത്തോലിക്കരുടെ കർമ്മങ്ങളെല്ലാം നിഷിദ്ധമാണ്

കത്തോലിക്കായുവാക്കം മാതാപിതാക്കന്മാരുടെ അനുവാദത്തോടുകൂടി മാത്രമേ വിവാഹയുടമ്പടി ചെയ്യാവൂ. മാതാപിതാക്കന്മാർ യുക്തിവിരുദ്ധമായ തടസ്സം ഉണ്ടാക്കുകയാണെങ്കിൽ വൈദികമേലദ്ധ്യക്ഷൻെറ അനുവാദത്തോടുകൂടെ വിവാഹം നടത്തിക്കൊടുക്കാവുന്നതാണ്.

തിരുസ്സഭയുടെ നിയമമനുസരിച്ചു വരനു 16-ം വധുവിനു 14-ം വയസ്സ് ഉണ്ടായിരിക്കേണ്ടതാണ്. സക്കാർ നിയമം ഇതിനെക്കാഠം കൂടിയ ഒരു വയ:ക്ളിപ്തിയാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് എല്ലാവരും ഓർത്തിരിക്കണം.

രക്തബന്ധം, വിവാഹബന്ധം, ജ്ഞാനബന്ധം തുടങ്ങിയ പല വിവാഹതടസ്സങ്ങളും തിരുസ്സഭ നിശ്ചയിച്ചിട്ടുണ്ട്. അവയെല്ലാം ഇവിടെ വിവരിക്കുന്നില്ല. വിവാഹത്തിനു അവസാനതീരുമാനം ചെയ്യുന്നതിനുമുമ്പ് ആധ്യാത്മികപിതാവിനോടാലോചിക്കുന്നതു് ഉത്തമം.

## പരിശോധനാവിഷയം

പൂരിപ്പിക്കുക:

1) വിവാഹത്തിൻെറ കാർമ്മികൻ...........

2) കത്തോലിക്കാസഭയിൽ ! മമ്മോദീസാ മുങ്ങിയവരും അകത്തോലിക്കരും തമ്മിലുള്ള വിവാഹം...........

3) പഴയനിയമത്തിൽ വിവാഹമോചനം ചില സാഹചര്യങ്ങളിൽ...........പുതിയ നിയമത്തിൽ...........

4) വിവാഹത്തിൻെറ പ്രഥമോദ്ദേശ്യം...........

5) ഭാര്യയോ ഭർത്താവോ ജീവിച്ചിരിക്കുന്നുവെന്നു് അറിവുള്ളപ്പോൾ ഏതെങ്കിലും വഞ്ചനവഴി വേറൊരാളെ വിവാഹം കഴിക്കുന്നവരെ.......... ആയിക്കരുതണം.

## പ്രശ്നങ്ങൾ

1. ഒരുത്തൻ നാടും വീടും വിട്ടുപോയിട്ടു കുറെയേറെ കൊല്ലങ്ങളായി. ഭാര്യയ്ക്കു പുതിയ വിവാഹം കഴിക്കാമോ?

2. താഴെപ്പറയുന്ന വിവാഹങ്ങൾ വാസ്തവമാണോ?

പ്രോട്ടസ്റ്റൻറുമിനിസ്റ്ററുടെയോ രെജിസ്ത്രാരുടെയോ മുമ്പിൽ നടക്കുന്ന വിവാഹം.

എ) കത്തോലിക്കരും അകത്തോലിക്കരും തമ്മിലുള്ളതു്.

ബി) രണ്ടു കത്തോലിക്കരുടേതു്.

സി) രണ്ടു പ്രോട്ടസ്റ്റൻറുകാരുടേതു്.

ഡി) മാമ്മോദീസാ സ്വീകരിച്ചിട്ടില്ലാത്തവരുടേതു്.

3. പ്രോട്ടസ്റ്റൻറുകാർതമ്മിലുള്ള വിവാഹകർമ്മങ്ങളിൽ കത്തോലിക്കർക്കു സന്നിഹിതരാകാമോ?

4. രണ്ടു മാർത്തോമ്മാക്കാർ രെജിസ്ത്രാരുടെമുമ്പിൽ നടത്തുന്ന വിവാഹം കൂദാശയാണോ?

5. വിവാഹിതനായ ഒരു ഹിന്ദു കത്തോലിക്കാസഭയിൽചേർന്നു് ഒരു കത്തോലിക്കാവനിതയെ വിവാഹം കഴിക്കുവാൻ ആഗ്രഹിക്കുന്നു. അയാളുടെ ആഗ്രഹം സാധിച്ചുകൊടുക്കാമോ?

(ഉത്തരം: ഭർത്താവു മാമ്മോദീസാമുങ്ങുന്നതിനുമുമ്പു ഭാര്യയോടു ഔദ്യോഗികമായി രണ്ടു സംഗതികളെപ്പററി ചോദിക്കണം: (1) മാമ്മോദീസാ സ്വീകരിക്കുവാൻ മനസ്സാകുന്നോ? (2) അതിനു മനസ്സില്ലെങ്കിൽ, ഭർത്താവിനോടുകൂടെ സമാധാനപൂർവ്വം താമസിക്കുവാൻ സന്നദ്ധയാണോ? രണ്ടു ചോദ്യത്തിനും നിഷേധരൂപത്തിലുള്ള ഉത്തരമാണു ലഭി

ക്കുന്നതെങ്കിൽ ഭർത്താവിനു മാമ്മോദീസാ സ്വീകരിച്ച കത്തോലിക്കാ വനിതയെ വിവാഹം കഴിക്കാം.

വിജാതീയവധൂവരന്മാർക്കു് അനുവദിച്ചിട്ടുള്ള ഈ സ്വാതന്ത്ര്യം പൗലോസ് ശ്ലീഹാ കൊറന്തോയക്കാർക്കുള്ള പ്രഥമലേഖനത്തിലാണു പ്രഖ്യാപിച്ചിരിക്കുന്നതു് (7: 75). അതിനാൽ, ഈ അവകാശത്തിനു "പൗളിൻ അവകാശം" (Pauline Privilege) എന്നാണു പേർ.

## പ്രായോഗികാഭ്യാസങ്ങൾ

പുരോഹിതാഭിഷേകം പത്തുപന്ത്രണ്ടു കൊല്ലത്തെ ഒരുക്കത്തിനുശേഷമാണു സ്വീകരിക്കുന്നതു്. വിവാഹവും ഈശോ സ്ഥാപിച്ച കൂദാശയാകയാൽ, ഭക്തിപൂർവ്വം സ്വീകരിക്കുവാൻ ഒരുങ്ങുക; ദൈവതിരുവിഷ്ടമനുസരിച്ച വിവാഹബന്ധത്തിലേർപ്പെടുക; അതായതു്, മാതാപിതാക്കന്മാരെ വേദനിപ്പിക്കാതെയും തിരുസ്സഭാനിയമങ്ങളെ അനാദരിക്കാതെയും വിവാഹം നടത്തുക.

## പത്തൊൻപതാമധ്യായം

# ക്രൂദാശാനുകരണങ്ങൾ

ആധ്യാത്മികജീവിതത്തിലെ ഏഴു പ്രധാനോദ്ദേശ്യങ്ങളെ പരിഗണിച്ചു ക്രിസ്തു ഏഴു ക്രൂദാശകൾ സ്ഥാപിച്ചു. അവയെ അനുകരിച്ചു തിരുസ്സഭ പല തിരുക്കർമ്മങ്ങളും സ്ഥാപിച്ചിട്ടുണ്ടു്. നമ്മുടെ ഭക്തി വർദ്ധിപ്പിക്കുവാനും സച്ചിന്തകൾ നമ്മിൽ ജനിപ്പിക്കുവാനുമായി തിരുസ്സഭ നിർദ്ദേശിച്ചിരിക്കുന്ന, ആശീർവ്വാദങ്ങളും ആശീർവ്വദിക്കപ്പെട്ട വസ്തുക്കളുമാണു "ക്രൂദാശാനുകരണ"ങ്ങൾ.

കരിശുവരക്കുന്നതു്, വി. കുർബാനയുടെമുമ്പിൽ മുട്ടുകുത്തുന്നതു്, രക്ഷകൻെറയോ ദൈവമാതാവിൻെറയോ തിരുനാമം ഉച്ചരിക്കുമ്പോൾ തലകുനിക്കുന്നതു് മുതലായവ ക്രൂദാശാനുകരണങ്ങളായ പ്രവൃത്തികളാണു്. ക്രൂദാശാനുകരണങ്ങളായ വസ്തുക്കൾക്കു് ഉദാഹരണങ്ങൾ താഴെച്ചേർക്കുന്നു: (1) ആശീർവ്വദിക്കപ്പെട്ട മെഴുകുതിരിയും കുരുത്തോലയും. (2) ഹന്നാൻവെള്ളം. (3) കൊന്ത, കുരിശുരൂപം, കാശുരൂപങ്ങൾ, പുണ്യവാന്മാരുടെ ചിത്രങ്ങളും സ്വരൂപങ്ങളും. (4) വിഭൂതിബുധനാഴ്ച ആശീർവ്വദിക്കുന്ന ക്ഷാരം.

സകല വെഞ്ചരിപ്പുകളും ക്രൂദാശാനുകരണങ്ങളാണു്. ദൈവത്തിനു പ്രതിഷ്ഠിക്കാവുന്ന വസ്തുക്കൾ വെഞ്ചരിക്കുമ്പോൾ അവ അവിടുത്തേക്കു പ്രതിഷ്ഠിതമാകുന്നു; ഏതാണ്ടൊരു പരിശുദ്ധത അവയ്ക്കുവന്നു ചേരുന്നു. ഹന്നാൻവെള്ളത്തിനും ദൈവാലയങ്ങൾക്കും കൊന്തയ്ക്കുംമററുമുള്ള വെഞ്ചരിപ്പു് അത്തരമാണു്: ഒരു വീടോ തൊഴുത്തോ കിണറോ വെഞ്ചരിക്കുമ്പോൾ ഉദ്ദേശിക്കുന്നതു്, അവ ഉപയോഗിക്കുന്നവർക്കു ദൈവം അനുഗ്രഹങ്ങൾ നല്കണമെന്നാണു്.

ആദ്യത്തേത്തരം വെഞ്ചരിപ്പ് ഒരു പ്രതിഷ്ഠയാണെങ്കിൽ, രണ്ടാമത്തേത് ദൈവാനുഗ്രഹങ്ങൾക്കു വേണ്ടിയുള്ള ഒരു പ്രാത്ഥനയാണ്.

## കൂദാശകളും കൂദാശാനുകരണങ്ങളും തമ്മിലുള്ള വ്യത്യാസം

1. കൂദാശകൾ ഈശോ സ്ഥാപിച്ചതാണ്; കൂദാശാനുകരണങ്ങൾ തിരുസ്സഭ സ്ഥാപിച്ചതാണ്.

2. കൂദാശകൾ യോഗ്യതയോടെ സ്വീകരിച്ചാൽ അനുഗ്രഹങ്ങൾ ലഭിക്കാതിരിക്കയില്ല; കൂദാശാനുകരണങ്ങൾ അനുഗ്രഹങ്ങൾ ലഭിക്കുന്നതിനു മാർഗ്ഗം തെളിക്കുന്നതേയുള്ളു. മനസ്താപത്തോടെ പാപസങ്കീർത്തനം ചെയ്യുന്നവർക്കെല്ലാം പാപമോചനം ലഭിക്കുന്നു; പ്രാർത്ഥനാപൂർവം കുരിശുരൂപത്തെ നോക്കി ധ്യാനിക്കുന്ന ഒരുവനു പാപത്തെപ്രതി മനസ്തപിക്കുവാനും അങ്ങനെ പാപമോചനത്തിനു സ്വയം ഒരുങ്ങുവാനും കഴിയുന്നു.

കൂദാശാനുകരണങ്ങൾ തിരുസ്സഭയുടെ ഉദ്ദേശ്യമനുസരിച്ച് ഉപയോഗിച്ചാലേ ഫലമുണ്ടാകുകയുള്ളു. ജപമാല പ്രാർത്ഥിക്കുവാൻ ഉപയോഗിക്കുന്നില്ലെങ്കിൽ അതു കീശയിൽ ഇട്ടു നടക്കുന്നതുകൊണ്ടു എന്തു ആധ്യാത്മികനന്മയാണു ലഭിക്കുക? ചിലർ കുരിശുരൂപങ്ങളും പുണ്യവാന്മാരുടെ ചിത്രങ്ങളും വച്ചു മുറി അലങ്കരിക്കാറുണ്ട്; എന്നാൽ, അവയുടെ മുമ്പിൽ ഭക്തിവണക്കങ്ങൾ പ്രദർശിപ്പിക്കുന്നില്ലെങ്കിൽ എന്തു അനുഗ്രഹങ്ങളാണു പ്രതീക്ഷിക്കാവുന്നത്?

## പരിശോധനാവിഷയം

താഴെപ്പറയുന്ന സാഹചര്യങ്ങളിൽ ഏതു കൂദാശാനുകരണമാണ് ഉപയോഗിക്കുന്നത്.

1. പ്രായശ്ചിത്തത്തിന്റേയും മരണത്തിന്റേയും ഒരടയാളം നല്കുവാൻ.

2. ക്രിസ്തു ലോകത്തിൻെറ ദീപമാണെന്ന് ഏററുപറയുവാൻ.

3. പരിത്രാണകൃത്യത്തിനു കൃതജ്ഞതയായും അതിലുള്ള വിശ്വാസത്തിനു ലക്ഷ്യമായും നിലകൊള്ളുന്നത്.

4. ആത്മാവിൽനിന്നു പാപങ്ങളെ കഴുകിക്കളയുന്നതിൻെറ ചിഹ്നം.

5. വിശുദ്ധ കുർബാനയുടെ മുമ്പിലുള്ള ആരാധനാപ്രകടനം.

6. സൈത്ത് ലേപനംചെയ്തു ദൈവാലയം പ്രതിഷ്ഠിക്കുന്നത്.

7. ആശീർവ്വദിക്കുവാൻപോകുന്ന വസ്തുവിൽനിന്നു പിശാചിനെ പുറത്താക്കുന്നത്.

8. യാത്രകളിൽ അപകടമില്ലാതിരിക്കുവാൻ സഹായകമായി ഉപയോഗിക്കുന്നത്.

(ഉത്തരം: (1) വിഭൂതിബുധനാഴ്ച ആശീർവ്വദിക്കുന്ന ക്ഷാരം. (2) ആശീർവ്വദിക്കപ്പെട്ട മെഴുകുതിരികൾ. (3) കുരിശടയാളം. (4) ഹന്നാൻവെള്ളം. (5) മുട്ടുകുത്തുന്നത്. (6) പള്ളികൂദാശ. (7) പിശാചബഹിഷ്കരണം (Exorcism). (8) സെൻറ് ക്രിസ്റ്റഫർ മെഡൽ.)

## പ്രശ്നങ്ങൾ

1. കൂദാശയും കൂദാശാനുകരണവും തമ്മിലുള്ള അന്തരം സാരമായതാണോ?

2. വെഞ്ചരിച്ച സാധനങ്ങൾ ഉപയോഗിക്കുന്നതുകൊണ്ടുമാത്രം അനുഗ്രഹങ്ങൾ സംസിദ്ധമാകുമോ?

3. കൂദാശാനുകരണങ്ങൾ ആരു സ്ഥാപിച്ചതാണ്? എന്തിനാണു സ്ഥാപിച്ചിരിക്കുന്നത്?

4. കൂദാശാനുകരണങ്ങൾ ഉപയോഗിക്കുന്നതുകൊണ്ടു പാപപ്പൊറുതി സിദ്ധിക്കുമോ?

5. ക്രിസ്തു അപ്പവും മത്സ്യവും ആശീർവ്വദിച്ചതായും ശിശുക്കളെ അനുഗ്രഹിച്ചതായും വേദപുസ്തകത്തിൽ വായിക്കുന്നു (മത്തായി. 14: 19;

മക്കോസു 10: 6). ഇതിൽനിന്നു എന്തു് അനുമാനമാണു നിങ്ങൾ സ്വീകരിക്കുന്നതു?

(ഉത്തരം: കൂദാശാനുകരണങ്ങൾ ഈശോ സ്ഥാപിച്ചതല്ലെങ്കിലും അവയുടെ ഉപയോഗം അവിടുന്നു് അംഗീകരിച്ചിട്ടുണ്ടെന്നു്.)

6. എന്തിനാണു കുരിശുവരയ്ക്കുന്നതു്?

(പരിശുദ്ധ ത്രിത്വത്തിലും പരിത്രാണകൃത്യത്തിലുമുള്ള നമ്മുടെ വിശ്വാസം വ്യക്തമാക്കുവാൻ.)

7. പെസഹാത്തിരി എന്തിന്റെ സാദൃശ്യമാണു്?

(ഉയിർത്തെഴുന്നള്ളിയ മിശിഹാ ലോകത്തിന്റെ വെളിച്ചമാണെന്നതിന്റെ.)

8. എന്തിനാണു ഞായറാഴ്ച പ്രധാനകുർബാനയ്ക്കുമുമ്പു ജനങ്ങളുടെമേൽ ഹന്നാൻവെള്ളം തളിക്കുന്നതു്?

9. ആശീർവ്വദിക്കപ്പെട്ട വസ്തുക്കൾ പഴയതാകുമ്പോൾ നിങ്ങൾ എന്തു ചെയ്യും?

## പ്രായോഗികാഭ്യാസങ്ങൾ

1) ദൈവാലയത്തിലേക്കു പ്രവേശിക്കുമ്പോഴും മററു സന്ദർഭങ്ങളിലും ഭക്തിയോടുകൂടെ ഞാൻ കുരിശുവരയ്ക്കും.

2) ഒരുത്തരീയമോ കാശുരൂപമോ ഞാൻ എപ്പോഴും ധരിക്കും. അതു വിശ്വാസത്തിന്റെ ഓർമ്മ നമ്മിൽ ജനിപ്പിക്കും; അനുഗ്രഹദായകവുമായിരിക്കും.

രണ്ടാം ഭാഗം

# കുർബാനക്രമം

ഒന്നാമദ്ധ്യായം

# ലത്തീൻകുർബാന

കത്തോലിക്കതിരുസ്സഭയിൽ പ്രധാനമായി ആറു റീത്തുകളാണുള്ളത്: ലത്തീൻ, അന്തിയോക്കിയൻ, അലക്സാൺഡ്രിയൻ, ബിസൻറയിൻ, കാൽഡിയൻ, അർമ്മേനിയൻ. ഇവയിൽ മിക്കവെയ്ക്കും ഉപവിഭാഗങ്ങളുമുണ്ട്. ഓരോ റീത്തിലും വി. കർബാന അനുഷ്ഠിക്കുന്നതു് ആ റീത്തിനു സ്വന്തമായ ഭാഷയിലാണ്. ലത്തീൻറീത്തിൻേറതായ ഭാഷ എവിടെയും ലത്തീൻ തന്നെ. മററു റീത്തുകളിൽ ഗ്രീക്ക്, അറബിക്കു്, സുറിയാനി, അർമ്മീനിയൻ, മലയാളം തുടങ്ങിയ പല ഭാഷകളും വി. കർബാനയിൽ ഉപയോഗിക്കുന്നുണ്ടു്. നമ്മുടെ നാട്ടിൽ ലത്തീൻ, സീറോമലബാർ, സീറോമലങ്കര ഈ മൂന്നു റീത്തുകളുണ്ടല്ലോ. ലത്തീനിലും സുറിയാനിയിലും മലയാളത്തിലും ഇവിടെ വി. കർബാന അർപ്പിക്കപ്പെടുന്നു. ആദ്യമായി ലത്തീൻ കർബാനയെപ്പററി പ്രതിപാദിക്കാം.

## തിരുവസ്ത്രങ്ങൾ

പൂജാവസ്ത്രങ്ങൾ എല്ലാവരും കണ്ടിട്ടുണ്ടെങ്കിലും അവയുടെ പേരും ഉപയോഗവും അറിയാവുന്നവർ ചുരുക്കമാണ്.

1) തലമുണ്ട് (Amice): ആദ്യമായി വൈദികൻ ധരിക്കുന്നതു തലമുണ്ടാണ്. സന്യാസവൈദികന്മാരിൽ പലരും ഇതു് ഒരു ശിരോവസ്ത്രമായിട്ടാണ് ധരിക്കുന്നതു്. മുക്കോൺതൊപ്പിക്കു പകരം ഈ ശിരോവസ്ത്രംകൊണ്ടു തല മൂടുന്ന സമ്പ്രദായം പ്രാചീനസന്യാസസഭയിൽ സാധാരണമത്രേ.

2) ആൽബാ (Alb): പാദംവരെ നീണ്ടുകിടക്കുന്ന ഈ വെളുത്ത വസ്ത്രം ദിവ്യഗുരു സാധാരണമായി ധരിച്ചിരുന്ന നെടിയ അങ്കിയെ അനുസ്മരിപ്പിക്കുന്നു. ജീവിതനൈർമ്മല്യത്തിനുള്ള ഉദ്ബോധനമാണ് ഇതു നല്കുന്നതു്.

3) ചരട് (Cincture): ആൽബാ ഉറപ്പിച്ചു് ഒരു ചരടുകൊണ്ടു് അരയിൽ ചേർത്തു കെട്ടുന്നതു് ഒരാവശ്യമാണല്ലോ. വിശുദ്ധിയെ സൂചിപ്പിക്കുന്ന ഈ ചരട് അരയിൽ കെട്ടുന്നതു് ജഡത്തിന്റെ വാസനകളെ അമർത്തുവാനും പിശാചിന്റെ പ്രേരണയാൽ പൊന്തിവരുന്ന പാപത്തീപ്പൊരികളെ കെടുത്തുവാനും ആവശ്യകമായ അനുഗ്രഹങ്ങൾ അപേക്ഷിച്ചുകൊണ്ടാണ്.

4) കൈയ്യുറാല (Maniple): സന്തോഷത്തോടുകൂടെ ജീവിതക്ലേശങ്ങൾ വഹിച്ചു് അദ്ധ്വാനഫലം നേടുവാൻ അനുഗ്രഹങ്ങൾ അഭ്യർത്ഥിച്ചുകൊണ്ടാണ് ഈ പട്ടുവസ്ത്രം ധരിക്കുന്നതു്. വീതികൂടിയ ഒരു പീത്തപോലെയാണു കൈയ്യുറാല. രണ്ടറ്റത്തും ഓരോ കുരിശുണ്ടു്. പ്രാചീനകാലത്തു വി. കുർബാന ചൊല്ലുന്ന വൈദികൻ ദൈവസ്നേഹാശ്രുക്കൾ തുടയ്ക്കുവാൻ ഉപയോഗിച്ചുകൊണ്ടിരുന്ന

തുവാലയാണ് കൈയ്യൂറാലയായിപ്പരിണമിച്ചതെന്നു ചരിത്രകാരന്മാർ പറയുന്നു.

5. നെടിയ ഊറാല (Stole): ശെമ്മാശ്ശന്മാരിൽ നിന്നു വൈദികന്മാരെ വേർതിരിക്കുന്ന സ്ഥാനവസ്ത്രമാണിതു്. തിരുക്കർമ്മങ്ങളിലെല്ലാംതന്നെ നെടിയ ഊറാല ഉപയോഗിക്കുന്നു.

6 കുർബാനക്കുപ്പായം (Chausible): "എൻെറ നുകം മാധുര്യമുള്ളതും എൻെറ ഭാരം ലഘുവുമാണ് എന്നരുളിച്ചെയ്ത കത്താവേ, ഈ വസ്ത്രംധരിച്ചു് അനുഗ്രഹം പ്രാപിക്കുവാൻ ഇടയാക്കണമേ" എന്നു പറഞ്ഞുകൊണ്ടാണു വൈദികൻ ഈ വസ്ത്രം ധരിക്കുന്നതു്. താഴെ കാണിച്ചിരിക്കുന്നതുപോലെ തിരുനാളിൻെറ വ്യത്യാസമനുസരിച്ചു വിവിധവർണ്ണങ്ങളിലുള്ള കർബാനക്കുപ്പായങ്ങളുണ്ടു്. ഈ കുപ്പായത്തിൻെറ മുമ്പിലും പിറകിലും ഓരോ കുരിശു കാണും. സ്വന്തം പാപങ്ങൾക്കു പരിഹാരമായി ബലിസമർപ്പിക്കുന്നതിൻെറ ഓർമ്മയാണു മുൻഭാഗത്തെ കുരിശു ജനിപ്പിക്കുന്നതു്; ജനങ്ങളുടെ പാപങ്ങൾക്കു പരിഹാരമായി ബലി അർപ്പിക്കുന്നതിൻെറ ഓർമ്മയ്ക്കായി പുറകിലത്തെ കുരിശു നിലകൊള്ളുന്നു.

വെളുപ്പ്—വന്ദകരുടെ നിറം.

ചെമപ്പ്—രക്തസാക്ഷികളുടെ നിറം.

കറുപ്പ്—മരിച്ചവർക്കുള്ള നിറം.

റോയിസ് (Violet) — നോമ്പുകാലത്തേക്കു്.

പച്ച—പെന്തക്കുസ്തയ്ക്കുശേഷം ആഗമനകാലംവരെ ഞായറാഴ്ചകളിൽ ഉപയോഗിക്കുന്നതു്.

## പൂജാപാത്രങ്ങൾ

കാസായുംപീലാസായും (Chalice and Paten): വി. കുർബാനയിൽ കൂദാശചെയ്യുന്ന വീഞ്ഞു സൂക്ഷിക്കുവാനുള്ളതാണു കാസ;

തിരുവോസ്തി ക്രദാശചെയ്തതിനുശേഷം മറിച്ചു സൂക്ഷിക്കുവാൻ ഉപയോഗിക്കുന്നതാണു പീലാസ. ഇവ രണ്ടും സ്വർണ്ണം പൂശിയതായിരിക്കണം.

സങ്കീർത്തു് (Purificator): കാസയും പീലാസയും തുടയ്ക്കുന്നതിനു് ഉപയോഗിക്കുന്ന ഒരു ചെറിയ തുണിക്കഷണമാണു സങ്കീഞ്ഞു്. ഇതിൻെറ നടുവിൽ ഒരു കുരിശുണ്ടായിരിക്കും.

മ്ഖബ്ലാന (Pall): കാസ മൂടുന്നതിനു് ഉപയോഗിക്കുന്ന ചതുരത്തിലുള്ള ഒരു തുണിക്കഷണമാണു് മ്ഖബ്ലാന.

കെത്താന (Corporal): പൂജാപാത്രങ്ങൾ ബലിപീഠത്തിൽ വയ്ക്കുന്നതിനുമുമ്പു വിരിക്കുന്ന ചതുരത്തിലുള്ള ഒരു വസ്ത്രമാണു കെത്താന. കാസയും പീലാസയും സങ്കീഞ്ഞും കെത്താനയും മ്ഖബ്ലാനയും തൊടുവാൻ സാധാരണമായി വൈദികന്മാർക്കും ശെമ്മാശ്ശന്മാർക്കും മാത്രമേ അനുവാദമുള്ളൂ.

ശോശപ്പാ (Veil): കാസയുടേയും പീലാസയുടേയും മേൽ വിരിക്കുന്ന പട്ടുവസ്ത്രമാണു ശോശപ്പാ.

പാസ്റ്റ (Burse) കെത്താന സൂക്ഷിക്കുന്ന ഉറയാണു പാസ്റ്റ.

## അസ്പെർജസ്

ഞായറാഴ്ചദിവസങ്ങളിൽ പ്രധാന കുർബാനയ്ക്കുമുമ്പു് വൈദികൻ ബലിപീഠത്തിന്മേലും ജനങ്ങളുടെമേലും ഹന്നാൻവെള്ളം തളിക്കുന്ന പതിവു് എല്ലാപ്പള്ളികളിലുമുണ്ടു്. "നിൻെറ സോപ്പാക്കോലുകൊണ്ടു് എന്നെ തളിക്കണമെ; എന്നാൽ, മഞ്ഞുകട്ടയെക്കാൾ ഞാൻ വെണ്മയുള്ളവനാകും" എന്ന 50-ാം സങ്കീർത്തനത്തിലെ 9-ാമത്തെ വാക്യത്തിൻെറ ആദ്യത്തെ ലത്തീൻപദമാണു് "അസ്പെർജസ്". പെസഹാക്കാലത്തു, "ഞാൻ ജലംകണ്ടു", (Vidi aquam) എന്ന ആന്തിഫോനയും (സ്തുതിപ്പു്) 117-ാം സങ്കീർത്തനവുമാണു ചൊല്ലുന്നതു്. എല്ലാവരുടെമേലും ഹന്നാൻവെള്ളം തളിച്ചുകഴിയുമ്പോൾ വൈദികൻ പ്രാർത്ഥിക്കുന്നു, ദൈവത്തിൻെറ മാ

ലാഖയെ അയച്ച് അവിടെ സന്നിഹിതരായിരിക്കുന്നവരെ കാത്തുസൂക്ഷിക്കുവാനും സംരക്ഷിക്കുവാനും. ദിവ്യബലിയിൽ സംബന്ധിക്കുവാൻ വന്നിരിക്കുന്നവർ അപ്പോൾ തങ്ങളുടെ ഹൃദയം വെടിപ്പാക്കേണ്ടതും മാമ്മോദീസായിൽ ലഭിച്ച അനുഗ്രഹങ്ങൾ സ്മരിക്കേണ്ടതുമാണെന്ന് "അസ്പെർജെസ്" എന്ന തിരുകർമ്മത്തിൽ നിന്നു നാം ഗ്രഹിക്കണം.

## വൈദികൻ അൾത്താരയുടെ പാദപീഠത്തിങ്കൽ

42-ാമത്തെ സങ്കീർത്തനമാണു വൈദികനും ശുശ്രൂഷകനുംകൂടി പാദപീഠത്തിങ്കൽ മാറിമാറിച്ചൊല്ലുന്നത് ഈ സങ്കീർത്തനത്തിന് ഉപോദ്ഘാതമായി തിരഞ്ഞെടുത്തിരിക്കുന്ന വാക്യം അതി



വൈദികൻ അൾത്താരയുടെ പാദപീഠത്തിങ്കൽവന്ന് 42-ാം സങ്കീർത്തനവും 'ഞാൻപിഴയാളി'യും ചൊല്ലുന്നു. ശുശ്രൂഷി ജനങ്ങൾക്കുവേണ്ടി മറുപടിയായി 'ഞാൻ പിഴയാളി' ചൊല്ലുന്നു.

ന്റെ സംക്ഷേപം എന്തെന്നു വ്യക്തമാക്കുന്നുണ്ട്: "ദൈവത്തിന്റെ ബലിപീഠത്തിങ്കലേക്കു ഞാൻ പ്രവേശിക്കും; അവിടുന്ന് എന്റെ യൗവനത്തെ ആഹ്ളാദിപ്പിക്കുന്നു" വി. കുർബാന സമർപ്പിക്കുന്നതിലുള്ള ആഹ്ളാദമാണ് ഇവിടെ പ്രകടമാക്കുന്നതു്. മരിച്ചവർക്കു വേണ്ടിയുള്ള കുർബാനകളിലും പീഡാനുഭവകാലത്തിലും ഈ സങ്കീർത്തനം ഉപേക്ഷിക്കുന്നതു ദുഃഖസൂചകമായിട്ടാണു്.

ദൈവത്തിന്റെ ബലിപീഠത്തിങ്കലെത്തിയിരിക്കുമ്പോൾ പാപബോധം വൈദികന്റേയും ജനങ്ങളുടേയും ഹൃദയത്തിൽ ഉയർന്നുവരുന്നു; അതിനാൽ, ഇരുകൂട്ടരും മാറിമാറി "ഞാൻ പാപം ഏററു പറയുന്നു, എന്റെ പാപത്താൽ, എന്റെ പാപത്താൽ, എന്റെ മഹാപാപത്താൽ" എന്ന അപേക്ഷ പൂർണ്ണമായി ചൊല്ലുകയും ചെയ്യുന്നു. ബലിസമർപ്പിക്കുവാൻ വൈദികനേയും ബലിയിൽ പങ്കുകൊള്ളുവാൻ ജനങ്ങളേയും ദൈവം അനുഗ്രഹിക്കുവാൻ വേണ്ടിയാണു് ഈ ജപം ചൊല്ലുന്നതു്.

## ദോമിനൂസ് വൊബീസ്കും

റൂഥിന്റെ പുസ്തകം 2-ാം അധ്യായം നാലാംവാക്യമാണു് "ദോമിനൂസ് വൊബീസ്കും" (കർത്താവു നിങ്ങളോടുകൂടെ) എന്ന ആശംസ. "എത്തു് കും സ്പീരിത്തു തുവോ" (നിന്റെ അരൂപിയോടുകൂടിയും കർത്താവു് ഉണ്ടായിരിക്കട്ടെ) എന്ന ശുശ്രൂഷകന്റെ മറുപടി പൗലോസ്ശ്ലീഹായുടെ ലേഖനത്തിൽനിന്നെടുത്തിട്ടുള്ളതാണു് (2തിമോ. 4: 22).

## വൈദികൻ ബലിപീഠം ചുംബിക്കുന്നു

പാദപീഠത്തിങ്കൽനിന്നു കയറിച്ചെല്ലുമ്പോൾത്തന്നെ വൈദികൻ അൾത്താര ചുംബിക്കുന്നു. അൾത്താരയിൽ സംക്ഷേപിച്ചിരിക്കുന്ന വിശുദ്ധരുടെ തിരുശ്ശേഷിപ്പുകളെ വന്ദിക്കുവാനും അൾ

ത്താര അനുസ്മരിപ്പിക്കുന്ന ക്രിസ്തുവിനെ ബഹുമാനിക്കുവാനുമാണ്, വൈദികൻ അൾത്താര ചുംബിക്കുന്നത്. പാട്ടുപൂജകളിൽ വൈദികൻ ബലിപീഠത്തെ ധൂപിക്കുകയും ചെയ്യുന്നു. അവസാനം വൈദികനെ ധൂപിക്കുന്നതു ക്രിസ്തുവിൻെറ പ്രതിനിധി എന്ന നിലയിലാണ്.

## ഇന്ത്രോയിത്ത്

"അവൻ പ്രവേശിക്കുന്നു" എന്നാണ് ഈ പദത്തിൻെറ വാച്യാർത്ഥം. വൈദികൻ ദൈവാലയത്തിലേക്കു പ്രവേശിക്കുമ്പോൾ പാട്ടുകാർ പ്രാചീനകാലത്തു പാടിയിരുന്ന ഒരു പ്രാർത്ഥനയാണ് "ഇന്ത്രോയിത്ത്". ഒരു സ്തുതിവാക്യവും, ഏതെങ്കിലും സങ്കീർത്തനത്തിൽനിന്ന് ഒന്നു രണ്ടു വാക്യങ്ങളും ത്രിത്വസ്തുതിയുമാണ് ഇന്ത്രോയിത്തിലെ അവയവങ്ങൾ. ഇന്ത്രോയിത്തിൽനിന്ന് ഊഹിക്കാം, തിരുനാളിൻെറ, അല്ലെങ്കിൽ, തിരുക്കർമ്മകാലത്തിൻെറ സ്വഭാവം. ഇന്ത്രോയിത്തിൻെറ ആരംഭത്തിൽ വൈദികൻ സ്വന്തം ശരീരത്തിൽ കുരിശുവരയ്ക്കുന്നു; മരിച്ചവർക്കുവേണ്ടിയാണു കുർബാനയെങ്കിൽ വൈദികൻ സ്വന്തം ശരീരത്തിലല്ല, പകരം കുർബാനപ്പുസ്തകത്തിലാണു കുരിശുവരയ്ക്കുന്നത്. തന്നെത്തന്നെ മറന്നു മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുവാനുള്ള താൽപര്യമാണ് ഇതു പ്രദർശിപ്പിക്കുന്നതെന്നു പറയാം.


## കീരിയേ എലൈസോൻ, ക്രീസ്തേ എലൈസോൻ

തനി ഗ്രീക്കാണ് ഈ പദങ്ങൾ. "കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ, മിശിഹായേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ" എന്നാണ് ഇവയുടെ അർത്ഥം. വേദപുസ്തകത്തിൽ പല ഭാഗങ്ങളിലും ഈ അഭ്യർത്ഥന കാണാവുന്നതാണ് (സങ്കീ. 6: 3; മത്താ. 9: 27; ലൂക്കാ 17: 13). പരിശുദ്ധത്രിത്വത്തിൻെറ സ്തുതിക്കായി ഇ

വ മുമ്മൂന്നു പ്രാവശ്യം ചൊല്ലുന്നു. തങ്ങളുടെ അയോഗ്യത മനസ്സിലാക്കിക്കൊണ്ടാണു പുരോഹിതനും ജനങ്ങളും ദൈവാനുഗ്രഹത്തിനായി അപേക്ഷിക്കുന്നതു്.

## ഗ്ലോറിയാ ഇൻ എക്ചേൽസിസ് ദേഓ

സന്തോഷകാലത്തു ചൊല്ലുന്ന ഒരു കീർത്തനത്തിൻെറ ആദ്യത്തേ വാക്കുകളാണിവ. "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി" എന്നർത്ഥം. പരിത്രാണകൃത്യത്തെ വിവരിച്ചു പരിശുദ്ധ ത്രിത്വത്തെ മഹത്വപ്പെടുത്തുകയാണു് ഈ കീർത്തനം ചെയ്യുന്നതു്. രക്ഷകൻെറ ജനനത്തിൽ അനേകം വാനവർ ഏകോപിച്ചു പാടിയ ഗാനംകൊണ്ടാരംഭിക്കുന്ന ഈ കീർത്തനം സകല ഭക്തജനങ്ങളും ഒത്തൊരുമി



അൾത്താരയുടെ മദ്ധ്യഭാഗത്തുനിന്നു് വൈദികൻ കീരിയേയും ഗ്ലോരിയായും ചൊല്ലുന്നു.

ച്ചു് ആലപിക്കേണ്ടതുതന്നെ. സന്തോഷാത്മകമായ ഈ ഗാനം കറുത്ത കപ്പായമോ വയലററുകപ്പായമോ ഉപയോഗിക്കുന്ന ദിവസങ്ങളിൽ പുരോഹിതൻ ചൊല്ലുന്നില്ല.

## കളക്ററ" (Collect)

നോമ്പുകാലത്തു നിശ്ചിതദിവസങ്ങളിലും മററു സന്ദർഭങ്ങളിൽ ചിലപ്പോഴും പരിശുദ്ധ പിതാവോ അവിട്ടത്തേ പ്രതിനിധിയോ ഓരോ പ്രത്യേകസ്ഥലത്തു വി. കർബാന സമർപ്പിച്ചിരുന്നു. അവിടെ തിങ്ങിക്കൂടിയിരുന്ന ജനങ്ങളുടെ മുമ്പിൽവച്ചു ചൊല്ലിയിരുന്ന പ്രാത്ഥനയാണു് "കളക്ററ് (ശേഖരം) എന്നു പറയുന്നതു്. ഓരോ കളക്റ്റിൻെറയുംകൂടെ ഓരോ സീക്രെററും (രഹസ്യം) ഓരോ പോസ്ററു കമ്യൂനിയനും (ദിവ്യകാരുണ്യസ്വീകരണാനന്തരപ്രാർത്ഥന) ഉണ്ടു്.

കളക്ററ് എന്ന പ്രാർത്ഥന പിതാവായ ദൈവത്തെ സംബോധനചെയ്തുകൊണ്ടാരംഭിക്കുന്നു. അനന്തരം, അതതു ദിവസത്തെ തിരുനാളിൻെറ ഓർമ്മയും ആ തിരുനാളിനു യോജിച്ച ഒരപേക്ഷയുമാണു കളക്ററിൽ കാണുന്നതു്. പരിശുദ്ധ ത്രിത്വത്തിൻെറ നാമത്തിൽ അതു് അവസാനിപ്പിക്കുകയും ചെയ്യുന്നു. പുതിയ ക്രമം അനുസരിച്ചു മിക്ക ദിവസവും ഒരു കളക്ററുമാത്രമേ ഉള്ളു. ചുരുക്കം ചില അവസരങ്ങളിൽമാത്രം രണ്ടാമതൊരു കളക്ററ്കൂടി ഉണ്ടായേക്കാം. അതതുകാലത്തേ ആവശ്യമനുസരിച്ചു് ഒരു പ്രത്യേകാപേക്ഷകൂടി ചൊല്ലുവാൻ മെത്രാന്മാരുടെ ആജ്ഞാപനം ഉണ്ടെങ്കിൽ, (Oratio Imperata—ആജ്ഞാപിത പ്രാർത്ഥന) അതു് ഇപ്പോഴാണു ചൊല്ലുന്നതു്.

കളക്ററ്കളുടെ അവസാനത്തിൽ ശുശ്രൂഷകൻ, "ആമ്മേൻ" ചൊല്ലുന്നു. ഈ അപേക്ഷകളെല്ലാം അങ്ങനെതന്നെ അനുവദിക്കുമാറാകട്ടെ എന്നു സാരം.

## പ്രശ്നങ്ങൾ

താഴെപ്പറയുന്ന വാക്കുകളുടെ അർത്ഥം വിവരിക്കുക; അല്ലെങ്കിൽ, പരിഭാഷപ്പെടുത്തുക.

(1) അസ്പെർജെസ്മെ (2) വീദി അകപാം. (3) ദോമിനൂസ് വൊബീസ്കും (4) കീരിയേ എലൈസോൻ (5) ഇന്ത്രോയിത്ത് (6) അമ്മേൻ (7) ഏത്ത് കും സ്പീരിത്തു തുവോ (8) കളക്റ്റ്.

വി. കർബാനയിൽ വരുന്ന ക്രമമനുസരിച്ച് താഴെപ്പറയുന്ന കർമ്മങ്ങൾക്ക്, അല്ലെങ്കിൽ, പ്രാർത്ഥനകൾക്കു നമ്പരിടുക.

( ) അൾത്താരധൂപനം
( ) കീരിയേ എലൈസോൻ
( ) കളക്റ്റ്
( ) സങ്കീർത്തനം 42
( ) ഇന്ത്രോയിത്ത്
( ) ഗ്ലോറിയാ ഇൻ എക്ചേൽസിസ്
( ) അസ്പെർജസ്
( ) അൾത്താരചുംബനം

രണ്ടാമദ്ധ്യായം

# നവശിഷ്യന്മാരുടെ കുർബാന

(Mass of the Catechumens)

കളക്റ്റുകൾ ചൊല്ലിക്കഴിയുമ്പോൾ പുരോഹിതൻ ബലിപീഠത്തിന്റെ ഇടത്തുഭാഗത്തു നിന്നുകൊണ്ടു് വേദപുസ്തകത്തിൽ നിന്നു രണ്ടു ഭാഗങ്ങൾ വായിക്കുന്നു. നാലു സുവിശേഷങ്ങളൊഴികെ ഏതെങ്കിലും വേദപുസ്തകഭാഗമാണു വായിക്കുക. പൗലോസിന്റെയോ പത്രോസിന്റെയോ യോഹന്നാന്റെയോ ലേഖനങ്ങളിൽ നിന്നാണു വായിക്കുന്നതെങ്കിൽ, ഈ ഭാഗത്തിനു "എപ്പിസൽ" അഥവാ, ലേഖനം എന്നു പറയും; മററു പുസ്തകങ്ങളിൽനിന്നാണു വായിക്കുന്നതെങ്കിൽ, പാഠം എന്നു വാച്യാർത്ഥമുള്ള "ലെസൻ" എന്ന പദമാണു് ഈ വായനയ്ക്കു് ഉപയോഗിക്കുന്നതു്. ലേഖനംവായിച്ചു കഴിയുമ്പോൾ "ഗ്രാഡുവൽ" വായിക്കുകയോ പാടുകയോ ചെയ്യുന്നു; ഏഴുപതാം ഞായറാഴ്ചമുതൽ ഉയിർപ്പുവരെ ഹല്ലേലൂയ്യായ്ക്കു പകരം ട്രാക്റ്റ് എന്നുള്ള അപേക്ഷ ചൊല്ലുന്നു. തിരുനാളിനു ചേർന്ന വേദപുസ്തകവാക്യങ്ങളാണു ഗ്രാഡുവൽ. പ്രാചീനകാലത്തു് ഒരുയർന്ന പാദപീഠത്തിൽ (Gradual) കയറിനിന്നു ഡീക്കനാണു "ഗ്രാഡുവൽ" എന്നുള്ള അപേക്ഷ ചൊല്ലിയിരുന്നതു്. വർഷവട്ടത്തിൽ അഞ്ചുപ്രാവശ്യം ഗ്രാഡുവലിനുശേഷം "സീക്വൻസ്" എന്നു പേരുള്ള കീർത്തനം പാടുക പതിവുണ്ടു്. സ്തപസ്സുകുർബാനയിൽ, അതായതു്, മൂന്നു ശുശ്രൂഷകന്മാരോടുകൂടി നടത്തുന്ന വി. കുർബാനയിൽ സബ്ഡീക്കൺ "എപ്പിസൽ" അഥവാ "ലെസൻ" എന്ന ഭാഗം വായി

ക്കകയും വായനയുടെ അവസാനത്തിൽ കാർമ്മികന്റെ കരം ചുംബിക്കുകയും ചെയ്യുന്നു.

പുരോഹിതൻ ബലിപീഠത്തിന്റെ വലതുഭാഗത്തുനിന്നുകൊണ്ടു സുവിശേഷം വായിക്കുന്നു. സ്തപസ്സുകർബ്ബാനയിൽ ഡീക്കനാണു് അതു് ആഘോഷപൂർവ്വം വായിക്കുന്നതു്. രണ്ടു ദീപങ്ങളുടേയും കുരിശിന്റേയും മുമ്പിൽ നിന്നുകൊണ്ടുവേണം ഡീക്കൺ സുവിശേഷം പാരായണം ചെയ്യുവാൻ.

## വിശ്വാസപ്രമാണം

സുവിശേഷം വായിച്ചു കേട്ടയുടനെ അതു സ്വീകരിച്ചതിന്റെ ലക്ഷ്യമായും കൃതജ്ഞതാസൂചകമായും തിരുസ്സഭയുടെ അധ്യാപനങ്ങൾ ഉൾക്കൊള്ളുന്ന "വിശ്വാസപ്രമാണം" ചൊല്ലുന്നു. "നിങ്ങൾ വിശ്വസിക്കുന്നുവോ?" എന്നു ദിവ്യഗുരു ചോദിക്കുകയും, "ഉവ്വ്, കർത്താവേ, ഞങ്ങൾ വിശ്വസിക്കുന്നു" എന്നു ശിഷ്യന്മാർ പറയുകയും ചെയ്യുന്നതുപോലെയുള്ള ഒരനുഭവമാണ് അതുവഴി ശ്രോതാക്കൾക്ക് ഉണ്ടാകുന്നതു്. സഭയുടെ വിശ്വാസസത്യങ്ങൾ സംക്ഷിപ്തമായി ചേർത്തിണക്കിയിരിക്കുന്നതാണു വിശ്വാസപ്രമാണം. "ശ്ലീഹന്മാരുടെ വിശ്വാസപ്രമാണ"മല്ല വി. കുർബ്ബാനയിൽ ചൊല്ലുന്നതു്; പ്രത്യുത, നിക്യ-കോൺസ്റ്റന്തിനോപ്പോലീസു സൂനഹദോസുകൾ അംഗീകരിച്ചുറപ്പിച്ച വിശ്വാസപ്രമാണമാണു്.

## പരിശോധനാവിഷയം

1. സീക്വൻസ്, ട്രാക്റ്റ്, ഗ്രാഡുവൽ എന്നീ പദങ്ങൾകൊണ്ടു വിവക്ഷിക്കുന്നതെന്താണു്.

2. ക്രിസ്മസ്, ഈസ്റ്റർ, വ്യാകുലമാതാവിന്റെ തിരുനാൾ, വി. കുർ

ബാനയുടെ തിരുനാൾ, മരിച്ചവരുടെ കുർബാന, ഇവയുടെ സ്വീക്വൻസുകൾ വായിച്ചുനോക്കുക.

3. സുവിശേഷവും ലേഖനവും വായിക്കുമ്പോൾ അനുഷ്ഠിക്കുന്ന തിരുക്കർമ്മങ്ങളുടെ സ്വഭാവം വിവരിച്ച് ഒരു പ്രോട്ടസ്റ്റന്റുസ്നേഹിതന് ഒരു കത്തെഴുതുക.

4. സുവിശേഷപാരായണം കഴിയുമ്പോൾത്തന്നെ വിശ്വാസപ്രമാണം ചൊല്ലുന്നതിന്റെ ഔചിത്യം വിവരിക്കുക.

## പ്രായോഗികാഭ്യാസങ്ങൾ

1. സുവിശേഷം വായിക്കുന്നതു ഭക്തിപൂർവ്വം ഞാൻ ശ്രദ്ധിക്കും; സുവിശേഷപ്രസംഗം ഞാൻ താൽപര്യത്തോടെ ശ്രവിക്കും.


2. വിശ്വാസപ്രമാണം ഭക്തിയോടുകൂടെ ദിനന്തോറും ഞാൻ ചൊല്ലും; പ്രത്യേകിച്ച്, പ്രലോഭനങ്ങളുണ്ടാകുമ്പോൾ.

### മൂന്നാമദ്ധ്യായം

# വിശ്വാസികളുടെ കുർബാന

## കാഴ്ചവയ്പ്

കുർബാന ശരിക്കു തുടങ്ങുന്നതു കാഴ്ചവയ്പോടുകൂടെയാണ്. പ്രാചീനകാലത്തു വിശ്വാസികളെല്ലാവരും തങ്ങളുടെ കാഴ്ചകൾ സമർപ്പിച്ചിരുന്നു; അങ്ങനെ വി. കുർബാനബലി അവിടെ സന്നിഹിതരായിരുന്ന എല്ലാവരുടേയുമായി രൂപംകൊണ്ടിരുന്നു. "ഇന്ന്" അതിന്റെ സ്ഥാനത്തു കുർബാനധർമ്മം മാത്രം അവശേഷിച്ചിരിക്കുന്നു. വൈദികൻ അപ്പം (ഓസ്തി) എടുത്തു സ്വർഗ്ഗീയപിതാവിനു കാഴ്ച വച്ചു യഥാസ്ഥാനം വയ്ക്കുന്നു. അനന്തരം, കാസയിൽ വീഞ്ഞും ഒരു തുള്ളി വെള്ളവും ഒഴിക്കുകയും അതും പിതാവായ ദൈവത്തിനു കാഴ്ചവയ്ക്കുകയും ചെയ്യുന്നു. പാട്ടുപൂജകളിൽ ധൂപം ആശീർവ്വദിക്കുകയും അൾത്താരയും ബലിവസ്തുക്കളും ധൂപിക്കുകയും ചെയ്യുന്നു. മരിച്ചവർക്കുവേണ്ടിയല്ല പാട്ടുപൂജയെങ്കിൽ എല്ലാ ശുശ്രൂഷകരേയും ധൂപിക്കുന്നുണ്ട്. ബലിയിൽ സംബന്ധിക്കുന്ന എല്ലാവരും ലോകത്തിന്റെ വ്യാമോഹങ്ങളിൽനിന്ന് അകന്നിരിക്കണമെന്ന് ഇതു സൂചിപ്പിക്കുന്നു. ധൂപപാത്രത്തിൽ അഗ്നി എരിയുന്നതുപോലെ എല്ലാ ഹൃദയങ്ങളും ദൈവസ്നേഹംകൊണ്ടു ഉജ്ജ്വലിക്കണം. സ്തപസ്സുകുർബാനയിൽ സബ്ഡീക്കൺ വേദപുസ്തകം ധരിച്ച്, പീലാസ അതുകൊണ്ടു മൂടി ഉയർത്തിപ്പിടിച്ചുകൊണ്ടു നില്ക്കുന്നു. കാഴ്ചവയ്പും ധൂപനവുമുണ്ടെങ്കിൽ അതും കഴിയുമ്പോൾ പുരോഹിതൻ കൈകൾ കഴുകുന്നു.



വൈദികൻ അൾത്താരയുടെ മദ്ധ്യഭാഗത്തു നിന്നുകൊണ്ടു്
വീഞ്ഞു കാഴ്ചവയ്ക്കുന്നു.

## ഒറാത്തേ ഫ്രാത്രെസ്സ് (സഹോദരരേ, പ്രാർത്ഥിപ്പിൻ)

വി. കുർബാന പുരോഹിതൻ തനിച്ചു നടത്തുന്ന ഒരു പ്രാർത്ഥനാകർമ്മമായി പരിഗണിക്കരുതു്. മിശിഹായുടെ മൗതികശരീരത്തിലെ അംഗങ്ങളെല്ലാവരും പ്രധാനപുരോഹിതനായ മിശിഹായോടുചേർന്നു നടത്തുന്ന ഒരു ബലിയാണതു്. ദിവ്യബലിയിലെ "ഞങ്ങൾ" പ്രയോഗം ഇതിനു് ഉപോൽബലകമാണു്. "സഹോദരരേ, എന്റേയും നിങ്ങളുടേയും ബലി ദൈവത്തിനു പ്രസാദകരമായിരിപ്പാൻ നിങ്ങൾ പ്രാർത്ഥിക്കുവിൻ" എന്ന പുരോഹിതന്റെ അപേക്ഷയും ഇതിനു തെളിവാണു്. അതിനാൽ, കുർബാനയുടെ സമയത്തു സന്നിഹിതരായിരിക്കുന്നവർ വി. കുർബാന കാണുകയല്ല, പ്രധാനപുരോഹിതനായ ക്രിസ്തുവിന്റെ ബലിയിൽ പുരോഹിതനോടു യോജിച്ചു പങ്കെടുക്കുകയാണു്. കുർബാനധർമ്മം കൊടുത്തയാളും

ശുശ്രൂഷകനും പുരോഹിതനോട് കൂടുതൽ അടുത്തു യോജിച്ചു ബലി സമർപ്പിക്കുന്നു.

## രഹസ്യപ്രാർത്ഥന (Secret)

വിശുദ്ധവസ്തുക്കൾ സ്വീകരിക്കുവാനും അവ കാഴ്ചവയ്ക്കുന്നവരെ പവിത്രീകരിക്കുവാനുമുള്ള ഒരപേക്ഷയാണു "രഹസ്യപ്രാർത്ഥന"യെന്നു പറയുന്നതു്. ഈ പ്രാർത്ഥന വൈദികൻ വളരെ താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു. ലൗകികപദാർത്ഥങ്ങളിൽനിന്നു വേർതിരിക്കപ്പെട്ടിരിക്കുന്ന കാഴ്ചവസ്തുക്കളെസ്സംബന്ധിക്കുന്ന പ്രാർത്ഥനയായതുകൊണ്ടും ഈ പ്രാർത്ഥനയ്ക്കു, "സീക്രെററു്" എന്നു പറയാറുണ്ടു്. ഈ പദത്തിന്റെ ലത്തീൻ മൂലം പരിശോധിക്കുകയാണെങ്കിൽ രഹസ്യപ്രാർത്ഥനയെന്നു മാത്രമല്ല, ഇതിനു് അർത്ഥമുള്ളതു്. "സെക്രേത്തും" എന്നുവച്ചാൽ വേർതിരിക്കപ്പെട്ടതു് എന്നാണു ലത്തീനിൽ അർത്ഥം.

## പ്രിഫെസ്

സീക്രെററു കഴിഞ്ഞാലുടനെ "പ്രിഫെസ്" (Praefatio-പ്രസ്താവന) ആയി. സുന്ദരമായ ഒരു കൃതജ്ഞതാപ്രദർശനമാണു് ഈ പ്രാർത്ഥന. പ്രധാനതിരുനാളുകൾക്കും ഞായറാഴ്ചകൾക്കുമായി ഇപ്പോൾ പതിനഞ്ചു പ്രിഫെസുകളുണ്ടു്.

ഈ പ്രാർത്ഥനയിൽ മൂന്നു ഭാഗങ്ങൾ തെളിഞ്ഞുകാണാം:

1) ദൈവത്തിനു പൊതുവേ ഉള്ള കൃതജ്ഞതാപ്രകാശനം.

2) അതതു തിരുനാളിന്റെ അടിസ്ഥാനമായ അനുഗ്രഹം പ്രദാനം ചെയ്തതിനു പ്രത്യേകനന്ദി. ഈ ഭാഗം ഓരോ പ്രിഫെസിനും വേറെ വേറെയാണു്.

3. ദൈവത്തിന്റെ സ്തുതികൾ പാടുന്ന നവവൃന്ദം മാനവരുടെ

കീർത്തനങ്ങളോടു വിശ്വാസികളുടെ പ്രാർത്ഥനകളും കൂട്ടിച്ചേർത്തു സ്വീകരിക്കുവാനുള്ള ഒരപേക്ഷ.

കൂദാശകർമ്മത്തിലേക്കുള്ള പ്രവേശനംകൂടിയാണു പ്രിഫെസ്. അതിനാൽ, ഉജ്ജ്വലമായ ഒരു പ്രാർത്ഥനയാണതു്; പാട്ടുപൂജയിൽ ഭംഗിയായി പാടുന്ന ഒരു ഗാനവുമാണതു്.

## സാൻക്'ത്തുസ് (Sanctus)

പ്രിഫെസിൻെറ സമാപനമാണു "സാൻക്'ത്തുസ്" (പരിശുദ്ധൻ). പരിശുദ്ധത്രിത്വത്തിലെ മൂന്നാളുകളുടെ സ്തുതിക്കായി മൂന്നുപ്രാവശ്യം ഈ സ്തുതിവാക്യം ആവർത്തിക്കുന്നു. വേദപുസ്തകത്തിൽ ഇതിനു് അടിസ്ഥാനമുണ്ടു്. (ഏശയ്യാ 6: 3; വെളിപാടു് 4: 8) ഓശാനദിവസത്തെ സ്തുതിവാക്യംകൂടി ഇവിടെ ചേർത്തു ചൊല്ലുന്നു. "അത്യുന്നതങ്ങളിൽ ഓശാന; ദൈവത്തിൻെറ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു. അത്യുന്നതങ്ങളിൽ ഓശാന" (മത്താ. 21: 9). രാജാധിരാജൻെറ ആഗമനത്തെ അറിയിക്കുവാൻ ചെറിയ മണി മൂന്നുപ്രാവശ്യം കിലുക്കുകയും ചെയ്യുന്നു.

## പ്രശ്നങ്ങൾ

(1) താഴെപ്പറയുന്നവയുടെ ക്രമമനുസരിച്ചു നമ്പരിടുക:

( ) കൈകഴുകുന്നതു് ( ) സാൻക്'ത്തുസ് ( ) ധൂപനം
( ) കാഴ്ചവെപ്പ് ( ) സീക്രെററ് ( ) വീഞ്ഞു കാഴ്ചവെപ്പ്
( ) പ്രിഫെസ് ( )അപ്പം കാഴ്ചവയ്ക്കുന്നതു്.

(2) കാഴ്ചവെപ്പ് എന്താണു്? കുർബാനധർമ്മവും കാഴ്ചവെപ്പും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ?

(3) കാഴ്ചവെപ്പു കഴിഞ്ഞു പുരോഹിതൻ കൈകഴുകുന്നതു കൈ വെടിപ്പാക്കുവാൻതന്നെയാണോ?

(4) കുർബാന കാണുന്നുവെന്നു പറയുന്നതു ശരിയാണോ? വിശ്വാസികൾക്കും ദിവ്യബലിസമർപ്പണത്തിൽ പങ്കുണ്ടോ?

(5) എന്താണു പ്രിഫെസ്? ഓരോ കർബാനയ്ക്കും പ്രത്യേകം പ്രിഫെസ് ഉണ്ടോ?

6) "ഒരാത്തേ ഫ്രാത്രെസ്" എന്നു തുടങ്ങുന്ന പ്രാർത്ഥനയുടെ പരിഭാഷ വായിച്ചുനോക്കുക. എന്താണ് അതിൻെറ സാരം?

(7) "സീക്രെററ്" എന്ന പ്രാർത്ഥന എപ്പോൾ ചൊല്ലുന്നു? എന്താണ് ആ പ്രാർത്ഥനയുടെ ഉദ്ദേശ്യം?

(8) ഓസ്തിയും കുസ്തോദിയും കെത്താനയിൽ വയ്ക്കുന്നതിനുമുമ്പ് കുരിശു വരയ്ക്കുന്നതെന്തിനാണ്?

(ഉത്തരം: കർബാനയും കുരിശിലേ ബലിയും ഒന്നാണെന്നു കാണിക്കുവാൻ.)

(9) വി. കർബാനയ്ക്ക് ഉപയോഗിക്കുന്ന വീഞ്ഞു കാസയിൽ ഒഴിക്കുമ്പോൾ അത് ആശീർവ്വദിക്കാറുണ്ടോ? വെള്ളത്തുള്ളിയോ? എന്തിനാണു വെള്ളം ചേർക്കുന്നത്? വെള്ളം ചേർക്കുമ്പോൾ ചൊല്ലുന്ന പ്രാർത്ഥന വായിച്ചുനോക്കുക.

(ഉത്തരം: പെസഹാഭക്ഷണത്തിനു് ഉപയോഗിച്ചിരുന്ന വീഞ്ഞിൽ ഒരു തുള്ളി വെള്ളം ചേർക്കുന്ന സമ്പ്രദായം യഹൂദന്മാരുടെ ഇടയിലുണ്ടായിരുന്നു. വെള്ളം വിശ്വാസികളുടേയും വീഞ്ഞു ക്രിസ്തുവിൻേറയും സാദൃശ്യമാണ്. ആശീർവ്വാദം വിശ്വാസികൾക്കു യോഗ്യമാണ്; ക്രിസ്തുവിനു് ആവശ്യമില്ലല്ലോ. ആശീർവ്വാദങ്ങൾ എല്ലാം ഉയിരവർക്കുള്ളതാകയാൽ, മരിച്ചവർക്കുവേണ്ടിയുള്ള കർബാനയിൽ വെള്ളത്തുള്ളി ആശീർവ്വദിക്കുന്നില്ല.)

## പ്രായോഗികാഭ്യാസങ്ങൾ

1. കാഴ്ചവെപ്പിൻെറ സമയത്തു പുരോഹിതനോടുകൂടെ എന്നേയും എൻെറ സമസ്തവും സർവ്വേശ്വരനു ഞാൻ കാഴ്ചവയ്ക്കും.

2. "ഒരാത്തേ ഫ്രാത്രെസ്" എന്നു ചൊല്ലുമ്പോൾ വി. കർബാന കാണാൻ സാധിക്കാത്തവർക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കും.

3. "പ്രിഫെസ്" വായിക്കുമ്പോൾ എനിക്കു ലഭിച്ചിട്ടുള്ള ലൗകികവും ആധ്യാത്മികവുമായ അനുഗ്രഹങ്ങൾക്കു ഞാൻ ദൈവത്തിനു നന്ദി പ്രദർശിപ്പിക്കും.

## നാലാമദ്ധ്യായം

# വി. കുർബാനയുടെ കാനൻ

"കാനൻ" ഒരു ഗ്രീക്കു പദമാണ്. നിയമം, ക്രമം എന്നർത്ഥം. ഈ ഭാഗം അതിപ്രാചീനമാണ്; ശ്ലൈഹികംതന്നെയെന്നു പറയുന്നു. തിരുനാളനുസരിച്ചോ കാലവ്യത്യാസമനുസരിച്ചോ ഈ ഭാഗം മാറുന്നില്ല. ഇടമണി കിലുക്കിക്കഴിയുമ്പോഠം കാനൻ ആരംഭിക്കുന്നു.

## ത്രിവിധസ്മരണകഠം

"തേ ഈഗജിത്തൂർ"—ഈ ഒന്നാമത്തേ പ്രാർത്ഥനയിൽ ബലിസാധനങ്ങഠം സ്വീകരിക്കുവാനും ആശീർവ്വദിക്കുവാനും തിരുസ്സഭയെ അനുഗ്രഹിക്കുവാനും പുരോഹിതൻ അപേക്ഷിക്കുന്നു. തിരുസ്സഭയ്ക്കു സമാധാനം നല്കണമേ, അതിനെ സംരക്ഷിക്കണമേ, ഐക്യത്തിൽ നിലനിറുത്തണമേ എന്ന അപേക്ഷകളാണ് ഈ ഭാഗത്തു പ്രധാനമായി കാണുന്നതു്.

ജീവിച്ചിരിക്കുന്നവർക്കുവേണ്ടിയുള്ള പ്രാർത്ഥന ഉടനെ വരുന്നു. കുർബാന കാണുവാൻ സമ്മേളിച്ചിട്ടുള്ളവരേയും വിശ്വാസികളേയും അനുഗ്രഹിക്കുവാൻ പുരോഹിതൻ അപേക്ഷിക്കുന്നു. പ്രാചീനകാലങ്ങളിൽ ആർക്കെല്ലാംവേണ്ടി ആ കുർബാനയിൽ അപേക്ഷിച്ചിരുന്നുവോ അവരുടെ പേരുകഠം പ്രസംഗപീഠത്തിൽനിന്നു വായിച്ചിരുന്നു. ഇന്നു് അത്തരം പേരുകളെല്ലാം വൈദികൻ ഹൃദയത്തിൽ സ്മരിക്കുന്നു. ഈ സമയത്തു കുർബാന കാണുന്ന വിശ്വാസികളും തങ്ങളുടെ നിയോഗങ്ങഠം നിശ്ചയിക്കുന്നതു നന്നായിരിക്കും.

ജേതൃസഭയുടെ സഹായം അഭ്യർത്ഥിക്കുകയാണു പുരോഹിതൻ പിന്നീടു ചെയ്യുന്നതു്: "അവരുടെ പ്രാർത്ഥനകളും യോഗ്യത


കളുംവഴി ദൈവത്തിൻെറ സംരക്ഷണ ഞങ്ങൾക്കുണ്ടാകട്ടെ" എന്നതാണു് ആ പ്രാർത്ഥനയുടെ കാതൽ. കന്യകാംബികയേയും പന്ത്രണ്ടു ശ്ലീഹന്മാരേയും പന്ത്രണ്ടു രക്തസാക്ഷികളേയും ഈ പ്രാർത്ഥനയിൽ അനുസ്മരിക്കുന്നുണ്ടു്. ക്രിസ്തു നേരിട്ടു വിളിച്ച ശ്ലീഹന്മാരെയാണു് സംബോധനചെയ്യുന്നതു്; അതിനാൽ, മത്തിയാസിനു പകരം പന്ത്രണ്ടു ശ്ലീഹന്മാരുടെ ഗണത്തിൽ പൗലോസു സ്ഥാനം പിടിച്ചിരിക്കുന്നു. പന്ത്രണ്ടു രക്തസാക്ഷികളിൽ അഞ്ചു മാർപ്പാപ്പമാരും ഒരു മെത്രാനും ഒരു ഡീക്കനും അഞ്ചു് അല്മായരും ഉൾപ്പെട്ടുന്നു. ക്രൂദാശ ചെയ്തുകഴിഞ്ഞതിനുശേഷം മത്തിയാസിനേയും ബർണബായേയും കുർബാനയിൽ സ്മരിക്കുന്നുണ്ടു്.

## കൈവിരിച്ചു പിടിച്ചുള്ള പ്രാർത്ഥന

ബലിവസ്തുക്കളുടെമേൽ കൈവിരിച്ചുപിടിച്ചുകൊണ്ടു് അടുത്ത പ്രാർത്ഥന ചൊല്ലുന്നു. പുരോഹിതൻ ഉള്ളംകൈ കീഴോട്ടും പെരുവിരലുകൾ കുരിശാകൃതിയിൽ ചേർത്തും വച്ചിരിക്കുന്നതു കാണാം. യഹൂദരുടെ ബലികളിൽ പുരോഹിതൻ ബലിവസ്തുക്കളുടെമേൽ കൈ വിരിച്ചുപിടിച്ചിരുന്നു; ജനങ്ങളുടെ പാപം ബലിവസ്തുവിലേക്കു് അങ്ങനെ പ്രവേശിച്ചുവെന്നാണു സങ്കല്പം. ക്രിസ്തുവും പാപികളായ മനുഷ്യർക്കുവേണ്ടി തന്നെത്തന്നെ ബലി ചെയ്യുകയാണെന്നു സൂചന.

## അപ്പവും വീഞ്ഞും ഒന്നുകൂടി ആശീർവ്വദിക്കുന്നു

തങ്ങളുടെ കാഴ്ചകൾ ആശീർവ്വദിക്കുവാനും അംഗീകരിക്കുവാനും മിശിഹായുടെ ശരീരവും രക്തവുമായിപ്പകരുന്നതിനു യോഗ്യമാക്കുവാനും പുരോഹിതനും ജനങ്ങളുംകൂടി വിനീതമായി വീണ്ടും അപേക്ഷിക്കുന്നു.



വൈദികൻ ഓസ്തി കൂദാശചെയ്യുന്നു.

## കൂദാശകർമ്മം

ഇതാ ദിവ്യബലിയിലെ പ്രധാനഘട്ടം. കടന്നുപോകുന്ന നിമിഷങ്ങളിൽ അതിപ്രധാനമായ ചിലതാണിവ. കൂദാശവചനങ്ങൾ ചൊല്ലുമ്പോൾ അപ്പവും വീഞ്ഞും മിശിഹായുടെ ശരീരരക്തങ്ങളായി മാറുന്നു. അതിനു വസ്തുഭേദമെന്നു പേരു്. വി. കുർബാനയുടെ സ്ഥാപനത്തെസ്സംബന്ധിച്ചു വേദപുസ്തകം നല്കുന്ന വിവരങ്ങളിൽനിന്നെടുത്തതാണു് കൂദാശവചനങ്ങൾ (മത്താ. 26: 26—28; മർക്കോ. 14: 22—24, ലൂക്കാ 22: 19—20; 1 കൊറ. 11: 23-25). കൂദാശ ചെയ്യുമ്പോൾ അനുഷ്ഠിക്കുന്ന ആചാരങ്ങളിൽ ചിലതു വേദപുസ്തകത്തിൽത്തന്നെയുള്ളതാണു്; ശേഷമെല്ലാം ശ്ലൈഹികപാരമ്പര്യവും. വീഞ്ഞു കൂദാശചെയ്യുമ്പോൾ ഉപയോഗിക്കുന്ന വാക്കുകളിൽ ഒന്നു്, അതായതു്, "വിശ്വാസത്തിന്റെ

രഹസ്യം" (Mysterium Fidei) 1 തിമോ. 3: 9-ൽനിന്ന് എടുത്തതാണ്.

വി. കുർബാന കൂദാശചെയ്തു ഉയർത്തുമ്പോൾ, "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്നു ചൊല്ലുന്നതിനു 7 വർഷത്തെ ദണ്ഡവിമോചനമുണ്ട്. കുമ്പസാരിച്ചു വി. കുർബാന സ്വീകരിക്കുകയാണെങ്കിൽ ആഴ്ചയിലൊരിക്കൽ പൂർണ്ണദണ്ഡവിമോചനവും പ്രാപിക്കാം.

ഈ ബലിയിൽ കർത്താവിന്റെ പീഡാനുഭവവും മരണവും മാത്രമല്ല അനുസ്മരിക്കപ്പെടുന്നത്; അവിടുത്തെ ഉയിർപ്പും സ്വർഗ്ഗാരോഹണവുംകൂടി നാം കൊണ്ടാടുന്നു. ദിവ്യഗുരുവിന്റെ ബലി സ്വർഗ്ഗം അംഗീകരിച്ചുവെന്നതിനു സാക്ഷ്യമാണ് ഇവ രണ്ടും. അതിനാലാണ്, വി. കുർബാനയിൽ അവിടുത്തെ പീഡാനുഭവവും മരണവും ഉയിർപ്പും സ്വർഗ്ഗാരോഹണവും അനുസ്മരിക്കപ്പെടുന്നു, ആവർത്തിക്കപ്പെടുന്നു എന്നൊക്കെ നാം പറയുന്നത്.

## തുടർന്നുള്ള അപേക്ഷകൾ

കൂദാശകർമ്മംകഴിഞ്ഞുള്ള അപേക്ഷകളിൽ പ്രധാനമായി ആവശ്യപ്പെടുന്ന ഒരു സംഗതി നീതിമാനായ ഹാബേലിന്റെയും പിതാവായ അബ്രാഹത്തിന്റെയും പുരോഹിതപ്രധാനനായ മെൽക്കീസെദെക്കിന്റെയും ബലിപോലെ ഈ ബലി സ്വീകരിക്കണമേ എന്നതാണ്. അനന്തരം, പുരോഹിതൻ കുനിഞ്ഞു കൈകൾ അൾത്താരയിന്മേൽ ചേർത്തുവച്ചുകൊണ്ടു വിനീതമായി വീണ്ടും അഭ്യർത്ഥിക്കുന്നു, വാനവദൂതന്മാരുടെ കരങ്ങൾവഴി ഈ ബലി സ്വീകരിക്കണമെന്നും ബലിയിൽ ഭാഗഭാക്കാകുന്നവരെ അനുഗ്രഹംകൊണ്ടു നിറയ്ക്കണമെന്നും. സഹനസഭയ്ക്കും സമരസഭയ്ക്കും ജേതൃസഭയ്ക്കുംവേണ്ടിയുള്ള പ്രാർത്ഥനകൾ തുടരുന്നു. അനേക വിശുദ്ധർ പ്രാപിച്ചുകഴിഞ്ഞിട്ടുള്ള അനുഗ്രഹം തനിക്കും നല്കണമേ എന്നു വൈദികൻ അപേക്ഷിക്കുന്നു. ദിവ്യബലിയിൽ ക്രിസ്തുവുമായി ഉണ്ടാകുന്ന

ഐക്യം പുണ്യവാന്മാരുടെ ഐക്യത്തിൻേറയും അവരുടെ സൗഭാഗ്യത്തിൻേറയും ഓർമ്മ പുരോഹിതനിൽ ജനിപ്പിക്കുന്നു. ഈ സന്ദർഭത്തിൽ പതിനഞ്ചു പുണ്യവാന്മാരുടെ പേരു വിളിച്ചു വൈദികൻ അപേക്ഷിക്കുന്നു. പുതിയ നിയമത്തിൽ പ്രഥമസ്ഥാനത്തു കന്യകാംബികയും പഴയനിയമത്തിൽ സ്നാപകയോഹന്നാനും നില്ക്കുന്നു. ശേഷം പതിന്നാലുപേരിൽ ഏഴു പുണ്യവാന്മാരും ഏഴു പുണ്യവതികളും ഉൾപ്പെടുന്നു. മത്തിയാസിൻേറയും അപ്പസ്തോലശിഷ്യന്മാരായ വി. ബർണബാസിൻേറയും അന്തിയോക്കിയായിലെ വി. ഇഗ്നേഷ്യസിൻേറയും നാമങ്ങൾ ഇക്കൂട്ടത്തിലുണ്ട്.

സമസ്തദാനങ്ങളും പ്രത്യേകിച്ച് ഈ അപ്പവും വീഞ്ഞും മിശിഹാവഴി ക്രിസ്തു നല്കിയതാണെന്നുള്ള കാര്യവും ഇവിടെ ഏററു പറയുന്നു. ഇവ ക്രിസ്തുവഴി നമ്മുടെ ശുദ്ധീകരണവും ജീവനുമായി ഭവിച്ചിരിക്കുന്നു. "അവനിലും അവൻ വഴിയും അവനോടുകൂടെയും" എന്നുള്ള അർത്ഥഗർഭമായ ആവർത്തനം ക്രിസ്തുവാകുന്ന പുരോഹിതനോടുള്ള നമ്മുടെ ബന്ധത്തെ സൂചിപ്പിക്കുകയാണ്; അവിടുന്നുവഴി സർവ്വേശ്വരനു നല്കുന്ന അത്യുന്നതബഹുമാനത്തെ നാം ഓർക്കുകയാണ്. അനന്തരം, തിരുവോസ്തികൊണ്ടു കാസയുടെ മേൽ മൂന്നുപ്രാവശ്യവും അതിൻെറ മുമ്പിൽ രണ്ടുപ്രാവശ്യവും കുരിശു വരയ്ക്കുന്നു. പിതാവിൻേറയും പരിശുദ്ധാത്മാവിൻേറയും നാമം ഉച്ചരിച്ചുകൊണ്ടാണ് ഒടുവിൽ രണ്ടുപ്രാവശ്യം കുരിശുവരയ്ക്കുന്നത്. പിതാവിൻേറയും പരിശുദ്ധാത്മാവിൻേറയും ഐക്യത്തിൽ പുത്രൻ കുരിശിലെ ബലി സമർപ്പിച്ചുവെന്ന് ഇതിനാൽ നാം മനസ്സിലാക്കണം.

## തിരുവോസ്തി കാസായോടുകൂടി സ്വല്പം ഉയർത്തുന്നു
## (LESSER ELEVATION)

എല്ലാറീത്തുകളിലുംതന്നെയുള്ള ഒരാചാരമാണിത്; ആകയാൽ, എത്രയും പ്രാചീനമായ ഒരു നടപടിയായിരിക്കണം. തിരു

വോസ്തി കാസയുടെ മേൽവച്ചു വീണ്ടും ഇങ്ങനെ ഉയർത്തുന്നതു വിശ്വാസികരം വി. കർബ്ബാനയിൽ സന്നിഹിതനായിരിക്കുന്ന ഈശോയെ ഒന്നുകൂടി ആരാധിക്കുവാനാണ്.

## പരിശോധനാവിഷയം

താഴെപ്പറയുന്നവ എന്താണെന്നു വിവരിക്കുക:

1) കാനൺ. 2) കൂദാശകർമ്മത്തിനുമുമ്പുള്ള പ്രാർത്ഥനാനിയോഗങ്ങരം. 3) കൂദാശകർമ്മത്തിനുശേഷമുള്ള പ്രാർത്ഥനാനിയോഗങ്ങരം. 4) കൂദാശവചനങ്ങരം.

## പ്രശ്നങ്ങരം

1. എന്തിനാണു വൈദികൻ ബലിസാധനങ്ങളുടെമേൽ കൈവിരിച്ചുപിടിച്ചു പ്രാർത്ഥിക്കുന്നത്?

2. കർബ്ബാന ഉയർത്തുമ്പോരം ഭക്തിപൂർവ്വം ചൊല്ലാവുന്ന ഒരപേക്ഷ നിർദ്ദേശിക്കുക.

3. കൂദാശകർമ്മത്തിനുമുമ്പ് ഏതു പുണ്യവാന്മാരെയെല്ലാമാണു കാനണിൽ അനുസ്മരിച്ചിരിക്കുന്നത്?

[ഉത്തരം: (എ) മാർപ്പാപ്പമാർ (1) ലീനസ് (64—76)
2) ക്ലേത്തുസ് (76—88) 3) ക്ലെമൻറ് (89—97).
4) സിസ്റ്റസ് (117—126) 5) കൊർണേലിയസ് 2(51—253).
(ബി) സിപ്രിയാൻ, കാർത്തേജിലെ മെത്രാൻ (+258).
(സി) ലോറൻസ്, ഒരു ഡീക്കൻ (+258).
(ഡി) അല്മായർ 1) ക്രിസോഗണസ്സ് (+304) 2) സഹോദരന്മാരായ യോഹന്നാനും പൗലോസും (+362). 3) സഹോദരന്മാരായ കോസ്മോസും ദമിയാനോസും. (+287).

4. കൂദാശകർമ്മത്തിനുശേഷം അനുസ്മരിക്കപ്പെടുന്ന പുണ്യവാന്മാർ ആരെല്ലാം?

1) സ്നാപകയോഹന്നാൻ. 2) സ്റ്റീഫൻ. 3) മത്തിയാസ്
4) ബർണബാസ്. 5) അന്തിയോക്കിയായിലേ വി. ഇഗ്നേ

ഷ്യസ് (117). 6) അലക്സാണ്ടർപാപ്പ (105-115). 7) പുരോഹിതനും രക്തസാക്ഷിയുമായ മർസെലീനൂസ്. 8) പിശാചിനെ പായിച്ചിരുന്ന പീററർ. 9) ഫെലിച്ചിത്താസ് എന്നൊരടിമ. 10) അവളുടെ യജമാനത്തി, പെർപെതുവാ (-203). 11) അഗത്താ (250—253). 12) ലൂസി (+303). 13) ആഗ്നെസ്. 14) സിസിലി. 15) അനസ്താസിയാ.

## പ്രായോഗികാഭ്യാസങ്ങൾ

1. കുർബാനയിൽ വൈദികൻ പ്രാർത്ഥനാനിയോഗങ്ങൾ നിശ്ചയിക്കുമ്പോൾ ഞാനും അങ്ങനെ ചെയ്യും.

2. വി. കുർബാന ഉയർത്തുമ്പോൾ "എന്റെ കർത്താവേ, എന്റെ ദൈവമേ!" എന്നു ഞാൻ ചൊല്ലും.

3. വി. കുർബാനയുടെ സമയത്തു നമ്മുടെ കർത്താവിന്റെ പീഡാനുഭവവും മരണവും ഉയിർപ്പും സ്വർഗ്ഗാരോഹണവും ഞാൻ ധ്യാനവിഷയമാക്കും.

അഞ്ചാമദ്ധ്യായം

# വിശ്വാസികളുടെ കുർബാന

ഈ ഭാഗം കർത്തൃപ്രാർത്ഥനകൊണ്ടാരംഭിക്കുന്നു. ദിവ്യഗുരുവിന്റെ ആജ്ഞാപനമനുസരിച്ചു സർവ്വേശ്വരനെ പിതാവെന്നു വിളിച്ച് അപേക്ഷിക്കുവാൻ നാം ധൈര്യപ്പെടുകയാണ്. എല്ലാ റീത്തുകളിലെ കുർബാനകളിലും സുന്ദരമായ ഈ അപേക്ഷ സ്ഥലം പിടിച്ചിട്ടുണ്ട്. ദൈവത്തിന്റെ പിതൃത്വവും മനുഷ്യന്റെ സഹോദരത്വവും അനുസ്മരിപ്പിക്കുന്ന ഒരു പ്രാർത്ഥനയാണല്ലോ ഇത്. "ഞങ്ങളുടെ അനുദിനാഹാരം ഇന്നു ഞങ്ങൾക്കു തരുക" എന്നതു വി. കുർബാനസ്വീകരണത്തിനു പററിയ ഒരുക്കമാണ്. "ഞങ്ങളുടെ കടങ്ങൾ ക്ഷമിക്കുക"—വി. കുർബാന സ്വീകരണത്തിനുമുമ്പുള്ള ഒരു മനസ്താപപ്രകരണമല്ലേ ഇത്? ബലിപീഠമാകുന്ന മേശയിൽനിന്നു മിശിഹായുടെ ശരീരം അനുഭവിക്കുവാൻ സമ്മേളിച്ചിരിക്കുന്നവർക്ക് ഇതു ഭക്ഷണത്തിന്റെ മുമ്പുള്ള ജപംപോലെയാണ്.

"തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ" എന്ന കർത്തൃപ്രാർത്ഥനയിലെ അപേക്ഷ വിസ്തരിച്ചു ചൊല്ലുകയാണ് അടുത്ത ജപത്തിൽ ചെയ്യുന്നതു്. കഴിഞ്ഞതും വരാനിരിക്കുന്നതുമായ സകലതിന്മകളിലുംനിന്നു കന്യകാംബികയുടേയും പത്രോസ്, പൗലോസ്, അന്ത്രയോസ് ശ്ലീഹന്മാരുടേയും മാദ്ധ്യസ്ഥ്യംവഴി മോചനം നല്കണമേ എന്നു പുരോഹിതൻ അപേക്ഷിക്കുന്നു.

## കർത്താവിന്റെ സമാധാനം

ദിവ്യരക്ഷകന്റെ പ്രസാദവരത്താൽ ദൈവത്തോടു രമ്യതപ്പെടുന്നതും ഐക്യം പ്രാപിക്കുന്നതുമത്രേ സമാധാനം; നിത്യരക്ഷയാകുന്നു സമാധാനത്തിന്റെ പൂർണ്ണത. കർത്താവിന്റെ സമാധാനം എ

ല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ എന്നതാണ് ഈ സന്ദർഭത്തിൽ ഉപയോഗിക്കുന്ന പ്രാർത്ഥനകളുടെയെല്ലാം സംക്ഷേപം. ക്രിസ്തുവിൻെറ കുരിശുവഴിയാണു സമാധാനം കൈവരുന്നതെന്നു സൂചിപ്പിക്കുവാൻ പുരോഹിതൻ പീലാസകൊണ്ടു തൻെറമേൽ കുരിശുവരയ്ക്കുന്നു; അവസാനം സമാധാനനാഥൻെറ ശരീരം സൂക്ഷിക്കുന്ന ആ പീലാസയെ പുരോഹിതൻ ഭക്തിപൂർവ്വം ചുംബിക്കുന്നു.

## അപ്പംമുറിക്കൽ

അതിപ്രധാനമായ ഒരു തിരുക്കർമ്മമാണിതു്. വി. കുർബാനയ്ക്കുപകരം ആദിമക്രിസ്ത്യാനികൾ ഉപയോഗിച്ചിരുന്ന പദംപോലും "അപ്പം മുറിക്കൽ" എന്നാണു്. അന്തിമഭക്ഷണവേളയിൽ ക്രിസ്തുനാഥൻ അപ്പം മുറിച്ചു ശിഷ്യന്മാർക്കു കൊടുത്തു. ആദിമശതാബ്ദങ്ങളിൽ പുരോഹിതന്മാരും വലിയ ഒരപ്പത്തിൽനിന്നു മുറിച്ചാണു ഭക്തജനങ്ങൾക്കു വി. കുർബാന കൊടുത്തിരുന്നതു്. അവയെല്ലാം അനുസ്മരിച്ചു വി. കുർബാനയിൽ ഇന്നും തിരുവോസ്തി മൂന്നായി മുറിക്കുന്നുണ്ടു്. ഈ തിരുക്കർമ്മത്തിനു് ഇന്നു പല അർത്ഥങ്ങളുണ്ടു്: 1) ക്രിസ്തുവിൻെറ പീഡാനുഭവത്തിലും മരണത്തിലും അവിടുത്തേക്കുണ്ടായ വേദനകൾ അതു സൂചിപ്പിക്കുന്നു. 2) കാസയുടെ മീതെവച്ചു തിരുവോസ്തി മുറിക്കുന്നതിൽനിന്നു നാം മനസ്സിലാക്കണം ക്രൂശിതനായ മിശിഹായുടെ തിരുശ്ശരീരത്തിൽനിന്നൊഴുകിയ തിരുരക്തംവഴിയാണു നമ്മുടെ രക്ഷ സാധിച്ചതെന്നു്. അപ്പവും വീഞ്ഞും വേറെ വേറെയെടുത്തുകൊണ്ടു്, "ഇതെൻെറ ശരീരമാകുന്നു" "ഇതെൻെറ രക്തമാകുന്നു" എന്നു പുരോഹിതൻ ചൊല്ലുന്നതു്, ഓരോ സാദൃശ്യത്തിലും മിശിഹാ മുഴുവനായിട്ടില്ലാത്തതുകൊണ്ടല്ല, പ്രത്യുത, അവിടുത്തെ അമൂല്യരക്തം ശരീരത്തിൽനിന്നു വേർപിരിഞ്ഞു് ഉൽഭൂതമായ മരണത്തെ സൂചിപ്പിക്കുവാനാണു്. വി. കുർബാനയിൽ ഈ രണ്ടു സാദൃശ്യങ്ങളും കൂട്ടിച്ചേർക്കുന്നതു്, അതായതു്,

തിരുവോസ്തിയിൽ ഒരു ഭാഗം കാസയിലിടുന്നതു്, അവിടുത്തെ തിരുരക്തം ശരീരത്തോടു യോജിച്ചുണ്ടായ പുനരുത്ഥാനത്തെ സൂചിപ്പിക്കുവാനാണു്. വി. കുർബാനയിൽ എഴുന്നള്ളിയിരിക്കുന്നതു് ഉയിർത്തെഴുന്നള്ളിയ ക്രിസ്തുവത്രേ.

## ദൈവചെമ്മരിയാട്ടിൻകുട്ടി

സ്നാപകയോഹന്നാൻ രക്ഷകനെ ചൂണ്ടിക്കാണിച്ചുകൊണ്ടു യഹൂദന്മാരോടു പറഞ്ഞു: "ഇതാ, ഭൂലോകപാപങ്ങളെ നീക്കുന്ന ദൈവചെമ്മരിയാട്ടിൻകുട്ടി!" (യോഹ. 1: 29) തിരുവോസ്തിയിൽ സ്ഥിതിചെയ്യുന്ന ദിവ്യരക്ഷകനെ ഭക്തിപൂർവ്വം നോക്കി മേൽപറഞ്ഞ വാക്കുകൾ പുരോഹിതൻ മൂന്നുപ്രാവശ്യം ഉച്ചരിക്കുന്നു. "ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ" എന്ന വാക്യം ഓരോ പ്രാവശ്യവും അദ്ദേഹം ചേർത്തുചൊല്ലുകയും ചെയ്യുന്നു. കാഴ്ച ലഭിക്കുവാൻ അഭ്യർത്ഥിച്ച കുരുടന്മാർ ഉപയോഗിച്ച വാക്കുകളാണിവ. (മത്താ. 9: 27). കുഞ്ഞാടിന്റെ ബലിയിൽ പങ്കുകൊള്ളുവാനുള്ള അയോഗ്യതയെ അനുസ്മരിച്ചുകൊണ്ടു് ഈ സമയത്തു പുരോഹിതനും ജനങ്ങളും മൂന്നുപ്രാവശ്യം നെഞ്ചിൽ ഇടിക്കുകയും ചെയ്യുന്നു.

## പുരോഹിതന്റെ ദിവ്യകാരുണ്യസ്വീകരണം

ഭൂലോകപാപങ്ങളെ നീക്കുന്ന ദൈവചെമ്മരിയാട്ടിൻകുട്ടിയുടെ കൃപയ്ക്കായി അപേക്ഷിച്ചതിനുശേഷം ചൊല്ലുന്ന മൂന്നു പ്രാർത്ഥനകളും ദിവ്യകാരുണ്യസ്വീകരണത്തിനു് ഒരുക്കമായിട്ടുള്ളവയാണു്. ശ്ലീഹന്മാർക്കു നല്കിയ സമാധാനം തനിക്കു നല്കുവാനും തന്റെ പാപങ്ങളെ അവഗണിക്കുവാനും ഒന്നാമത്തെ അപേക്ഷയിൽ പുരോഹിതൻ ആവശ്യപ്പെടുന്നു. സ്തുപസ്സുപൂജയാണെങ്കിൽ, കാർമ്മികൻ ആറാംപട്ടക്കാരനും, ആറാംപട്ടക്കാരൻ തന്റെ സഹായിക്കും സമാധാനം നല്കുന്നു. മററു വൈദികശുശ്രൂഷകരുണ്ടെങ്കിൽ അ

വർക്കും സമാധാനം നല്കുന്നു. ആദിമകാലങ്ങളിൽ വിശ്വാസികൾ പരസ്പരം സമാധാനചുംബനം നല്കിയിരുന്നു.

മിശിഹായുടെ ശരീരത്തിന്റെയും രക്തത്തിന്റെയും യോഗ്യതകൾവഴി തന്റെ പാപങ്ങൾക്കു മോചനം നല്കുവാനും മിശിഹായുടെ ഐക്യത്തിൽനിന്നു വേർപിരിയാതിരിക്കുവാനുംവേണ്ട അനുഗ്രഹങ്ങൾ രണ്ടാമത്തെ പ്രാർത്ഥനയിൽ പുരോഹിതൻ ചോദിക്കുന്നു.

മിശിഹായുടെ ശരീരവും രക്തവും ഉൾക്കൊള്ളുന്നതു തന്റെ അയോഗ്യതമൂലം ന്യായവിധിക്കു കാരണമാകാതിരിക്കട്ടെയെന്നാണ് മൂന്നാമത്തെ പ്രാർത്ഥനയിൽ പുരോഹിതൻ അപേക്ഷിക്കുന്നതു്.

## ഡോമിനേ, നോൺ സൂം ഡീഞ്ഞുസ്

ഒരു റോമൻശതാധിപന്റെ ഭൃത്യനെ അദ്ദേഹത്തിന്റെ വീട്ടിൽപോയി സുഖപ്പെടുത്താമെന്നു ക്രിസ്തുനാഥൻ അരുളിച്ചെയ്തപ്പോൾ അദ്ദേഹം പറയുകയുണ്ടായി: "നാഥാ, അങ്ങ് എന്റെ ഭവനത്തിൽ പ്രവേശിക്കുവാൻ ഞാൻ യോഗ്യനല്ല; അങ്ങ് ഒരു വാക്കുമാത്രം അരുളിച്ചെയ്യുക; എന്റെ ഭൃത്യൻ സുഖപ്പെട്ടും" (മത്താ. 8: 8). എന്റെ ഭൃത്യൻ എന്ന പദത്തിനു പകരം "എന്റെ ആത്മാവു്" എന്നാക്കി, പുരോഹിതൻ മൂന്നു പ്രാവശ്യം, നെഞ്ചിലിടിച്ചുകൊണ്ട് ഈ വാക്കുകൾ ആവർത്തിച്ചതിനുശേഷം, "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ശരീരം നിത്യജീവൻ നല്കി എന്റെ ആത്മാവിനെ കാത്തുസൂക്ഷിക്കട്ടെ" എന്നു ചൊല്ലി തിരുവോസ്തികൊണ്ടു കുരിശുവരച്ചു് അതനുഭവിക്കുന്നു. അങ്ങനെ തിരുരക്തവും പുരോഹിതൻ പാനംചെയ്യുന്നു.



വൈദികൻ തിരുരക്തം ഉൾക്കൊള്ളുന്നു.

# പരിശോധനാവിഷയം

1) കർതൃപ്രാർത്ഥന ദിവ്യകാരുണ്യസ്വീകരണത്തിനു് ഒരുക്കമാകുന്നതെങ്ങനെ?

2) "സമാധാനം നല്കുക" എന്നാലെന്തു്?

3) "ദൈവചെമ്മരിയാട്ടിൻകുട്ടി" എന്നു് ആർ ആരെ വിളിച്ചു?

4) വി. കുർബ്ബാനയിൽ നാം സ്വീകരിക്കുന്നതു് ഉണ്ണിയീശോയെയോ, ക്രൂശിതനായ ഈശോയെയോ ഉയിർത്തെഴുന്നള്ളിയ ഈശോയെയോ?

5) താഴെപ്പറയുന്ന വാക്കുകളുടെ മലയാള പരിഭാഷയെഴുതുക:

1. Libera nos a malo
ii. Domine, non sum dignus
iii. Oremus

iv. Agnus Dei

v. Et cum spiritu tuo.

6) അപ്പം മുറിക്കുന്നതിന്റെ അർത്ഥമെന്താണു്?

## പ്രായോഗികാഭ്യാസങ്ങൾ

1) വി. കുർബാനസ്വീകരിക്കുന്നതിനു മുമ്പു ഭക്തിപൂർവ്വം ഞാൻ കർതൃപ്രാർത്ഥന ചൊല്ലും.

2) "കർത്താവേ, അങ്ങു് എന്റെ ഹൃദയത്തിൽ എഴുന്നള്ളിവരുവാൻ ഞാൻ യോഗ്യനല്ല; അങ്ങു് ഒരു വാക്കുമാത്രം അരുളിച്ചെയ്യുക; എന്റെ ആത്മാവു സുഖപ്പെടും" എന്നു ചൊല്ലിക്കൊണ്ടു വി. കുർബാന സ്വീകരിക്കുവാൻ ഞാൻ ഒരുങ്ങും.

### ആറാമദ്ധ്യായം

# വി. കുർബാനയുടെ സമാപനം

## വിശ്വാസികളുടെ ദിവ്യകാരുണ്യസ്വീകരണം

പുരോഹിതന്റെ ദിവ്യകാരുണ്യസ്വീകരണത്തിനുശേഷം, വിശ്വാസികൾക്കു വി കുർബാന ഭാഗിച്ചുകൊടുക്കുന്നു. അവർ "കുമ്പസാരത്തിന്റെപ്രകാരം" ചൊല്ലിക്കഴിയാറാകുമ്പോഴേക്കു വൈദികൻ കുസ്തോദിയെടുത്തു തുറന്നു മുട്ടുകുത്തിയിട്ട് എല്ലാവരേയും ആശീർവ്വദിക്കുന്നു; പാപത്തിന്റെ പൊറുതിക്കായി അപേക്ഷിക്കുന്നു. അനന്തരം "ഭൂലോകപാപങ്ങളെ നീക്കുന്ന ദൈവച്ചെമ്മരിയാട്ടിൻകുട്ടി ഇതാ" എന്നു പറഞ്ഞ് ഒരു ചെറിയ ഓസ്തിയെടുത്ത് ഉയർത്തിപ്പിടിക്കുന്നു. "കർത്താവേ, . . . . ഞാൻ യോഗ്യനല്ല" എന്ന വാക്കുകളും മൂന്നു പ്രാവശ്യം ചൊല്ലിയതിനുശേഷം വി. കുർബാന സ്വീകരണത്തിനുള്ള സ്ഥലത്തുവന്നു വി. കുർബാന സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നയാളിന്റെ നാവിൽ തിരുവോസ്തി വയ്ക്കുന്നു. അപ്പോൾ പുരോഹിതൻ ഇപ്രകാരം ചൊല്ലുന്നു: "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ശരീരം നിത്യജീവനായി നിങ്ങളുടെ ആത്മാവിനെ കാത്തുസൂക്ഷിക്കട്ടെ."

ബലിവസ്തു ആഹരിക്കുന്നതാണല്ലോ ദിവ്യകാരുണ്യസ്വീകരണം. കുർബാന പൂർത്തിയാകണമെങ്കിൽ വൈദികൻ ദിവ്യകാരുണ്യം അനുഭവിക്കണം അതിനാൽ, ദിവ്യകാരുണ്യസ്വീകരണം ബലിയുടെ ഒരു ഭാഗമാണ്. തന്മൂലം, വിശ്വാസികളും ദിവ്യബലിയുടെ ഇടയ്ക്കുതന്നെ വി. കുർബാന സ്വീകരിക്കുന്നതിനു പ്രത്യേകമായ ഔചിത്യമുണ്ട്. കഴിയുന്നിടത്തോളം അങ്ങനെ ചെയ്യണമെന്ന് നമ്മുടെ പ്രഥമസമ്പൂർണ്ണദേശീയസൂനഹദോസ് ഉപദേശിച്ചിട്ടുമുണ്ട്. എങ്കിലും വി. കുർബാന ചൊല്ലാവുന്ന സമയത്തൊക്കെ വി. കുർബാന എഴുന്നള്ളിച്ചുകൊടുക്കാവുന്നതാണ്; കാരണം, വി. കുർബാ

ന ഒരു ബലിമാത്രമല്ല, ഒരു കൂദാശക്കൂടിയാണു്. അതിനാൽ, ഒരു കുർബ്ബാനയിൽ കൂദാശ ചെയ്യപ്പെട്ട ഓസ്തിയിൽ അതിൻെറ സ്വഭാവത്തിനു വ്യത്യാസം വരുന്നതുവരെ മിശിഹായുടെ ശരീരവും രക്തവും ആത്മാവും ദൈവസ്വഭാവവും ഉണ്ടു്. അല്മായർ അപ്പത്തിൻെറ രൂപത്തിൽമാത്രം വി. കുർബ്ബാനസ്വീകരിക്കുന്നു. ഓരോ സാദൃശ്യത്തിലും ഈശോ പൂർണ്ണമായി ഉള്ളതുകൊണ്ടാണു്, ഈ സമ്പ്രദായം അചിരേണ നടപ്പിലായതു്.

## സമാപനപ്രാർത്ഥനകൾ

വിശ്വാസികളുടെ ദിവ്യകാരുണ്യസ്വീകരണത്തിനുശേഷം, കാസ രണ്ടുപ്രാവശ്യം വീഞ്ഞും വെള്ളവുമൊഴിച്ചു കഴുകി വൈദികൻ കുടിക്കുന്നു. പൂജാപാത്രങ്ങളെല്ലാം തുടച്ചു ക്രമപ്പെടുത്തിയതിനുശേഷം "കമ്യൂണിയൻ", "പോസ്ററു കമ്യൂണിയൻ" എന്നീ പ്രാർത്ഥനകൾ ചൊല്ലുന്നു. "ഈത്തേ, മീസാ എസ്തു്" (നിങ്ങൾ പൊയ്ക്കോൾക, ബലി കഴിഞ്ഞു; അഥവാ തോമസ് അക്വിനാസ് പുണ്യവാൻ പ്രസ്താവിച്ചിട്ടുള്ളതുപോലെ, ബലിവസ്തു ഇതാ മാലാഖവഴി ദൈവത്തിങ്കലേക്കു് അയയ്ക്കപ്പെട്ടിരിക്കുന്നു.) എന്നു പുരോഹിതൻ പറയുകയും ജനത്തെ ആശീർവ്വദിക്കുകയും അന്തിമസുവിശേഷം കാലാനുസൃതം വായിക്കുകയും ചെയ്യുന്നു. "ഗ്ലോറിയ, ഇൻ എക്ചെൽസിസു ദേവോ" എന്ന ഗാനം ചൊല്ലാത്ത ദിവസങ്ങളിൽ "ഈത്തേ, മീസാ എസ്തു്" എന്നു ചൊല്ലുന്നില്ല; പകരം "ബെനദിക്കാമൂസ് ദോമിനോ" (നമുക്കു ദൈവത്തെ സ്തുതിക്കാം) എന്നു ചൊല്ലുന്നു. "ദൈവത്തിനു സ്തുതി" എന്നു ശുശ്രൂഷകൻ മറുപടിയായി പറയുകയുംചെയ്യുന്നു.

ഒററക്കുർബ്ബാനകളുടെ അവസാനത്തിൽ ചൊല്ലുന്ന അപേക്ഷകൾ 13-ാം ലെയോ മാർപ്പാപ്പ നിർദ്ദേശിച്ചവയാണു്. റഷ്യയിൽ തിരുസ്സഭ വിജയം വരിക്കുവാൻ ഈ പ്രാർത്ഥനകൾ കാഴ്ചവയ്ക്കണമെന്നു പിന്നീടു 11-ാംപീയൂസ് മാർപ്പാപ്പ ആജ്ഞാപിച്ചിട്ടുണ്ടു്.

## പരിശോധനാവിഷയം

തെററുണ്ടെങ്കിൽ തിരുത്തുക:

1. കുർബാനയ്ക്കുമുമ്പോ പിമ്പോ കുർബാന കൈക്കൊള്ളുന്നതാണ് എല്ലാവിധത്തിലും സൗകര്യം.

2. അന്തിമസുവിശേഷം സാധാരണമായി മത്തായിയുടെയോ യോഹന്നാന്റെയോ ആണ്.

3 ഓരോ സാദൃശ്യത്തിലും മിശിഹായെ മുഴുവനായിത്തന്നെ നാം സ്വീകരിക്കുന്നു.

4. ഒററക്കുർബാനയുടെ അവസാനത്തിൽ ചൊല്ലുന്ന പ്രാർത്ഥന തിരുസ്സഭയുടെ വിജയത്തിനാണു കാഴ്ച്ചവയ്ക്കേണ്ടതു്.

5.-മരിച്ചവരുടെ കുർബാനയിൽ "ഈത്തേ, മീസാ എസ്റ്റ്" എന്ന പ്രാർത്ഥനയ്ക്കുപകരം ഒന്നും ചൊല്ലുന്നില്ല.

"റെക്വിയെസ്കാന്ത് ഇൻ പാച്ചേ" (അവർ അമാധാനത്തിൽ ആശ്വസിക്കട്ടെ) എന്നു ചൊല്ലുന്നു.

## പ്രായോഗികാഭ്യാസങ്ങൾ

1. ദിവ്യബലിയിൽ വി. കുർബാന സ്വീകരിക്കുവാൻ ഞാൻ ഒരുങ്ങിയിട്ടില്ലെങ്കിൽ, അരൂപിക്കടുത്തവിധം വി. കുർബാന സ്വീകരിക്കും.

5. ഞാൻ ഭക്തിയോടുകൂടെ വി. കുർബാനയിൽ പങ്കു കൊള്ളും.

# സീറോമലബാർറീത്തിലേ കുർബാന

## പ്രാരംഭം

1962 ജൂലൈ 3-ാം തീയതിവരെ കേരളസുറിയാനിക്കാരുടെയിടയിൽ പ്രചാരത്തിലിരുന്നതു് കൽദായസുറിയാനിക്കാരുടെ ഇടയിൽ നടപ്പുള്ള "ശ്ലീഹന്മാരുടെ കുർബാന"യുടെ ഒരു പരിഷ്കരിച്ച പതിപ്പാണു്. രണ്ടാംശതാബ്ദത്തിൽ ജീവിച്ചിരുന്ന അന്ദായി, മാറി (Addai, Mari) എന്നിവരാണു് ഈ കുർബാന, അഥവാ, ഒരു ഗ്രീക്കുപദം ഉപയോഗിക്കുന്നപക്ഷം "അനാഫറാ", എഴുതിയുണ്ടാക്കിയതു്. യൂദാസ്തദേവൂസിന്റെ ശിഷ്യനാണു് അന്ദായിഎന്നും എദേസയുടെ അപ്പസ്തോലനാണു് അദ്ദേഹമെന്നും പറയപ്പെടുന്നു. അന്ദായിയുടെ ശിഷ്യനാണു മാറി. ശ്ലീഹന്മാരുടെ കുർബാന ദുഃഖവെള്ളിയാഴ്ചമുതൽ ആഗമനകാലംവരെയാണു് എദേസായിൽ ഉപയോഗിച്ചിരുന്നതു്. ആ കുർബാനക്രമമായിരുന്നു കേരളത്തിൽ മൂന്നാംനൂററാണ്ടുമുതൽ ഉയോഗിച്ചിരുന്നതെന്നു പറയുന്നു.

പോർത്തുഗീസുമിഷനറിമാർ കേരളത്തിൽ കാലുകുത്തിയതിനുശേഷം സുറിയാനിക്കുർബാനയ്ക്കു വ്യത്യാസങ്ങൾ വന്നുതുടങ്ങി. ഇവിടെ ഉപയോഗിച്ചിരുന്ന കുർബാനക്രമങ്ങളിൽ നെസ്തോറിയൻ പാഷണ്ഡതയുണ്ടെന്നു് അവരിൽ ചിലർ അഭിപ്രായപ്പെട്ടു. ഉദയംപേരൂർസൂനഹദോസിൽവച്ചു (1599 A. D.) പഴയ കുർബാനക്രമങ്ങളിൽ പല മാററങ്ങൾ വരുത്തി. 1774-ൽ കേരളസുറിയാനിക്കാർ ഇന്നു് ഉപയോഗിക്കുന്ന കുർബാനക്രമം ആദ്യമായി റോമിൽ അച്ചടിച്ചു. 1844-ൽ രണ്ടാമത്തേ പതിപ്പുമുണ്ടായി. പിന്നീടുള്ള തക്സകൾ (കുർബാനക്രമങ്ങൾ) നമ്മുടെ നാട്ടിൽ അച്ചടിച്ചവയാണു്.

കൽദായക്കാരുടെ ഇടയിലുള്ള സുറിയാനിക്കുർബാനയുടെ മൂലവും ഇപ്പോഴത്തേ സുറിയാനിക്കുർബാനയും തമ്മിൽ രണ്ടു സംഗതികളിലാണു പ്രധാനമായ അന്തരം: 1) വിശ്വാസപ്രമാണത്തിൻെറസ്ഥാനം. 2) കൂദാശകർമ്മത്തിൻെറ സ്ഥാനം. സുറിയാനിക്കാരുടെ ഇട

യിലുള്ള റാസക്കുർബാനയിൽ വിശ്വാസപ്രമാണത്തിന്റെ പ്രാചീന സ്ഥാനമാണു പാലിച്ചിരിക്കുന്നതെന്നു പറയുന്നു.

## തിരുവസ്ത്രങ്ങൾ

സുറിയാനിറീത്തിൽ ലത്തീൻറീത്തിലേപ്പോലെയുള്ള വസ്ത്രങ്ങളാണ് അണിയുന്നത്. 1552-ൽ രണ്ടാം മാർ യൗസേപ്പിന്റെ കാലത്താണ് ഈ വ്യത്യാസം വരുത്തിയതെന്നും ഉദയമ്പേരൂർസൂനഹദോസിനെ ഇക്കാര്യത്തിൽ പഴിക്കേണ്ടതില്ലെന്നും കോഡ്രിങ്ടൺ അഭിപ്രായപ്പെടുന്നു. തിരുവസ്ത്രങ്ങൾ അണിയുമ്പോൾ ഉപയോഗിക്കുന്ന വാക്കുകൾ ലത്തീൻറീത്തിൽ ഉപയോഗിക്കുന്ന പ്രാർത്ഥനകളുടെ പരിഭാഷതന്നെയാണ്. ആകയാൽ, തിരുവസ്ത്രങ്ങളുടേയും പൂജാപാത്രങ്ങളുടേയും കാര്യത്തിൽ ലത്തീൻറീത്തിൽനിന്നു വ്യത്യസ്തമായി ചൂണ്ടിക്കാണിക്കുവാൻ ഒന്നും കാണുന്നില്ല.

## പരിശോധനാവിഷയം

1. സീറോമലബാർറീത്തിലേ കുർബാനയുടെ മൂലമേതാണ്?

2. ആദ്യമായി സുറിയാനിക്കുർബാനക്രമം അച്ചടിച്ചത് എന്ന്, എവിടെ വച്ചാണ്?

3. ഉദയമ്പേരൂർസൂനഹദോസ് സുറിയാനിക്കുർബാനയിൽ വരുത്തിയ വ്യത്യാസങ്ങളേവ?

4. സുറിയാനിറീത്തിലും ലത്തീൻറീത്തിലും ഉപയോഗിക്കുന്ന തിരുവസ്ത്രങ്ങളും പൂജാപാത്രങ്ങളും വ്യത്യസ്തങ്ങളാണോ?

5. പുരോഹിതൻ വി. കുർബാനയ്ക്കു് ഉപയോഗിക്കുന്ന തിരുവസ്ത്രങ്ങളുടെ സ്വഭാവം വിവരിക്കുക. അവ ഓരോന്നും എന്താണു സൂചിപ്പിക്കുന്നതു്?

6. പൂജാപാത്രങ്ങളുടേയും അവയോടു ബന്ധപ്പെട്ട തിരുവസ്ത്രങ്ങളുടേയും പേരു പറയുക.

ഒന്നാമദ്ധ്യായം

# വി. കുർബാനയുടെ ആരംഭം

വൈദികൻ ബലിപീഠത്തിൻെറ താഴത്തെ പടവിയിൽ ഇറങ്ങിനിന്നു താഴ്ന്നസ്വരത്തിൽ ദൈവസാന്നിധ്യപ്രകരണംചെയ്യുന്നു. ആകാശവും ഭൂമിയും അവിടുത്തെ മഹത്വംകൊണ്ടും അസ്തിത്വവിശേഷംകൊണ്ടും നിറഞ്ഞിരിക്കുന്ന കാര്യമാണു പ്രധാനവിഷയം. ദൈവമേ, നീ പരിശുദ്ധനാകുന്നു, പരിശുദ്ധനാകുന്നു, പരിശുദ്ധനാകുന്നു എന്നുള്ള വാനവരുടെ ഗാനം പുരോഹിതൻ സ്വന്തമാക്കുന്നു. പരിശുദ്ധ ത്രിത്വത്തിനു സ്തുതി പ്രകാശിപ്പിച്ചുകൊണ്ടു വി. കുർബ്ബാന ആരംഭിക്കുന്നു.

## പൃക്ദാന്കോൻ

പൂർവ്വകാലങ്ങളിൽ വൈദികമേലദ്ധ്യക്ഷന്മാരുടെ സാന്നിദ്ധ്യത്തിൽ നടത്തുന്ന ആഘോഷപൂവ്മായ വി. കുർബാനയ്ക്കു് അവരുടെ അനുവാദം ചോദിക്കുക പതിവായിരുന്നു. അനന്തരകാലങ്ങളിൽ ആ ചോദ്യവും അനുവാദവും കുർബാനയുടെ ഭാഗമായി. ഇന്നു് ഈ വാക്കുകൾക്കു് ഒരു പുതിയ അർത്ഥംകൂടിയുണ്ടാകാം. ബലി സമർപ്പിക്കുവാൻപോകുന്ന വൈദികൻ തന്റെ ബലിയിൽ പങ്കെടുക്കുവാൻ വന്നിരിക്കുന്നവരുടെ അനുവാദത്തോടുകൂടെ ബലി ആരംഭിക്കുന്നുവെന്നാതാകാം ഇതിൻെറ അർത്ഥം. ആകയാൽ, എല്ലാവരും ബലിയുടെ ആരംഭംമുതൽതന്നെ ജാഗരൂകരായി ബലിയിൽ പങ്കെടുക്കേണ്ടുതാണു്, മിശിഹായുടെ കല്പനയനുസരിച്ചു ബലി ആരംഭിക്കുന്നു.

## തെശ്ബൊഹ്ത്താ

ക്രിസ്മസ്ദിനത്തിൽ വാനവർ പാടിയ ഗാനത്തോടുകൂടെയാണു് സുറിയാനിക്കുർബാന ആരംഭിക്കുന്നതു്. ഈശോയുടെ ജനന

വും കർബാനബലിയിൽ അനുസ്മരിക്കുന്നുണ്ടല്ലോ. വാനവർ അന്നു പലപ്രാവശ്യം പാടി, "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി" എന്ന്. അതുകൊണ്ടുകൂടിയായിരിക്കാം, ഈ വാക്യം മൂന്നുപ്രാവശ്യം ചൊല്ലുന്നത്. പാട്ടുകുർബാനയിൽ ഈ ഗാനം ഏറെക്കുറെ അതേപടിതന്നെ പാടുന്നു.

## ആവൂൻദ്വശ്മയ്യാ (സ്വർഗ്ഗസ്ഥനായ പിതാവേ)

സുറിയാനിക്കുർബാന കർതൃപ്രാർത്ഥനയോടുകൂടെ ആരംഭിക്കുന്നു; വി. കർബാനസ്വീകരണത്തിനുമുമ്പു വീണ്ടും ആവർത്തിക്കുന്നു; വി. കർബാനസ്വീകരണംകഴിഞ്ഞു വീണ്ടും ചൊല്ലുന്നു. ക്രിസ്തുവിന്റെ പരമബലിക്ക് ഒരുക്കമായി അവിടുന്നു പഠിപ്പിച്ച അപേക്ഷ ആരംഭത്തിൽത്തന്നെ ചൊല്ലുന്നതു് ഉചിതമാണല്ലോ. പിതാവായ ദൈവത്തിനു സ്തുതിപാടുവാനുള്ള അതീവതാൽപര്യം നിമിത്തം മാലാഖമാരോടൊപ്പം വൈദികൻ വിളിച്ചു പറയുന്നു: "സ്വർഗ്ഗസ്ഥനായ പിതാവേ, നീ പരിശുദ്ധനാകുന്നു, പരിശുദ്ധനാകുന്നു, പരിശുദ്ധനാകുന്നു." അവസാനം, അവിടുത്തേ സ്തുതി പ്രകീർത്തിക്കുവാനുള്ള താൽപര്യാതിരേകത്താൽ പറയുന്നു: "രാജ്യവും ശക്തിയും മഹത്വവും എന്നും എന്നേക്കും നിനക്കുള്ളതാകുന്നു."

## മറവപ്രാർത്ഥനകൾ

കർതൃജപത്തിനുശേഷം ചൊല്ലുന്ന പ്രാർത്ഥന ഞായറാഴ്ച ദിവസങ്ങളിലേക്കും ഇടദിവസങ്ങളിലേക്കും വേറെ വേറെയാണ്. "നിന്റെ സ്തുത്യർഹമായ ത്രിത്വത്തിന്റെ ആരാധനീയമായ നാമം ആരാധിക്കപ്പെടുകയും സ്തുതിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും പ്രകീർത്തിക്കപ്പെടുകയും പുകഴ്ത്തപ്പെടുകയും ചെയ്യട്ടെ" എന്ന് ഇടദിവസങ്ങളിലും "ദിവ്യരഹസ്യങ്ങളുടെ പരികർമ്മത്തിനായി ബലഹീനരായ ഞങ്ങളെ ശക്തിപ്പെടുത്തണമേ" എന്നു ഞായറാഴ്ചകളിലും ചൊല്ലുന്നു.

## സങ്കീർത്തനങ്ങൾ

പാദപീഠത്തിങ്കൽ ശുശ്രൂഷകനോടുകൂടെ 14, 150, 116 എന്നീ സങ്കീർത്തനങ്ങൾ പുരോഹിതൻ ചൊല്ലുന്നു. കർത്താവിൻെറ ബലിപീഠത്തിങ്കൽ നില്ക്കുന്നവൻ സത്യസന്ധനും നീതിമാനും അധികപ്പലിശ വാങ്ങാത്തവനുമായിരിക്കണം; കർത്താവിനെ സകലവിധമേളങ്ങളോടുംകൂടെ സ്തുതിക്കണം; എല്ലാജനങ്ങളും കർത്താവിനെ സ്തുതിക്കണം എന്നീ വിഷയങ്ങളാണ് ഈ മൂന്നു സങ്കീർത്തനങ്ങളിൽ നമ്മുടെ ധ്യാനത്തിനായി നിരത്തിവച്ചിരിക്കുന്നതു്.

## ബലിപീഠത്തിങ്കലേക്കു കയറുന്നു

സങ്കീർത്തനങ്ങൾ ചൊല്ലിക്കഴിയുമ്പോൾ പുരോഹിതൻ ബലിപീഠത്തിങ്കലേക്കു കയറുകയും ബലിപീഠത്തെ ഭക്തിപൂർവ്വം ചുംബിക്കുകയും ചെയ്യുന്നു. "സകലത്തേയും വിശുദ്ധീകരിക്കുന്ന ദൈവമേ, നിൻെറ പരിശുദ്ധസ്ഥലം എത്ര മഹത്വവും പ്രതാപവുമുള്ളതാകുന്നു" എന്നു പ്രസ്താവിച്ചുകൊണ്ടാണ് അൾത്താരയിങ്കലേക്കു കയറുന്നതു്. ബലിപീഠം ചുംബിക്കുന്നതുവഴി അൾത്താരയിൽ നിക്ഷേപിച്ചിരിക്കുന്ന തിരുശ്ശേഷിപ്പുകളേയും ക്രിസ്തുവിനേയുമാണു വണങ്ങുന്നതു്. ബലിപീഠം ക്രിസ്തുവിനെയാണല്ലോ അനുസ്മരിപ്പിക്കുന്നതു്. തൽക്ഷണം ധൂപം വാഴ്ത്തുന്നു.

## ലാകു മാറാദ്കൊല്ലാ മൗദേനൻ

ധൂപം ആശീർവ്വദിച്ചതിനുശേഷം പുരോഹിതൻ കൈകൾ വിരിച്ചുപിടിച്ചു സർവ്വേശ്വരൻെറ സകല ദാനങ്ങൾക്കും നന്ദി പറയുന്നു. അനന്തരം, പുരോഹിതനും ശുശ്രൂഷകനും ചോദ്യോത്തരരൂപത്തിൽ മൂന്നുപ്രാവശ്യം ചൊല്ലുന്ന ഒരു പ്രാർത്ഥനയാണു് "ലാകു മാറാദ്കൊല്ലാ മൗദേനൻ." ഇതാ അതിൻെറ പരിഭാഷ: "സകല

ത്തിൻേറയും നാഥാ, നിന്നെ ഞങ്ങരം സ്തുതിക്കുന്നു. ഈശോമിശിഹായേ നിന്നെ ഞങ്ങരം പുകഴ്ത്തുന്നു. എന്തുകൊണ്ടെന്നാൽ, നീ ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും ഞങ്ങളുടെ ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു."

ഇതേ അർത്ഥമുള്ള ഒരു പ്രാർത്ഥനക്രടി പുരോഹിതൻ ചൊല്ലുന്നുണ്ട്. ആരാധനയുടേയും സ്തുതിയുടേയും ഒരന്തരീക്ഷമാണ് ഈ ഭാഗം മുഴുവനും. ദൈവം നമ്മുടെ രക്ഷകനും പുനരുത്ഥാനകാരണവുമാണെന്ന ചിന്തയാണു സർവ്വദാ ഉയർന്നു നില്ക്കുന്നതു്.

## ത്രിസാജിയോൺ, അഥവാ, കന്തീശാ ആലാഹാ

സകലപൗരസ്ത്യറീത്തുകളിലും അന്തമില്ലാതെ ആവർത്തിക്കുന്ന പരിശുദ്ധത്രിത്വത്തിൻെറ ഒരു സ്തുതിയാണിതു്. ദുഃഖവെള്ളിയാഴ്ചദിവസം ലത്തീൻറീത്തിലും ഈ സ്തുതിവാക്യം തനിഗ്രീക്കുഭാഷയിൽ ചൊല്ലുന്നുണ്ടു്. വിശുദ്ധവാരത്തിലേ കർമ്മങ്ങരം ലത്തീൻ പ്രാത്ഥനകളുടെ പരിഭാഷയാകയാൽ സുറിയാനിറീത്തിലും ഈ പ്രാത്ഥന തനിഗ്രീക്കു ഭാഷയിൽ ദുഃഖവെള്ളിയാഴ്ചദിവസം ചൊല്ലുന്നുണ്ടു്. മൂന്നുപ്രാവശ്യം ആവർത്തിക്കുന്ന ഈ സ്തുതിവാക്യം സ്വർഗ്ഗീയം തന്നെ:

"പരിശുദ്ധനായ ദൈവമേ, പരിശുദ്ധനായ ബലവാനേ, പരിശുദ്ധനായ അമർത്ത്യനേ, ഞങ്ങളെ അനുഗ്രഹിക്കണമേ."

സ്വർഗ്ഗത്തിലേ വാനവരോടു ചേർന്നുകൊണ്ടു ഹൃദയപൂർവ്വം വി. കുർബാനയിൽ പങ്കുകൊള്ളുന്നവർ ഈ സ്തുതിവാക്യം ചൊല്ലേണ്ടതു തന്നെ.

## ലേഖനത്തിനുമുമ്പുള്ള പ്രാർത്ഥന

ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ചൊല്ലാൻ പ്രത്യേകം പ്രാർത്ഥന നിശ്ചയിച്ചിട്ടുണ്ടു്. കത്താവിൻെറ കല്പനകളുടെ മധുരസ്വരം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ശരീരത്തിനും

ആത്മാവിനും ഉപകരിക്കുന്ന രക്ഷയുടെ ഫലങ്ങൾ പ്രാപിക്കുന്നതിനും പുരോഹിതൻ അപേക്ഷിക്കുന്നു.

സാധാരണദിവസങ്ങളിൽ സർവ്വവിജ്ഞാനിയും സൃഷ്ടിയുടേയും പരിപാലകനുമായ സർവ്വേശ്വരനെ വിളിച്ചു കാരുണ്യത്തിനുവേണ്ടി അപേക്ഷിക്കുന്നു.

## പരിശോധനാവിഷയം

(1) താഴെപ്പറയുന്നവയെല്ലാം കുർബാനക്രമമനുസരിച്ചു നമ്പരിടുക.

( ) ലാകു മാറാ മൗദേനൻ  ( ) ആവൂൻദ്വശ്മയ്യാ
( ) 116-ാം സങ്കീർത്തനം  ( ) കന്തീശാ ആലാഹാ
( ) തെശ്ബൊഹത്താ  ( ) ധൂപനം
( ) 150-ാം സങ്കീർത്തനം

(2) വി. കുർബാനയുടെ ആരംഭത്തിലുള്ള മൂന്നു പ്രാർത്ഥനകളുടെ ഔചിത്യം വിവരിക്കുക.

(3) കന്തീശാ ആലാഹാ എന്നു തുടങ്ങുന്ന ജപം നിങ്ങൾക്ക് എത്ര കണ്ടു് ഇഷ്ടപ്പെട്ടു?

## പ്രായോഗികാഭ്യാസങ്ങൾ

വി. കുർബാന ആരംഭിക്കുമ്പോൾ ദൈവസാന്നിദ്ധ്യം ഞാൻ സ്മരിക്കും. വാനവരോടുകൂടെ ഞാൻ വിളിച്ചു പറയും: "ദൈവമേ, അങ്ങു പരിശുദ്ധനാകുന്നു, പരിശുദ്ധനാകുന്നു, പരിശുദ്ധനാകുന്നു."

രണ്ടാമദ്ധ്യായം

# നവശിഷ്യരുടെ കുർബാന

ലേഖനവും സുവിശേഷവും വായിക്കുന്നതു ലത്തീൻറീത്തിലേതു പോലെതന്നെ (അദ്ധ്യായം 2, പക്ഷം . . . കാണുക). സുവിശേഷം വായിക്കുന്നതിനുമുമ്പു പുരോഹിതൻ ജനങ്ങളുടെ നേരേ തിരിഞ്ഞു സമാധാനം ആശംസിക്കുന്നു. "ശ്ലാമ്മാ അമഖോൻ" (സമാധാനം നിങ്ങളോടുകൂടെ).

സുവിശേഷം വായിച്ചുകഴിയുമ്പോൾ ലത്തീൻറീത്തിലേതുപോലെ വിശ്വാസപ്രമാണം ചൊല്ലുന്നു. സുറിയാനിറീത്തിൽ എല്ലാ കുർബാനകളിലും വിശ്വാസപ്രമാണം ചൊല്ലുമെന്നൊരു വ്യത്യാസമുണ്ട്. പ്രാചീനകാലങ്ങളിൽ ബലിവസ്തു ക്രമപ്പെടുത്തിയതിനുശേഷമാണു വിശ്വാസപ്രമാണം ചൊല്ലിയിരുന്നതു്.

വിശ്വാസപ്രമാണം ചൊല്ലിക്കഴിയുമ്പോൾ, ശുശ്രൂഷകൻ "കാറോസൂസാ" എന്ന പ്രാർത്ഥനയാരംഭിക്കുന്നു. ആദ്യത്തേ അപേക്ഷ ഇപ്രകാരമാണു്: "നമുക്കെല്ലാവർക്കും സന്തോഷത്തോടും ആനന്ദത്തോടുംകൂടെ (ഞായറാഴ്ചകളും ആഘോഷമുള്ള തിരുനാളുകളും ഒഴിച്ചുള്ള ദിവസങ്ങളിൽ, "അനുതാപത്തോടും ശുഷ്കാന്തിയോടുംകൂടെ"എന്നു ചൊല്ലണം) ഉചിതമായി നിന്നുകൊണ്ടു ഞങ്ങളുടെ കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ എന്നു പ്രാർത്ഥിക്കാം."

"ഞങ്ങളുടെ കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ" എന്നു പുരോഹിതൻ പ്രത്യുത്തരം പറയുന്നു.

ഇങ്ങനെ പന്ത്രണ്ടു് അപേക്ഷകൾകൂടിയുണ്ടു്. ഒരു ഇടവകയ്ക്കു് ആവശ്യമുള്ള സകലകാര്യങ്ങളും ഈ പന്ത്രണ്ടു് അപേക്ഷകളിൽ ഉൾപ്പെടുന്നുണ്ടു്. പരിശുദ്ധപിതാവിനും മെത്രാന്മാർക്കും വൈദികർക്കും വൈദികശുശ്രൂഷകർക്കും വേണ്ടിയൊക്കെ ഈ സന്ദർഭത്തിൽ അപേക്ഷിക്കുന്നു. ലൗകികകാര്യങ്ങൾക്കും കാലാ

വസ്ഥയുടെ ആനുകൂല്യത്തിനും ദീർഘമായി പുരോഹിതൻ അപേക്ഷിക്കുന്നു.

ഈ അപേക്ഷ കഴിയുമ്പോൾ പൂജാപാത്രങ്ങളും അവയോടു ബന്ധപ്പെട്ട മ്ഖബ്ലാനയും ശോശപ്പയും ധൂപിക്കുന്നു. തൽസമയം ഇവയോരോന്നിലും അഹ്റോൻെറ പൂജാപാത്രങ്ങളിലെന്നപോലെ പരിമളം വീശുവാനാണു പുരോഹിതൻ അപേക്ഷിക്കുന്നതു്; "എല്ലാം പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ."

പിന്നീട്, കാസ തുടച്ചതിനുശേഷം ശുശ്രൂഷകൻെറ കൈയിൽനിന്നു വീഞ്ഞുവാങ്ങി കാസായിൽ ഒഴിക്കുന്നു. അനന്തരം, ഒരു തുള്ളിവെള്ളം ആശീർവ്വദിച്ചു കാസയിലേക്കു് ഒഴിച്ചതിനുശേഷം കുറച്ചു വീഞ്ഞുകൂടി ഒഴിക്കുന്നു. ലത്തീൻ കുർബാനയിൽ ഇങ്ങനെ രണ്ടാമതു വീഞ്ഞൊഴിക്കുന്നില്ല. വെള്ളം ആശീർവ്വദിക്കുമ്പോൾ, ലൊംഗീനോസു നമ്മുടെ കർത്താവിൻെറ തിരുവിലാവു കുത്തിമുറിപ്പെടുത്തിയതും രക്തവും വെള്ളവും ഒഴുകിയതും വിവരിക്കുന്ന സുവിശേഷവാക്യമാണു ചൊല്ലുന്നതു്. അനന്തരം, കർത്താവിൻെറ കാരുണ്യം അഭ്യർത്ഥിച്ചു് ഏഴു് അപേക്ഷകൾകൂടി ശുശ്രൂഷകൻ ചൊല്ലുന്നു. ലത്തീൻറീതിയിലേതുപോലെ പുളിക്കാത്ത കോതമ്പപ്പം വാങ്ങി പീലാസയിൽ കുരിശുവരച്ചുവയ്ക്കുന്നു.

## പുരോഹിതൻെറ മൂന്നു് അപേക്ഷകൾ

പൂജാസാധനങ്ങൾ കാസയിലും പീലാസയിലും വച്ചെങ്കിലും കാഴ്ചവെപ്പിൻെറ ജപം ഇതേവരെ ചൊല്ലിയിട്ടില്ല. അതിനുമുമ്പ് ദീർഘമായ അപേക്ഷകൾ ചൊല്ലുന്നു. കൈകൾ വിരിച്ചുപിടിച്ചാണു ഒന്നും മൂന്നും ചൊല്ലുന്നതു്. ഒന്നാമത്തേതിൽ ഇടവകയുടെ ആട്ടിൻകൂട്ടത്തിൻെറമേൽ കരുണയുണ്ടാകണമെന്നു് അപേക്ഷിക്കുന്നു. രണ്ടാമത്തേതിൽ പൗരോഹിത്യാഭിഷേകത്തിൻെറ പൂർണ്ണഫലങ്ങൾ സംജാതാമാകുവാൻവേണ്ടി പ്രാർത്ഥിക്കുന്നു. കുമ്പിട്ടു

നിന്നാണു അപേക്ഷിക്കുന്നതു്. മൂന്നാമത്തേ പ്രാർത്ഥനയിൽ സൽ പ്രവൃത്തികളാൽ എല്ലാവരും ദൈവത്തെ സേവിക്കുവാനുള്ള അനുഗ്രഹം യാചിക്കുന്നു.

ഒന്നാമത്തേ പ്രാർത്ഥനയുടെ അവസാനത്തിൽ ശുശ്രൂഷകൻ ചൊല്ലുന്നു: "ഗുരോ, ആശീർവ്വദിച്ചാലും. കൈവെപ്പിനായി നിങ്ങൾ തല കുനിക്കുകയും ആശീർവ്വാദം സ്വീകരിക്കുകയും ചെയ്യുവിൻ."

മൂന്നാമത്തേ പ്രാർത്ഥനയ്ക്കുശേഷം, മാമ്മോദീസാ സ്വീകരിച്ചിട്ടില്ലാത്തവരോടു പുറത്തുപോകുവാനുള്ള നിർദ്ദേശമുണ്ടാകുന്നു. മാത്രമല്ല, വാതില്ക്കൽ ആരും തങ്ങി ഒളിച്ചുനില്ക്കാതെ സൂക്ഷിക്കുവാൻകൂടി കേൾവിക്കാരെ ഉപദേശിക്കുന്നു. പ്രാചീനകാലത്തു വി. കർബാന തിരുസ്സഭയുടെ രഹസ്യശിക്ഷണത്തിൽ ഉൾപ്പെട്ടിരുന്നു. അതിനാലത്രേ, ഈദൃശനിർദ്ദേശങ്ങളുണ്ടായിരുന്നതു്. വിശ്വാസദാർഢ്യമില്ലാത്തവർക്കു് ഇത്ര പ്രധാനമായ രഹസ്യങ്ങൾ വെളിപ്പെടുത്തിയിരുന്നില്ല.

## പരിശോധനാവിഷയം

1. ലത്തീൻറീത്തിലേതുപോലെ കളക്റ്റ്, ടാക്റ്റ്, ഗ്രാഡുവൽ, സ്വീകെചൻസു മുതലായവ മലയാളസുറിയാനി റീത്തിലുണ്ടോ?

[ഉത്തരം: ഇല്ല. അവയ്ക്കു പകരം മാററമില്ലാത്ത ചില പ്രാർത്ഥനകൾ ലേഖനത്തിൻെറ മുമ്പിലും പിമ്പിലുമുണ്ടു്.]

2. പൂജാപാത്രങ്ങൾ ഏതു ക്രമത്തിലാണു ധൂപിക്കുന്നതു്? എന്താണു ധൂപിക്കുന്നതിൻെറ സാരം?

3. ഈ സന്ദർഭത്തിൽ ഏതെല്ലാം കാര്യങ്ങൾക്കുവേണ്ടിയാണു ശുശ്രൂഷകൻ അപേക്ഷിക്കുന്നതു്? ഓരോ അപേക്ഷയുടേയും അവസാനത്തിൽ പുരോഹിതൻ എന്തു മറുപടി പറയുന്നു?

4. പുരോഹിതാഭിഷേകത്തിൻെറ പൂർണ്ണഫലങ്ങൾ സംജാതമാകുവാൻ പുരോഹിതൻ എപ്പോഴാണു് അപേക്ഷിക്കുന്നതു്?

5. മാമ്മോദീസാമുങ്ങാത്തവർക്കു നമ്മുടെ കർബാനകാണാമോ? എപ്പോഴാണ് അവരോടിറങ്ങിപ്പോകുവാൻ പറയുന്നതു്? ഇന്നും അങ്ങനെ ചെയ്യുന്നുണ്ടോ? പ്രാചീനകാലത്തു് അങ്ങനെ ചെയ്തിരുന്നതെന്തിനാണു്?

## പ്രായോഗികാഭ്യാസങ്ങൾ

1. തിരുസ്സഭയുടെ പല ആവശ്യങ്ങൾക്കായി വി. കർബാനയുടെ സമയത്തു ഞാൻ അപേക്ഷിക്കും.

2. സൽപ്രവൃത്തികൾവഴി സർവ്വേശ്വരനെ സേവിക്കുവാൻ ഞാൻ അനുഗ്രഹങ്ങൾ ചോദിക്കും.

## മൂന്നാമദ്ധ്യായം

# കാഴ്ചവെപ്പും കൈകഴുകലും

മാമ്മോദീസാ സ്വീകരിക്കാത്തവരെ പുറത്തുവിടുന്ന ജപം ചൊല്ലിയാലുടൻ കാഴ്ചവെപ്പായി. പ്രാചീനകാലത്തു്, എല്ലാവരും ഓരോരോ കാഴ്ചകൾ സമർപ്പിച്ചിരുന്നു. അവ ഒരു പ്രദക്ഷിണമായിട്ടാണു ബലിപീഠത്തിങ്കലേക്കു കൊണ്ടുവന്നിരുന്നതു്. അതിൻെറ ഓർമ്മയ്ക്കായി പുരോഹിതൻ പീലാസയെടുത്തു ജനങ്ങളുടെ നേരെ തിരിയുകയും വീണ്ടും പൂർവ്വസ്ഥാനത്തേക്കു പിന്തിരിയുകയും ചെയ്യുന്നു. അനന്തരം, ഇടത്തുകൈയിൽ കാസയും വലത്തുകൈയിൽ പീലാസയുമെടുത്തു വലത്തുകൈ ഇടത്തുകൈയുടെ മീതെ കുരിശാകൃതിയിൽ പിടിച്ചു കാഴ്ചവെപ്പിൻെറ പ്രാർത്ഥന ഇപ്രകാരം ചൊല്ലുന്നു: "നമ്മുടെ രക്ഷയ്ക്കുവേണ്ടി തന്നെത്തന്നെ ബലിയായി അർപ്പിക്കുകയും തൻെറ പീഡാനുഭവത്തിൻേറയും മരണത്തിൻേറയും സംസ്കാരത്തിൻേറയും ഉത്ഥാനത്തിൻേറയും ഓർമ്മ നാം ആചരിക്കുവാൻ നമ്മോടു കല്പിക്കുകയും ചെയ്ത മിശിഹാ തൻെറ കൃപയാലും അനുഗ്രഹത്താലും നമ്മുടെ കരങ്ങളിൽനിന്നു് ഈ ബലി സ്വീകരിക്കട്ടെ. (ഇവിടെ പുരോഹിതൻ പീലാസകൊണ്ടു കാസയിൽ മൂന്നു പ്രാവശ്യം മുട്ടുന്നു. തൽസമയം, "സ്ഥാപിക്കപ്പെടുന്നു" എന്നു് അദ്ദേഹം മൂന്നുപ്രാവശ്യം ചൊല്ലുകയും ചെയ്യുന്നു) "സ്വർഗ്ഗത്തിൽനിന്നുള്ള തൻെറ മഹത്വമേറിയ രണ്ടാമത്തേ ആഗമനംവരെ അവൻെറ വിശുദ്ധ ബലിപീഠത്തിന്മേൽ സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങൾ സജ്ജീകരിക്കപ്പെടുന്നു. അവനു സ്തുതിയും കൃതജ്ഞതയും ആരാധനയും ബഹുമാനവും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും."

കാഴ്ചവെപ്പുകഴിഞ്ഞു. ബലി പുരോഹിതൻേറതു മാത്രമല്ല. അതുകൊണ്ടാണല്ലോ, നമ്മുടെ കരങ്ങളിൽനിന്നു് ഈ ബലി സ്വീകരിക്കട്ടെ എന്നു പുരോഹിതൻ ചൊല്ലുന്നതു്. വി. കുർബാനയിൽ സ

ന്നിഹിതരായിരിക്കുന്നവരെല്ലാവരും ഈ ബലി തങ്ങളുടേതാണെന്നുകൂടി കരുതി കാഴ്ചവെപ്പു നടത്തേണ്ടതുതന്നെ.

കാഴ്ചവെപ്പുകഴിഞ്ഞു പുരോഹിതൻ ബലിവസ്തുക്കളെ ശോശപ്പാകൊണ്ടു മൂടുന്നു. അനന്തരം, പരിശുദ്ധത്രിത്വത്തിനു വീണ്ടും സ്തുതി പ്രദർശിപ്പിക്കുന്നു. കന്യകാംബികയുടെ ഓർമ്മ പീഠത്തിൽ ഉണ്ടായിരിക്കട്ടെ എന്ന് ഓർപ്പിക്കുന്നു. ശ്ലീഹന്മാരോടു പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടുന്നു. അതതു ദിവസത്തെ വിശുദ്ധൻെറയോ മാർത്തോമായുടേയോ ഓർമ്മ ഉണ്ടായിരിക്കട്ടെയെന്ന് എല്ലാവരേയും അറിയിക്കുന്നു. മരിച്ചവർക്കു ലഭിക്കുന്ന മഹത്വമേറിയ പുനരുത്ഥാനത്തെ ഓർത്ത് നോമ്പും പ്രായശ്ചിത്തവും അനുഷ്ഠിക്കുവാൻ ആഹ്വാനം ചെയ്യുന്നു. ഈ ഭാഗങ്ങളെല്ലാം പാട്ടുപൂജയിൽ ആഘോഷമായി പാടുക പതിവാണ്. അനന്തരം പുരോഹിതൻ കൈകഴുകുന്നു. അപ്പോൾ ഇപ്രകാരം ചൊല്ലുന്നു: "സകലത്തിൻേറയും കർത്താവായ ദൈവം തൻെറ ദയയുടെ സോപ്പാകൊണ്ടു നമ്മുടെ കടങ്ങളുടേയും പാപങ്ങളുടേയും അശുദ്ധി നീക്കിക്കളയുകയും നമ്മുടെ കുററങ്ങളുടെ കറകളെ തൻെറ ദയയുടെ മഹാസമുദ്രത്തിൽ കഴുകിക്കളയുകയും ചെയ്യുമാറാകട്ടെ. ആമ്മേൻ." വി. കുർബാന കാണുന്നവരും ഇങ്ങനെ കറകളിൽനിന്നു മോചനം നേടുവാൻ യത്നിക്കേണ്ടതുതന്നെ.

അനന്തരം, പുരോഹിതൻ തൻേറയും ജനങ്ങളുടേയും പാപങ്ങളുടെ മോചനത്തിനും കടങ്ങളുടെ പൊറുതിക്കുമായി വിനയപൂർവ്വം അപേക്ഷിക്കുന്നു. താഴെക്കാണുന്ന പ്രാർത്ഥന പുരോഹിതൻ മൂന്നു പ്രാവശ്യം ചൊല്ലുന്നതാണ്: "സ്വർഗ്ഗത്തിൻേറയും ഭൂമിയുടേയും കർത്താവായിരിക്കുന്ന പിതാവും പുത്രനും പരിശുദ്ധാത്മാവുമായ എൻെറ ദൈവമേ, നിൻെറ ജനങ്ങൾക്കും നിൻെറ ഇടവകയുടെ ആട്ടിൻകൂട്ടത്തിനും കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും സർവ്വലോകത്തിൻേറയും ഐക്യത്തിനും സകലസഭകളുടേയും സമാധാനത്തിനും ആശ്വാസത്തിനുമായി നല്കുവാൻ തക്കവണ്ണം നിൻെറ മിശിഹായു

ടെ തിരുശ്ശരീരത്തിന്റേയും തിരുരക്തത്തിന്റേയും ശ്രേഷ്ഠവും ജീവൻ നല്കുന്നതും ദൈവികവുമായ ഈ വിശുദ്ധ രഹസ്യങ്ങളെ നിന്റെ സന്നിധിയിൽ സമർപ്പിപ്പാൻ പാപിയായ ഈ ദാസനെ നിന്റെ കൃപയാൽ യോഗ്യനാക്കിത്തീർത്തതിനു നിനക്കു ഞാൻ സ്തോത്രം ചെയ്യുന്നു.”

അതിന്റെ അവസാനത്തിൽ അൾത്താരയുടെ വലതുവശത്തേക്കു തിരിഞ്ഞു് ആ ഭാഗത്തുള്ളവരെ ആശീർവ്വദിക്കുന്നു. അപ്പോൾ ഇങ്ങനെ ചൊല്ലുന്നു: “കർത്താവേ, ആശീർവ്വദിക്കണമെ; സഹോദരന്മാരേ, എന്റെ കരങ്ങളാൽ ഈ ബലി പൂർണ്ണമാക്കപ്പെടുവാനായി എനിക്കുവേണ്ടി പ്രാർത്ഥിപ്പിൻ.” പ്രസ്തുത പ്രാർത്ഥനകൾക്കിടയിൽ ആറു പ്രാവശ്യം ബലിപീഠം ചുംബിക്കുന്നു.

മേല്പറഞ്ഞ പ്രാർത്ഥന ആവർത്തിച്ചു് ആറു പ്രാവശ്യംകൂടി ബലിപീഠം ചുംബിച്ചതിനുശേഷം അൾത്താരയുടെ ഇടതുഭാഗത്തുള്ളവരെ പൂർവ്വോക്തമായ രീതിയിൽത്തന്നെ ആശീർവ്വദിക്കുന്നു.

മൂന്നാം പ്രാവശ്യം പൂർവ്വോക്തപ്രാർത്ഥന ആവർത്തിക്കുമ്പോൾ നാലു പ്രാവശ്യം ബലിപീഠം ചുംബിക്കുന്നു. അടുത്ത രണ്ടു പ്രാർത്ഥനകളിലും പാപമോചനത്തിനുള്ള അപേക്ഷതന്നെയാണു നാം കാണുന്നതു്. ഓരോ പ്രാർത്ഥനയുടേയും അവസാനത്തിൽ ഓരോ പ്രാവശ്യം അൾത്താര ചുംബിക്കുന്നു. ഈ പ്രാർത്ഥനകളുടെ ഇടയ്ക്കു ശുശ്രൂഷകൻ നീണ്ട ഒരപേക്ഷയിൽ മെത്രാന്മാർ, പട്ടക്കാർ, ശെമ്മാശന്മാർ, ബ്രഹ്മചാരികൾ, കന്യകകൾ, മാതാപിതാക്കൾ, സഹോദരർ, ബന്ധുമിത്രാദികൾ രാജാക്കന്മാർ, മരിച്ചുപോയ സഹോദരർ തുടങ്ങിയ എല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കുന്നുണ്ടു്.

## ശ്ലാമ്മാ അമകോൻ

ഈ പ്രാർത്ഥനകളുടെയെല്ലാം അവസാനം ബലിപീഠം ചുംബിച്ചു പരിശുദ്ധത്രിത്വത്തിനു സ്തുതിയും വണക്കവും സമർപ്പിച്ച

തിനുശേഷം ജനങ്ങളുടെനേരെ തിരിഞ്ഞു: "സമാധാനം നിങ്ങളോടുകൂടെ" എന്നു രണ്ടാംപ്രാവശ്യവും ആശംസിക്കുന്നു. ശുശ്രൂഷകന്റെ മറുപടി ചിന്തനീയമാണു്: "നിന്നോടും നിന്റെ ആത്മാവോടുംകൂടെ ഉണ്ടായിരിക്കട്ടെ" എന്നു പറഞ്ഞു ശുശ്രൂഷകൻ പുരോഹിതന്റെ വലതു കൈയിൽനിന്നു സമാധാനം വാങ്ങിക്കുന്നു. അനന്തരം, ചൊല്ലുന്നു: "എന്റെ സഹോദരരേ, മിശിഹായുടെ സ്നേഹത്തിൽ നിങ്ങൾ തമ്മിൽത്തമ്മിൽ സമാധാനം നല്കുവിൻ."

സമാധാനത്തിനു വളരെ പ്രാധാന്യം നല്കുന്നുണ്ടു, സുറിയാനിക്കുർബാന. "ന്സല്ലേ, ശ്ലാമ്മ അമ്മൻ" (നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ) എന്ന വാക്യം ഒരു കുർബാനയിൽ ഏഴു പ്രാവശ്യം ചൊല്ലുന്നുണ്ടു്. നമ്മുടെ ശത്രുക്കളോടു ഹൃദയംഗമമായി ക്ഷമിക്കാതെ ഈ ജപങ്ങളുടെ ചൈതന്യം എങ്ങനെ നമുക്കു പാലിക്കുവാൻ കഴിയും?

## പരിശോധനാവിഷയം

1. സുറിയാനിക്കുർബാനയിലെ "കാഴ്ചവെപ്പു" എന്ന തിരുക്കർമ്മം വിവരിക്കുക? എന്തിനാണു പുരോഹിതന്റെ കൈകൾ കുരിശാകൃതിയിൽ പിടിച്ചുകൊണ്ടു കാഴ്ചവെപ്പു നടത്തുന്നതു്?

2. കുർബാനയിൽ മിശിഹായുടെ ജീവിതത്തിലെ ഏതെല്ലാം രഹസ്യങ്ങൾ അനുസ്മരിക്കപ്പെടുന്നുണ്ടു്?"

3. കുർബാനബലിയിൽ ജനങ്ങൾ പുരോഹിതനോടു ചേർന്നു ബലി സമർപ്പിക്കണമെന്നു പറയുന്നതെന്തുകൊണ്ടു്? കുർബാന കണ്ടാൽ പോരേ?

4. പ്രാചീനക്രിസ്ത്യാനികൾ നല്കിയിരുന്ന കാഴ്ചകളുടെ സ്ഥാനത്തു് ഇന്നു് എന്താണു നിലകൊള്ളുന്നതു്?

5. വി. കുർബാനയുടെ സമയത്തു പാപങ്ങളെപ്രതി മനസ്തപിക്ക

ണമെന്നു പറയുന്നതിനു ചില ന്യായങ്ങൾ കുർബാനയുടെ പ്രാർത്ഥന കളിൽനിന്നു ചൂണ്ടിക്കാണിക്കുക.

6. എന്തിനാണു പുരോഹിതൻ പലപ്രാവശ്യം ബലിപീഠം ചുംബിക്കുന്നതു്?

7. ബലി സമർപ്പിക്കുന്ന വൈദികനുവേണ്ടി കുർബാനയുടെ സമയത്തു പ്രാർത്ഥിക്കണമോ? ന്യായങ്ങൾ നല്കുക.

## പ്രായോഗികാഭ്യാസങ്ങൾ

എന്റെ പാപങ്ങളെപ്രതി മനസ്തപിച്ചുകൊണ്ടു ഞാൻ വി. കുർബാന കാണും.

നാലാമദ്ധ്യായം

# വി. കുർബാനയുടെ കാനൺ

പുരോഹിതൻ ജനങ്ങൾക്കു സമാധാനം ആശംസിച്ചതിനുശേഷം സകല പാത്രിയാർക്കീസുമാർക്കും മെത്രാന്മാർക്കും, വൈദികന്മാർക്കും ശെമ്മാശന്മാർക്കും, തിരുസ്സഭയുടെ എല്ലാ മക്കൾക്കും ബലിയിൽ പങ്കെടുക്കുന്ന ദാസീദാസന്മാർക്കുംവേണ്ടി പ്രാർത്ഥിക്കുന്നു; അവർ ഈ ബലി അനുഭവിക്കുന്നതിനു യോഗ്യരാകുവാൻവേണ്ടിക്കൂടി അപേക്ഷിക്കുന്നു. ഈ സമയത്തു ശുശ്രൂഷകൻ ചൊല്ലുന്ന ഒരു പ്രാർത്ഥന കുർബാന കാണുന്നവർക്ക് ഒരുപദേശംകൂടിയാണ്: "നമുക്കെല്ലാവർക്കും വിശുദ്ധിയോടും അനുതാപത്തോടുംകൂടെ കർത്താവിനെ സ്തുതിച്ചുകൊണ്ട് അപേക്ഷിക്കയും യാചിക്കയും ചെയ്യാം. ആരാധ്യമായ ദിവ്യരഹസ്യങ്ങൾ കൂദാശചെയ്യപ്പെടുന്നു. നിങ്ങൾ ഭക്തിപൂർവ്വം നിന്ന് അവയെ ശ്രവിക്കുവിൻ. പുരോഹിതൻ നിങ്ങൾക്കു സമാധാനം സമൃദ്ധമാകുന്നതിനുവേണ്ടി പ്രാർത്ഥിക്കുവാൻ തുടങ്ങുന്നു. നിങ്ങൾ കണ്ണുകൾ താഴ്ത്തി വിചാരങ്ങൾ സ്വർഗ്ഗത്തിലേക്ക് ഉയർത്തി, ഈ സമയത്തു തീക്ഷ്ണതയോടും ഉത്സാഹത്തോടുംകൂടി പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുവിൻ. ആരും സംസാരിക്കാതിരിക്കട്ടെ. പ്രാർത്ഥിക്കുന്നവൻ ഹൃദയംകൊണ്ടു പ്രാർത്ഥിക്കട്ടെ. നിങ്ങൾ നിശ്ശബ്ദരായിനിന്നു പ്രാർത്ഥിക്കുവിൻ. സമാധാനം നമ്മോടുകൂടെ."

പുരോഹിതൻ ധൂപം ആശീർവ്വദിക്കുന്നു; പാട്ടുപൂജയിൽ അൾത്താര ധൂപിക്കുകയും ചെയ്യുന്നു. കാനൺ തുടങ്ങുന്നതുവരെ ശുശ്രൂഷകൻ പുരോഹിതന്റെ പിറകിൽനിന്നു അൾത്താര ധൂപിച്ചുകൊണ്ടിരിക്കുന്നു.

തൽസമയം, വൈദികൻ ചൊല്ലുന്ന വിവിധ പ്രാർത്ഥനകളിലും ശുശ്രൂഷകന്റെ മറുപടിയിലും ആരാധനയും സ്തുതിയുമാണ്

പ്രധാനമായി കാണുന്നതു്. ആദ്യമായി സകല ദുർഗ്ഗുണങ്ങളിൽനിന്നും അസൂയയിൽനിന്നും വഞ്ചനയിൽനിന്നും അകന്നു പരിശുദ്ധമായ ഈ രഹസ്യം സമർപ്പിക്കുന്നതിന്നു് അനുഗ്രഹവും ശക്തിയും ആവശ്യപ്പെടുന്നു. അബ്രാഹത്തിൻേറയും ഇസഹാക്കിൻേറയും യാക്കോബിൻേറയും ബലിപോലെ ഈ ബലി സ്വീകരിപ്പാൻ അപേക്ഷിക്കുന്നു. മാലാഖമാരുടെ ഗാനങ്ങളോടുകൂടെ നമ്മുടെ സ്തുതികളും ചേർക്കുന്നു. ശുശ്രൂഷകൻ ചൊല്ലുന്നു: "ബലവാനും കർത്താവുമായ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. ആകാശവും ഭൂമിയും അവിടുത്തെ സ്തുതിയാൽ നിറഞ്ഞിരിക്കുന്നു. ഉന്നതങ്ങളിൽ ഓശാന ദാവീദിൻെറ പുത്രനു ഓശാന. കർത്താവിൻെറ നാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനുമായവൻ അനുഗൃഹീതനാകുന്നു. ഉന്നതങ്ങളിൽ ഓശാനാ"

അതേസമയം പുരോഹിതനും ബലിപീഠം മൂന്നുപ്രാവശ്യം ചുംബിച്ചുകൊണ്ടു ചൊല്ലുന്നു: "സ്രഷ്ടാവായ പിതാവു പരിശുദ്ധനാകുന്നു. രക്ഷകനായ പുത്രൻ പരിശുദ്ധനാകുന്നു, ശുദ്ധീകർത്താവായ റൂഹാ പരിശുദ്ധനാകുന്നു".

ഇതിനിടയ്ക്കു രണ്ടുപ്രാവശ്യവും കാനൺ തുടങ്ങിയതിനുശേഷം മൂന്നാമതൊരു പ്രാവശ്യവുംകൂടി പുരോഹിതൻ ചൊല്ലുന്നു: "എൻെറ കർത്താവേ, ആശീർവ്വദിക്കണമെ. എൻെറ സഹോദരന്മാരേ, എൻെറ കരങ്ങളാൽ ഈ ബലി പൂർണ്ണമാക്കപ്പെടുവാനായി എനിക്കുവേണ്ടി പ്രാർത്ഥിപ്പിൻ."

ശുശ്രൂഷകൻ ഈ അഭ്യർത്ഥന സ്വീകരിച്ചു ഓരോ പ്രാവശ്യവും ഇപ്രകാരം ചൊല്ലുന്നു:

"മിശിഹാ നിൻെറ പ്രാർത്ഥനകൾ ശ്രവിക്കട്ടെ. മിശിഹാ നിൻെറ കർബാന സ്വീകരിക്കട്ടെ. മിശിഹാ നിൻെറ പൗരോഹിത്യത്തെ സ്വർഗ്ഗരാജ്യത്തിൽ മഹത്വപ്പെടുത്തട്ടെ. നിനക്കുവേണ്ടിയും ഞങ്ങൾക്കുവേണ്ടിയും നിൻെറ കൃപയും അനുഗ്രഹവും പ്രതീക്ഷയോടെ ഉററുനോക്കുന്ന ലോകം മുഴുവനുവേണ്ടിയും നീ സമർപ്പിക്കുന്ന ഈ ബലിയിൽ മിശിഹാ സംപ്രീതനാകുകയുംചെയ്യട്ടെ. ആമ്മേൻ."

ബലഹീനരായ നമ്മെ ശക്തിപ്പെടുത്തുവാനായി മനുഷ്യവേ

ഷം ധരിച്ച ക്രിസ്തുനാഥൻെറ കൃപാതിരേകം അനുസ്മരിച്ചു വീണ്ടും പുരോഹിതൻ കൃതജ്ഞത പ്രകാശിപ്പിക്കുന്നു. ശുശ്രൂഷകൻ ധൂപനം നിറുത്തുകയും ചെയ്യുന്നു.

## പരിശോധനാവിഷയം

1. ഈ ഘട്ടത്തിൽ കുർബ്ബാനയിലെ പ്രാർത്ഥനകളുടെ പ്രധാനഭാഗം ഏതാണ്?

2. കുർബ്ബാന സമർപ്പിക്കുന്ന വൈദികനുവേണ്ടി അപേക്ഷിക്കുന്നതിനു് ഈ ഘട്ടത്തിൽ വല്ല തെളിവുകളും ഉണ്ടോ? ശുശ്രൂഷകൻ ഈ ജോലി എങ്ങനെ നിർവ്വഹിക്കുന്നു? നിങ്ങൾ എങ്ങനെ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു?

3. "ദൈവമേ, നീ പരിശുദ്ധൻ" എന്ന പ്രാർത്ഥന ആരുടേതാണ്? ഏശയ്യാ ദീർഘദർശിയുടെ പുസ്തകത്തിൽനിന്നും വെളിപാടിൻെറ പുസ്തകത്തിൽനിന്നും ഇതിനുള്ള ഉദാഹരണങ്ങൾ വായിച്ചുനോക്കുക. [ഏശയ്യാ, 6: 3. വെളിപാടു്, 4: 8.]

## പ്രായോഗികാഭ്യാസങ്ങൾ

1. മാലാഖമാരുടെ ഗണത്തിൽ ചേർന്നുനിന്നു വി. കുർബ്ബാനയുടെ സമയത്തു ഞാൻ ഇങ്ങനെ ദൈവത്തെ സ്തുതിച്ചാരാധിക്കും: "ദൈവമേ, അങ്ങു പരിശുദ്ധനാകുന്നു, പരിശുദ്ധനാകുന്നു, പരിശുദ്ധനാകുന്നു."

2. ദൈവത്തിൽനിന്നു ലഭിച്ചിട്ടുള്ള സമസ്താനുഗ്രഹങ്ങൾക്കും വി. കുർബ്ബാനയുടെ സമയത്തു ഞാൻ നന്ദി പറയും.

## അഞ്ചാമദ്ധ്യായം

# കാനോൻ (തുടർച്ച)

"മറിയാ ആലാഹാ ഹൈൽസാന" (ബലവാനും കർത്താവുമായ ദൈവമേ)എന്നു തുടങ്ങുന്ന ജപംകൊണ്ട്, മനുഷ്യരായ നമുക്കുണ്ടാകാവുന്ന സകല നിയോഗങ്ങളുമോർത്ത്, പുരോഹിതൻ പ്രാർത്ഥിക്കുന്നു. ഒരുഭാഗം ഉദ്ധരിക്കാം: "പാപിയായ എൻെറ പ്രാർത്ഥന കൈക്കൊള്ളണമേ. സകല സൃഷ്ടിയോടും കരുണ തോന്നണമേ. സകല പാപികളോടും ക്ഷമിക്കണമേ. വഴിതെററിപ്പോയവരെ തിരിച്ചു വരുത്തണമേ. ഞെരുക്കത്തിലിരിക്കുന്നവരെ ആശ്വസിപ്പിക്കണമേ. മനം കലങ്ങിയവരെ ശാന്തതപ്പെടുത്തണമേ. രോഗികളെ സൗഖ്യമാക്കണമേ. ദുഃഖത്തിലിരിക്കുന്നവരെ തണുപ്പിക്കണമേ. നിൻെറ തിരുനാമത്തെപ്രതി നീതി പ്രവർത്തിക്കുന്നവരുടെ സൽക്രിയകളെ പൂർത്തിയാക്കണമേ. നിൻെറ കൃപയാൽ പാപിയായ എന്നോടും കരുണയുണ്ടാകണമേ." അനന്തരം, പരിശുദ്ധ പിതാവിനും രൂപതയുടെ മെത്രാനും, അപേക്ഷ ആവശ്യമുള്ള സകലർക്കുംവേണ്ടി പ്രാർത്ഥിക്കുന്നു. കാർമ്മികൻെറ പ്രത്യേകനിയോഗങ്ങളും അനുസ്മരിക്കുന്നു. ദൈവമാതാവിൻേറയും വിശുദ്ധരുടേയും നീതിമാന്മാരുടേയും ഓർമ്മയെപ്രതി വീണ്ടും പുരോഹിതൻ അപേക്ഷിക്കുന്നു. ജനങ്ങളുടെ പ്രാർത്ഥനാസഹായം മുന്നദ്ധ്യായത്തിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ അദ്ദേഹം ആവശ്യപ്പെടുന്നു; മാത്രമല്ല എല്ലാവരും പിതാവായ ദൈവത്തിലും അവിടുത്തെ പ്രിയപുത്രനിലും വിശ്വസിക്കുവാൻ ഇടയാകണമേ എന്ന് അപേക്ഷിക്കുകയും ചെയ്യുന്നു.

ഈ പ്രാർത്ഥനയുടെ ഇടയ്ക്കു പുരോഹിതൻ കെത്താനയിൽ കുരിശു വരയ്ക്കുന്നു. അപ്പോഴാണു ശുശ്രൂഷകൻ ഇടമണി കിലുക്കുന്നത്. അവസാനം, പുരോഹിതൻ, "പരിശുദ്ധാത്മാവ് എഴുന്ന

ളിവരട്ടെ" എന്ന് ഉച്ചരിച്ചുകൊണ്ടു പൂജാവസ്തുക്കളുടെമേൽ കൈകൾ വിരിച്ചുപിടിക്കുന്നു.

ഭൂമുഖത്തുനിന്നു യുദ്ധങ്ങൾ നീക്കിയും യുദ്ധത്തിൽ കൊതിയുള്ളവരെ ചിതറിച്ചും ലോകത്തിനു സമാധാനം നല്കുവാനാണ് പുരോഹിതൻ അടുത്ത പ്രാർത്ഥനയിൽ അഭ്യർത്ഥിക്കുന്നതു്.

അനന്തരം, കൈവിരലുകൾ നെഞ്ചിൽ കോർത്തുപിടിച്ചും കത്താവിന്റെ പീഡാനുഭവത്തെപ്പററി ധ്യാനിച്ചുംകൊണ്ടു് 50-ാം സങ്കീർത്തനത്തിൽ ഒരുഭാഗം പുരോഹിതൻ ചൊല്ലുന്നു. ദൈവത്തിന്റെ കാരുണ്യാതിരേകത്താൽ പാപിയായ പുരോഹിതനോടു ക്ഷമിച്ചു ഹൃദയത്തെ മഞ്ഞുകട്ടപോലെ വെണ്മയുള്ളതാക്കുവാനാണു അദ്ദേഹത്തിന്റെ അഭ്യർത്ഥന. തുടർന്നു്, 122-ാം സങ്കീർത്തനം ചൊല്ലുന്നു. ദാസരുടെ കണ്ണുകൾ യജമാനന്റെ പക്കലേക്കു തിരിഞ്ഞിരിക്കുന്നതുപോലെ കത്താവിന്റെ കാരുണ്യം ഉണ്ടാകുന്നതുവരെ നമ്മുടെ കണ്ണുകൾ അവിടുത്തെ പക്കലേക്കു തിരിഞ്ഞിരിക്കേണ്ടതുതന്നെ.

## നാലാമത്തെ ധൂപനം

കൂദാശകർമ്മത്തിനുമുമ്പ് ഇതാ വീണ്ടും ധൂപം ആശീർവ്വദിച്ചു ബലിയോടു ബന്ധപ്പെട്ടവയെല്ലാം ധൂപിക്കുന്നു. എല്ലാത്തിലും വിശുദ്ധിയുടെ പരിമളമുണ്ടാകണം. ആദ്യമായി പുരോഹിതനെ തന്നെ മൂന്നുപ്രാവശ്യം ധൂപിക്കുന്നു. ദൈവസ്നേഹത്തിന്റെ സുഗന്ധംകൊണ്ടു പാപമാലിന്യത്തിന്റെ ദുർഗ്ഗന്ധം നീക്കുവാനും അറിഞ്ഞും അറിയാതെയും ചെയ്തുപോയ പാപങ്ങളെ ക്ഷമിക്കുവാനും പുരോഹിതൻ മൂന്നുപ്രാവശ്യം അപേക്ഷിക്കുന്നു.

അനന്തരം ശുശ്രൂഷകനേയും ബലിയിൽ പങ്കെടുക്കുന്നവരേയും ബലിപീഠത്തേയും പരിമളപ്പെടുത്തുവാൻ പുരോഹിതൻ അഭ്യർത്ഥിക്കുന്നു; തൽസമയം അവ ഓരോന്നിനേയും ധൂപിക്കുകയും ചെയ്യുന്നു.

## പരിശോധനാവിഷയം

1. കാനണിലേ പ്രാൎത്ഥനകളുടെ സംക്ഷേപം വിവരിക്കുക.

2. എപ്പോഴാണു മണി കിലുക്കുന്നതു്?

3. പുരോഹിതൻ പരിശുദ്ധാത്മാവിനെ ക്ഷണിച്ചു പ്രാർത്ഥിക്കുന്നതു് എപ്പോൾ? എങ്ങനെ?

4. കുദാശകർമ്മം നടത്തുന്നതിനുമുമ്പു വൈദികൻ ചൊല്ലുന്ന സങ്കീൎത്തനങ്ങൾ ഏവ? അവയുടെ സംക്ഷേപം നല്കുക.

5. അവസാനത്തേ ധൂപനംകൊണ്ടു നിങ്ങൾ എന്താണു മനസ്സിലാക്കുന്നതു്?

## പ്രായോഗികാഭ്യാസങ്ങൾ

1. വൈദികൻ പീഡാനുഭവത്തെപ്പററി ധ്യാനിച്ചു പാപത്തെക്കുറിച്ചു മനസ്തപിക്കുവാൻ തുടങ്ങുമ്പോൾ ഞാനും കൎത്താവിന്റെ പീഡാനുഭവത്തെപ്പററി ധ്യാനിക്കും.

2. ജനക്കൂട്ടത്തെ ധൂപിക്കുമ്പോൾ സുകൃതപരിമളം എന്റെ ഹൃദയത്തിലും വീശണമെന്നു ഞാൻ പ്രാൎത്ഥിക്കും.

## ആറാമദ്ധ്യായം

# ക്കൂദാശകർമ്മംമുതൽ വി. കർബാനാനുഭവംവരെ

ക്കൂദാശകർമ്മം ലത്തീൻകർബാനയിലേതുതന്നെ. (നലാമദ്ധ്യായം കാണുക).

വി. കർബാന ക്കൂദാശചെയ്യുന്നസമയത്തു യോഹന്നാൻെറ സുവിശേഷം ആറാമദ്ധ്യായത്തിലേ ചില വാക്യങ്ങൾ ശുശ്രൂഷകൻ ചൊല്ലുന്ന പ്രാത്ഥനയിൽ കാണാം. "ഞാൻ ആകാശത്തിൽനിന്നു് ഇറങ്ങിവന്ന അപ്പമാണു്'' എന്നുള്ളതത്രേ ആ പ്രാത്ഥനയിലേ പ്രധാനവിഷയം.

കർബാന ഉയർത്തിക്കഴിഞ്ഞാലുടനെ അപ്പം മുറിക്കലായി. പ്രാചീനകാലത്തു വി. കർബാന അറിയപ്പെട്ടിരുന്നതുതന്നെ "അപ്പം മുറിക്കൽ" എന്ന പേരിലാണു്. ആദ്യം തിരുവോസ്തി രണ്ടായി മുറിക്കുകയും ഇടത്തുകൈയിലേ ഭാഗം പീലാസയിൽ വയ്ക്കുകയും മററഭാഗം കാസയിൽ മുക്കുകയും കുരിശു വരയ്ക്കുകയും ചെയ്യുന്നു. തിരുരക്തത്തിൽ നനഞ്ഞഭാഗംകൊണ്ടു പീലാസയിലിരിക്കുന്ന ഭാഗത്തിന്മേൽ കുരിശുവരക്കുന്നു. അനന്തരം, രണ്ടുഭാഗവുംക്കൂടി ഒന്നിച്ചെടുത്തു കാസയുടെമേൽ ചേർത്തുപിടിച്ചുകൊണ്ടു് ഈ വിശുദ്ധരഹസ്യങ്ങൾ തിരുസ്സഭയുടെ സുസ്ഥിതിക്കും കടങ്ങളുടെ മോചനത്തിനും പാപങ്ങളുടെ പരിഹാരത്തിനും സ്വർഗ്ഗത്തിൽ നവജീവനമായിബ്ഭവിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

അനന്തരം, പുരോഹിതനും ശുശ്രൂഷകനും ദീർഘമായ ഒരു പ്രാർത്ഥന ചൊല്ലുന്നു. പുരോഹിതൻെറ പ്രാത്ഥനയിൽനിന്നു് ഒരു ഭാഗം ഇവിടെ ഉദ്ധരിക്കുന്നു:

"എൻെറ രക്ഷയ്ക്കായി ഗാഗുൽത്തായിൽ ചിന്തപ്പെട്ട രക്തം ഇതാ എനിക്കുവേണ്ടി മാദ്ധ്യസ്ഥ്യംവഹിക്കുന്നു. അസംഖ്യമായ എൻെറ കടങ്ങളും സംഖ്യയില്ലാത്ത നിൻെറ കരുണകളും തൂക്കിനോക്കിയാൽ നീ താങ്ങിനിറുത്തിയിരിക്കുന്ന പർവ്വതങ്ങളെക്കാൾ നി

ന്റെ കരുണ അധികമാകുന്നു. എന്റെ പാപങ്ങളെ നീ നോക്കുമ്പോൾ അവയ്ക്കു പരിഹാരമായ ബലിയേയും നീ കടാക്ഷിക്കണമേ. പാപകടങ്ങളെക്കാൾ പാപപരിഹാരബലിയും ബലിവസ്തുവും മഹത്തരമാകുന്നു. എന്റെ പാപങ്ങൾക്കുവേണ്ടി നിന്റെ പ്രിയപുത്രൻ കുന്തവും ആണിയും സഹിച്ചു. നിന്നെ സംതൃപ്തിപ്പെടുത്തുന്നതിനും അങ്ങനെ ഞങ്ങൾ ജീവിക്കുന്നതിനും അവിടുത്തെ കഷ്ടാനുഭവം മതിയല്ലോ. ഞങ്ങൾക്കുവേണ്ടി പുത്രനെ അയച്ച പിതാവിനു സ്തുതി. കുരിശുമരണത്താൽ ഞങ്ങളെ രക്ഷിച്ച പുത്രന് ആരാധന. ഞങ്ങളുടെ വീണ്ടെടുപ്പിന്റെ രഹസ്യം നിറവേററിയിരിക്കുന്ന പരിശുദ്ധാത്മാവിനു സ്തോത്രം.

## റഹമ്മേ ഉശ്രുവ്ക്കാനാ

മേൽപ്പറഞ്ഞ പ്രാർത്ഥനകൾക്കുശേഷം ചെറിയ ഒരു ലുത്തിനിയ ശുശ്രൂഷകൻ ആരംഭിക്കുന്നു. ഇതു മൂന്നാമത്തേതാണ്. അഞ്ചു വാക്യമുള്ള ഈ ലുത്തിനിയായിൽ നാം പ്രധാനമായി ചോദിക്കുന്നതു്, കർത്താവിന്റെ അനുഗ്രഹവും പാപമോചനവും ആത്മാവിന്റെ ശുദ്ധീകരണവും മനസ്സിന്റെ ഐക്യവുമാണ്. "കർത്താവേ, നിന്റെ ദാസരുടെ പാപങ്ങളും തെററുകളും ക്ഷമിക്കണമെ" എന്നാണ് അഞ്ചുപ്രാവശ്യവും പുരോഹിതൻ ചൊല്ലുന്നതു്.

## എമറേ ദാലാഹാ

ലത്തീൻകുർബാനയിലേതുപോലെ സുറിയാനിക്കുർബാനയിലും "ഭൂലോകപാപങ്ങളെ നീക്കുന്ന ദിവ്യചെമ്മരിയാട്ടിൻകുട്ടീ" എന്നു ഈശോയെ മൂന്നുപ്രാവശ്യം വിളിച്ചു് അപേക്ഷിക്കുന്നുണ്ടു്. ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ എന്നിങ്ങനെയാണ് ആ ചെമ്മിരിയാട്ടിൻകുട്ടിയോടാവശ്യപ്പെടുന്നതു്.

## കർതൃപ്രാർത്ഥന

കർതൃപ്രാൎത്ഥന ചൊല്ലുന്നതിനുമുമ്പ് പുരോഹിതൻ ആപേക്ഷിക്കുന്നതു്, കററംകൂടാതെയും ശുദ്ധഹൃദയത്തോടും മുഖപ്രസാദത്തോടുംകൂടെ ആ ജപം ചൊല്ലുവാനുള്ള അനുഗ്രഹമാണു്. കർതൃപ്രാർത്ഥന ചൊല്ലുന്നതു ശുശ്രൂഷകനാണു്. "കർത്താവേ, ഞങ്ങളെ പരീക്ഷയിൽപ്രവേശിപ്പിക്കാതെ തിന്മയിൽനിന്നുകാത്തുകൊള്ളണമേ! എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്വവും ബലവും അധികാരവും ഭൂമിയിലും സ്വർഗ്ഗത്തിലും എപ്പോഴും എന്നേക്കും നിനക്കുള്ളതാകുന്നു." എന്നഭാഗംമാത്രം പുരോഹിതൻ ചൊല്ലുന്നു.

## മാർ ലാ ശാവേനാ (കർത്താവേ, ഞാൻ യോഗ്യനല്ല.)

കർതൃപ്രാൎത്ഥനയ്ക്കുശേഷം മൂന്നാംപ്രാവശ്യം പുരോഹിതൻ സമാധാനം ആശംസിക്കുന്നു. ശ്ലാമ്മാ അമകോൻ. സമാധാനം നിങ്ങളോടുകൂടെ. അനന്തരം പുരോഹിതൻ പറയുന്ന വാക്കുകൾ നാം പലപ്പോഴും ധ്യാനിക്കേണ്ടതാണു്. "വിശുദ്ധ വസ്തു വിശുദ്ധിയുള്ളവർക്കു്".

വീണ്ടും, പുരോഹിതൻ പരിശുദ്ധത്രിത്വത്തെ സ്തുതിക്കുന്നു. ശുശ്രൂഷകൻെറ കരം പീഠത്തിന്മേൽ തൊട്ടുവിച്ചുകൊണ്ടു പറയുന്നു: "പരിശുദ്ധാത്മാവിൻെറ കൃപ." അതേ, പരിശുദ്ധാത്മാവിൻെറ കൃപയാണു് ഈ ബലിയും അതിനെത്തുടർന്ന സർവ്വവും. അതു നാം ഹൃദിസ്ഥമാക്കണം.

അനന്തരം, ലത്തീൻ കർബാനയിലേതുപോലെ വൈദികൻ മൂന്നുപ്രാവശ്യം നെഞ്ചിലിടിച്ചു ചൊല്ലുന്നു: "കർത്താവേ, നീ എൻെറ ഭവനത്തിൽ പ്രവേശിപ്പാൻ ഞാൻ യോഗ്യനല്ല; ഒരു വാക്കുമാത്രം അരുളിച്ചെയ്യുക, എൻെറ ആത്മാവു സുഖം പ്രാപിക്കും."

## വി. കർബാനസ്വീകരണം

മേല്പറഞ്ഞ അപേക്ഷയ്ക്കുശേഷം വീണ്ടും പുരോഹിതൻ പ്രാത്ഥിക്കുന്നു, ഈ ബലി കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനുമല്ലാതെ കുററവിധിക്കായിബ്ഭവിക്കരുതെന്നും അവിടുത്തെ തിരുരക്തം തൻെറ കുററങ്ങളെ മോചിപ്പിക്കണമെന്നും. അനന്തരം, കർത്താവു തൻെറ ഭവനത്തിൽ പ്രവേശിക്കുവാൻ താൻ യോഗ്യനല്ല; ഒരു വാക്ക് അരുളിച്ചെയ്താൽ തൻെറ ആത്മാവു സൗഖ്യം പ്രാപിക്കും എന്ന് ഒരുപ്രാവശ്യവുംകൂടി ആവത്തിച്ചിട്ടു പുരോഹിതൻ വി. കർബാന സ്വീകരിക്കുന്നു.

"നമ്മെ ജീവിപ്പിക്കുന്നവനായ നമ്മുടെ കത്താവ് ഈശോമിശിഹായുടെ കൃപാവരം കരുണാപൂർവ്വം നാമെല്ലാവരിലും സംപൂർണ്ണമാക്കപ്പെടട്ടെ", "കത്താവ് എനിക്കു ചെയ്ത ഉപകാരങ്ങൾക്കെല്ലാം ഞാൻ എങ്ങനെ പ്രതിനന്ദി കാണിക്കും? രക്ഷയുടെ കാസയെടുത്തു കർത്താവിൻെറ നാമം ഞാൻ വിളിക്കും" എന്നു പറഞ്ഞു പുരോഹിതൻ തിരുരക്തം പാനം ചെയ്യുന്നു. അപ്പോൾ ശുശ്രൂഷകൻ ചൊല്ലുന്ന വാക്കുകൾ വി. കർബാന അടുത്തടുത്തു സ്വീകരിക്കുവാൻ താൽപര്യമില്ലാത്തവർ പ്രത്യേകം ധ്യാനിക്കേണ്ടതാണ്:

"എൻെറ സഹോദരരേ, നിങ്ങൾ പുത്രൻെറ ശരീരം സ്വീകരിക്കുകയും സ്വർഗ്ഗരാജ്യത്തിൽ വിശ്വാസത്തോടേ അവൻെറ കാസ പാനം ചെയ്യുകയും ചെയ്യുവിൻ എന്നു തിരുസ്സഭ ഉദ്ബോധിപ്പിക്കുന്നു."

## പരിശോധനാവിഷയം

1) താഴെപ്പറയുന്നവ കർബാനയിലെ ക്രമമനുസരിച്ചു നമ്പരിടുക.

( ) കർതൃപ്രാർത്ഥന.  ( ) എമറേ ദാചാഹ.

( ) മാർ ലാ ശാവേന. ( ) ശ്ലാമ്മാ അമകോൻ.

( ) റഹമ്മെ ഉശുവ്ക്കാനാ. ( ) വിശുദ്ധവസ്തു വിശുദ്ധിയുള്ളവർക്കു്.

2) കർത്താവിന്റെ കാരുണ്യം എത്രയും ഭംഗിയായി വിവരിച്ചിരിക്കുന്ന ഒരപേക്ഷ ഉദ്ധരിക്കുക.

3) "പരിശുദ്ധാത്മാവിന്റെ കൃപ'' എന്നു ശുശ്രൂഷകനോടു് എപ്പോഴാണു പറയുന്നതു്? എന്താണതിന്റെ അർത്ഥം?

4) "എമറേ ദാലാഹാ'', "മാർ ലാ ശാവേനാ" എന്ന പ്രാർത്ഥനകളുടെ ഉൽപത്തി വിവരിക്കുക.

## പ്രായോഗികാഭ്യാസങ്ങൾ

1. കർത്താവിന്റെ കാരുണ്യം ഞാൻ അനവരതം പാടും.

2. വി. കുർബാന ഭക്തിയോടുകൂടെ പലപ്പോഴും ഞാൻ സ്വീകരിക്കും.

ഏഴാമദ്ധ്യായം

# വി. കുർബ്ബാനയുടെ സമാപനം

വിശ്വാസികൾക്കു വി. കുർബാന നല്കുന്നതു ലത്തീൻകുർബാനയിലേതുപോലെതന്നെയാണ്. അതുപോലെതന്നെ, കാസ കഴുകലും തുടയ്ക്കലും പൂജാപാത്രങ്ങൾ ക്രമപ്പെടുത്തലും. എന്നാൽ, പ്രാർത്ഥനകൾ ചെല്ലുന്നതു വ്യത്യസ്തമാണ്. ശുശ്രൂഷകനു ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ചൊല്ലാൻ പ്രത്യേകം പ്രാർത്ഥനയുണ്ട്. സാധാരണദിവസങ്ങൾക്കും ആഘോഷമുള്ള തിരുനാളുകൾക്കും വേറെ വേറെ പ്രാർത്ഥനകളുണ്ട്. താൻ ഭക്ഷിച്ച ശരീരവും പാനംചെയ്ത രക്തവും തന്റെ പാപപ്പൊറുതിക്കും ആത്മരക്ഷയ്ക്കുമായിബ്ഭവിക്കട്ടെ എന്നാണു പുരോഹിതന്റെ പ്രാർത്ഥനകളുടെ സംക്ഷേപം.

പൂജാപാത്രങ്ങൾ ക്രമപ്പെടുത്തിയതിനുശേഷം രണ്ടു പ്രാർത്ഥനകൾകൂടി പുരോഹിതൻ ചൊല്ലുന്നുണ്ട്. ഞായറാഴ്ചകളിലും കടമുള്ളദിവസങ്ങളിലും പ്രത്യേകം രണ്ടു പ്രാർത്ഥനകളാണു ചൊല്ലുന്നതു്, അല്ലെങ്കിൽ പാടുന്നതു്. നമുക്കു നല്കിയിരിക്കുന്ന അമൂല്യരഹസ്യങ്ങൾക്കുള്ള കൃതജ്ഞതാപ്രകാശനമാണ് ഈ പ്രാർത്ഥനകളുടെ ഉദ്ദേശ്യം. പുരോഹിതൻ താൻ സമർപ്പിച്ച ബലിവഴി പാപപ്പൊറുതിയും നിത്യരക്ഷയും വീണ്ടും ചോദിക്കുന്നു.

അനന്തരം, പുരോഹിതനും ശുശ്രൂഷകനുംകൂടെ വീണ്ടും കർതൃപ്രാർത്ഥന ചെല്ലുന്നു. അതിനുശേഷം ജീവദായകമായ രഹസ്യങ്ങൾവഴി സ്വർഗ്ഗീയ ഓറെശ്ലത്തിലേ നിത്യസൗഭാഗ്യത്തിനു തങ്ങളെ യോഗ്യരാക്കണമെന്നു് അപേക്ഷിച്ചുകൊണ്ടു "ഹൂത്താമ്മ" എന്ന കടശിയിലേ പ്രാർത്ഥന ചൊല്ലുന്നു. പാട്ടുകർബാനകളിൽ മരിച്ചവർക്കുവേണ്ടി പ്രത്യേകം ഹൂത്താമ്മ പാടുന്നുണ്ട്. സാധാരണ കുർബാനകളിലേ ഹൂത്താമ്മ കീഴേ ചേർക്കുന്നു: "തന്റെ ശരീരത്താൽ നമ്മു

ടെ കടങ്ങൾ മോചിക്കുകയും തൻെറ രക്തത്താൽ നമ്മുടെ പാപ ങ്ങൾ ഇല്ലാതാക്കുകയും ചെയ്തവന് അവൻെറ സഭയിൽ സ്തുതി. അവൻെറ അനുഗ്രഹീതമായ ജനമേ, അവൻെറ മേച്ചിൽസ്ഥലത്തെ അജഗണമേ, നിങ്ങളുടെമേൽ തൻെറ കൃപ അവൻ വർഷിക്കട്ടെ. തൻെറ കൃപയും ആശീർവ്വാദവും നിങ്ങളിൽ അവൻ വർദ്ധിപ്പിക്കട്ടെ. തൻെറ പരിപാലനയുടെ വലംകൈ നിങ്ങളുടെമേൽ അവൻ നിഴലിപ്പിക്കട്ടെ" (ജനങ്ങളെ ആശീർവ്വദിക്കുന്നു).

അനന്തരം, പീഠം ചുംബിച്ചുകൊണ്ടു പട്ടക്കാരൻ ചൊല്ലുന്നു: "പാപപരിഹാരപീഠമേ, സമാധാനത്തിൽ വസിക്കുക. ഞങ്ങളുടെ കർത്താവിൻെറ ശവക്കല്ലറയേ, സമാധാനത്തിൽ വസിക്കുക. നിന്നിൽനിന്നു ഞാൻ കൈക്കൊണ്ട ബലി എൻെറ കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനുമായി ഭവിക്കട്ടെ. ഞാൻ ഇനിയും വന്നു നിൻെറമേൽ ഒരു ബലികൂടി അർപ്പിക്കുമോ എന്നു ഞാൻ അറിയുന്നില്ല."

അനന്തരം, ലത്തീൻകുർബ്ബാനയിലെപ്പോലെ, 13-ാം ലെയോ മാർപ്പാപ്പ കല്പിച്ചിരിക്കുന്ന ജപങ്ങൾ ചൊല്ലി കുർബ്ബാന അവസാനിപ്പിക്കുന്നു.

## പരിശോധനാവിഷയം

1) സുറിയാനിക്കുർബ്ബാനയിൽ എത്ര പ്രാവശ്യം കർതൃപ്രാർത്ഥന ചൊല്ലുന്നുണ്ട്? എപ്പോഴെല്ലാം? എന്തിനാണ് ഇങ്ങനെ പലപ്പോഴും ചൊല്ലുന്നതു്?

2) ഹുത്താമ്മയിലെ അപേക്ഷകൾ സംക്ഷേപിക്കുക.

3) സുറിയാനിക്കുർബ്ബാനയിൽ ഏററവും ഒടുവിൽ വൈദികൻ ചൊല്ലുന്ന പ്രാർത്ഥന ഏതാണ്?

4) കുർബാനയുടെ അവസാനഭാഗത്തു് എന്തെല്ലാം ചിന്തകൾക്കാണു പ്രാധാന്യം നല്കിയിരിയ്ക്കുന്നതു്?

## പ്രായോഗികാഭ്യാസങ്ങൾ

1. കുർബാനയെന്ന മഹാദാനത്തിനു ഞാൻ സർവ്വേശ്വരനോടു് എന്നും നന്ദിയുള്ളവനായിരിക്കും.

2. ആരാധനയിലും അനുതാപത്തിലും കൃതജ്ഞതാപ്രകാശനത്തിലും അപേക്ഷയിലും കർത്താവിൻെറ പീഡാനുഭവത്തെപ്പററിയുള്ള ധ്യാനത്തിലും ഞാൻ കുർബാനയുടെ സമയം ചെലവഴിക്കും.

# മലങ്കരസുറിയാനിറീത്തിലേ കുർബാന

## പ്രാരംഭം

കേരളത്തിലെ യാക്കോബായപ്പള്ളികളിൽ ഉപയോഗിക്കുന്ന കുർബാനക്രമത്തിൽ തുച്ഛമായ ചില വ്യത്യാസങ്ങൾ വരുത്തിയുണ്ടാക്കിയിട്ടുള്ളതാണു മലങ്കരസുറിയാനിക്കുർബാന. യാക്കോബുശ്ലീഹായുടെ കുർബാനക്രമം, അഥവാ, അനാഫറയാണു പാശ്ചാത്യസുറിയാനിറീത്തിലേ കുർബാനകളുടെ മൂലം. ഇതിൻെറ അന്തിയോക്കിയൻ പതിപ്പാണ് ഇവിടത്തേ യാക്കോബായക്കാർ ഉപയോഗിക്കുന്നതു്. ലെബനനിൽ ഉപയോഗിക്കുന്ന അന്തിയോക്കിയൻകുർബാനയ്ക്കു മാറോനീത്താക്കുർബാന എന്നു പറയാറുണ്ട്. കേരളത്തിലേ യാക്കോബായക്കുർബാന ആ മാറോനീത്താക്കുർബാനയോടു വളരെ സാമ്യമുള്ളതായിക്കാണുന്നു. ഏതായാലും രണ്ടാംനൂററാണ്ടിലോ മൂന്നാംനൂററാണ്ടിലോ രൂപം പ്രാപിച്ചതാണ് അന്തിയോക്കിയൻകുർബാനക്രമം. ക്രൂനൻകുരിശുസത്യംകഴിഞ്ഞു ഭിന്നിച്ചുപോയ നമ്മുടെ സഹോദരർക്കു് അന്തിയോക്കിയായിൽനിന്നു വന്ന ക്രുറില്ലോസുമെത്രാൻ സംഭാവന ചെയ്തതാണ് അന്തിയോക്കിയൻകുർബാനക്രമം.

സീറോ മലബാർറീത്തുകാർ ഉപയോഗിക്കുന്നതു പൗരസ്ത്യസുറിയാനിയാണ്; അഥവാ, കൽദായസുറിയാനി. അന്തിയോക്കിയൻകുർബാനയിൽ ഉപയോഗിക്കുന്നതു പാശ്ചാത്യസുറിയാനിയും. രണ്ടും ഒരേ ഭാഷയുടെ വകഭേദങ്ങളത്രേ. വാക്കുകളും വ്യാകരണവും ഒന്നു്; അക്ഷരങ്ങളുടെ വടിവും ഉച്ചാരണവും വേറെ.

മൂന്നുതരത്തിലുള്ള കുർബാനകൾ ഇന്നു മലയാളത്തിൽ പ്രചാരത്തിലായിട്ടുണ്ട്: (1) മാർ യാക്കോബിൻെറ അനാഫറ. ഇതു നമ്മുടെ കർത്താവിൻെറ സ്തുതിക്കായുള്ള പാട്ടുപൂജകളിലാണ് ഇന്നു്

ഉപയോഗിക്കുന്നതു്. (2) യോഹന്നാൻശ്ലീഹായുടെ അനാഫറ. ഇതു ദൈവമാതാവിൻെറ സ്തുതിക്കായുള്ള കുർബ്ബാനകളിൽ ഉപയോഗിക്കുന്നു. (3) മാർ സിക്സ്റ്റസ്സിൻെറ അനാഫറ. ഇതാണു സാധാരണ ദിവസങ്ങളിൽ ഉപയോഗിക്കുന്നതു്. ആ അനാഫറയനുസരിച്ചാണു് ഇവിടെ പ്രതിപാദിക്കുവാൻ പോകുന്നതു്; ഇതുമാത്രമേ ഇപ്പോൾ കേരളത്തിൽ ഉപയോഗിക്കുന്നുള്ളൂ.

എന്നാൽ, എല്ലാ അനാഫറകളിലും ആദ്യഭാഗം ഒന്നുപോലെതന്നെയാണു്.

## ബലിപീഠം

ഇതു് എല്ലായ്പ്പോഴും കിഴക്കുവശത്തായിരിക്കണം. ഒരു പടവിയേ പാദപീഠത്തിനു പാടുള്ളൂ. സാധാരണമായി യാക്കോബായപ്പള്ളികളിൽ അതു ബലിപീഠത്തോളം നീളമുള്ളതായിരിക്കയില്ല. ബലിപീഠത്തിൻെറ മദ്ധ്യത്തിൽ "തബ്ളീത്തോ" ഉണ്ടായിരിക്കും. അതു മൂറോൻ ഉപയോഗിച്ചു മെത്രാന്മാർ ക്രൂദാശചെയ്യണം. തബ്ളീത്തോ മാർബിൾകൊണ്ടോ നല്ല മരംകൊണ്ടോ ആകാവുന്നതാണു്. തബ്ളീത്തോയ്ക്കു 18 ഇഞ്ചു നീളവും 12 ഇഞ്ചു വീതിയുമുണ്ടാകും. നീളമുള്ളഭാഗം കിഴക്കുപടിഞ്ഞാറായിവയ്ക്കുന്നു. തബ്ളീത്തോ പെസഹാവ്യാഴാഴ്ചയോ, അല്ലെങ്കിൽ, അതിനുശേഷം സ്വർഗ്ഗാരോഹണത്തിനുമുമ്പു് ഏതെങ്കിലും വ്യാഴാഴ്ചയോ ആണു മെത്രാന്മാർ സാധാരണമായി ക്രൂദാശ ചെയ്യാറുള്ളതു്. ബലിപീഠത്തിൻെറ മുമ്പിൽ മദ്ബഹായുടെ അതിർത്തിയിൽ ഒരു വിരി ഉണ്ടായിരിക്കും.

## തിരുവസ്ത്രങ്ങൾ

1) ചെരിപ്പു് (മ്സോനോ): ഇതു മദ്ബഹയിലെ ഉപയോഗത്തിനുള്ളതാണു്.

2) ആൽബ (കുത്തീനോ): നീണ്ട വെളുത്ത ഒരു അങ്കി. എല്ലാ റീത്തുകളിലുമുള്ളതുതന്നെ.

3) ഊറോറോ: കുരിശുകളും മററും ഭംഗിയായി തയിച്ചിട്ടുള്ളതും ഏതാണ്ട് എട്ടോ പത്തോ ഇഞ്ചു വീതിയുള്ളതുമായ ഒരു തുണിക്കഷണമാണതു്. ഒരററത്തു തലയിടാൻമാത്രം വലുപ്പമുള്ള ഒരു ദ്വാരമുണ്ട്. ഡീക്കനും സബ്ഡീക്കനും ഉപയോഗിക്കുന്നതു ലത്തീൻ റീത്തിൽ ഉപയോഗിക്കുന്ന തരം ഊറാലതന്നെയാണ്.

4) അരക്കെട്ട (സുന്നോറോ): ആൽബയും ഊറോറോയും ഉറപ്പിച്ചുവച്ചുകെട്ടുന്നതിന് ഉപയോഗിക്കുന്ന വീതിയുള്ള ഒരു പട്ടയാണിതു്.

5. കയ്യുറ (സെന്ദോ): ആൽബയുടെ കൈകൾ ഒതുക്കിവയ്ക്കുന്നതിന് ഉപയോഗിക്കുന്ന നീളമുള്ളതും വ്യാസം കുറഞ്ഞതുമായ ഒരുറയാണിതു്. ബാഹ്യവസ്ത്രത്തിൻെറ നിറമായിരിക്കും ഇതിനു്.

6. കാപ്പ (പയിനോ): മുൻവശം തുറന്നുകിടക്കുന്ന ഒരു വസ്ത്രമാണിതു്. പിറകിൽ മുകളിലായി ഒരു കുരിശുണ്ടായിരിക്കും— ലത്തീൻറീത്തിലും സീറോമലബാർറീത്തിലും ഉപയോഗിക്കുന്ന കാപ്പതന്നെ.

## പൂജാപാത്രങ്ങൾ

1. പീലാസ: ഏകദേശം അരയിഞ്ചു് കുഴിയും ഏഴിഞ്ചു് വ്യാസവുമുള്ള ഒരു പാത്രം. പൊന്നു പൂശിയതായിരിക്കും.

2. കാസ: മററു റീത്തുകളിൽ ഉപയോഗിക്കുന്നതരം തന്നെ.

3. കൗക്ക്ബോ (നക്ഷത്രം): കുരിശാകൃതിയിൽ കൂട്ടിച്ചേർത്തിരിക്കുന്ന, ലോഹനിർമ്മിതമായ രണ്ടു വളയം. വിരികൾ ഇടുമ്പോൾ തിരുവോസ്തിയിൽ തൊടാതിരിക്കുവാനാണ് ഇതു് ഉപയോഗിക്കുന്നതു്. ആവശ്യമില്ലാത്തപ്പോൾ വളയങ്ങൾ മടക്കിവക്കാം.

4. തവി (കൽബ്തോ): വൈദികനു വി. കുർബാന സ്വീകരിക്കാനും മററു വൈദികർക്കു നല്കാനുമാണ് ഇതു് ഉപയോഗിക്കുന്നതു്.

5. സങ്കീഞ്ഞു്: പൂജാപാത്രങ്ങൾ തുടയ്ക്കുവാനുള്ള തുണിക്കഷണം. യൂറോപ്പിൽ ഇതിനു പകരം യാക്കോബായക്കാർ ഉപയോഗിക്കുന്നതു സ്പഞ്ചാണ്.

6. ഒരു ചെറിയ കോപ്പ (മ്ശമ്ശോനീസോ): കാസയിലേക്കു് ഒഴിക്കുന്നതിനുമുമ്പു വീഞ്ഞും വെള്ളവും കൂട്ടിച്ചേർക്കുന്നതു് ഇതിൽ വച്ചാണു്. വീഞ്ഞു കാസയിലേക്കു പകർത്തിക്കഴിയുമ്പോൾ ഇതിൽ വെള്ളം ഒഴിച്ചു സൂക്ഷിക്കുന്നു. കുദാശവസ്തുക്കൾ തൊടാനിടയാകുമ്പോഴെല്ലാം പുരോഹിതൻ ഈ വെള്ളത്തിൽ കൈകഴുകുന്നു.

7. ശുശപ്പോ: പീലാസയും കാസായും തനിച്ചുതനിച്ചും ഒരുമിച്ചും മൂടുന്നതിനുവേണ്ടി ശുശപ്പോകൾ മൂന്നുണ്ടു്. പീലാസയും കാസയും തനിച്ചുമൂടുന്ന ശുശപ്പോയ്ക്കു് എട്ടിഞ്ചു സമചതുരത്തിൽ കൂടുതൽ വലുപ്പമുണ്ടാകയില്ല.

8. ധൂപപാത്രം(പീർമോ): ധൂപപാത്രത്തിന്റെ ചങ്ങലകൾക്കു നീളം കുറവാണു്; ചങ്ങലകളിൽ കൊച്ചുമണികൾവച്ചു് അലങ്കരിച്ചിട്ടുണ്ടായിരിക്കും.

## ചില സുറിയാനിപ്പദങ്ങൾ

വി. കുർബാനയിലെ തിരുക്കർമ്മങ്ങൾ മനസ്സിലാക്കുന്നതിനു നാം പരിചയപ്പെടേണ്ട ചില സുറിയാനിപ്പദങ്ങളുണ്ടു്:

1. ഹുസോയോ (പാപപരിഹാരം): ബലിപീഠത്തിന്റെ അരികെ ധൂപിക്കുമ്പോൾ പ്രാചീനകാലങ്ങളിൽ ചൊല്ലിയിരുന്ന ഒരു പ്രാർത്ഥനയാണു് ഹുസോയോ. അതിനു മൂന്നുഭാഗങ്ങളുണ്ടു്:

(എ) പ്രൂമിയോൻ, അഥവാ, ഉപോദ്ഘാതം. ഇതിന്റെ ആരംഭത്തിൽ ഡീക്കൻ ചൊല്ലുന്നു: "സ്ത്തൗമെൻകാലോസ് കുറിയേലെസോൻ" (നമുക്കുചിതമായി നില്ക്കാം; കർത്താവേ, അനുഗ്രഹിക്കണമേ). ഉപോദ്ഘാതത്തിനുശേഷം ഒരു പ്രഖ്യാപനം (കോറൂസൂസോ) ഉണ്ടാകും. ഒരു ശുറോയോ വാക്യവുമുണ്ടു്. അതായതു്, "എന്നും എല്ലായ്പോഴും സ്തുതിയും മഹത്വവും പുകഴ്ചയും വണക്കവും വന്ദനവും കരേറുന്നതിനു ഞങ്ങൾ യോഗ്യരാക്കപ്പെടട്ടെ."

(ബി) ഹുസോയോയുടെ മദ്ധ്യത്തിൽകാണുന്ന ഒരു വാക്യമാണു്: "മ്ഹസിയോനോ ഹോക്കീൽ" (ആകയാൽ, കനിയുക.)

(സി) സെദ്റോ (ക്രമം): ദീർഘമായ ഒരു പ്രാർത്ഥനയാണിതു്. സെദ്റോയുടെ അവസാനത്തിൽ ചിലപ്പോഴെല്ലാം താഴെക്കാണുന്ന ഹുത്തോമ്മോ (മുദ്രാവാക്യം) ചൊല്ലുന്നു: "കടങ്ങളുടെ പൊറു

തിയും പാപങ്ങളുടെ മോചനവും ദൈവത്തിൽനിന്ന് ഇരുലോക ത്തിലും എന്നെന്നേക്കും നാം പ്രാപിക്കുന്നു.'' മെത്രാന്മാർ സന്നിഹി തരാണെങ്കിൽ കോറൂസൂസോയും ഹുത്തോമ്മോയും അവരാണു ചൊ ല്ലുന്നതു്.

ഹുസോയോയ്ക്കു പകരം പ്രൂമിയോൻ, സെദ്റോ എന്ന പദ ങ്ങളും തുല്യമായി ഉപയോഗിക്കാറുണ്ടു്. ഹുസോയോയ്ക്കുശേഷം ഖോലോ (സ്വരം), എത്രോ (ധൂപപ്രാർത്ഥന), എക്ബോ (അഗ്രം, ക ണ്ണിക്കാൽ) എന്നീ സ്തുതിവാക്യങ്ങൾ ചൊല്ലാറുണ്ടു്. ഖോലോ സാ ധാരണമായി സങ്കീർത്തനത്തിൽനിന്നു് എടുത്തതായിരിക്കും.

## പരിശോധനാവിഷയം

1. മലങ്കരസുറിയാനിക്കുർബാനയുടെ മൂലം ഏതാണു്?

2. ഏതുതരം സുറിയാനിയാണു് കുർബാനയ്ക്കു് ഉപയോഗിക്കുന്നതു്? സീറോമലബാർറീത്തിലേ കുർബാനയുടെ ഭാഷയും ഇതും തമ്മിൽ അ ന്തരമെന്താണു്?

3. ഏതു് അനാഫറയാണു മലങ്കരക്കുർബാനയിൽ ഉപയോഗിക്കുന്ന തു്? ആരാണു് മാർ സിക്സ്റ്റസ്സ്?

[ഉത്തരം: സിക്സ്റ്റസ്സ റോമാമാർപ്പാപ്പയാണു്. 117 മുതൽ 126 വരെയാണു് അദ്ദേഹം തിരുസ്സഭയെ ഭരിച്ചതു്. റോമാമാർപ്പാപ്പമാരുമായു ള്ള ഈ ബന്ധം യാക്കോബായവൈദികസഹോദരന്മാർ ചിന്തിക്കേണ്ട താണു്.]

4. താഴെപ്പറയുന്ന വാക്കുകൾ വിവരിക്കുക; 1) ഊറോറോ. 2) പ്രൂ മിയോൻ. 3) സെദ്രോ. 4) ഖോലോ. 5) ഹുസോയോ. 6) കൗക്ക്ബോ. 7) സുന്നോറോ. 8) സെദ്റോ. 9) ശൂശപ്പോ. 10) ഹുത്തോമ്മോ.

## പ്രായോഗികാഭ്യാസങ്ങൾ

1. കുർബാനയുടെ തിരുക്കർമ്മങ്ങളോടു ഞാൻ വളരെ ബഹുമാനം പ്രദർശിപ്പിക്കും.

2. ഭക്തിയോടുകൂടെ ഞാൻ വി. കുർബാനയുടെ പ്രാർത്ഥനകൾ ചൊല്ലും.

## ഒന്നാമധ്യായം

# പ്രഥമശുശ്രൂഷ

പുരോഹിതൻ മദ്ബഹായുടെ മുൻവശത്തുവന്നു കുരിശുവരച്ചു കൊണ്ടു ചൊല്ലുന്നു: "പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി."

ജനങ്ങൾ മറുപടി പറയുന്നു: "ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ ഇരുലോകത്തിലും എന്നെന്നേക്കും കൃപയുണ്ടാകണമേ."

അനന്തരം, പുരോഹിതൻ കൈകൾകൂപ്പി കുനിഞ്ഞുനിന്നു പ്രാൎത്ഥിക്കുന്നു, നിർമ്മലമായി ദൈവത്തിന്റെ സന്നിധിയിൽനിന്നു ബലിചെയ്യുവാൻ. പിന്നീട്, "കൎത്താവേ, അങ്ങയുടെ കരുണാധിക്യമനുസരിച്ച് എന്റെമേൽ കൃപയുണ്ടാകണമേ" എന്ന 50-ാംസങ്കീൎത്തനം ചൊല്ലുന്നു.

അതിനുശേഷം മെത്രാന്മാർ മദ്ബഹായിലുണ്ടെങ്കിൽ അവരുടെ കരം ചുംബിച്ചു പുരോഹിതൻ പാപമോചനം ആവശ്യപ്പെടുന്നു; ജനങ്ങളോടു തനിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ഉൽബോധിപ്പിക്കുന്നു.

പിന്നീട്, പുരോഹിതൻ മദ്ബഹായിലേക്കു പ്രവേശിക്കുന്നു. ആ സമയത്തു സീറോമലബാർറീത്തുകാർ ഉപയോഗിക്കുന്ന പ്രാൎത്ഥനതന്നെയാണു പുരോഹിതൻ ചൊല്ലുന്നതു്: "എന്റെ യൗവനത്തെ ആഹ്ളാദിപ്പിക്കുന്ന ദൈവത്തിങ്കലേക്കു്, ദൈവത്തിന്റെ ബലിപീഠത്തിങ്കലേക്കു ഞാൻ പ്രവേശിക്കും." ബലിപീഠത്തെ ആരാധിച്ചുകൊണ്ടു പുരോഹിതൻ തുടരുന്നു: "ഞാൻ അങ്ങയുടെ ഭവനത്തിൽപ്രവേശിച്ചു; അങ്ങയുടെ സിംഹാസനത്തിന്റെ മുമ്പിൽ ആരാധിച്ചു; ഞാൻ നിനക്കെതിരായി പാപംചെയ്തു; സ്വൎഗ്ഗരാജാ, എന്നോടു ക്ഷമിക്കണമേ." പുരോഹിതൻ ബലിപീഠത്തിന്റെ മധ്യ

ത്തിലും ഇരുവശത്തും ചുംബിക്കുന്നു. തൽസമയം ചൊല്ലുന്നു: "കർത്താവേ, നിന്റെ ബലിപീഠത്തിന്റെ കോണുകളിൽ ചങ്ങലകളാൽ ഞങ്ങളുടെ പെരുന്നാളുകളെ ബന്ധിക്കണമേ. നീ എന്റെ ദൈവമാകുന്നു; നിനക്കു ഞാൻ സ്തോത്രം ചെയ്യും. നീ എന്റെ ദൈവമാകുന്നു, നിനക്കു ഞാൻ സ്തുതിപാടും." അതായതു്, ബലിപീഠത്തിലായിരിക്കട്ടെ ഞങ്ങളുടെ ആഘോഷങ്ങളെല്ലാമെന്നു സാരം.

അനന്തരം, തിരികൾ കത്തിക്കുന്നു; ആദ്യം ഇടത്തുവശത്തും പിന്നീടു വലത്തുവശത്തും. ഇടത്തുവശത്തെ തിരി കത്തിക്കുമ്പോൾ ഒരു ഖൊലോ ചൊല്ലുന്നു: "പ്രകാശം നിറഞ്ഞ ഈശോ, അങ്ങയുടെ പ്രകാശത്തിൽ ഞാൻ പ്രകാശം കാണുന്നു; എന്തുകൊണ്ടെന്നാൽ, അങ്ങ് എല്ലാ സൃഷ്ടികളേയും പ്രകാശിപ്പിക്കുന്ന സത്യപ്രകാശമാണു്. അങ്ങയുടെ സ്വർഗ്ഗീയപിതാവിന്റെ ഛായയെ അങ്ങയുടെ ഉജ്ജ്വലദീപ്തിയാൽ പ്രകാശിപ്പിക്കണമേ." വലത്തു വശത്തെ തിരികത്തിക്കുമ്പോൾ അശുദ്ധമായ വിചാരങ്ങളിൽനിന്നും ആഗ്രഹങ്ങളിൽ നിന്നും മോചിക്കുവാൻ അപേക്ഷിക്കുന്നു.

പിന്നീടു്, പുരോഹിതൻ ബലിപീഠത്തിന്റെ മദ്ധ്യത്തിൽ ചുംബിച്ചു താഴെ ഇറങ്ങി കൈകൾ വിരിച്ചുപിടിച്ചു് ഒരു സെദ്രാ ചൊല്ലുന്നു: "സ്തുതിയും സ്തോത്രവും പ്രഭയും പുകഴ്ചയും മാഞ്ഞുപോകാത്ത നല്ല ഉന്നതിയും ഇടവിടാതെ എല്ലാക്കാലത്തും സദാനേരവും കരേറവാൻ ഞങ്ങൾ യോഗ്യരായിത്തീരണമേ."

ഒരു പ്രുമിയോൻകൂടി ചൊല്ലുന്നു. പ്രുമിയോന്റെ സ്വഭാവം മനസ്സിലാക്കുന്നതിനു് അതു മുഴുവനായി ഇവിടെ ഉദ്ധരിക്കുന്നു:

**പ്രുമിയോൻ:** "തന്നെ വിളിക്കുന്ന പാപികളോടു് ഉത്തരമരുളിച്ചെയ്യുന്ന കാരുണ്യവാനായ ഏകപിതാവിനും തന്റെ വാതിലിൽ മുട്ടുന്ന അനുതാപികളെ കൈക്കൊള്ളുന്ന കാരുണ്യവാനായ ഏകപുത്രനും തന്നോടു് അപേക്ഷിക്കുന്ന കുററക്കാർക്കു മോചനം നല്കുന്ന ജീവനും വിശുദ്ധിയുമുള്ള ഏകറൂഹായ്ക്കും സ്തുതിയും ബഹുമാനവും ആരാധനയും ഈ നേരത്തും എല്ലാ പെരുന്നാളുകളിലും നേരങ്ങളിലും, നാഴികകളിലും കാലങ്ങളിലും ഞങ്ങൾ ജീവനോടി

രിക്കുന്ന എല്ലാദിവസങ്ങളിലും എന്നെന്നേക്കും യോഗ്യമാകുന്നു. ആമ്മീൻ."

സെദ്റോ: "സൗമ്യനും ദയാലുവും താഴ്മയുള്ളവനും മനുഷ്യരെ സ്നേഹിക്കുന്നവനും, ബലികളിൽ അല്ല കരുണയിൽ ഇഷ്ടപ്പെടുന്നവനും, ദഹനബലികളെക്കാൾ നുറുങ്ങിയ ഹൃദയത്തെ സ്നേഹിക്കുന്നവനും, തടിച്ച കാളകളുടേയും ആട്ടിൻകുട്ടികളുടേയും രക്തത്തെക്കാളും സുഗന്ധബലിയെക്കാളും താഴ്മയുള്ള ആത്മാവിനെ കൈക്കൊള്ളുന്നവനുമായ ദൈവമേ, ആത്മീയ്മായ ഞങ്ങളുടെ ബലിയെ നിന്റെ വിശേഷജ്ഞാനമുള്ള ബലിപീഠത്തിൽ ഈ സമയത്തു നീ കൈക്കൊള്ളണമേ. ബോധശക്തിയുള്ള ശുശ്രൂഷയിൽ തിരുമനസ്സിനു പ്രസാദകരമായിരിക്കുന്ന ജീവനുള്ളതും സ്വീകാര്യവുമായ ബലിയായി ഞങ്ങളെത്തന്നെ നിനക്കു പ്രതിഷ്ഠിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. മേലുള്ള നിന്റെ മദ്ബഹാമേൽ നുറുങ്ങിയഹൃദയത്തോടും താഴ്മയുള്ള ആത്മാവോടുംകൂടെ ബോധനീയവും ആത്മീയവുമായ ബലികളെ നിനക്കു ഞങ്ങൾ അർപ്പിക്കുമാറാകണമേ. പുതിയ രൂപത്തിൽ ഞങ്ങൾ രൂപാന്തരപ്പെട്ടു പുതുതായിത്തീന്നു ബോധശക്തിയുള്ളതും ജ്ഞാനമുള്ളതുമായ ആത്മാക്കളോടുകൂടെ വിശ്വാസമാകുന്ന പ്രകാശമുള്ള ദീപയഷ്ടികൾ പിടിച്ചുകൊണ്ടു പുതിയ ലോകത്തിലേക്ക് അയയ്ക്കപ്പെടുന്നതിനുവേണ്ടി നിനക്കു ഞങ്ങൾ ശ്രേഷ്ഠവും കന്മഷമില്ലാത്തതുമായ ആട്ടിൻകൂട്ടമായിത്തീരണമേ. നിന്റെ ആലയത്തിൽ ഞങ്ങൾ എല്ലാവരും, 'പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും ഇപ്പോഴും എല്ലായ്പോഴും എന്നന്നേക്കും സ്തുതി' എന്നു പാടുവാൻ ഞങ്ങൾ യോഗ്യരായിത്തീരണമേ. ആമ്മീൻ."

ഖോലോ:

നാഥാ നിൻകോശഗൃഹത്തിൻവാതിലിൽ മുട്ടി കൃപയെ യാചിപ്പേൻ
നിൻവഴി വിട്ടകലെപ്പോയൊരു ചിരപാതകി ഞാൻ
അനുതാപാൽ പാപംപോക്കി തവ കനിവാലേ—
ജീവിച്ചീടണമേ.

നിൻകരുണാവാതിലിലല്ലാതെവിടെപ്പോയി മുട്ടീടും ഞങ്ങൾ?
നൃപരാൽ പൂജിത നൃപരാൽ വന്ദിത പൊരിയൊരു നൃപതേ,
നിൻകൃപ നിന്നോടു കെഞ്ചീടാഞ്ഞാൽ ഞങ്ങൾക്കായി
പ്രാർത്ഥിക്കുന്നതിന്നാർ?
പിതൃപുത്രവിശുദ്ധാത്മാവേ, ഞങ്ങളോടേല്ലും
ദുഷ്ടനിൽനിന്നും തൻ
സേനയിൽനിന്നും രക്ഷ തരുന്നൊരുവൻകോട്ട ഭവാൻ
ദുഷ്ടവിശിഷ്ടവിഭാഗ ഞങ്ങളെ നിൻകനിവാകും
ചിറകിൽ മറയ്ക്കണമേ.
നാഥാ, ഞങ്ങളുടെ സ്തുതിഘോഷം വിൺവാതിൽ
തുറപ്പാൻ താക്കോലാകണമേ
"മൃന്മയർ തൻ സ്വരമെത്ര മനോഹര-
മവരുടെയിഷ്ടം—നിറവേറുക"യെന്നറിയിക്കട്ടെ
സ്വസ്ഥാനസ്ഥർ—ഭൂതപുരോഗന്മാർ

എത്രോ: "എന്റെ കർത്താവേ, ഞങ്ങളുടെ പ്രാർത്ഥനയുടെ വാസന നിനക്കു് എല്ലാസമയത്തും ഇമ്പകരമായിരിക്കണമേ. ഞങ്ങളുടെ കുന്തുരുക്കധൂപം നിന്നെ നിരപ്പാക്കുന്നതായിരിക്കണമേ. അതിനാൽ, നിന്റെ കരുണനിമിത്തം ഇപ്പോഴും എല്ലായ്പോഴും എന്നെന്നേക്കും നിന്റെ സൃഷ്ടിയോടു നീ സമാധാനപ്പെടണമേ. ആമ്മീൻ."

എകു്ബോ:

ചെയ്യേൻ പിഴ ഞാൻ പാപികളിൽ കൃപചെയ്യോനേ,
യാചന കേൾക്കണമേ-കുററം തീർത്തീശോ കൃപചെയ്യെന്നിൽ.

മൂന്നു പ്രാവശ്യം ചൊല്ലുന്നു: "കർത്താവേ, ഞങ്ങളുടെ മേൽ കൃപയുണ്ടാകണമേ. കർത്താവേ, ക്ഷമിക്കണമേ. ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ. കർത്താവേ, അങ്ങു പ്രത്യുത്തരിക്കണമേ, ഞങ്ങളുടെ മേൽ കൃപയുണ്ടാകണമേ. ഞങ്ങളുടെ നാഥാ, അങ്ങേയ്ക്കു സ്തുതി, ഞങ്ങളുടെ നാഥാ, അങ്ങേയ്ക്കു സ്തുതി. എന്നും ഞങ്ങളുടെ ശരണമായ അങ്ങേയ്ക്കു സ്തുതി. ആമ്മീൻ."

ഹുത്തോമ്മോ: "കർത്താവേ, നിനക്കു സ്തോത്രബലികളെ സുഗന്ധമായി അർപ്പിക്കുന്നതിനു ഞങ്ങൾ യോഗ്യന്മാരായിത്തീരണമേ. ഞങ്ങളുടെ എല്ലാവിചാരവും വചനവും പ്രവൃത്തിയും നിനക്കു പൂർണ്ണദഹനബലികൾ ആയിരിക്കണമേ. പിതാവും പുത്രനും പരിശുദ്ധറൂഹായും ആയുള്ളോവേ, ഇപ്പോഴും എല്ലായ്പോഴും എന്നേക്കും കന്മഷമില്ലാത്തവരും നിന്റെ ദൈവത്വത്തെ പ്രസാദിപ്പിക്കുന്നവരുമായി നിന്റെ തിരുമുമ്പാകെ ഞങ്ങളുടെ ആയുഷ്കാലമെല്ലാം ഞങ്ങൾ കാണപ്പെടുമാറാകണമേ."

## പരിശോധനാവിഷയം

1. പ്രഥമശുശ്രൂഷയുടെ പ്രധാനവശങ്ങളേവ? എന്താണു പ്രഥമശുശ്രൂഷകൊണ്ടു് ഉദ്ദേശിക്കുന്നതു്?

2. പ്രഥമശുശ്രൂഷ എവിടെനിന്നുകൊണ്ടാണു നടത്തുന്നതു്?

3. പ്രുമിയോൻ, സെദ്റോ, എത്രോ, എക്ബോ മുതലായ പ്രാർത്ഥനകളുടെ സ്വഭാവം, പ്രഥമശുശ്രൂഷകളിലേ പ്രാർത്ഥനകളിൽനിന്നു വിശദീകരിക്കുക.

## പ്രായോഗികാഭ്യാസം.

ദൈവസാന്നിദ്ധ്യസ്മരണയോടുകൂടെ ഞാൻ ബലി ആരംഭിക്കും.

## രണ്ടാമദ്ധ്യായം

# ദ്വിതീയശുശ്രൂഷ

ദ്വിതീയശുശ്രൂഷയുടെ പ്രഥമഭാഗം തിരുവസ്ത്രധാരണമാണ്. സമുചിതമായ പ്രാർത്ഥനകൾ ചൊല്ലിയും ഓരോവസ്ത്രത്തിലും പ്രത്യേകം പ്രത്യേകം കുരിശുവരച്ചും പുരോഹിതൻ അവ അണിയുന്നു. അനന്തരം, പുരോഹിതൻ ബലിപീഠത്തിങ്കലേക്കുവന്ന്, കെത്താന വിരിച്ചു കാസ കിഴക്കുവശത്തും പീലാസ പടിഞ്ഞാറുവശത്തും തവിയും സങ്കീർത്തും കൌക്ബോയും വടക്കുവശത്തും വയ്ക്കുന്നു. അനന്തരം, അപ്പം രണ്ടു കൈയിലും എടുത്തു പീലാസയിൽ വയ്ക്കുകയാണു പതിവ്. രണ്ടപ്പത്തിൽ കൂടുതലുണ്ടെങ്കിൽ അവ ഒററതിരിച്ചു പീലാസയുടെ നാലുകോണുകളിൽ കുരിശാകൃതിയിൽ വയ്ക്കണം. പീലാസ ചെറുതാണെങ്കിൽ ഒന്നിനു മീതെ ഒന്നായി വയ്ക്കാം. രോമം കത്രിക്കുന്നവൻെറ മുമ്പിൽനില്ക്കുന്ന കുഞ്ഞാടുപോലെയാണു കർത്താവ് എന്നനുസ്മരിച്ചുകൊണ്ടു ബലഹീനനും പാപിയുമായ ദാസൻെറ കൈകളിൽനിന്നു സ്വർഗ്ഗസ്ഥനായ പിതാവിൻെറ കുഞ്ഞാടിനെ സ്വീകരിക്കുവാൻ പുരോഹിതൻ അപേക്ഷിക്കുന്നു.

കുന്തംകൊണ്ടു കർത്താവിൻെറ വിലാവിൽ കുത്തിയ കാര്യം വിവരിച്ചുകൊണ്ടു കാസയിൽ വീഞ്ഞും വെള്ളവും ഒഴിക്കുന്നു. പുരോഹിതൻ ഒരു ചെറിയ പ്രാർത്ഥനകൂടി ചൊല്ലി കാഴ്ചവെപ്പു നടത്തുന്നു. വലത്തുകൈയിൽ പീലാസയും ഇടത്തുകൈയിൽ കാസയും എടുത്ത് ഇരുകൈകളും കുരിശാകൃതിയിൽ ചേർത്തുവച്ചാണു കാഴ്ചവെപ്പു നടത്തുന്നത്. തൽസമയം ചൊല്ലുന്ന പ്രാർത്ഥനയിൽ ക്രിസ്തുനാഥൻെറ ജീവചരിത്രം സംക്ഷിപ്തമായി വിവരിക്കുന്നു. ആദത്തിൻേറയും ഹവ്വായുടേയും കന്യകാംബികയുടേയും പൂർവ്വപിതാക്കന്മാരുടേയും പ്രവാചകന്മാരുടേയും രക്തസാക്ഷികളുടേയും മല്പാന്മാരുടേയും സന്യാസികളുടേയും ഓർമ്മ കൊണ്ടാടുന്നു. പിന്നീട്, ആർക്കുവേണ്ടി കുർബാന കാഴ്ചവയ്ക്കുന്നുവോ അവരുടെ നിയോഗവും

സ്വന്തം താൽപര്യങ്ങളും അനുസ്മരിക്കുന്നു. ഏതു പുണ്യവാൻെറ സ്തുതിക്കായി ഈ ബലി സമർപ്പിക്കുന്നുവോ ആ പുണ്യവാനെ ഓർത്തു് അപേക്ഷിക്കുന്നതു് ഇപ്പോഴാണു്. കാർമ്മികൻെറ മാതാപിതാക്കന്മാർക്കും സഹോദരർക്കും ബന്ധുമിത്രാദികൾക്കുംവേണ്ടിയും പ്രത്യേകം പ്രാർത്ഥനകളുണ്ടു്.

അനന്തരം, പുരോഹിതൻ ധൂപപാത്രത്തിൽ കുന്തുരുക്കം ഇട്ടുകയും ബലിവസ്തുക്കളെ ധൂപിക്കുകയും ചെയ്യുന്നു. ഒരു പ്രൂമിയോനും അതിൻെറ കൂട്ടത്തിൽ സെദ്റോയും എത്രോയും ചൊല്ലുന്നുണ്ടു്.

## പരിശോധനാവിഷയം

1. ദ്വിതീയശുശ്രൂഷ തിരശ്ശീലയുടെ ഉള്ളിൽവച്ചു നടത്തുന്നതു് എന്തുകൊണ്ടാണു്?

[ഉത്തരം: പ്രാചീനകാലത്തു കുർബാന ഒരു രഹസ്യകർമ്മമായിരുന്നു. അതു് അനുസ്മരിക്കുവാനാണ്.]

2. പുരോഹിതൻ ധരിക്കുന്ന വസ്ത്രങ്ങളുടെ പേരു പറയുക. അവ ഓരോന്നും ധരിക്കുമ്പോൾ പുരോഹിതൻ ചൊല്ലുന്ന പ്രാൎത്ഥന വായിച്ചു നോക്കുക.

3. കാസയിൽ വീഞ്ഞൊഴിക്കുമ്പോൾ ചൊല്ലുന്ന പ്രാൎത്ഥനയുടെ സംക്ഷേപമെന്താണു്?

4. ബലിവസ്തുക്കളെ ധൂപിക്കുമ്പോൾ ചൊല്ലുന്ന പ്രൂമിയോൻ വായിച്ചു പ്രൂമിയോൻെറ സ്വഭാവം എങ്ങനെ ഈ പ്രാൎത്ഥനയിലും പരിപാലിച്ചിരിക്കുന്നുവെന്നു വിശദമാക്കുക.

## പ്രായോഗികാഭ്യാസം

പുരോഹിതൻ ബലിവസ്തു കാഴ്ചവയ്ക്കുന്ന സമയത്തു ഞാനും അദ്ദേഹത്തോടുകൂടെ ചേർന്നു ബലിവസ്തു കാഴ്ചവയ്ക്കും.

മൂന്നാമദ്ധ്യായം

# നവശിഷ്യന്മാരുടെ കുർബാന

ബലിപീഠത്തിന്റെ മുമ്പിലുള്ള വിരി മാററുമ്പോൾ പുരോഹിതൻ ബലിപീഠത്തിന്റെ മദ്ധ്യത്തിൽ മൂന്നുപ്രാവശ്യം ധൂപിച്ചതിനുശേഷം ജനങ്ങളുടെനേക്കു ധൂപിക്കുകയും ധൂപപാത്രം ശുശ്രൂഷകനെ ഏല്പിക്കുകയും ചെയ്യുന്നു. ആ സമയത്തു പുരോഹിതൻ ചൊല്ലുന്ന പ്രാൎത്ഥന കന്യകാമാതാവിന്റേറയും പുണ്യവാന്മാരുടേയും മാദ്ധ്യസ്ഥ്യപ്രാൎത്ഥനയ്ക്കു് ഉദാഹരണമാണു്: "നിന്നെ പ്രസവിച്ച മറിയാമും നിന്നെ മാമ്മോദീസാമുക്കിയ യോഹന്നാനും ഞങ്ങൾക്കുവേണ്ടി നിന്നോടു് അപേക്ഷിക്കും. ഞങ്ങളുടെമേൽ കരുണ ചെയ്യണമേ."

ഒരു ചെറിയ പ്രാർത്ഥനകൂടി ചൊല്ലിയതിനുശേഷം പുരോഹിതനും ജനങ്ങളുംകൂടി ത്രിസാജിയോൺ ചൊല്ലുന്നു:

"ദൈവമേ, നീ പരിശുദ്ധനാകുന്നു. ബലവാനേ, നീ പരിശുദ്ധനാകുന്നു. മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു. ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ" ഇങ്ങനെ മൂന്നുപ്രാവശ്യം ചൊല്ലിയതിനുശേഷം, നമ്മുടെ കൎത്താവിന്റേറയും ശ്ലീഹന്മാരുടേയും സഭയുടെ ശില്പിയായ വി. പൗലോസിന്റേറയും കല്പനകളെ വെടിപ്പോടും വിശുദ്ധിയോടുംകൂടെ ആചരിക്കുന്നതിനു് അനുഗ്രഹം അഭ്യർത്ഥിക്കുന്നു. അനന്തരം, "പൗലോസു ശ്ലീഹാ ധന്യൻ . . ." ഇത്യാദി ഗാനം ആലപിക്കുകയും ശ്ലീഹന്മാരുടെ നടപടിപ്പുസ്തകമോ പൊതുലേഖനമോ വായിക്കുകയും ചെയ്യുന്നു.

അനന്തരം, പുരോഹിതൻ ഏവൻഗേലിയോനുമുമ്പുള്ള പ്രാൎത്ഥന ചൊല്ലുകയും പടിഞ്ഞാറോട്ടു തിരിഞ്ഞുനിന്നു് ഏവൻഗേലിയോൻ

വായിക്കുകയും ചെയ്യുന്നു. ആരംഭത്തിൽ, സീറോമലബാർറീത്തിലെ ന്നതുപോലെ, പുരോഹിതൻ സമാധാനം ആശംസിക്കുന്നു.

ഏവൻഗേലിയോൻശേഷം, കാലാനുയോജ്യമായ ഒരു പ്രൂമിയോൻചൊല്ലുകയും അതിൻെറ അവസാനത്തിൽ ധൂപപാത്രത്തിൽ കുന്തുരുക്കം ഇട്ട് കുന്തുരുക്കപ്പാത്രത്തിൻെറ ഓരോ ചങ്ങലയിലും കുരിശുവരയ്ക്കുകയും ചെയ്യുന്നു. തൽസമയം, "പരിശുദ്ധനായ പിതാവേ, നീ പരിശുദ്ധനാകുന്നു, പരിശുദ്ധനായ പുത്രാ, നീ പരിശുദ്ധനാകുന്നു. പരിശുദ്ധ റൂഹായേ, നീ പരിശുദ്ധനാകുന്നു" എന്നു പുരോഹിതൻ ചൊല്ലുന്നു.

പിന്നീടു നിഖ്യാകൊൺസ്റ്റന്തീനപ്പോലീസ് വിശ്വാസപ്രമാണം ചൊല്ലുകയും അതിൻെറ അവസാനം പുരോഹിതൻ ബലിപീഠം മൂന്നുപ്രാവശ്യം ധൂപിക്കുകയും കൈകഴുകുകയും ചെയ്യുന്നു. വൈദികമേലദ്ധ്യക്ഷന്മാർ മദ്ബഹായിലുണ്ടെങ്കിൽ അവരുടെ കൈകൾ ചുംബിച്ചു പാപത്തിനു മാപ്പപേക്ഷിക്കുന്നു. ജനങ്ങളുടെ നേരെയും കൈനീട്ടി മാപ്പുചോദിച്ചതിനുശേഷം അവരോടിങ്ങനെ പറയുന്നു: "എൻെറ സഹോദരരേ, പ്രിയപ്പെട്ടവരേ, എൻെറ കുർബാന സ്വീകരിക്കപ്പെടേണ്ടതിന് എനിക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിപ്പിൻ." അനന്തരം, പുരോഹിതൻ ഇങ്ങനെ ചൊല്ലുന്നു:

"വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ, എന്നോടു കരുണയുണ്ടാകണമേ. വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ, എൻെറ പാപാവസ്ഥയിൽ കരുണ തോന്നണമേ. വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ, ബലഹീനങ്ങളും പാപമുള്ളവയുമായ എൻെറ കൈകളിൽനിന്നു ഈ കുർബാന നീ അംഗീകരിക്കണമേ. ദൈവമേ, ഞങ്ങളോടു രക്തബന്ധമുള്ളവരായ ഞങ്ങളുടെ പിതാക്കന്മാരേയും സഹോദരന്മാരേയും മരിച്ച വിശ്വാസികളേയും പ്രത്യേകിച്ച്, ഈ ബലി ആർക്കുവേണ്ടി സമർപ്പിക്കപ്പെടുന്നുവോ അവരേയും നീ ഓർക്കേണമേ." പുരോഹിതൻ തൻെറ സ്വന്തം നിയോഗങ്ങളും ഈ സമയത്ത് ഓർത്ത് അപേക്ഷിക്കുന്നു.

## പരിശോധനാവിഷയം

1. "ശ്രദ്ധാപൂർവ്വം കർബാനയുടെ പ്രാർത്ഥനകൾ വായിക്കുന്ന യാക്കോബായക്കാർ ദൈവമാതാവിൻേറയും വിശുദ്ധരുടേയും മാദ്ധ്യസ്ഥ്യാപേക്ഷ കാര്യമായി ഗണിക്കും; മരിച്ചവർക്കുവേണ്ടിയുള്ള പ്രാൎത്ഥന രക്ഷാകരമാണെന്നു സമ്മതിക്കും." ഈ പ്രസ്താവന വി. കർബാനയിലേ പ്രാൎത്ഥനകൾകൊണ്ടു തെളിയിക്കുക.

2. വിശ്വാസപ്രമാണം ചൊല്ലുന്നതു് എപ്പോൾ? ഏതു വിശ്വാസപ്രമാണമാണു ചൊല്ലുന്നതു്?

3. പുരോഹിതന്മാർക്കുവേണ്ടി പ്രാൎത്ഥിക്കുന്നതിൻെറ ആവശ്യകത വി. കർബാനയുടെ പ്രാൎത്ഥനയിൽനിന്നു തെളിയിക്കാമോ?

## പ്രായോഗികാഭ്യാസം

1. ബലിസമർപ്പിക്കുന്ന പുരോഹിതനുവേണ്ടി ഞാൻ പ്രാൎത്ഥിക്കും.

2. വി. ഏവൻഗേലിയോനിലേ കല്പനകൾ വിശ്വസ്തതാപൂർവ്വം ആചരിക്കുന്നതിനു ഞാൻ അനുഗ്രഹങ്ങൾ അപേക്ഷിക്കും.

# നാലാമധ്യായം

## വി. കുർബ്ബാനയുടെ കാനൻ

റോമാപാത്രിയർക്കീസായ മാർ സിക്സ്റ്റസ്സിന്റെ അനാഫൊറയാണു് ഈ കർബ്ബാനയിൽ ചൊല്ലുന്നതു്. ഈ ഭാഗത്തിനു ലത്തീൻ റീത്തിലെ പ്രതിപാദനഗതി നോക്കി കാനൻ എന്നു പറയാം. സമാധാനത്തിനുമുമ്പുള്ള പ്രാർത്ഥനകൊണ്ടാണു കാനൻ ആരംഭിക്കുന്നതു്. ഈ ചെറിയ പ്രാർത്ഥനയുടെ അവസാനത്തിൽ പുരോഹിതൻ ബലിപീഠത്തിന്റെ വലത്തുവശത്തു ചുംബിക്കുന്നു. ശുശ്രൂഷകൻ ബലിപീഠം ചുംബിച്ചതിനുശേഷം പുരോഹിതന്റെ കരങ്ങൾ ചുംബിക്കുകയും ഇറങ്ങിവന്നു ശേഷംപേർക്കും സമാധാനം നല്കുകയുംചെയ്യുന്നു.

കർത്താവിന്റെ കാരുണ്യത്തെ പ്രകീർത്തിക്കുകയും, വഴിതെററിപ്പോയവരെ നിരസിക്കല്ലേ എന്നു പ്രാർത്ഥിക്കുകയും ചെയ്തതിനുശേഷം പുരോഹിതൻ ശൂശപ്പാ എടുത്തു് മൂന്നു പ്രാവശ്യം മേലോട്ടും കീഴോട്ടും ആഘോഷിക്കുന്നു. അപ്പോൾ ഇങ്ങനെ ചൊല്ലുന്നു: "ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങൾക്കു പന്ത്രണ്ടു ജലപ്രവാഹങ്ങളെ ഒഴുക്കിയ ആ തീക്കൽപ്പാറ നീയാകുന്നു; ഞങ്ങളുടെ രക്ഷകന്റെ കബറിങ്കൽ വെയ്ക്കപ്പെട്ട ആ തീക്കൽപ്പാറ നീ തന്നെ. പിതാവായ ദൈവത്തിന്റെ സ്നേഹവും ഏകപുത്രന്റെ കൃപയും പരിശുദ്ധറൂഹായുടെ ബന്ധവും സഹവാസവും എന്റെ സഹോദരന്മാരേ, നിങ്ങളെല്ലാവരോടുംകൂടെ എന്നെന്നേക്കും ഉണ്ടായിരിക്കട്ടെ." ആമ്മീൻ.

പുരോഹിതൻ പിന്നീടു തന്റെമേലും, വലത്തുഭാഗത്തും ഇടത്തുഭാഗത്തുമുള്ള വിശ്വാസികളുടെമേലും കുരിശുവരയ്ക്കുന്നു. അനന്തരം, കൈകൾ ഒരുമിച്ചു സ്വർഗ്ഗത്തിലേക്കു് ഉയർത്തിക്കൊണ്ടു പറ

യുന്നു: "ഈ നാഴികയിൽ നാം എല്ലാവരുടേയും ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും പിതാവായ ദൈവത്തിൻെറ വലത്തുഭാഗത്തു മിശിഹാ ഇരിക്കുന്ന ഇടമായ ഉയരത്തിൽ ആയിരിക്കണം."

അവ അവിടെത്തന്നെയാണെന്ന് എല്ലാവരും മറുപടി നല്കുന്നു. പുരോഹിതൻ കൈകൾ താഴ്ത്തി കുരിശാകൃതിയിൽ നെഞ്ചിന്മേൽവച്ചുകൊണ്ട്, "ഭയത്തോടുകൂടെ നമുക്കു കർത്താവിനെ ഏററുപറയാം" എന്ന് ഉച്ചരിക്കുമ്പോൾ ജനങ്ങൾ പ്രത്യുത്തരിക്കുന്നു: "അതു ന്യായ്യവും യുക്തവുമാണ്."

അനന്തരം, സകല മാലാഖവൃന്ദങ്ങളോടും യോജിച്ചുകൊണ്ടു കൈകൾ ഉയർത്തി പുരോഹിതൻ മൂന്നുപ്രാവശ്യം, "ഖാദീശ്" (പരിശുദ്ധൻ) എന്നു ചൊല്ലുന്നു.

ഉടനെ കൂദാശകർമ്മം നടക്കുന്നു. കൂദാശവചനങ്ങൾ ലത്തീൻ കുർബാനയിലേതുപോലെതന്നെയാണ്; എന്നാൽ, കർത്താവ് "അപ്പം മുറിച്ചു" എന്നു പറയുമ്പോൾ പുരോഹിതൻ അപ്പം മുറിക്കുകതന്നെ ചെയ്യുന്നുണ്ട്. എന്നാൽ, ലത്തീൻകുർബാനയിലേപ്പോലെ ബലിവസ്തുക്കൾ ഉയർത്തുന്നില്ല. അവസാനം പുരോഹിതൻ ഇങ്ങനെ ചൊല്ലുന്നു: "ഈ രഹസ്യത്തിൽ നിങ്ങൾ സംബന്ധിക്കുമ്പോൾ എൻെറ ഓർമ്മയ്ക്കായി ഇതു ചെയ്യ്, ഞാൻ വരുന്നതുവരേയും എൻെറ മരണത്തേയും പുനരുത്ഥാനത്തേയും ഓർക്കുവിൻ."

എല്ലാവരേയും അവനവൻെറ യോഗ്യതയനുസരിച്ചു വിധിക്കുവാൻ കർത്താവു രണ്ടാംപ്രാവശ്യം വരുന്നതു പുരോഹിതൻ അനുസ്മരിക്കുമ്പോൾ ജനങ്ങൾ വിളിച്ചുപറയുന്നു: "ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ."

അനന്തരം, പുരോഹിതൻ തൻെറ വലത്തുകൈ തിരുശ്ശരീരത്തിന്മേലും ഇടത്തുകൈ കാസമേലും പ്രാവു ചിറകടിക്കുന്നതുപോലെ ഇളക്കിക്കൊണ്ടു പരിശുദ്ധാത്മാവിനോടു പ്രാർത്ഥിക്കുന്നു: "കർത്താവേ, എന്നോടു ക്ഷമിക്കണമേ. നിൻെറ അവകാശത്തോടും എന്നോടും കൃപ ചെയ്യണമേ. പിതാവിൽനിന്നു നിത്യമായി പുറപ്പെ

ടുന്നവനും പുത്രനിൽനിന്നു സാരാംശമെടുത്തിരിക്കുന്നവനുമായ പരിശുദ്ധറൂഹായുടെ ആഗമനംവഴി ഈ ബലി അങ്ങേക്കു സംപ്രീതമാകട്ടെ."

ഈ പ്രാർത്ഥനയ്ക്കുശേഷം പട്ടക്കാരൻ നെഞ്ചിൽ മൂന്നുപ്രാവശ്യം ഇടിച്ചുകൊണ്ടു ചൊല്ലുന്നു: "കർത്താവേ, എന്നോട്ട് ഉത്തരമരുളിച്ചെയ്യണമേ. കർത്താവേ, എന്നോട്ട് ഉത്തരമരുളിച്ചെയ്യണമേ. കർത്താവേ, എന്നോട്ട് ഉത്തരമരുളിച്ചെയ്യണമേ. കർത്താവേ, എന്നോട്ട് ഉത്തരമരുളിച്ചെയ്തു ദയതോന്നി, എന്റെമേൽ കരുണ ചെയ്യണമേ,"

"കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ." എന്നു ജനങ്ങൾ മൂന്നുപ്രാവശ്യം ചൊല്ലുന്നു.

അനന്തരം, പുരോഹിതൻ തന്റെ വലത്തുകൈ തിരുശ്ശരീരത്തിനു മീതെ മൂന്നുപ്രാവശ്യം ചലിപ്പിക്കുന്നു; മൂന്നു കുരിശുവരയ്ക്കുകയും അവസാനം ബലിപീഠം ചുംബിക്കുകയും ചെയ്യുന്നു. അപ്രകാരംതന്നെ, തിരുരക്തത്തിന്റെമേലും കൈകൾ ചലിപ്പിക്കുകയും അവസാനം ബലിപീഠം ചുംബിക്കുകയുംചെയ്യുന്നു.

മാദ്ധ്യസ്ഥപ്രാർത്ഥനയാണു പിന്നീടു നടക്കുന്നതു്. ശുശ്രൂഷകൻ ഓരോ ഗണത്തിന്റെ പേരു പറയുമ്പോൾ വൈദികൻ അവർക്കു് അനുയോജ്യമായ അനുഗ്രഹങ്ങൾ ആവശ്യപ്പെടുകയും കൈകൾ നെഞ്ചിന്മേൽക്രൂപ്പി കുമ്പിട്ടാരാധിക്കുകയും അവസാനം തിരുശ്ശരീരത്തിന്റേയും തിരുരക്തത്തിന്റേയും പക്കലേക്കു കൈകൾ താഴ്ത്തിക്കൊണ്ടുപോവുകയുംചെയ്യുന്നു. ബലിയിൽ പങ്കുകൊള്ളുന്നവർക്കും വൈദികമേലദ്ധ്യക്ഷന്മാർക്കും കഷ്ടപ്പെടുന്ന സഹോദരന്മാർക്കും ഭരണകർത്താക്കൾക്കും മററും‌വേണ്ടി പുരോഹിതൻ അപേക്ഷിക്കുന്നു. വിചാരത്തിലും സംസാരത്തിലും പ്രവൃത്തിയിലും വന്നുപോയിട്ടുള്ള പരസ്യവും രഹസ്യവുമായ തെററുകൾക്കു മാപ്പപേക്ഷിക്കുകയും സന്തോഷസംദായകമായ പുനരുത്ഥാനമെന്ന ദാനം നല്കുവാൻ അഭ്യർത്ഥിക്കുകയും ചെയ്തതിനുശേഷം പുരോഹിതൻ വലത്തുകൈ പീലാസമേൽ വയ്ക്കുകയും തന്റെമേലും ഇരുവശങ്ങളിലുമുള്ളവരുടെമേലും കുരിശുവരയ്ക്കുകയുംചെയ്യുന്നു. അദ്ദേഹം അപ്പോൾ ഇങ്ങ

നെ ചൊല്ലുന്നു: "വലിയവനും നമ്മുടെ രക്ഷിതാവുമായ യേശുമിശി ഹാ ആയ ദൈവത്തിൻെറ കരുണകൾ, എൻെറ സഹോദരന്മാരേ, നിങ്ങൾ എല്ലാവരോടുംകൂടെ എന്നെന്നേക്കും ഉണ്ടായിരിക്കട്ടെ."

## വിരിയിടുന്നു

അപ്പം മുറിക്കൽ എന്ന തിരുക്കർമ്മമാണ് അടുത്തു നടക്കുന്നത്. ഇത് ഒരു വലിയ രഹസ്യമായിട്ടാണ് പ്രാചീനസഭ കരുതിയിരുന്നത്; അതിനാൽ, ശുശ്രൂഷകൻ തിരശ്ശീല ഇടുന്നു. തിരുവോസ്തി ആദ്യം രണ്ടായി മുറിക്കുകയും ഓരോ ഭാഗവും തിരുരക്തത്തിൽ മുക്കി ഇതരഭാഗത്തിൽ കുരിശുവരയ്ക്കുകയും ചെയ്യുന്നു. ഇടത്തേ ഭാഗത്തിൽനിന്ന് ഒരു കഷണം ഒടിച്ച്, ലത്തീൻകുർബാനയിലേപ്പോലെ, കാസയിൽ ഇടുന്നു. വലത്തുഭാഗത്തുനിന്ന് ഒരു കഷണം ഒടിച്ചു കാസയുടെ മുകൾഭാഗത്തേക്കു കൊണ്ടുവന്നതിനുശേഷം തിരികെ പീലാസയിൽത്തന്നെ വയ്ക്കുന്നു. അപ്പം മുറിക്കുന്ന സമയത്തു ചൊല്ലുന്ന പ്രാർത്ഥന കീഴെ ചേർക്കുന്നു:

"സത്യമുള്ള പിതാവേ, കണ്ടാലും! നിന്നെ നിരപ്പാക്കുന്ന ബലിയായ നിൻെറ പുത്രൻ എനിക്കുവേണ്ടി മരിച്ചതിനാൽ ഇവനെ നീ സ്വീകരിക്കുകയും ഇവനാൽ ഞാൻ പരിഹരിക്കപ്പെടുകയും ചെയ്യണമേ. എൻെറ കൈകളിൽനിന്ന് ഈ കുർബാന നീ കൈക്കൊണ്ട് എന്നോടു നിരപ്പാകുകയും തൻെറ ശ്രേഷ്ഠതയുടെ മുമ്പാകെ ഞാൻ ചെയ്തിട്ടുള്ള പാപങ്ങളെ എന്നോട് ഓർക്കാതിരിക്കുകയും ചെയ്യേണമേ.

"കണ്ടാലും ദുഷ്ടന്മാരാൽ ഗാഗുൽത്താമേൽ ചിന്തപ്പെട്ട അവൻെറ രക്തം എനിക്കുവേണ്ടി അപേക്ഷിക്കുന്നു. അതുനിമിത്തം എൻെറ അപേക്ഷ നീ സ്വീകരിക്കണമേ. നീ ഇതു നോക്കുന്നുവെങ്കിൽ, കടങ്ങൾ എനിക്കെന്തുമാത്രം! കരുണകൾ നിനക്കെന്തുമാത്രം! നീ തൂക്കിവച്ചിരിക്കുന്ന പർവ്വതങ്ങളെക്കാളും നിൻെറ കാരുണ്യം ഘനമേറിയതാകുന്നു. പാപങ്ങളെ നീ നോക്കുക; അവയ്ക്കുവേണ്ടിയുള്ള

ദഹനബലിയെ നീ സൂക്ഷിച്ചുനോക്കുക; എന്തുകൊണ്ടെന്നാൽ, അവയ്ക്കുവേണ്ടിയുള്ള ബലി കടങ്ങളെക്കാൾ ശ്രേഷ്ഠമാകുന്നു. ഞാൻ പാപം ചെയ്തതുനിമിത്തം നിന്റെ പ്രിയൻ ആണികളും കുന്തവും സഹിച്ചു. നിന്നെ നിരപ്പാക്കുവാനും അവയിൽ ഞാൻ ജീവിപ്പാനും അവന്റെ കഷ്ടപ്പാടുകൾ മതിയാകുന്നു. ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി തന്റെ പുത്രനെ ഏല്പിച്ചുകൊടുത്ത പിതാവിനു സ്തുതി; കുരിശിന്മേൽ മരിച്ചു ഞങ്ങളെ എല്ലാവരേയും ജീവിപ്പിച്ച പുത്രനു നമസ്കാരം. ഞങ്ങളുടെ രക്ഷാരഹസ്യം ആരംഭിച്ചു പൂർത്തിയാക്കിയ റൂഹായ്ക്കു സ്തോത്രം. സകലത്തിലും ഉയർന്നിരിക്കുന്ന ത്രിത്വമേ, ഞങ്ങളെല്ലാവരുടെമേലും കൃപയുണ്ടാകണമേ.

“ദൈവപുത്രാ, വലത്തുഭാഗത്തു തൂങ്ങിയ കള്ളനോടു പ്രദർശിപ്പിച്ച കാരുണ്യത്തെപ്രതി ഞങ്ങളുടെമേൽ കാരുണ്യമുണ്ടാകണമേ; ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

“ഗാഗുൽത്താമലകളിൽ ഞങ്ങൾക്കുവേണ്ടി വിലാവിൽ കുത്തേററ ദൈവമായ മിശിഹാ നീയാകുന്നു. ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനായ ദൈവത്തിന്റെ കുഞ്ഞാടു നീയാകുന്നു. നീ ഞങ്ങളുടെ കടങ്ങളെ പരിഹരിക്കുകയും ഞങ്ങളുടെ പാപങ്ങളെ ക്ഷമിക്കുകയും നിന്റെ വലത്തുഭാഗത്തു ഞങ്ങളെ നിറുത്തുകയും ചെയ്യണമേ.”

## വിരി മാററുന്നു

വിരി മാററിക്കഴിയുമ്പോൾ പുരോഹിതൻ കൈകൾ നീട്ടി “സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ” എന്ന ജപം യോഗ്യതയോടുകൂടെ ചൊല്ലുവാൻ മനസ്സിനെ നിർമ്മലമാക്കുവാൻ ആവശ്യപ്പെടുകയും തുടർന്നു കർത്തൃജപം മുഴവൻ ചൊല്ലുകയും ചെയ്യുന്നു. കൈവിരിച്ചുപിടിച്ചു ചില പ്രാർത്ഥനകൾകൂടി ചൊല്ലിയതിനുശേഷം പുരോഹിതൻ തന്റെ വലത്തുകൈ രഹസ്യങ്ങളുടെമീതേ വയ്ക്കുകയും സ്വദേഹത്തിരുവശത്തും നേരേ തിരിഞ്ഞും കുരിശുവരയ്ക്കുകയും ചെയ്യുന്നു. അപ്പോൾ പുരോഹിതൻ ചൊല്ലുന്നു:

"വിശുദ്ധിയുള്ളവനും മഹത്വമുള്ളവനും സൃഷ്ടിയല്ലാത്തവനും കാതലായവനും ആദിയും അന്തവുമില്ലാത്തവനും വന്ദിക്കപ്പെടുന്നവനും സാരാംശത്തിൽ ഒന്നായിരിക്കുന്നവനുമായ ത്രിത്വൈകദൈവത്തിൻെറ കൃപയും കാരുണ്യവും എൻെറ സഹോദരന്മാരേ, നിങ്ങളെല്ലാവരോടുംകൂടെ എന്നെന്നേയ്ക്കും ഉണ്ടായിരിക്കട്ടെ. ആമ്മീൻ"

സീറോമലബാർറീത്തിലേ കുർബ്ബാനയിലെപ്പോലെ പുരോഹിതൻ സൂചിപ്പിക്കുന്നു: "വിശുദ്ധവസ്തുക്കൾ വിശുദ്ധിയുള്ളവർക്കും വെടിപ്പുള്ളവർക്കും നല്കപ്പെടുന്നു."

പുരോഹിതൻ പീലാസയെടുത്ത് ഉയർത്തി കിഴക്കുനിന്നു പടിഞ്ഞാറോട്ടും വടക്കുനിന്നു തെക്കോട്ടും മാററി കുരിശുവരച്ചശേഷം കണ്ണുവരെ ഉയർത്തുകയും അതിനെ ചുംബിക്കുകയും തബ്ലീത്തോയിൽവയ്ക്കുകയും ചെയ്യുന്നു. കാസയെടുത്തും അങ്ങനെ ചെയ്യുന്നു. അനന്തരം, വലത്തുകൈയിൽ പീലാസയും ഇടത്തുകൈയിൽ കാസയും എടുക്കുകയും വലത്തുകൈ ഇടത്തുകൈയുടെമേൽ കുരിശാകൃതിയിൽ വയ്ക്കുകയും "തൻെറ കരുണയിൽ ലോകത്തെ മെനഞ്ഞുണ്ടാക്കിയ പരിശുദ്ധനായ ഏകപിതാവു നമ്മോടുകൂടെ, ആമ്മീൻ", "തൻെറ അമൂല്യമായ കഷ്ടാനുഭവങ്ങളാൽ നമ്മെ രക്ഷിച്ച പരിശുദ്ധനായ ഏകപുത്രൻ നമ്മോടുകൂടെ, ആമ്മീൻ", "ഉണ്ടായതും ഉണ്ടാകുന്നതുമായ സകലത്തേയും പൂർണ്ണമാക്കിത്തികയ്ക്കുന്ന ജീവനുള്ളവനും പരിശുദ്ധനുമായ ഏകറൂഹാ നമ്മോടുകൂടെ, ആമ്മീൻ" എന്നു ചൊല്ലുകയും ചെയ്യുന്നു. കാസയും പീലാസയും തബ്ലീത്തോയിൽ വച്ചതിനുശേഷം ബലിപീഠത്തിങ്കൽനിന്ന് ഇറങ്ങി ജനങ്ങളോടു മാപ്പു ചോദിച്ചുകൊണ്ടു പുരോഹിതൻ പറയുന്നു: "എൻെറ സഹോദരന്മാരും വാത്സല്യഭാജനങ്ങളുമേ, എനിക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിപ്പിൻ."

പിന്നീട്, നിർദ്ദിഷ്ട പ്രാർത്ഥനകൾ ചൊല്ലി പുരോഹിതൻ വിശുദ്ധകുർബ്ബാന സ്വീകരിക്കുന്നു. ആദ്യം കാസയിൽ ഇട്ടിരുന്ന അപ്പക്കഷണം തവികൊണ്ടെടുത്തു, "നമ്മുടെ ദൈവമായ മിശിഹായുടെ ശരീരവും രക്തവുമാകുന്ന പാപപരിഹാരം ചെയ്യുന്ന തീക്കട്ട എന്നും എന്നെന്നേക്കും രണ്ടുലോകങ്ങളിലും കടങ്ങളുടെ പരിഹാര

ത്തിനും പാപങ്ങളുടെ മോചനത്തിനുമായി ബലഹീനനും പാപിയുമായ ദാസനായ എനിക്കു നല്കപ്പെടുന്നുവെന്നു" ചൊല്ലി ഭക്ഷിക്കുന്നു.

അനന്തരം, തിരുവോസ്തിയുടെ കഷണം കാസയിൽ വച്ചുകൊണ്ടു് കാസയിൽനിന്നു് തിരുരക്തം അനുഭവിക്കുന്നു. തൽസമയം ഇങ്ങനെ ചൊല്ലുന്നു: "ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി വന്ന ദൈവമായിരിക്കുന്ന വചനമായ യേശുവേ, സ്ലീബായിൽ ചിന്തിയ ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ നിന്റെ തിരുരക്തത്താൽ എന്നും എന്നെന്നേക്കും എന്റെ കടങ്ങൾ പരിഹരിക്കപ്പെടുകയും എന്റെ പാപങ്ങൾ മോചിക്കപ്പെടുകയും ചെയ്യണമേ. ആമ്മീൻ."

## ദിവ്യകാരുണ്യസ്വീകരണം

വൈദികൻ വി. കർബാന അനുഭവിച്ചതിനുശേഷം ഇരുസാദൃശ്യങ്ങളിലുമായി വിശ്വാസികൾക്കും വി. കർബാന നല്കുന്നു. കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനുമായി യേശുമിശിഹായുടെ വിശുദ്ധീകരിക്കുന്ന ശരീരവും രക്തവും സത്യവിശ്വാസിക്കു് (വിശ്വാസിനിക്കു്) നല്കപ്പെടുന്നു."

## പരിശോധനാവിഷയം

1. എപ്പോഴാണു മലങ്കരസുറിയാനിക്കുർബാനയുടെ കാനൺ തുടങ്ങുന്നതു്?

2. ആരുടേതാണു് ഈ കാനൺ? റോമപാത്രിയർക്കീസായ സിക്സ്റ്റസ്സിന്റെ കാനൺ ആണെങ്കിൽ യാക്കോബായസഭ റോമാ മാർപ്പാപ്പമാരോടുള്ള ബന്ധം വിച്ഛേദിച്ചതു വിഹിതമാണോ?

3. താഴെപ്പറയുന്ന സംഗതികൾ കുർബ്ബാനയിലെ ക്രമമനുസരിച്ചു നമ്പരിടുക. ( ) കൂദാശകർമ്മം. ( )കൈ അഘോഷിക്കുന്നതു്. ( ) പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന. ( ) വിരിയിടുന്നു. ( ) മാദ്ധ്യസ്ഥ്യ പ്രാർത്ഥന.( ) വിരിമാറ്റുന്നു. ( ) അപ്പംമുറിക്കൽ. ( ) വിശുദ്ധ വസ്തുക്കൾ വിശുദ്ധിയും വെടിപ്പുമുള്ളവർക്കു്. ( ) വി. കുർബ്ബാന സ്വീകരണം. ( ) ജനങ്ങളോടു മാപ്പു ചോദിക്കുന്നതു്. ( ) തിരുരക്തം അനുഭവിക്കുന്നു. ( ) തിരുവോസ്തിയുടെ കഷണം ഭക്ഷിക്കുന്നു.

## പ്രായോഗികാഭ്യാസങ്ങൾ

1. വി. കുർബ്ബാനയുടെ സമയത്തു് എന്റെ പാപങ്ങൾക്കു ഞാൻ മാപ്പപേക്ഷിക്കും.

2. ഭക്തിയോടുകൂടെ ഞാൻ പലപ്പോഴും വി. കുർബ്ബാന സ്വീകരിക്കും.

അഞ്ചാമദ്ധ്യായം

# വി. കുർബാനയുടെ സമാപനം

വിശ്വാസികൾക്കു വി. കുർബാന നല്കിയതിനുശേഷം മദ്ബഹായുടെ വാതില്ക്കൽ നിന്നുകൊണ്ടു പുരോഹിതൻ ചൊല്ലുന്നു:

"ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമായുള്ളോവേ, നിനക്കു സ്തുതി, നിനക്കു സ്തുതി, നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവായ ഈശോമിശിഹാ, ഞങ്ങൾ ഭക്ഷിച്ച നിൻെറ വിശുദ്ധശരീരവും ഞങ്ങൾ പാനം ചെയ്ത നിൻെറ പരിഹാരം ചെയ്യുന്ന രക്തവും ഞങ്ങൾക്കു് ന്യായവിധിക്കും പ്രതികാരത്തിനും ആയിത്തീരരുതേ; ഞങ്ങളെല്ലാവരുടേയും ജീവനും രക്ഷയ്ക്കുമായിത്തീരണമേ. ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ."

പിന്നീടു്, തിരുനാളുകളുടേയും കാലത്തിൻേറയും വ്യത്യാസമനുസരിച്ചു വിവിധപ്രാർത്ഥനകൾ ചൊല്ലുന്നു. അനന്തരം, പുരോഹിതൻ ത്രോണോസിൽ വലത്തുകൈവച്ചു ശക്തി ആവഹിച്ചുകൊണ്ടു തൻെറമേലും ഇരുവശങ്ങളിലും കുരിശുവരയ്ക്കുന്നു. ജനങ്ങളുടെമേൽ മൂന്നുപ്രാവശ്യം കുരിശുവരച്ചുകൊണ്ടു് ഇപ്രകാരം ചൊല്ലുന്നു:

"ഞങ്ങളുടെ സഹോദരന്മാരും ഞങ്ങളുടെ വാത്സല്യമുള്ളവരുമേ, പാപപരിഹാരം ചെയ്യുന്ന കർത്താവിൻെറ മദ്ബഹായിൽനിന്നു നിങ്ങൾ കൈക്കൊണ്ട അനുഗ്രഹങ്ങളോടും തിരുപ്പാഥേയങ്ങളോടുംകൂടെ വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വത്തിൻെറ കൃപയ്ക്കും കരുണകൾക്കും ഞങ്ങൾ നിങ്ങളെ ഭരമേല്പിക്കുന്ന ഈ സമയത്തു സമാധാനത്തോടുകൂടെ പോകുവിൻ.

"സമീപസ്ഥന്മാരോടുകൂടെ ദൂരസ്ഥന്മാരും മരിച്ചവരോടുകൂടെ ജീവനുള്ളവരും കർത്താവിൻെറ ജയമുള്ള സ്ലീബായാൽ രക്ഷപ്പെട്ടവരും വിശുദ്ധ മാമ്മോദീസായുടെ റൂശ്മായാൽ മുദ്രകുത്തപ്പെട്ടവരുമേ,

ത്രിഃയകദൈവം നിങ്ങളുടെ കടങ്ങളെ പരിഹരിക്കുകയും നിങ്ങളു ടെ കുറവുകളെ ക്ഷമിക്കുകയും മരിച്ചുപോയവരുടെ ആത്മാക്കളെ ആശ്വസിപ്പിക്കുകയും ചെയ്യും.

"ബലഹീനനും പാപിയുമായ ഈ ദാസൻ നിങ്ങളുടെ പ്രാർത്ഥനകളാൽ കരുണ കൈക്കൊണ്ടു സഹായിക്കപ്പെട്ടമാറാക ട്ടെ. നിങ്ങൾ സന്തോഷിച്ചാനന്ദിച്ചു സമാധാനത്തോടുകൂടെ പോ കുവിൻ. എന്നേക്കും എനിക്കുവേണ്ടി പ്രാത്ഥിക്കുകയും ചെയ്യുവിൻ"

അനന്തരം, പുരോഹിതൻ ബലിപീഠത്തിൽനിന്ന് ഇറങ്ങി വണക്കത്തോടുകൂടെ ചില പ്രാത്ഥനകൾ ചൊല്ലുകയും തിരുവവ ശിഷ്ടങ്ങൾ ശേഖരിച്ചു ഭക്ഷിക്കുകയും പീലാസയും കാസയും കഴ കി കുടിക്കുകയും ചെയ്യുന്നു. നിർദ്ദിഷ്ടമായ പ്രാത്ഥനകൾ ചൊല്ലി ക്കൊണ്ടു പൂജാപാത്രങ്ങൾ കഴകിത്തുടച്ചതിനുശേഷം സങ്കീർത്തി യിൽപ്പോയി പുരോഹിതൻ തിരുവസ്ത്രങ്ങൾ അഴിച്ചുവയ്ക്കുന്നു. അ വിടെ ചില സ്തുതിപ്പുകളും ഒരു സെദ്റോയും ഖോലോയും ചൊല്ലു ന്നുണ്ടു്. അനന്തരം, സ്വവസ്ത്രങ്ങൾ ധരിച്ചു തിരികെ ബലിപീഠത്തി ലേക്കു വരുകയും ബലിപീഠത്തിൻെറ മദ്ധ്യത്തിൽ ചുംബിച്ചു യാത്ര പറയുകയും ചെയ്യുന്നു. തൽസമയം, പുരോഹിതൻ ചൊല്ലുന്ന പ്രാ ത്ഥന സീറോമലബാർ റീത്തിലേ കർബാനയിലേ പ്രാർത്ഥനയോ ടു വളരെ സാമ്യമുള്ളതാണു്:

"കർത്താവിൻെറ വിശുദ്ധവും ദൈവികവുമായ മദ്ബഹാ യേ, സമാധാനത്തോടുകൂടെ വസിക്കുക. ഇനിയും ഞാൻ നിൻെറ അ ടുക്കലേക്കു തിരിച്ചുവരുമോ ഇല്ലയോ എന്നു ഞാൻ അറിയുന്നില്ല. സ്വർഗ്ഗത്തിലുള്ള കടിഞ്ഞൂലുകളുടെ ആ സഭയിൽവച്ചു നിൻെറ ദർ ശനത്തിനു കർത്താവു് എന്നെ യോഗ്യനാക്കട്ടെ. ഈ ഉടമ്പടിയിൽ ഞാൻ ശരണപ്പെട്ടുകൊള്ളുന്നു.

"വിശുദ്ധിയുള്ളതും പാപപരിഹാരംചെയ്യുന്നതുമായ മദ്ബ ഹായേ, സമാധാനത്തോടേ വസിക്കുക. ഞാൻ കൈക്കൊണ്ട വി ശുദ്ധിയുള്ള ശരീരവും പരിഹാരംചെയ്യുന്ന രക്തവും ഞങ്ങളുടെ കത്താവും എന്നെന്നേക്കും ഞങ്ങളുടെ ദൈവവുമേ, എനിക്കു കടങ്ങളു ടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും നിൻെറ ഭയ

ങ്കരസിംഹാസനത്തിൻെറ മുമ്പാകെ മുഖപ്രത്യക്ഷതയ്ക്കും ആയിത്തീരണമേ.

"ജീവൻെറ മേശയാകുന്ന വിശുദ്ധ മദ്ബഹായേ, നീ സമാധാനത്തോടേ വസിക്കുക. ഇനിയും എന്നുമെന്നേക്കും നിന്നിൽ നിന്ന് എൻെറ ഓർമ്മ മാഞ്ഞുപോകാതിരിക്കുന്നതിനു നമ്മുടെ കർത്താവായ യേശുമിശിഹായോട്ട് എനിക്കുവേണ്ടി അപേക്ഷിക്കണമേ. ആമ്മീൻ."

## പരിശോധനാവിഷയം

1. സമാധാനപ്രാർത്ഥനകളിൽ നിങ്ങൾക്ക് ഏററവും ഇഷ്ടപ്പെട്ട പ്രാർത്ഥന ഏതാണ്?
2. എപ്പോഴാണു പുരോഹിതൻ ബലിപീഠത്തോടു യാത്ര പറയുന്നതു്?
3. മലങ്കരസുറിയാനിക്കുർബാനയിലേ പ്രധാന ഭാഗങ്ങൾ ഏവ?

## പ്രായോഗികാഭ്യാസങ്ങൾ

1. ദൈവത്തിൽനിന്നു ലഭിച്ചിട്ടുള്ള നിരവധി അനുഗ്രഹങ്ങൾക്കു വി. കുർബാനയുടെ അന്ത്യത്തിൽ താൽപര്യത്തോടുകൂടെ ഞാൻ നന്ദി പറയും.
2. വി. കുർബാനയ്ക്കു് എൻെറ ജീവിതത്തിൽ ഏററവും പ്രധാനമായ സ്ഥാനം നല്കും.

# സീറോമലബാർറീത്തിലെ

# പുനരുദ്ധരിക്കപ്പെട്ട കുർബാന

1957 ജൂൺ 26-ാം തീയതി പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ അംഗീകരിച്ചതും 1958 നവംബർ 21-ാംതീയതി മുതൽ റോമിൽ ചൊല്ലിത്തുടങ്ങിയതുമാണ് പുതിയ കുർബാന. 1962 ജൂലൈ 3-ാം തീയതി മാർത്തോമ്മാശ്ലീഹായുടെ തിരുനാൾദിവസം ഈ പുതിയ കുർബാന കേരളത്തിൽ നടപ്പിൽവന്നു. പുതിയ കുർബാനയുടെ മിക്കഭാഗങ്ങളും മലയാളത്തിലായതുകൊണ്ട് ഓരോരുത്തർക്കും അതു വായിച്ചു പഠിക്കാവുന്നതാണ്. ശ്ലീഹന്മാർ സുവിശേഷം പ്രസംഗിച്ച സ്ഥലങ്ങളിലെല്ലാം അതതു നാട്ടിലെ ഭാഷയാണു തിരുക്കർമ്മങ്ങൾക്ക് ഉപയോഗിച്ചിരുന്നതെന്ന് ഒരു പാരമ്പര്യമുണ്ട്. അതിനാൽ, കേരളത്തിലെ ആദ്യത്തെ റീത്തു ദ്രാവിഡമായിരുന്നുവെന്നാണ് പ്രബലമായ ഒരഭിപ്രായം. മാർത്തോമ്മാശ്ലീഹായുടെ നാളുകളിലേക്കുള്ള പ്രത്യാഗമനമെന്ന നിലയിൽ സഹർഷം കേരളീയർ മലയാളക്കുർബാന സ്വാഗതം ചെയ്തിരിക്കുന്നു.

തോമ്മാശ്ലീഹായുടെ ശിഷ്യന്മാരായ അന്ദായി,മാറി എന്നപ്രേഷിതന്മാർ എഴുതിയുണ്ടാക്കിയ കുർബാനക്രമങ്ങളാണുനമ്മുടെറീത്തിലെ കുർബാനകളുടെയെല്ലാം മൂലം. കയ്യെഴുത്തുപ്രതികൾക്കുണ്ടാകാവുന്ന സ്ഥിരതയോടുകൂടി പ്രസ്തുത കുർബാനക്രമം 16-ാംശതാബ്ദത്തിന്റെ ഉത്തരാർദ്ധംവരെ വന്നു. 1557 മുതൽ 1567 വരെ മലങ്കരസഭയെ ഭരിച്ചിരുന്ന മാർ യൗസേപ്പ് ദിവ്യബലിക്കു പുളിക്കാത്ത അപ്പവും ലത്തീൻ റീത്തിലെ തിരുവസ്ത്രങ്ങളും നിശ്ചയിച്ചു. കുർബാനക്രമത്തിലും അദ്ദേഹം ചില വ്യത്യാസങ്ങൾ വരുത്തി. 1599-ൽ സമ്മേളിച്ച ഉദയമ്പേരൂർ സൂനഹദോസു മുപ്പതോളം വ്യത്യാസങ്ങൾ നിർ

ദ്ദേശിച്ചു. കൂദാശവാക്യങ്ങൾ ലത്തീനിൽനിന്നു പരിഭാഷപ്പെടുത്തി ചേർത്തു; പേട്രിയാർക്കിനു പകരം റോമാമാർപ്പാപ്പയുടെ നാമം ഉച്ചരിക്കണമെന്നു നിർദ്ദേശമുണ്ടായി. നിലവിലിരിക്കുന്ന കുർബാനക്രമമൊഴികെ ശേഷമുള്ളതെല്ലാം നിറുത്തിക്കളഞ്ഞു. 1599-ൽ അങ്കമാലി മെത്രാനായി നിയമിക്കപ്പെട്ട ഫ്റാൻസിസ് റോസ് എസ്. ജെ. നമ്മുടെ കുർബാനയിൽ ചില വ്യത്യാസങ്ങൾകൂടി വരുത്തി. 1766-ൽ ഇവിടെ ഉപയോഗിച്ചിരുന്ന മൂന്നു കയ്യെഴുത്തുപ്രതികൾ റോമിലേക്ക് അയച്ചുകൊടുക്കുകയും നിഷ്കൃഷ്ടമായ പരിശോധനകൾക്കുശേഷം ഒരെണ്ണം അംഗീകരിച്ച് റോമിൽത്തന്നെ അച്ചടിച്ച്, 1774 മുതൽ ഉപയോഗത്തിൽ വരുത്തുകയുംചെയ്തു. പിന്നീടു പഞ്ചാംഗത്തിൽ തെല്ലു വ്യതിയാനം വരുത്തിയതല്ലാതെ കാര്യമായി ഒരന്തരവും നമ്മുടെ കുർബാനക്രമത്തിൽ ഉണ്ടായിട്ടില്ല.

1959-ൽ പൗരസ്ത്യതിരുസ്സംഘം നമ്മുടെ കുർബാനയുടെ കർമ്മവിധികൾ (ORDO CELEBRATIONIS QUDDASA) അഥവാ തുക്കാസാ അംഗീകരിച്ചു പ്രസിദ്ധംചെയ്തു. അതിനെ അടിസ്ഥാനപ്പെടുത്തിക്കൂടിയാണ് ഈ വിവരണം ഇവിടെ ചേർക്കുന്നതു്.

ആഘോഷമായ കുർബാന, റാസ, സാധാരണകുർബാന എന്നിങ്ങനെ മൂന്നു കുർബാനകൾ അംഗീകരിക്കപ്പെട്ടിട്ടുണ്ടു്. പൗരസ്ത്യരുടെയിടയിൽ "ഒററക്കുർബാന" (Low Mass) എന്ന ഒരു പതിവില്ല. ആകയാൽ, എല്ലാക്കുർബാനകളും പാട്ടുകുർബാനകൾ തന്നെയാണ്. രണ്ടു സഹായികളുള്ളപ്പോൾ ധൂപക്കുററി ഉപയോഗിക്കാവുന്നതാണ്.

## തിരുക്കർമ്മകാലങ്ങൾ

വർഷവട്ടത്തിൽ ആഗമനം, ദെനഹാ, നോമ്പു്, ഉയിർപ്പു്, ശ്ലീഹാ, വേനൽ, ഏലിയായുടേയും കുരിശിന്റേയും കാലം, മൂശയുടെകാലം, പ്രതിഷ്ഠാപനം എന്നിങ്ങനെ ഒമ്പതുകാലങ്ങളും ആ

കാലങ്ങൾക്കു യോജിച്ച വേദപുസ്തകവായനകളും പുതിയ കുർബാനയ്ക്കു നിർദ്ദേശിച്ചിട്ടുണ്ട്. സാധാരണതിരുനാളുകൾക്കും, നമ്മുടെ കർത്താവിൻെറ തിരുനാളുകൾക്കും, ഞായറാഴ്ചകൾക്കും വെവ്വേറേ കുറെ പ്രാർത്ഥനകൾ പുതിയ കുർബാനയിൽ കാണാം. പഴയ കുർബാനയിൽ പ്രധാനമായി മൂന്നു പ്രാർത്ഥനകൾക്കേ വ്യത്യാസമുണ്ടായിരുന്നുള്ളു. വി. കൊച്ചുത്രേസ്യാ, വി. പത്താംപീയൂസ് തുടങ്ങിയ ആധുനികവിശുദ്ധരിൽ ചിലരുടെ തിരുനാളുകളും പുതിയ പഞ്ചാംഗത്തിലുണ്ട്.

## ചില പ്രത്യേകതിരുക്കർമ്മവിധികൾ

1. ദിവ്യകാരുണ്യസ്വീകരണം: തിരുവോസ്തി തിരുരക്തത്തിൽ മുക്കി എല്ലാവർക്കും ദിവ്യകാരുണ്യം നല്കാവുന്നതാണ്. സൗകര്യത്തിനുവേണ്ടി പഴയ സമ്പ്രദായം തുടരാനോ, അല്ലെങ്കിൽ, തിരുവോസ്തിയുടെമേൽ തിരുരക്തം തളിച്ചുമാത്രം നല്കാനോ പാടുണ്ട്. വി. കുർബാനയ്ക്കു പുളിക്കാത്ത അപ്പം മുമ്പത്തേപ്പോലെ ഉപയോഗിക്കാവുന്നതാണ്.

2. കുരിശടയാളം: നെററിയിൽനിന്നു നെഞ്ചിലേക്കും വലത്തു തോളിൽനിന്ന് ഇടത്തുതോളിലേക്കുമാണു കുരിശു വരയ്ക്കേണ്ടത്. കുരിശടയാളം വരയ്ക്കുമ്പോൾ നാം നമ്മെത്തന്നെ ആശീർവ്വദിക്കയാണു ചെയ്യുന്നത്. അതുകൊണ്ടാണ് ഇതുവരെയുണ്ടായിരുന്ന പതിവിനു പകരം വലത്തേ തോളിൽനിന്ന് ഇടത്തേ തോളിലേക്കു കൈ കൊണ്ടുപോകുന്നത്. ഈ സമ്പ്രദായം ഉദയംപേരൂർ സൂനഹദോസാണു മാററിയത്.


3. മുട്ടുകുത്തൽ: പുതിയ കുർബാനയിൽ കാർമ്മികൻ മുട്ടുകുത്തിചൊല്ലുന്ന ഏകപ്രാർത്ഥന ഇതാണ്: "കർത്താവേ, ഞങ്ങളുടെ മനസ്സിനെ എല്ലാ അശുദ്ധിയിൽനിന്നും ദുഷ്ടതയിൽനിന്നും അസൂയയിൽനിന്നും വഞ്ചനയിൽനിന്നും ക്രൂരതയിൽനിന്നും വിമു

ക്തമാക്കി വിശുദ്ധവും സജീവവുമായ ഈ ശുശ്രൂഷ പ്രത്യാശാപൂൎവ്വം നിൎവ്വഹിക്കുവാൻ നിന്റെ സന്നിധിയിൽ ഞങ്ങൾക്കു മനോധൈര്യം നല്കണമേ. എന്റെ കർത്താവേ, തമ്മിൽത്തമ്മിലും എല്ലാവരോടും സ്നേഹവും ഐക്യവും നിന്റെ കരുണയാലും അനുഗ്രഹത്താലും ഞങ്ങളിൽ ഉളവാക്കുകയും ചെയ്യണമേ. എന്നേക്കും, ആമ്മേൻ." നിലവിലുള്ള റാസയിൽ ഇതു മുട്ടുകുത്തിയാണു ചൊല്ലുന്നതു്. പഴയ കർബാനയിൽ മുട്ടുകുത്തുന്ന സന്ദർഭങ്ങളിലെല്ലാം പുതിയ കർബാനയിൽ കുനിഞ്ഞാരാധിക്കുന്നതേയുള്ളൂ.

4. തിരുവസ്ത്രങ്ങൾ: പഴയ കർബാനയിലുപയോഗിക്കുന്ന തലമുണ്ടൊഴികെ ശേഷമെല്ലാവസ്ത്രങ്ങളും പുതിയ ഒരു രൂപത്തിൽ പുതിയ കർബാനയിൽ പ്രത്യക്ഷപ്പെടുന്നു. 1)കൊത്തീനാ.(നീണ്ട കുപ്പായം, അഥവാ, പഴയ ആൾബാ).അതിനു റേന്ത പാടില്ല. 2)സൂനാറാ, അഥവാ, ഇടക്കെട്ടു്. 3)ഊറാറ. ഇതു് ആദ്യന്തം ഒരേ വീതിയിലുണ്ടാക്കിയതായിരിക്കണം. അതു മാറിൽ രണ്ടു വശത്തായി ഇടേണ്ടിയിരിക്കുന്നു; അല്ലാതെ, കുരിശാകൃതിയിൽ ഒരു പാളി മറേറ പാളിയുടെ മീതെ വച്ചല്ല ഇടക്കെട്ടുകൊണ്ടു ബന്ധിക്കുന്നതു്. 4) കയ്യുറ(സന്ദേ). 5) കാപ്പ. ഇതിന്റെ പുറത്തു "മാർത്തോമ്മായുടെ കുരിശു", അഥവാ, ഗ്രീക്കുകുരിശു തയിച്ചു ചേർക്കാം; മററലങ്കാരങ്ങൾ പാടില്ല. മാർത്തോമ്മ ശ്ലീഹാ മരിച്ചസ്ഥലത്തുള്ള കല്ലിൽ കൊത്തിയിരുന്നതും ചോരവിയർത്തുവെന്നു് വിശ്വസിക്കുന്നതുമായ കുരിശാണു് ഇവിടെ വിവക്ഷിതം. ഈ കുരിശിന്റെ തിരുനാൾ ഡിസംബർ 18-ാം തീയതി നാം ആഘോഷിക്കുന്നു. കാപ്പ കറുപ്പൊഴികെ ഏതു നിറവുമാകാം.

# ബലിപീഠം

പുതിയ കുർബാനയ്ക്കുപയോഗിക്കുന്ന ബലിപീഠത്തിലെ സജ്ജീകരണം ഇപ്രകാരമായിരിക്കണം:




സുവിശേഷം വായിക്കുമ്പോൾ പുരോഹിതൻ നില്ക്കുന്ന സ്ഥലമാണു X കൊണ്ടു് അടയാളപ്പെടുത്തിയിരിക്കുന്നതു്. ബേസ്ഗസ്സാ എന്നു പറയുന്നതു് ചുമരിലുള്ള അലമാരിയാണു്; പകരം മേശയായാലും മതി.

ദൈവാലയത്തിനു മൂന്നു ഭാഗങ്ങളാണുള്ളതു്: 1. മദ്ബഹാ. 2. ഹയ്ക്കല (വിശ്വാസികൾക്കുള്ളതു്). 3 കെസ്ത്രോമ്മാ (മദ്ബഹായ്ക്കും ഹയ്ക്കലായ്ക്കും മദ്ധ്യേ ഗായകസംഘത്തിന്റെ ഉപയോഗത്തിനുള്ളതു്). കുർബാനയുടെ ആരംഭവും സമാപനവും പൗരസ്ത്യ കുർബാനകളിൽ തിരശ്ശീലയുടെ ഉള്ളിലാണു നടക്കാറുള്ളതു്.

## കർബ്ബാനയുടെ പ്രാരംഭം (ഏനാർക്സീസ്)

പ്രാത്ഥനകളൊന്നുംകൂടാതെ കൈകഴുകി വസ്ത്രംധരിച്ചു്, "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി" എന്ന വാക്കുകളോടുകൂടി കുർബാന ആരംഭിക്കുന്നു. ആഘോഷമായ കുർബാനയിൽ "പുക്ദാനകോൻ" കൂടി പാടും. ലേഖനം വായിക്കുന്നതുവരെ പുതിയ കുർബാനയും പഴയ കുർബാനയും തമ്മിൽ കാര്യമായ അന്തരമൊന്നുമില്ല. ഒന്നു രണ്ടു് അപേക്ഷകൾമാത്രം വ്യത്യസ്തമാണു്; അവ നിലവിലുള്ള റാസയിൽ വായിക്കാറുള്ളതാകയാൽ, വൈദികർക്കു് അപരിചിതമല്ല.

## അദ്ധ്യയനക്കുർബാന

ജ്ഞാനസ്നാനാത്ഥികൾക്കുള്ള കുർബാനഭാഗം ജനങ്ങളുടെ അടുത്തുനിന്നു നിർവ്വഹിക്കപ്പെടുന്നു. നിലവിലിരിക്കുന്ന റാസയിൽ ഈ ഭാഗം ഹയ്ക്കലായിൽനിന്നാണു ചൊല്ലുന്നതെന്നു ചിലരെങ്കിലും അനുസ്മരിക്കുന്നുണ്ടായിരിക്കും. ലേഖനം ശുശ്രൂഷകൻ ജനങ്ങളുടെ നേരെ തിരിഞ്ഞുനിന്നു വായിക്കുന്നു. സുവിശേഷഗ്രന്ഥംകൊണ്ടു സമാധാനം ആശംസിക്കുന്നതും വൈദികൻ അഴിക്കാലിങ്കൽവന്നു ജനങ്ങളുടെ നേരെ തിരിഞ്ഞുനിന്നു സുവിശേഷം വായിക്കുന്നതും പുതിയ കുർബാനയിലെ പുതുമയാണു്. സുവിശേഷവായനകഴിഞ്ഞു തിരശ്ശീല ഇടുന്നു; അനന്തരം, ഒരു ശുശ്രൂഷകൻ പുറത്തുനിന്നു, "കാറോസൂസാ" എന്ന പ്രാത്ഥന ജനങ്ങളോടുകൂടെ ചോദ്യോത്തരരൂപത്തിൽ ചൊല്ലുന്നു. തിരുസ്സഭയുടേയും ജനങ്ങളുടേയും വിവിധാവശ്യങ്ങൾക്കുവേണ്ടിയുള്ള ഈ അപേക്ഷകളുടെ അന്ത്യത്തിൽ, "ഞങ്ങളുടെ കത്താവേ, ഞങ്ങളോടു കൃപ ചെയ്യണമേ" എന്ന പ്രാത്ഥന വൈദികനുപകരം ജനങ്ങളാണു ചൊല്ലുന്നതു്. ആർക്കും എളുപ്പ

ത്തിൽ ചൊല്ലാവുന്നതും എല്ലാവർക്കും ചൊല്ലാൻ പര്യാപ്തവുമായ ഈ അപേക്ഷ ജനങ്ങൾ ചൊല്ലുന്നതു സമുചിതമാണ്.

തൽസമയം കാർമ്മികൻ ബലിവസ്തുക്കൾ സജ്ജമാക്കുന്നു. ജ്ഞാനസ്നാനാർത്ഥികൾ അതു കാണാതിരിക്കുവാനാണു തിരശ്ശീല ഇടുന്നതു്. കാറോസൂസായുടെ അവസാനം വിരി മാററുകയും പൗരോഹിത്യത്തിൻെറ അനുഗ്രഹം അതിൽ പൂർത്തിയാക്കണമെന്നുള്ള പഴയ കർബാനയിലെ പ്രാർത്ഥന ചൊല്ലുകയും ചെയ്തശേഷം മാമ്മോദീസാ മുങ്ങാത്തവരെ പുറത്തുവിടാനുള്ള നിർദ്ദേശമുണ്ടാകുന്നു. അതോടുകൂടി അദ്ധ്യയനക്കുർബാനഭാഗം അവസാനിക്കുന്നു.

## വിശ്വാസികളുടെ കർബാനഭാഗം

സുവിശേഷഭാഗത്തു ചെന്നു കൈകഴുകിയശേഷം ബലിവസ്തുക്കൾ ബേസ്ഗസ്സായിൽനിന്നോ, അല്ലെങ്കിൽ, ബലിപീഠത്തിൻെറ അഗ്രത്തുനിന്നോ പ്രദക്ഷിണമായി കൊണ്ടുവന്നുകാഴ്ചവയ്പു നടത്തിയശേഷമാണു താഴേക്ക് ഇറങ്ങിവന്നു കാർമ്മികൻ വിശ്വാസപ്രമാണം ചൊല്ലുന്നതു്. നിലവിലുള്ള റാസയിൽ വൈദികൻ ഹയ്ക്കലായിലേ കുമ്പിടൽകഴിഞ്ഞു വിശ്വാസപ്രമാണം ചൊല്ലുന്നതു പലരും മനസ്സിലാക്കിയിട്ടുണ്ടാകണം. മുമ്പു വിശ്വാസപ്രമാണം, കാഴ്ചവെയ്പ്, കൈകഴുകൽ എന്നായിരുന്നു ക്രമം; ഇപ്പോൾ നേരേ മറിച്ചാണു്.

അനന്തരം, പഴയപടി കർബാനക്കല്ലിൻെറമേൽ മാത്രം ചുംബിക്കുന്നതിനു പകരം ബലിപീഠത്തിൻെറ രണ്ടററത്തുംപോയി ചുംബിച്ച്, പഴയ പ്രാർത്ഥനകൾ ആവർത്തിക്കാതെ ചൊല്ലി ജനങ്ങൾക്കു സമാധാനം ആശംസിക്കുന്നു. രണ്ടുവശത്തേക്കും പകുതി തിരിഞ്ഞു കൊടുക്കുന്ന ആശീർവ്വാദങ്ങൾ ആഘോഷമായ കർബാനയിൽ മാത്രമേയുള്ളു.

## അനാഫൊറാ

ഇതൊരു ഗ്രീക്കുപദമാണ്; അർപ്പണമെന്നർത്ഥം. കർബാന ക്രമത്തിലേ ഏറ്റവും പ്രധാനപ്പെട്ട ഭാഗത്തിനു പൗരസ്ത്യറീത്തുക ളിൽ "അനാഫൊറാ" എന്നും ലത്തീൻറീത്തിൽ "കാനൺ" എന്നും പറയുന്നു. ഇതാണു കൂദാശഭാഗം; ഇതു് എല്ലാക്കുർബാനകളിലും മ ദ്ധ്യത്തിലാണു വരുന്നതു്. പണ്ഡിതന്മാരായ സഭാപിതാക്കന്മാർ പ്രാചീനകർബാനക്രമങ്ങളിൽനിന്നു തിരഞ്ഞെടുത്തു നിശ്ചിതരൂ പംകൊടുത്തു വ്യതിയാനങ്ങൾ വരുത്തരുതെന്നുള്ള വ്യവസ്ഥയോടു കൂടെ നിശ്ചയിച്ചിട്ടുള്ള ഭാഗമാണ് അനാഫൊറാ. പഴയ കർബാ നയിൽ അനാഫൊറാ തുടങ്ങുമ്പോഴാണു മെത്രാന്മാർ പട്ടംമൂടി ത്തൊപ്പി മാററിയിരുന്നതു്.

നമ്മുടെ കർബാനയിലെ അനാഫൊറായിൽ നാലു പ്രാർത്ഥ നാസംഘയങ്ങൾ, അഥവാ, ഗ്ഹാന്താവൃത്തങ്ങൾ വേർതിരിഞ്ഞു കാണാവുന്നതാണ്. വൈദികൻ കുമ്പിട്ടു താഴ്ന്നസ്വരത്തിൽ ചൊ ല്ലുന്ന പ്രാർത്ഥനയാണ് ഗ്ഹാന്താ. അതിൻെറ ആമുഖജപ ത്തിനു കൂശാപ്പാ എന്നു പറയും. ഗ്ഹാന്തായോടുകൂടെ അ ഭ്യർത്ഥനകളും കൃതജ്ഞതാപ്രകടനത്തിനുള്ള കാനോനകളും, അ ഥവാ, സംക്ഷിപ്തപ്രാത്ഥനകളും ഉണ്ടാകാറുണ്ട്. ഒരു ഗ്ഹാന്തയോ ടുകൂടെയുള്ള ഈ അപേക്ഷകൾക്ക് ഗ്ഹാന്താവൃത്തം എന്നു പേർ. ഒന്നാമത്തേ ഗ്ഹാന്താവൃത്തത്തിൻെറ ആമുഖ ജപം, "ഞങ്ങളുടെ ദൈവമായ കർത്താവേ" എന്നു തുടങ്ങുന്ന മലയാള തക്സാ 23-ാം പക്കത്തിലേ ജപമാണ്. ഞങ്ങൾ നിനക്കു സ്തുതിയും ബഹുമാന വും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു; ഇപ്പോഴും എപ്പോ ഴും എന്നേക്കും" എന്ന കാനോനകൊണ്ടു് ആ ഗ്ഹാന്താ അവസാ നിക്കുന്നു. അതോടുകൂടെ സമാധാനാശംസയായി. സമാധാനം ശു ശ്രൂഷകൻ സ്വീകരിക്കുന്നതു ബലിപീഠവും കാർമ്മികൻെറ കരവും ചുംബിച്ചുകൊണ്ടാണ്. "നിങ്ങളുടെ ബോധങ്ങൾ ഉന്നതങ്ങളിലേ ക്ക് ഉയരട്ടെ" എന്ന അപേക്ഷയോടുകൂടെ രണ്ടാം ഗ്ഹാന്തയും,

"ഹാ എനിക്കു ദൗർഭാഗ്യം" എന്ന വാക്കുകളോടുകൂടെ മൂന്നാം ഗ്ഹാന്താ യും ആരംഭിക്കുന്നു. മൂന്നാമത്തെ ഗ്ഹാന്തയുടെ അവസാനത്തിൽ കൂദാശകർമ്മമായി. വി. പൗലോസിന്റെ പ്രഥമലേഖനത്തിലെ വാക്കുകൾ സുറിയാനിയിൽത്തന്നെ പുതിയ കുർബ്ബാനയിൽ കൂദാശവചനങ്ങളായി ചേർത്തിരിക്കുന്നു. പഴയ കുർബ്ബാനയിൽ പല സുവിശേഷങ്ങളിലെ വാക്യങ്ങൾ കൂട്ടിച്ചേർത്തുണ്ടാക്കിയിട്ടുള്ള കൂദാശവചനങ്ങളാണു ഉപയോഗിച്ചിരുന്നതു്. അതു മുമ്പു പ്രസ്താവിച്ചിട്ടുള്ളതുപോലെ ലത്തീൻറീത്തിലെ കൂദാശവചനങ്ങളുടെ പരിഭാഷയാണ്.

കൂദാശകർമ്മം കല്പനാനുസാരണം കഴിഞ്ഞശേഷം പഴയ കുർബാനയിലുണ്ടായിരുന്ന മാദ്ധ്യസ്ഥ്യപ്രാർത്ഥന പ്രത്യക്ഷപ്പെടുന്നു. തുടന്നു്, സുറിയാനിയിൽത്തന്നെ നാലാം ഗ്ഹാന്താ ചൊല്ലുന്നു. പഴയ കുർബ്ബാനയിൽ ഇടമണിതൊട്ടു മുമ്പു ചൊല്ലുന്ന പ്രാർത്ഥനയാണിതു്. അനന്തരം, പൗരസ്ത്യറീത്തുകൾക്കു പ്രത്യേകമായ എപ്പിക്ലേസിസ്, അഥവാ, പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥനയായി. നമ്മുടെ ബലിയിൽ പരിശുദ്ധാത്മാവു് ഇറങ്ങിവന്നു് അതിനെ ആശീർവ്വദിക്കുവാനും പവിത്രീകരിക്കുവാനുമുള്ള അപേക്ഷയാണിതു്. തൽസമയം കാർമ്മികൻ തന്റെ വലത്തുകൈ ഇടത്തുകൈയുടെ മീതെ കുരിശാകൃതിയിൽ പിടിച്ചിരിക്കുന്നതു കാണാം. പഴയനിയമകാലത്തു ബലിമൃഗങ്ങളുടെ ശിരസ്സിൽ പുരോഹിതൻ കൈവയ്ക്കുന്നതിന്റെ ഓർമ്മയാണു് ഈ കർമ്മം അനുസ്മരിപ്പിക്കുന്നതു്. എപ്പിക്ലേസിസു ചൊല്ലുമ്പോഴാണു വസ്തുഭേദം നടന്നിരുന്നതെന്നു പണ്ടു ചിലർ കരുതിയിരുന്നു.

## അനാഫൊറായ്ക്കുശേഷം

നാലാമത്തെ ഗ്ഹാന്താകഴിഞ്ഞു പുതിയകുർബ്ബാനയിൽ ഒരു ധൂപനം നിശ്ചയിച്ചിട്ടുണ്ട്. അതു പഴയകുർബ്ബാനയിൽ കൂദാശകർമ്മത്തിനുമുമ്പുള്ള ധൂപനംപോലെയാണ്. പിന്നീട്, തിരുവോസ്തി കൈ

യിലെടുത്തുയർത്തി അതിന്മേൽ നോക്കിക്കൊണ്ടു് ഒരു ചെറിയ പ്രാർത്ഥന ചൊല്ലിയശേഷം വൈദികൻ തിരുവോസ്തി മുകളിലും താഴെയും വലത്തും ഇടത്തുമായി കുരിശാകൃതിയിൽ മുത്തുന്നു. പിന്നീടു്, തിരുവോസ്തിവിഭജനവുംമററും പഴയകുർബാനയിലെന്നതുപോലെ നടക്കുന്നു; പ്രാർത്ഥനകൾക്കുമാത്രം ചില വ്യത്യാസങ്ങൾ വന്നിട്ടുണ്ടു്. തിരുവോസ്തി മുറിച്ചു തിരുരക്തത്തിൽ മുക്കിയശേഷം പീലാസയിലുള്ള ഭാഗത്തിൽ വരച്ചു കഴിഞ്ഞിട്ടു് ആ കുർബാനയിൽ കൂദാശ ചെയ്യപ്പെട്ട ചെറിയ തിരുവോസ്തികളിലും ഒന്നാകെ ഒരു കുരിശുവരയ്ക്കുന്നുവെന്നതു പുതിയ കുർബാനയുടെ ഒരു പ്രത്യേകതയാണു്.

# ഉപസംഹാരം

പഴയ കുർബാനയും പുതിയ കുർബാനയും തമ്മിലുള്ള പ്രാധാനാന്തരങ്ങളാണ് ഇവിടെ വിവരിച്ചിട്ടുള്ളത്. ധൂപനം സാധാരണ കുർബാനയിലുണ്ടാകാനിടയില്ലാത്തതിനാൽ ഇവിടെ പ്രതിപാദിച്ചിട്ടില്ല.

കുർബാനപരിഷ്കർത്താക്കൾ പ്രധാനമായി ഉന്നം വച്ചിരിക്കുന്നത് പതിനാറാംശതാബ്ദത്തിൽ ലത്തീൻറീത്തിൽനിന്നു നമ്മുടെ കുർബാനയിലേക്കു കടന്നുവന്ന കർമ്മങ്ങളും ആംഗ്യങ്ങളും പ്രാർത്ഥനകളും നീക്കുകയാണ്. മലയാളസുറിയാനിറീത്തിന്റെ വ്യക്തിത്വം ലത്തീൻകർമ്മങ്ങളുടെ സങ്കലനംകൊണ്ടു നഷ്ടപ്പെട്ടു. പൗരസ്ത്യറീത്തുകളുടെ നൈർമ്മല്യം സംരക്ഷിക്കുവാൻവേണ്ടി തിരുസ്സിംഹാസനം പുതിയ പരിഷ്കാരങ്ങൾ അംഗീകരിച്ചു നല്കിയിരിക്കുകയാണ്.

## ചോദ്യങ്ങൾ

1. നമ്മുടെ കുർബാനയുടെ മൂലമേതാണ്? അത് ഇപ്പോൾ മാററാനുള്ള കാരണമെന്ത്?

2. തോമ്മാശ്ലീഹാ ഏതു ഭാഷയിലാണ് ഇവിടെ കുർബാന സമർപ്പിച്ചത്? എന്നാണു കേരളത്തിൽ സുറിയാനിറീത്തുണ്ടായത്? ദിവ്യബലി മലയാളത്തിലായതുകൊണ്ടുള്ള പ്രയോജനങ്ങളേവ?

3. പുതിയ കുർബാനയും പഴയകുർബാനയും തമ്മിലുള്ള പ്രധാനാന്തരങ്ങളേവ?

4. എന്താണ് എപ്പിഃക്ലൂസിസ്? ഏതാണു കൂദാശവചനങ്ങൾ.

5. താഴെപ്പറയുന്ന വാക്കുകളുടെ അർത്ഥമെന്തു്? അനാഫൊറാ. ഗ്ഹാന്താ, കൂശാപ്പ, ഊറാറ.

6. പുതിയ കുർബാനയ്ക്കു് ഉപയോഗിക്കുന്ന തിരുവസ്ത്രങ്ങളേവ?

7. ഏതെല്ലാം അപേക്ഷകളാണു് ജനങ്ങൾ ചൊല്ലുന്നതു്? അവയിൽ നിങ്ങൾക്കു് ഏററം ഇഷ്ടപ്പെട്ട അപേക്ഷ ഏതാണു്?

## ചില പ്രശ്നങ്ങൾ

പൂരിപ്പിക്കുക:

1. പുതിയ കുർബാനയിൽ..................ധൂപനമില്ല.

2. ഇവിടെ സുറിയാനിക്കുർബാന ആരംഭിച്ചതു.................കാലത്താണു്. അതിൽ ഭേദഗതികൾ വരുത്തിയവർ............ആകുന്നു.

3. ആദ്യത്തേ നമ്മുടെ തക്സാ............അച്ചടിച്ചതു്.

4. പുതിയകുർബാനയിൽ കുരിശുവരയ്ക്കുമ്പോൾ............ഉരത്തിൽ തൊട്ടതിനുശേഷമാണു്............തൊടുന്നതു് അതിൻെറ അർത്ഥം..............

5. സുവിശേഷം വായിക്കുന്നതിനുമുമ്പു വൈദികൻ സമാധാനം ആശംസിക്കുന്നതു്............കൊണ്ടാണു്.

6. മുട്ടകുത്തി ചൊല്ലുന്ന ഏക പ്രാർത്ഥന ഇതാണു്............

7. പുതിയ കുർബാനയിൽ ചെറിയ ലുത്തനിയാ പോലുള്ള രണ്ടുമൂന്നു പ്രാർത്ഥനകളുണ്ടു്. അവ ചൊല്ലുമ്പോൾ ജനങ്ങൾ ചൊല്ലേണ്ട ഭാഗം ഇവയാണു്............

## പ്രതിജ്ഞ

കുർബാന ചൊല്ലുമ്പോൾ പ്രാർത്ഥനകളുടെ അർത്ഥം മനസ്സിലാക്കുന്നതിനുള്ള സൗകര്യം വന്നുചേർന്നിരിക്കുന്നതുകൊണ്ടു ഞാൻ ഭക്തിയോടും ശ്രദ്ധയോടുംകൂടെ വിശുദ്ധബലിയിൽ പങ്കുകൊള്ളും.

**KOTTAYAM PUBLIC LIBRARY**
KOTTAYAM

Cl. No. M200 Acc. No. 39148

This book should be returned on or before the date last stamped below.

31 DEC 1987
27 SEP 1988
28 NOV 1994
24 JUN 1996
27 NOV 2001
3 JUN 2004
15 JUN 2012
19 FEB 2019

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

M200 39148

ഫാ. തോമസ് മുത്തേടൻ

കൂദാശകൾ

KOTTAYAM PUBLIC LIBRARY

Call No. M200 Acc. No. 39148

Author ഡോ: തോമസ് ഉണ്ണാടൻ

Title ക്രി. ദാഹനൽ